# കേരള കാർഷിക സർവ്വകലാശാല

**മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശൂർ – 680 656**

നമ്പർ ജി.എ./ജി1/1927/2018 തിയ്യതി : 22.06.2018

പ്രേഷിതൻ

രജിസ്ട്രാർ

സ്വീകർത്താവ്

കേരള കാർഷിക സർവ്വകലാശാല
ജനറൽ കൗൺസിൽ അംഗങ്ങൾ.

സർ,

വിഷയം:– കേരള കാർഷിക സർവ്വകലാശാല – **131**–ാമതു ജനറൽ കൗൺസിൽ യോഗത്തിന്റെ– നടപടിക്കുറിപ്പുകൾ അയയ്ക്കുന്നത് സംബന്ധിച്ച്.

************

വെള്ളാനിക്കരയിലുള്ള കേരള കാർഷിക സർവ്വകലാശാല ഹെഡ് ക്വാർട്ടേഴ്സിലെ കോൺഫറൻസ് ഹാളിൽ വെച്ച് **24.03.2018**ൽ കൂടിയ **131**–ാമത് ജനറൽ കൗൺസിൽ യോഗത്തിന്റെ **(43–ാമത് വാർഷിക യോഗം)** നടപടിക്കുറിപ്പുകൾ താങ്കളുടെ അറിവിലേക്കായി ഇതോടൊപ്പം അയക്കുന്നു.

KAU LIBRARY
809715
IR KAU/GC 131

വിശ്വസ്തതയോടെ,

രജിസ്ട്രാർ

809715

KERALA AGRICULTURAL UNIVERSITY
CENTRAL LIBRARY

IR KAU/GTC 131

# നടപടിക്കുറിപ്പുകൾ

## വെള്ളാനിക്കരയിലെ കേരള കാർഷിക സർവ്വകലാശാല ആസ്ഥാനത്തുള്ള കോൺഫറൻസ് ഹാളിൽ വെച്ച് 24.03.2018ന് ചേർന്ന 131-ാമത് ജനറൽ കൗൺസിൽ യോഗത്തിന്റെ നടപടി കുറിപ്പുകൾ.

### പങ്കെടുത്തവർ

1. ഡോ.ആർ.ചന്ദ്രബാബു (വൈസ് ചാൻസിലർ)
2. ശ്രീ.കെ.വി.വിജയദാസ്, (എം.എൽ.എ)
3. ഡോ.അനിൽകുമാർ.എ
4. ഡോ.ടി.പ്രദീപ്കുമാർ
5. ശ്രീമതി.ആനിത രാധാകൃഷ്ണൻ
6. അഡ്വ.കെ.രാജൻ, (എം.എൽ.എ)
7. ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി
8. ഡോ.ബി.സുമ
9. ഡോ.സത്യൻ.കെ.കെ
10. ശ്രീ. കെ.രാമൻ, ചെറുവയൽ
11. ശ്രീ.എം.അസിനാർ
12. ഡോ.തോമസ് ജോർജ്ജ്
13. ശ്രീ.എം.വിൻസെന്റ് (എം.എൽ.എ)
14. ശ്രീ.ബാബു.കെ.ഡി.
15. ശ്രീ. ബിപിൻ.പി.ചാക്കോ
16. ഡോ.എ.സക്കീർ ഹുസൈൻ
17. ഡോ.എസ്.എസ്റ്റലിറ്റ
18. ശ്രീ.വി.രാജൻ
19. ശ്രീ.സി.എച്ച്. മുത്തു
20. ശ്രീ.വസീം ഫജൽ.സി.
21. ശ്രീ. അബിൻ ജോർജ്ജ്.
22. ശ്രീ.അനിൽ രാധാകൃഷ്ണൻ
23. ശ്രീ.ശ്രീകുമാർ.പി.കെ
24. ശ്രീ.കെ.കൃഷ്ണൻ കുട്ടി (എം.എൽ.എ)
25. ശ്രീ.ജി.എസ്.ജയലാൽ (എം.എൽ.എ)
26. അഡ്വ.പി.ആർ.രജിത്ത്
27. ഡോ.പി.ഇന്ദിരാ ദേവി (രജിസ്ട്രാർ ഇൻ ചാർജ്ജ്)

## നടപടി കുറിപ്പുകൾ

സമയം : രാവിലെ 9.00 മണി

അദ്ധ്യക്ഷൻ : " Respected members, Good morning to all of you. We can start the proceedings."

Esteemed members, I am extremely happy to welcome all of you to this 131 st General Council meeting of Kerala Agricultural University. Today we have to discuss some very important topics and I request your kind & earnest co-operation in taking these points to the growth & development of this great institution. Before entering on the normal procedures we have a condolence resolution also. This meeting expresses our deepest condolences on the passing of some of our colleagues who worked with us. Along with that we have also lost some of our eminent personalities who have made significant & remarkable contribution in their respective fields.We express our deepest condolence upon their loss. Now I will read the condolence resolution. We may observe a one minute silence as a mark of respect in memory of the departed souls. This meeting expresses deepest condolences on the sad demise of the following personalities. Prof. S. Santha kumari, who had retired from Kerala Agricultural University service, Sri. Devaraja Kurup, Asst. Engineer-Civil, Kerala Agricultural University, Sri. K.M.N Kartha & Sri. V.R Chandran both retired as non-teaching employees of Kerala Agricultural University. Sri. T.S. Chandrasekhar & Smt. K. Vasantha, both permanent labourers retired from Kerala Agricultural University, Justice Smt. D. Sreedevi, former High Court Judge & Chairperson State Womens Commission, Sri. T.R Chandra Dutt, Director Cost Ford, Tribal youth Sri.A. Madhu, Sri Vasudevan Nair, renowned Kathakali artist, Sri. Kalamand alam Geethanandan, renowned Ottanthullal artist, Sri. Abi, famous mollywood actor & mimicry artist, Sri. M Sukumaran, noted writer, Smt. Sridevi, renowned bollywood actress & Mr. Stephen Hawkings, reputed Scientist. So I request all to stand one minute silent in respect of the departed souls."

" Thank You..."

അദ്ധ്യക്ഷൻ : " Now we get into our proceedings of the 131st General Council meeting . Before actually going to points just I would like to give opening remarks. I think all of you know this General Council is the top most governing body of this great institution. And its need less to emphasize this is a great & finest opportunity for each one of the respected members to constructively contribute for the growth & development of this great University. Let us actually discuss very critically & constructively and take decisions so that incrementally this will contribute to the growth of this institution. Institution building is not a small task that can be achieved in a single day. We should be really happy & proud that we have got the opportunity to serve this great institution in what ever capacity we are now. In agricultural education, in the last 10 years period Kerala Agricultural University contributed the 3rd highest number of scientists for Agricultural Recruitment Service (ARS).You know the doubling of farmers income by 2022, this is the National Agenda and our state has given a strategy for Kerala State, how we can actually double the income of our farming community by 2022. And for all the States the strategy paper was released last week in New Delhi by our honorable PM of India. This strategy paper takes into account all the technologies which have been developed for the state by our scientists.
We got Rs.28.5 crores from Govt. of Kerala. Gov. supports Kerala Agricultural University because contribution our in nation and state building. Power Grid gave us Rs. 4.5 crores to construct a hostel for 108 girls students . All these positive institution building has happend because of the contribution of every body. Let us go to the question & answers session. Let us stick to the time 9-10.30 & we have given actually answers for all the questions that we received in the order of lots taken. Question & answers will be read by respected members.

ശ്രീ. കെ.ഡി. ബാബു: " Sir, before starting, Honorable chair, please sir... One serious laxity has happened here."

അദ്ധ്യക്ഷൻ : " I want to tell in the opening remark one thing that normally this proceedings is supposed to give minimum 5 days before the General Council meeting. I understand that but this time because of the assembly session was going on, Executive Committee meeting could be only held on 19th and next day we corrected all the answers & 20th we could despatch the proceedings. So I request the respected members to kindly bear with this lapse this will not recur in the future. So with this I will go to the question & answer session. Please I request our Registrar in charge being the convener &

read the questions in malayalam & the members will answer the questions please."

## II. ചോദ്യോത്തരം

**ചോദ്യം 1.ഡോ. ബി. സുമ**

AICRP downsizing ന്റെ ഭാഗമായി എത്ര AICRP കളിലായി തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് കാറ്റഗറി തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

എ) ഇത്തരം തസ്തികകൾ നിലനിർത്താൻ വേണ്ടി സർവ്വകലാശാല എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

**മറുപടി**

AICRP downsizing ന്റെ ഭാഗമായി നഷ്ടപ്പെട്ട തസ്തികകളുടെ കാറ്റഗറി തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

**1. AICRP on Nematodes, College of Agriculture, Vellayani**

Scientist - 2

Technical Staff - 1

**2. AICRP on Weed Management, College of Horticulture, Vellanikkara**

Scientist -2

Supporting Staff - 2

**3. AICRP on Water Management, ARS, Chalakkudy**

Scientist - 2

Technical Staff - 3

Driver - 1

**4. AICRP on Arid Legumes at Regional Agricultural Research Station, Pattambi**

Scientist -1

Supporting Staff -1

**5. AINP on Pesticide Residues, College of Agriculture, Vellayani**

Scientist - 2

Supporting Staff - 1

**6. AINP on Vertebrate Pest Management, College of Horticulture, Vellanikkara**

Scientist - 1

Supporting Staff - 1

**7. AICRP on Farm Implements and Machinery, Kelappaji College of Agricultural Engineering & Technology, Tavanur.**

Supporting Staff - 1

**8. AICRP on Spices, PRS, Panniyur**

Scientist - 1

Technical Staff - 2

Supporting Staff - 1

**9. AICRP on Spices, CRS, Pampadumpara**

Scientist - 1

Technical Staff - 1

Supporting Staff - 1

**10. AICRP on Agroforestry, College of Forestry, Vellanikkara**

Scientist - 1

Technical Staff - 1

Supporting Staff - 5

**11. AINP on Agricultural Acarology, College of Horticulture, Vellanikkara**

Supporting Staff - 1

**12. AICRP on BCCP, College of Horticulture, Vellanikkara**

Scientist - 1

Technical Staff - 2

Supporting Staff - 1

**13. AICRP on Honeybee and Pollinators, College of Agriculture, Vellayani**

Scientist - 1

Technical Staff - 1

എ)രാജ്യത്തെ AICRIP കളുടെ ശരിയായ നടത്തിപ്പിന്റെ ഭാഗമായാണ് ധനകാര്യ വിഭാഗത്തിന്റെ നിർദ്ദേശ പ്രകാരം ICAR ഇങ്ങനെയൊരു തീരുമാനമെടുത്തിട്ടുള്ളത്. കേരള കാർഷിക സർവ്വകലാശാല ഉൾപ്പെടെ ഇന്ത്യയിലുള്ള എല്ലാ കാർഷിക സർവ്വകലാശാലകളും ഈ തീരുമാനം പുന:പരിശോധിക്കാൻ ICAR നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അദ്ധ്യക്ഷൻ : " Totally 16 scientists & 39 technical positions as well as supporting staff shall be actually reduced from various schemes that are operating in Kerala Agricultural University. We have provided the list and this is not, for Kerala Agricultural University alone. This is pan national for all the 66 state Agricultural Universities, the AICRP positions have been cut down by the recent Vice Chancellors conference this was discussed. I request Director of Research let us send a request to DG."

ഡോ. ബി. സുമ: " ഒന്നു രണ്ടു കാര്യങ്ങൾ കൂടി പറയാനുണ്ട്. ഇതിനകത്ത് നമ്മുടെ AICRP-യുടെ സ്കീമുകൾ പ്രധാനമായും നമ്മുടെ റിസർച്ചിന്റെ back bone ന്റെ ഭാഗമാണ്. അതു കൊണ്ടു തന്നെ ICAR ൽ നിന്നും അങ്ങനെ ഒരു അനുകൂലമായ തീരുമാനങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും നമുക്ക് അത് non- plan ൽ നില നിർത്തിക്കൊണ്ട്, കാരണം ഗവേഷണ പദ്ധതികൾ പലതും അതിന്റെ ദീർഘ കാല വിളകൾ ഉൾപ്പെടെ സ്ഥിരമായി continue ചെയ്തു പോകേണ്ടതാണ്. അങ്ങനത്തെ ഒരവസ്ഥയിൽ നമുക്ക് ഇടയ്ക്കു വച്ച് റിസർച്ച് നിർത്തുന്നത് ശരിയായ കാര്യമല്ല. അതു കൊണ്ടു തന്നെ ഈ post കളിൽ നമുക്ക് ഒരു നോൺ പ്ലാനിൽ നില നിർത്തിക്കൊണ്ട് അതിന്റെ ഗവേഷണം തുടരാനുള്ള അവസരം യൂണിവേഴ്സിറ്റി ഉണ്ടാക്കണം എന്നാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്. അത് നിലവിലുള്ള നോൺ പ്ലാനിൽ വയ്ക്കുന്നത് കൊണ്ട് നമുക്ക് വല്യ മെച്ചമില്ല. ഈ AICRP നഷ്ടപ്പെടുന്ന പോസ്റ്റുകൾ പുതുതായിട്ട് വേറെ പോസ്റ്റുകളായിത്തന്നെ നിലനിർത്തണം. എങ്കിൽ മാത്രമേ നമുക്ക് അതിന്റെ benefit കിട്ടുകയുള്ളൂ. ഇത്രയുമാണ് എനിക്ക് പറയാനുള്ളത്."

അഡ്വ.കെ.രാജൻ, MLA : " ടീച്ചർ, അത് ശ്രദ്ധിച്ചിട്ടുണ്ടോ എന്നറിയില്ല. കേരളത്തിന്റെ നിയമസഭയിൽ തന്നെ ഞാൻ ഇത് submission ആയിട്ട് ഉന്നയിച്ചിരുന്നു. അന്ന് ഇതു കൂടി ആവശ്യപ്പെട്ടിരുന്നു. നേരത്തേ തന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നോൺ-പ്ലാനിൽ പെടുത്തി പദ്ധതി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതു സംബന്ധിച്ച് സമഗ്രമായി പരിശോധിച്ച് നടപടി എടുക്കാം എന്ന് മന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്."

ശ്രീ. പി. കെ. ശ്രീകുമാർ : " സർ, ഒരു പോയിന്റ്. ഒരു പോയിന്റ് സർ...ഒരു കാര്യം കൂടി ഒന്നു നോക്കണം സർ. ഈ AICRP project കൾ വളരെ വർഷങ്ങളായി നമ്മൾ continue ചെയ്തു പോരുന്നതാണ്. ആദ്യ കാലങ്ങളിലൊക്കെ ഈ പോസ്റ്റുകൾ നമ്മൾ നോൺ-പ്ലാനിൽ നിന്ന് ഷിഫ്റ്റ് ചെയ്ത പോസ്റ്റുകൾ ഉണ്ട്. അവിടെ create ചെയ്ത പോസ്റ്റുകൾ ഉണ്ട്. ഈ ഷിഫ്റ്റ് ചെയ്ത പോസ്റ്റുകൾ ഏതൊക്കെ, create ചെയ്ത പോസ്റ്റുകൾ ഏതൊക്കെ എന്നൊരു തിരിവ് ഉണ്ടാക്കിയിട്ട് ഷിഫ്റ്റ് ചെയ്ത പോസ്റ്റുകൾ നമുക്ക് തിരിച്ചെടുക്കാം. ഇങ്ങോട്ട് തിരിച്ചെടുക്കാം. ഈ പ്രോജക്ടിന്റെ ഭാഗമായിട്ട് create ചെയ്ത പോസ്റ്റുകളാണ് ഈ abolition എന്നുള്ള സാധ്യത വരുന്നത്. അപ്പോൾ ആ പോസ്റ്റുകൾ തീർച്ചയായിട്ടും നേരത്തേ NARP, NATP, Central Sector Scheme -കൾ, KHDP ഇങ്ങനെ പല പ്രോജക്ടുകളിലും വന്ന പോസ്റ്റുകൾ നമ്മൾ തിരിച്ചെടുത്തതു പോലെ തന്നെ ഇതിലും നഷ്ടപ്പെടുന്ന ചെറിയ പോസ്റ്റുകൾ കുറച്ച്

പോസ്റ്റുകളേ ഉണ്ടാകൂ. തിരിച്ചെടുത്ത് അത് വളരെ അത്യാവശ്യമുള്ള കാര്യമാണ് സർ. അതിനകത്ത് നമ്മുടെ total ratio promotion ന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ cadre strength തന്നെ നില നിൽക്കുന്നത്. അത്രയേ ഉള്ളൂ സർ."

ഡോ. തോമസ് ജോർജ്ജ് : " സർ, ഒരു കാര്യം കൂടി..."

അദ്ധ്യക്ഷൻ : " will take your point later on..."

ഡോ. തോമസ് ജോർജ്ജ് : " Sir, only regarding this item . സർ, ഒരു....ഇതിൽ നിന്നു മാറ്റുന്ന നമ്മൾ non plan post ലേക്ക് accommodate ചെയ്യുന്ന ആൾക്കാരുടെ ഒരു project-ൽ non plan post ആ പ്രോജക്ടിൽ തന്നെ വർക്ക് ചെയ്യാൻ അനുവദിക്കുന്നു എന്നുള്ളത് ICAR ന്റെ ഒരു സമ്മതത്തോടു കൂടി നമ്മൾ അവരെ അറിയിച്ചിട്ട് അവരുമായി ഒരു agreement-ൽ ആണെന്നുണ്ടെങ്കിൽ പിന്നെ smooth ആയിട്ട് പോകുവാൻ സൌകര്യമുണ്ട്. ICAR 2 post sanction ചെയ്തിട്ടുണ്ട്. നമ്മൾ 4 പേരെ നിലനിർത്തുകയാണെന്നുണ്ടെങ്കിൽ ഈ 2 പേരെ നമ്മൾ യൂണിവേഴ്സിറ്റി ശമ്പളം കൊടുത്ത് ഇതിനകത്ത് ഈ പ്രോജക്ട് continue ചെയ്യുവാൻ വേണ്ടി നമ്മൾ ഉപയോഗിക്കുന്നു എന്നുള്ളത് ICAR-നേയോ അല്ലെന്നുണ്ടെങ്കിൽ Project Coordinator യോ അറിയിച്ച് ഒരു understanding ൽ പോയിക്കഴിഞ്ഞാൽ കൂടുതൽ സൌകര്യം ഉണ്ടായിരിക്കും."

അദ്ധ്യക്ഷൻ : " With ICAR we have already discussed the point, they told its not possible. Case by case we will go, so they actually ruled out the possibility of reconstituting the post. That is very clear. We discussed in the Vice Chancellor conference. Case by case we will send a proposal and look for the possibility.

**ചോദ്യം 2. ഡോ. തോമസ് ജോർജ്ജ്**

എ) കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ ഭൂമി ഇതു വരെ ഏതെല്ലാം ബാഹ്യ ഏജൻസി/ സ്ഥാപനം/ വകുപ്പുകൾക്ക് കൈമാറ്റം നടത്തിയിട്ടുണ്ട്. ഓരോ കൈമാറ്റത്തിനും പ്രതിഫലമായി എത്ര രൂപാ ലഭിച്ചിട്ടുണ്ട്. പവർ ഗ്രിഡിന് കൈമാറിയ ഭൂമിക്കു പകരം ഭൂമി ലഭിച്ചിട്ടുണ്ടോ?

ബി) കെ.എ.യു വിന്റെ ഏതെങ്കിലും ഭൂമി സർവ്വകലാശാലയുടേതല്ലാത്ത ആവശ്യത്തിന് ബാഹ്യ ഡിപ്പാർട്ട്മെന്റ് / സ്ഥാപനം ഇനിയും ആവശ്യപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുക.

സി). ഏതെങ്കിലും ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് / വകുപ്പ് സർവ്വകലാശാലയുടെ ഭൂമി അവരുടെ ആവശ്യങ്ങൾക്ക് ഓഫീസ് നിർമ്മിക്കാൻ ആവശ്യപ്പെട്ടാൽ കൈമാറ്റം ചെയ്യാൻ സാധിക്കുമോ? ഇത് കാർഷിക സർവ്വകലാശാലയുടെ ഭാവി പുരോഗതിയെ ദോഷകരമായി ബാധിക്കയില്ലയോ? ഇതിൽ യൂണിവേഴ്സിറ്റിയുടെ നിലപാട് വ്യക്തമാക്കുക.

**മറുപടി**

ഇതുവരെയുള്ള കാലയളവിൽ കേരള കാർഷിക സർവ്വകലാശാലയുടെ ഭൂമി താഴെ സൂചിപ്പിക്കുന്ന ഏജൻസികൾ/സ്ഥാപനങ്ങൾക്കായി കൈമാറ്റം നടത്തിയിട്ടുണ്ട്.

എ)

(I) സി.എസ്. ആർ.സി, കരമനയുടെ 9.08 സെന്റ് ഭൂമി പൊതുമരാമത്ത് വകുപ്പിനായി കൈമാറ്റം നടത്തിയിട്ടുണ്ട്.

(II) കാവനാട് പാലത്തിന്റെ നിർമ്മാണത്തിനായി ആർ.എ.ആർ.എസ് കുമരകത്തിന്റെ 1.989 $m^2$ ഭൂമി കോട്ടയം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.( 26.12.1989)

(III) കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിന്റെ 97 സെന്റ് ഭൂമി പാണഞ്ചേരി പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

(IV) കെ.സി.എ.ഇ.ടി , തവനൂരിന്റെ 1 ഏക്കർ 10 സെന്റ് ഭൂമി കെ.എസ്.ഇ.ബി തൃക്കണ്ണാപുരം സബ്സ്റ്റേഷനു വേണ്ടി വിട്ടു നൽകുകയും നഷ്ടപരിഹാരമായി 4,67,500/- രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. (19.01.2000)

(V) ആർ.എ.ആർ.എസ് അമ്പലവയലിന്റെ 37 സെന്റ് ഭൂമി പഞ്ചായത്തിനും 25 സെന്റ് ഭൂമി വാട്ടർ അതോറിറ്റിക്കും കൈമാറിയിട്ടുണ്ട്. (24.06.1999)

(VI) പടന്നക്കാട് കാർഷിക കോളേജിന്റെ 5.4 സെന്റ് ഭൂമി കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിക്കായി കൈമാറ്റം നടത്തിയിട്ടുണ്ട്. (17.06.1999)

(VII) ആർ.ആർ.എസ്, വൈറ്റിലയുടെ 0.3381 ഹെക്ടർ ഭൂമി സതേൺ റയിൽവേയ്ക്കായി കൈമാറ്റം നടത്തിയിട്ടുണ്ട്. (28.01.1999)

(VIII) ആർ.എ.ആർ.എസ് പീലിക്കോടിന്റെ 50 സെന്റ് ഭൂമി പോസ്റ്റ് ആന്റ് ടെലഗ്രാഫ് വകുപ്പിനായി കൈമാറ്റം നടത്തുകയും 75,600/- രൂപ നഷ്ടപരിഹാരമായി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(IX) ദേശീയപാത വികസനത്തിന്റെ ഭാഗമായി വെള്ളാനിക്കര, ഒല്ലൂക്കര, മാടക്കത്തറ എന്നീ വില്ലേജുകളിലായി കാർഷിക സർവ്വകലാശാലയുടെ അധീനതയിലുള്ള 4.1840 ഹെക്ടർ ഭൂമി ദേശീയപാത അതോറിറ്റിക്കായി സർവ്വകലാശാല വിട്ടു നൽകുകയും മേൽ വകയിൽ 18,38,07,541/- രൂപ നഷ്ടപരിഹാരമായി സർവ്വകലാശാലയ്ക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. (2005)

(X) മങ്കൊമ്പ് സിവിൽ സ്റ്റേഷൻ പാലം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള അപ്രോച്ച് റോഡിന്റെയും സർവീസ് റോഡിന്റെയും നിർമ്മാണത്തിനായി മങ്കൊമ്പ് പ്രാദേശിക ഗവേഷണകേന്ദ്രത്തിന്റെ 2.45 ആർ (6.0532 സെന്റ്) ഭൂമി പൊതുമരാമത്ത് വകുപ്പിന് വിട്ടു കൊടുക്കാൻ തീരുമാനിക്കുകയും നഷ്ടപരിഹാരത്തുകയായ 19,71,925/- രൂപ സർവ്വകലാശാലയ്ക്ക് നൽകാനും ആലപ്പുഴ ജില്ലാ ഭരണകൂടം ഇതിനകം നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. (21.03.2017)

(XI) ഭാരത പവ്വർഗ്രിഡ് കോർപ്പറേഷന് HDVC സ്റ്റേഷൻ നിർമ്മാണത്തിനായി മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിലെ 31.11 ഏക്കർ ഭൂമി കൈമാറുകയും നഷ്ടപരിഹാരത്തുകയായ 31,10,98,900/- രൂപക്കു പുറമേ വൃക്ഷവിലയായി 1,07,06,500/- രൂപയും വാട്ടർ ടാങ്കിന്റെ നഷ്ടപരിഹാരമായി 25,00,000/- രൂപയും സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. ( 30.03.2016)

പവർ ഗ്രിഡിന് സർവ്വകലാശാല കൈമാറിയ ഭൂമിക്ക പകരം ഭൂമി ലഭിക്കുന്നതിനായി കേരള സർക്കാരിനോട് സർവ്വകലാശാല നിരന്തരം ആവശ്യപ്പെട്ടകയുണ്ടായി. എങ്കിലും നാളിതുവരെ സർക്കാരിൽ നിന്ന് അനുകൂലമായ മറുപടി സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടില്ല.

**ബി.** കേരള കാർഷിക സർവ്വകലാശാലയുടെ ഭൂമി ബാഹ്യ ഏജൻസികൾ അവശ്യപ്പെട്ടു കൊണ്ടു ലഭിച്ച അപേക്ഷകൾ താഴെ സൂചിപ്പിക്കുന്നു.

(i) കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തി ക്യാമ്പസിലെ 5 ഏക്കർ സ്ഥലം ഗോഡൗൺ നിർമ്മാണത്തിനായി വെയർഹൗസിംഗ് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ii) ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ദേശീയപാതയോരത്തെ സർവ്വകലാശാലയുടെ 50 സെന്റ് ഭൂമി ആവശ്യപ്പെട്ടുകൊണ്ട് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

**സി.** ബാഹ്യ ഡിപ്പാർട്ട്മെന്റുകൾക്കും ഏജൻസികൾക്കും സർവകലാശാലയുടെ ഭൂമി വിട്ടു നൽകുന്നത് സർവകലാശാല ഭരണസമിതിയുടെയും ജനറൽ കൗൺസിലിന്റെയും നയപരമായ തീരുമാനത്തിന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയമാണ്. സർവകലാശാല ഭൂമി ബാഹ്യ ഏജൻസികൾ/സ്ഥാപനങ്ങൾക്കായി കൈമാറേണ്ടതില്ലെന്ന് 24.03.2012 ലെ 113-ാം ജനറൽ കൗൺസിൽ യോഗവും 27.04.2012 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ഡോ. എ. അനിൽ കുമാർ : " ഇതിനകത്ത് കൈമാറ്റം ചെയ്ത ഭൂമിയുടേയും കൈമാറ്റത്തിന് ആവശ്യപ്പെട്ടു കൊണ്ടുള്ള ലിസ്റ്റ് വളരെ കൃത്യമായി കൊടുത്തിട്ടുണ്ട്. അത് മുഴുവൻ വായിക്കണമെങ്കിൽ വായിക്കാം."

ഡോ. തോമസ് ജോർജ്ജ് : " വേണ്ട, പക്ഷേ ഇതിനകത്ത് ഒരു കാര്യം പറയാനുള്ളത് ഇതിൽ മറുപടി (ബി) യിൽ പറഞ്ഞിരിക്കുന്നത് മണ്ണുത്തി ക്യാമ്പസ്സിലെ 5 ഏക്കർ സ്ഥലം ഗോഡൌൺ നിർമ്മാണത്തിനായി ആവശ്യപ്പെട്ടിട്ടുണ്ട്. അതു പോലെ തന്നെ ഒല്ലൂക്കര പഞ്ചായത്ത് സാമൂഹിക ആരോഗ്യ കേന്ദ്രത്തിനായി 50 സെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതെല്ലാം നമ്മുടെ ഫാം എന്നു പറഞ്ഞത് കൃഷി യോഗ്യമായ ഭൂമിയാണ്. കൃഷിക്ക് ഉപയോഗിക്കുന്ന ഭൂമിയാണ്. അത് 5 ഏക്കറും അര ഏക്കറുമൊക്കെ നല്ല കണ്ണായ സ്ഥലങ്ങളൊക്കെ നൽകുക എന്നുള്ളത് യൂണിവേഴ്സിറ്റിയുടെ പോളിസിയാണ്. ഡിസംബർ 2012 ൽ കൊടുക്കേണ്ട എന്നു തീരുമാനിച്ചിട്ടുണ്ടെന്നാണ് (സി) യിൽ പറഞ്ഞിട്ടുള്ളത്. പക്ഷേ അതിനു ശേഷവും നമ്മൾ കൊടുത്തിട്ടുണ്ട്. ഇനി മേലാൽ നമ്മുടെ പോളിസി എന്തായിരിക്കും. നമ്മൾ കൊടുക്കണമോ, കൊടുക്കണ്ടായോ അത് ഇപ്പോൾ തീരുമാനിക്കണം."

ഡോ. എ. അനിൽ കുമാർ : " ഈ പറഞ്ഞിരിക്കുന്ന 2 കാര്യവും വളരെ പ്രധാനപ്പെട്ടതു തന്നെയാണ്. അതു പരിശോധിച്ച ശേഷം മാത്രമേ അക്കാര്യത്തിൽ മുന്നോട്ട് പോകുകയുള്ളൂ."

ഡോ. തോമസ് ജോർജ്ജ് : " അത് നമ്മൾ കൊടുക്കണ്ടാ എന്ന് തീരുമാനിച്ചിട്ട്..."

ഡോ. എ. അനിൽ കുമാർ : " കൊടുക്കണ്ടാ എന്നു തീരുമാനിച്ചത് ബാഹ്യ ഏജൻസികൾ സ്ഥാപനങ്ങൾക്കായി കൈമാറണ്ടെന്ന് തീരുമാനിച്ചെങ്കിലും പലപ്പോഴും ഗവൺമെന്റ്, നമുക്കറിയാമല്ലോ ഭൂമി മുഴുവൻ ഗവൺമെന്റാണ് നമുക്ക് തന്നിരിക്കുന്നത്. അപ്പോൾ ഗവൺമെന്റിന്റെ ആവശ്യങ്ങൾക്കെന്ന നിലയിലാണ് പലപ്പോഴും വളരെ പരിമിതമായ തോതിൽ നമ്മൾ അനുവദിച്ചിട്ടുള്ളത്. ഒരുപാട് അപേക്ഷകൾ വന്നിട്ടുണ്ടെങ്കിലും അതൊന്നും കൊടുത്തിട്ടില്ല."

ഡോ. തോമസ് ജോർജ്ജ് : " 5 ഏക്കർ സ്ഥലം പരിമിതമായ കാര്യമല്ല. എന്നു തന്നെ നമുക്ക് തിരിച്ച് ഒന്നും കിട്ടുന്നുമില്ല."

അദ്ധ്യക്ഷൻ : " We have not take any decision on that request."

ഡോ. തോമസ് ജോർജ്ജ് : " ഇതു പോലുള്ള ആവശ്യം വരുമ്പോൾ നമ്മൾ deny ചെയ്യണം എന്നാണ് എന്റെ ആവശ്യം. ഈ ബോഡി ഇത് തീരുമാനിക്കണം എന്നാണ് ആവശ്യപ്പെടുന്നത്."

അദ്ധ്യക്ഷൻ : " Really we will actually protect each inch of our land KAU. Ok. We have not taken any decision."

ഡോ.തോമസ് ജോർജ്ജ് : " ഇതിൽ ഞാൻ പറഞ്ഞതിൽ വേറൊരുദ്ദേശവും കൂടിയുണ്ട്. നമുക്ക് upland area വളരെ കുറവായ സ്റ്റേഷനുകളും ഉണ്ട്. ഉദാഹരണം മങ്കൊമ്പ്, അല്ലെങ്കിൽ കുമരകം. ഇതൊക്കെ വളരെ demand ഉള്ള സ്ഥലങ്ങളാണ്. മറ്റ് പല ഏജൻസികൾക്കും. For example, Tourism വകുപ്പ്, ഫിഷറീസ് യൂണിവേഴ്സിറ്റി. ഇതൊക്കെ വളരെ താൽപര്യത്തോടെ നോക്കിക്കൊണ്ടിരിക്കുന്ന സ്റ്റേഷനുകളാണ്. അന്നേരം അത് അതിനകത്തു നിന്നും ഒരിഞ്ചു ഭൂമി പോലും നമുക്ക് upland area ആയിട്ട് development വളരെ കുറച്ചേ ഉള്ളൂ. അതു പോലുള്ള സ്ഥലത്തെ ഭൂമി ഒരു കാരണവശാലും നഷ്ടപ്പെടുത്താതിരിക്കാനുള്ള തീരുമാനം കൂടി എടുക്കണമെന്നാണ് എന്റെ അപേക്ഷ."

അദ്ധ്യക്ഷൻ : " Definitely"

ഡോ. എസ്. എസ്റ്റലിറ്റ: " നഷ്ടപ്പെടാതിരിക്കാൻ മാത്രമല്ല. ഭൂമിക്കു പകരം ഭൂമി."

ശ്രീ. കെ.ഡി. ബാബു : " സർ, ഇതിൽ ഒരു പ്രധാന വിഷയം പറയാനുള്ളത് നമ്മുടെ ചില ജനകീയ ഉപകാര പ്രദമായ കാര്യങ്ങൾക്ക് ഈ യൂണിവേഴ്സിറ്റി സ്ഥലം വിട്ടു കൊടുക്കേണ്ടി വരും. ഉദാഹരണം, ഇപ്പോൾ ഹൈവേ വികസനം. നിവൃത്തിയില്ല....നമ്മൾ വിട്ടു കൊടുക്കേണ്ടി വരും. ജനോപകാര പ്രദമായ സംഗതിയാണത്. പക്ഷേ, മണ്ണുത്തി - വെള്ളാനിക്കര കാമ്പസ്സിലെ ഹൈവേയ്ക്ക് സ്ഥലം വിട്ടു കൊടുത്തപ്പോൾ അതിന് തക്കതായ കോമ്പൻസേഷൻ സർക്കാർ തരികയുണ്ടായി. എന്നാൽ അതേ സമയം പീലിക്കോട്, അതു പോലെ തന്നെ പടന്നക്കാട് ഭാഗങ്ങളിൽ

നാലര ഏക്കർ സ്ഥലം ഹൈവേ വികസനത്തിന്റെ ഭാഗമായി യൂണിവേഴ്സിറ്റി വിട്ടു കൊടുക്കേണ്ടി വന്നു. പക്ഷേ ഈ ഹൈവേ വികസനത്തിന്റെ ഭാഗമായി നമ്മുടെ സ്ഥലം ഏറ്റെടുക്കുമ്പോൾ 3 പ്രാവശ്യം നോട്ടിഫിക്കേഷൻ ഇറങ്ങി. ഈ നോട്ടിഫിക്കേഷൻ ഇറങ്ങിയതിൽ മുഴുവൻ അവിടെ പുറം പോക്കാണ് എന്നാണ് കാണിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ പുറം പോക്കല്ല. യൂണിവേഴ്സിറ്റി സ്ഥലമായിരുന്നു അത്. നാലര ഏക്കർ സ്ഥലത്തിന് ഏകദേശം 50 കോടി രൂപയോളം യൂണിവേഴ്സിറ്റിക്ക് സർക്കാർ തരാൻ സന്നദ്ധമാണ് പുറം പോക്കല്ലെങ്കിൽ. പക്ഷേ ഇവിടെ യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് കാര്യമായ വീഴ്ച വന്നിരിക്കുന്നു . എന്താണ് വീഴ്ച? പുറം പോക്ക് എന്നു പറയുന്ന ആദ്യ നോട്ടിഫിക്കേഷൻ ഇറങ്ങിയാൽ അത് പുറം പോക്കല്ല. അത് യൂണിവേഴ്സിറ്റിയുടെ സ്ഥലമാണ് എന്നു കാണിച്ചു കൊണ്ടുള്ള കത്തിടപാട് നടന്നില്ല. സ്വാഭാവികമായി ഇപ്പോൾ എന്ത് നിൽക്കുന്നു? യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം 50 കോടി മിനിമം. അത് സർക്കാർ തരാൻ തയ്യാറാണ്. ആ തയ്യാറുള്ള തുക നമുക്ക് മേടിച്ചെടുക്കാൻ ഇത്രയും സാമ്പത്തിക ബുദ്ധിമുട്ടുള്ള കാർഷിക സർവ്വകലാശാലയിൽ ഈ 50 കോടി നഷ്ടപ്പെടുത്തിയത് വലിയ വീഴ്ചയായി നമ്മൾ ഇവിടെ കാണണം."

ഡോ. എ. അനിൽ കുമാർ : " ശ്രീ. ബാബു...ഇതിനകത്തൊരു clarification ഉണ്ട്. അത് നഷ്ടപ്പെട്ടു എന്ന് പറയാറായിട്ടില്ല. അതിനുള്ള പ്രവർത്തനങ്ങൾ വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ചെയ്യേണ്ട സമയത്ത് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തില്ല എന്നത് ഒരു വീഴ്ചയാണ്. അത് ചെയ്യേണ്ട സമയത്ത് ചെയ്യേണ്ട രീതിയിൽ ചെയ്തിട്ടില്ല. പക്ഷേ ഈ സമിതി വളരെ കൃത്യമായി തന്നെ ആ പൈസ, ആ രൂപ ഗവൺമെന്റിൽ നിന്ന് വീണ്ടെടുക്കാനുള്ള എല്ലാ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. അത് തീർച്ചയായും മെമ്പർ ഉദ്ദേശിച്ച ആ വികാരം പൂർണ്ണമായി ഉൾക്കൊണ്ടു കൊണ്ട് ആ കാശ് വാങ്ങിച്ചെടുക്കും എന്നു തന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്."

ഡോ. തോമസ് ജോർജ്ജ് : " 2012 ൽ ഭൂമി ബാഹ്യ ഏജൻസികൾക്ക് ഒരു സ്ഥാപനത്തിന് കൈമാറില്ലാ എന്നു തീരുമാനിച്ചതാണ്. ഈ 5 ഏക്കർ സ്ഥലം വെയർഹൌസിംഗ് കോർപ്പറേഷനാണ് കൊടുക്കുന്നത്."

ഡോ. എ. അനിൽ കുമാർ : " ഇത് നമ്മൾ ചർച്ചയാക്കാൻ പോയിക്കഴിഞ്ഞാൽ നമുക്ക് question complete ചെയ്യാൻ പറ്റില്ല."

ഡോ. തോമസ് ജോർജ്ജ് : " കാർഷിക സർവ്വകലാശാലയ്ക്ക് നേരിട്ട് പ്രയോജനമുള്ളതല്ലാത്തതു കൊണ്ട് അത് നിരുൽസാഹപ്പെടുത്തണമെന്നാണ് എന്റെ ആവശ്യം."

അദ്ധ്യക്ഷൻ : " just now for all the members I want to say one thing. Please..."

ശ്രീ. പി. കെ. ശ്രീകുമാർ : " സർ ഒരു correction ഉണ്ട്."

അദ്ധ്യക്ഷൻ : " Sreekumar please wait, I will come to you...Let us see, University has taken steps as our Dean pointed out. In all the cases which Mr. Babu has raised we have taken efforts, our Comptroller has gone & met respective Collectors we have taken efforts that what you explain. We will not leave a single rupee due to Kerala Agriculture University.

ഡോ. എസ്. എസ്റ്റലിററ : " ചെയ്തു കിട്ടേണ്ടതു മാത്രമല്ല. അതിന്റെ ഒരു question ഉണ്ട്. ഭൂമിക്ക് പകരം ഭൂമി ലഭ്യമാക്കണമെന്ന പറഞ്ഞിട്ടുണ്ടായിരുന്നു ഇതിൽ. അത് ജനറൽ കൌൺസിലിൽ തീരുമാനവും എടുത്തിട്ടുണ്ട്. അതിനു പകരം കൃഷിയ്ക്കും ഗവേഷണത്തിനും വേണ്ടി ആ ഭൂമി തിരിച്ച് കിട്ടിയോ എന്നുള്ളതാണ് ആവശ്യം. അല്ലാതെ ഉള്ളത് കൊടുത്ത് ഫണ്ട് തിരിച്ച് വാങ്ങണമെന്നല്ല."

ശ്രീ. പി. കെ. ശ്രീകുമാർ : " 4.5 ഹെക്ടർ എന്നു പറയുന്നുണ്ട് സർ. 4.5 ഹെക്ടറാണോ 4.5 ഏക്കറാണോ സർ പീലിക്കോടിന് ഉള്ളത് എന്ന് clarify ചെയ്യണം. 4.5 ഹെക്ടറെന്നു വേറൊരുത്തരത്തിൽ തന്നെയുണ്ട് 4 ഹെക്ടർ എന്നു പറയുമ്പോൾ തന്നെ ഏകദേശം 10 ഏക്കറിന്റെ അടുത്ത് വരുന്നുണ്ടല്ലോ സർ. അപ്പോൾ അതൊന്ന് clarify ചെയ്യുടേ സർ."

ഡോ. തോമസ് ജോർജ്ജ് : " യൂണിവേഴ്സിറ്റി ഭൂമി ഇനി നഷ്ടപ്പെടുകില്ല എന്നുറപ്പു വരുത്തുക സർ."

അദ്ധ്യക്ഷൻ : " Now we go to the next one."

**ചോദ്യം 3. ഡോ. കെ.കെ. സത്യൻ.**

കെ.എ.യുവിന്റെ വിവിധ സ്റ്റേഷനുകളിൽ / എസ്റ്റാബ്ലിഷ്മെന്റുകളിൽ എത്ര ടെക്നീഷ്യൻ/ ട്രേഡ് അസിസ്റ്റന്റ് തസ്തികകൾ ഉണ്ട് എന്നും അതിൽ എത്ര എണ്ണം ഒഴിഞ്ഞ് കിടക്കുന്നു എന്നും ഓരോ സ്റ്റേഷൻ തിരിച്ചും വ്യക്തമാക്കാമോ?

**മറുപടി**

കേരള കാർഷിക സർവ്വകലാശാലയിലെ ടെക്നീഷ്യൻ തസ്തികകളുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു. അവയിൽ 4 തസ്തികയിൽ മാത്രമാണ് നിലവിൽ സ്ഥിരം ജീവനക്കാർ ഉള്ളത്.

| | NAME OF STATION | SANCTIONED POST | IN POSITION | VACANCY | NAME OF OCCUPANT |
|---|---|---|---|---|---|
| 1 | ARS ,MANNUTHY | 1 | 0 | 1 | |
| 2 | COA,PADANNAKAD | 1 | 1 | 0 | 1)UMESH NANDAKUMAR |
| 3 | COA,VELLAYANI | 3 | 3 | 0 | 1)K.THANKAPPAN<br>2)B.S.SURESH |

| | | | | | |
|---|---|---|---|---|---|
| | | | | | 3)T.SURENDRAN PILLAI |
| 4 | COH,VELLANIKKARA | 2 | 0 | 2 | |
| 5 | CC,MANNUTHY | 1 | 0 | 1 | |
| 6 | EL.SD,VELLANIKKARA | 3 | 0 | 3 | |
| 7 | EL.SD,VELLAYANI | 3 | 0 | 3 | |
| 8 | ESD,MANNUTHY | 2 | 0 | 2 | |
| 9 | ESD,VELLAYANI | 4 | 0 | 4 | |
| 10 | FSRS,SADANANDAPURAM | 1 | 0 | 1 | |
| 11 | IF,VELLANIKKARA | 1 | 0 | 1 | |
| 12 | IF,VELLAYANI | 1 | 0 | 1 | |
| 13 | KAUHQ,VELLANIKKAARA | 1 | 0 | 1 | |
| 14 | KCAET,TAVANUR | 11 | 0 | 11 | |
| 15 | MSD,VELLANIKKARA | 1 | 0 | 1 | |
| 16 | RARS,AMBALAVAYAL | 1 | 0 | 1 | |
| 17 | RARS,KUMARAKOM | 2 | 0 | 2 | |
| 18 | RARS,PATTAMBI | 3 | 0 | 3 | |
| 19 | RARS,PILICODE | 1 | 0 | 1 | |
| | TOTAL | 43 | 4 | 39 | |

ട്രേഡ് അസിസ്റ്റന്റിൽ 7 തസ്തികകൾ KCAET, തവനൂരിൽ ഉണ്ട്. ഈ 7 തസ്തികയും ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നു. താൽക്കാലിക ജീവനക്കാരാണ് ഈ തസ്തികകളിൽ ഇപ്പോൾ ജോലി ചെയ്യുന്നത്.

അഡ്വ.കെ.രാജൻ, MLA : " Question സാങ്കേതികമാണ്. മറുപടി ഇതിൽ പ്രിന്റ് ചെയ്ത് തന്നിട്ടുണ്ട്. വായിക്കണമെങ്കിൽ വായിക്കാം."
ഡോ. കെ.കെ. സത്യൻ : " വായിക്കണ്ട സർ. സർ ഒരു പോയിന്റ് എനിക്ക് അതിൽ add ചെയ്യാനുണ്ട്. ഇത്രയധികം vacancy കൾ ഉണ്ടായിരുന്നിട്ടും പോസ്റ്റിംഗ് നടക്കാൻ പറ്റാതിരിക്കുന്നത് സ്റ്റാറ്റ്യൂട്ട് ഇല്ല എന്നതാണ് അതിന്റെ ഒരു പ്രധാന hindrance ആയി പറയുന്നത്. എത്രയും വേഗം അതിന്റെ ഒരു സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കി പോസ്റ്റ് ചെയ്യപ്പെടുന്നതിന് ഉള്ള നടപടികളുണ്ടാകണമെന്ന് ഞാൻ request ചെയ്യുകയാണ്."
അദ്ധ്യക്ഷൻ : " We will examine that."
അഡ്വ.കെ.രാജൻ, MLA : " തീർച്ചയായും ചെയ്യാം."
ഡോ. കെ.കെ. സത്യൻ : " Thank you."
അദ്ധ്യക്ഷൻ : " 4th Question"

**ചോദ്യം 4. അഡ്വ. പി. ആർ. രജിത്ത്**

യൂണിവേഴ്സിറ്റിയിലെ തൊഴിലാളി നിയമനം നടക്കാത്ത ഫാമുകളിൽ നിയമനം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉപചോദ്യം എ) . ഏതെല്ലാം ഫാമുകളിൽ ഇനി തൊഴിലാളി നിയമനം നടക്കാനു ണ്ട് ?

ഉപചോദ്യം ബി) ഫാമുകൾ തിരിച്ച് ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ ?

ഉപചോദ്യം സി) ഇപ്പോൾ കരാർ / ദിവസ വേതനം / അബാർഡ് / കർമ്മസേന എന്നീ വിഭാഗങ്ങളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്?

മറുപടി
സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തി/ വെള്ളാനിക്കര, പാമ്പാട്ടുംപാറ, തിരുവല്ല എന്നീ കേന്ദ്രങ്ങളിലൊഴികെ എല്ലാ കേന്ദ്രങ്ങളിലും കാഷ്വൽ തൊഴിലാളി നിയമനം നടന്നിട്ടുണ്ട്.

എ)സർവ്വകലാശാലയിലെ മണ്ണുത്തി/വെള്ളാനിക്കര കാമ്പസ്സുകളിലെ കാഷ്വൽ തൊഴിലാളി തെരെരഞ്ഞെടുപ്പ് പ്രക്രിയ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പാമ്പാട്ടുംപാറ ഏലം ഗവേഷണ കേന്ദ്രത്തിൽ 20 പുരുഷ-സ്ത്രീ തൊഴിലാളികളെ നിയമിക്കുന്നതിനുവേണ്ടി വിജ്ഞാപനം പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിലെ തൊഴിലാളികളുടെ ഒഴിവുകൾ നികത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

ബി) ഫാമുകൾ തിരിച്ചുള്ള ഒഴിവുകളുടെ വിശദമായ വിവരം ചോദ്യകർത്താവിന് ലഭ്യമാക്കുന്നതാണ്.

സി) സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലായി ദിവസ വേതന /കരാർ/ അബാർഡ്/ കർമ്മസേന വിഭാഗങ്ങളിലായി 357 പേർ ജോലി ചെയ്തുവരുന്നു.

**ചോദ്യ കർത്താവില്ല.**
ശ്രീ. ബിബിൻ . പി. ചാക്കോ : " സർ, അത് തൊഴിലാളികൾക്കു വേണ്ടിയുള്ള ഒരു ചോദ്യമാണ്."
അദ്ധ്യക്ഷൻ : " Similar questions are coming back also."
ഡോ. എ. അനിൽ കുമാർ : " സാധാരണ ഗതിയിൽ മെമ്പർമാരില്ലാത്ത questions എടുക്കാറില്ല. Discussion എടുക്കാറില്ല."

**ചോദ്യം 5.ശ്രീ. സി.എച്ച്. മുത്തു**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ജോലി ചെയ്യുനന സ്ഥിരം, കാഷ്വൽ തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക എത്ര സ്റ്റേഷനിൽ നൽകി എന്നും എത്ര സ്റ്റേഷനിൽ നൽകാൻ ഉണ്ടെന്നും സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

എ) ശമ്പള പരിഷ്കരണ കുടിശ്ശിക കാഷ്വൽ ലേബറർക്ക് പണമായി നൽകാൻ നടപടി സ്വീകരിക്കുമോ?

ബി) ശമ്പള പരിഷ്കരണ കുടിശ്ശിക നൽകാത്ത സ്റ്റേഷനിൽ എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സി) കാഷ്വൽ തൊഴിലാളിയുടെ ഡി.എ കുടിശ്ശിക പണമായി നൽകാൻ നടപടി സ്വീകരിക്കുമോ?"

**മറുപടി**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ജോലി ചെയ്യുന്ന സ്ഥിരം, കാഷ്വൽ തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക യൂഫാസ്റ്റിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് 18 ഓളം സ്റ്റേഷനുകളിലേക്കായി 22,67,102/- രൂപ നൽകാനുണ്ട്. തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക സ്റ്റേഷൻ തിരിച്ച് താഴെ നൽകുന്നു.

| **സ്റ്റേഷന്റ് പേര് / കോഡ്** | **സ്ഥിരം / കാഷ്വൽ തൊഴിലാളികളുടെ എണ്ണം** | **ആകെ ശമ്പള കുടിശ്ശിക** |
|---|---|---|
| ആർ.എ.ആർ.എസ്, വൈറ്റില | 1 (P) | 44474 |
| പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മെന്റ് | 8 | 402857 |
| കെ.എ.യു എസ്റ്റേറ്റ് | 2 | 17266 |
| കോളേജ് ഓഫ് ഫോറസ്ട്രി | 3 | 23029 |
| ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി | 4 | 32718 |
| ബനാന റിസർച്ച് സ്റ്റേഷൻ, കണ്ണാറ | 4 | 193864 |
| എ.എം.പി.ആർ.എസ്, ഓടക്കാലി | 21 | 166689 |
| കാഷ്യു റിസർച്ച് സ്റ്റേഷൻ, മാടക്കത്തറ | 10 | 24520 |
| സി.ആർ.എസ്, പാമ്പാടുംപാറ | 4 | 293059 |
| ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷൻ | 3 | 40465 |
| കൊക്കോ റിസർച്ച് സ്റ്റേഷൻ | 7 | 55229 |
| എ.ഐ.സി.ആർ.പി ഓൺ ഫ്ലോറികൾച്ചർ | 1 | 49222 |
| പെപ്പർ റിസർച്ച് സ്റ്റേഷൻ, പന്നിയൂർ | 2 | 4446 |
| ആർ.എ.ആർ.എസ്, അമ്പലവയൽ | 86 | 172000 |

| | | |
|---|---|---|
| ആർ.എ.ആർ.എസ്, പട്ടാമ്പി | 9 | 449664 |
| ആർ.എ.ആർ.എസ്, പീലിക്കോട് | 4 | 103079 |
| ആർ.എ.ആർ.എസ്, മങ്കൊമ്പ് | 19 | 180180 |
| ആർ.എ.ആർ.എസ്, പീലിക്കോട് | 11 (Casual Labour) | 14347 |

യൂഫാസ്റ്റിൽ നിന്നും ലഭിച്ച വിവര പ്രകാരം ഈ ഇനത്തിൽ വിതരണം ചെയ്ത ശമ്പള കുടിശ്ശിക 17 സ്റ്റേഷനുകളിലായി 28,87,102/- രൂപയാണ്. തൊഴിലാളികളുടെ വിതരണം ചെയ്ത ശമ്പള കുടിശ്ശിക സ്റ്റേഷൻ തിരിച്ച് താഴെ നൽകുന്നു.

| ക്രമ നം. | സ്റ്റേഷന്റെ പേര് | വിതരണം ചെയ്ത ശമ്പള കുടിശ്ശിക |
|---|---|---|
| 1 | കോളേജ് ഓഫ് ഹോർട്ടികൾച്ചർ, വെള്ളാനിക്കര | 357613 |
| 2 | കെ.സി.എ.ഇ.റ്റി, തവനൂർ | 469303 |
| 3 | ആരോമാറ്റിക് & മെഡിസിനൽ പ്ലാന്റ്, ഓടക്കാലി | 166689 |
| 4 | അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ, മണ്ണുത്തി | 28000 |
| 5 | കാഷ്യു റിസർച്ച് സ്റ്റേഷൻ, മാടക്കത്തറ | 42438 |
| 6 | കാർഡമം റിസർച്ച് സ്റ്റേഷൻ, പാമ്പാടുംപാറ | 78527 |
| 7 | ഇന്റഗ്രേറ്റഡ് ഫാമിംഗ് റിസർച്ച് സ്റ്റേഷൻ, കരമന | 788042 |
| 8 | കാഡ്ബറീസ് കൊക്കോ റിസർച്ച് സ്റ്റേഷൻ, വെള്ളാനിക്കര | 32075 |
| 9 | ഫ്ലോറികൾച്ചർ ഇംപ്രൂവ്മെന്റ് പ്രോജക്ട്, വെള്ളാനിക്കര | 31982 |
| 10 | പെപ്പർ റിസർച്ച് സ്റ്റേഷൻ, പന്നിയൂർ | 433117 |
| 11 | ആർ.എ.ആർ.എസ്, അമ്പലവയൽ | 17610 |
| 12 | ആർ.എ.ആർ.എസ്, കുമരകം | 154238 |
| 13 | ഡിപ്പാർട്ട്മെന്റ് ഓഫ് ഒലേറികൾച്ചർ, വെള്ളാനിക്കര | 66982 |
| 14 | അഗ്രിക്കൾച്ചർ ടെക്നോളജി ഇൻഫർമേഷൻ സെന്റർ, മണ്ണുത്തി | 47350 |
| 15 | റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ, പട്ടാമ്പി | 122117 |
| 16 | എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, വെള്ളാനിക്കര | 27150 |
| 17 | ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര | 23869 |

എ) കാഷ്വൽ തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കുടിശ്ശിക സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ടി ഉത്തരവിൽ കുടിശ്ശിക പണമായി നൽകുന്നതിനു തീരുമാനമാകുന്ന പക്ഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ബി) ഈ ഇനത്തിലുള്ള കുടിശ്ശിക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിതരണം ചെയ്തുവരുകയാണ്. തുടർന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ശേഷിക്കുന്ന കുടിശ്ശിക വിതരണം ചെയ്യുന്നതാണ്.

സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാഷ്വൽ തൊഴിലാളികളുടെ ഡി.എ ഇനത്തിലുള്ള കുടിശ്ശിക പണമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി.എച്ച് മുത്തു: " സർ, ഇതിനകത്ത് നിരവധിയായിട്ടുള്ള ആക്ഷേപങ്ങളും പരാതികളും നിലനിൽക്കുന്നുണ്ട്. തൊഴിലാളികളുടെ ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ തന്നെ ചില പാകപ്പിഴകളുണ്ട്. കാരണം അതിനകത്ത് കൃത്യമായിട്ടൊന്നും സർവ്വകലാശാല മാർഗ്ഗ നിർദ്ദേശം കൊടുത്തിട്ടില്ല. കൊടുക്കാത്തതിന്റെ കാരണം പറഞ്ഞിരിക്കുന്നതെന്താണെന്നു വച്ചാൽ ഓരോന്നും പറയുമ്പോൾ പരാമർശം (2) ലെ ഖണ്ഡിക (14) അതു പോലെ ചപ്പൽ അലവൻസ് പരാമർശം(2) ലെ ഖണ്ഡിക(18). അതേ പോലെ ഓരോ കുടിശ്ശിക കൊടുക്കുമ്പോഴും ഇത്തരത്തിൽ നിരവധിയായ പ്രശ്നങ്ങൾ ഉണ്ട്. അതു കൊണ്ട് പലയിടത്തും അത് ഫിക്സ് ചെയ്തതിലും കുടിശ്ശിക കൊടുത്തതിലും നിരവധിയായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അതിന് സർവ്വകലാശാല ഒരു കേന്ദ്രീകരിച്ചൊരു ഉത്തരവിറക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. കാരണം അതിന്റെ പേരിലിപ്പോൾ പല സ്ഥലത്തും ദാ എന്റെ കയ്യിൽ 3 ഫാമുകളിൽ നടപ്പിലാക്കിയ ഉത്തരവുണ്ട്. ഇത് മൂന്നും മൂന്ന് രീതിയിലാണ് നടപ്പാക്കുന്നത്. ഏകീകരിച്ച് വരുന്നില്ല. 3 ഫാമിലും നടപ്പാക്കിയത് 3 രീതിയിലാണ്. അപ്പോൾ അതിനകത്ത് ഒരു ശമ്പളം ഫിക്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർവ്വീസ് വെയിറ്റേജ് എങ്ങനെ കൊടുക്കണം? അതിനകത്ത് പറയുന്നതെന്തെന്നു വച്ചാൽ പരാമർശം (2) ലെ ഖണ്ഡിക (36) പരിശോധിക്കാനാ പറയുന്നേ. ആ ഖണ്ഡികയിൽ (36) ൽ പറയുന്നതെന്താന്നു വച്ചാൽ സർവ്വീസ് വെയിറ്റേജ് പരിഗണിക്കണമെങ്കിൽ increment ന് പരിഗണിച്ച സർവ്വീസ് മാത്രം പരിഗണിക്കപ്പെടാൻ പാടുള്ളൂ എന്നു പറയുന്നു. അപ്പോൾ തന്നെ അതിനകത്ത് കാഷ്വൽ തൊഴിലാളികൾക്ക് increment ഇല്ല. അപ്പോൾ നിരവധിയായ പ്രശ്നങ്ങളുണ്ട്. സർവ്വകലാശാലാ തലത്തിൽ സംഘടനകളുമായി ചർച്ച ചെയ്ത് ഒരു പ്രമേയം തന്നെ കൊടുത്തിട്ടുണ്ട്. ചർച്ച നടത്തിയിട്ട് ഏകീകരിച്ച ഉത്തരവിറക്കണം എന്നാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. നിരവധി പ്രശ്നങ്ങളുണ്ട. പല സ്ഥലത്തും പല രീതിയിലാണ് ചെയ്തിരിക്കുന്നത്. സർവ്വകലാശാല കേന്ദ്രീകരിച്ച ഒരു ഡയറക്ഷൻ നമ്മൾ കൊടുത്തിട്ടില്ല. അതു പോലെ തന്നെ സർ പലരും separate ആയാണ് കത്തെഴുതുന്നത്. ഓരോ സ്റ്റേഷൻകാരും ഓരോന്നു ചോദിച്ചിട്ട് കത്തെഴുതുകയാണ്. എന്നാൽ അത് common ആയിട്ട് ഒരു ഓർഡർ ആയിട്ട് ഇറക്കുകയാണെങ്കിൽ ഈ എഴുത്തു കുത്തുകളും കാല താമസവും ഒഴിവാക്കാൻ കഴിയും. അപ്പോൾ അതു കൊണ്ട് അടിയന്തിരമായി ഇതിനകത്തൊരു പരിഹാരമുണ്ടാകണം എന്നാണെനിക്കു പറയാനുള്ളത്."

ശ്രീ. വിജയ ദാസ്, എം.എൽ.എ : " ഒരു സെക്കന്റ്. ഇതു പറഞ്ഞോട്ടെ. ശമ്പള പരിഷ്കരണം അതു പോലെ തന്നെ ചില സ്റ്റേഷനുകളിൽ നമുക്ക് കുടിശ്ശിക, ഡി.എ സംബന്ധിച്ച് കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിയാത്തത് നമ്മുടെ ഫണ്ടിന്റെ ലഭ്യത കുറവു കൊണ്ടാണ്. കഴിഞ്ഞ പ്രാവശ്യം, കഴിഞ്ഞ കൊല്ലം നമുക്ക് പ്ലാൻ ഫണ്ടിൽ വലിയ കുറവാണ് ഉണ്ടായിട്ടുള്ളത്. 72 കോടി രൂപ നമുക്ക് ലഭിക്കേണ്ട സ്ഥാനത്ത് വളരെ കുറച്ചു തുക മാത്രമാണ് പ്ലാൻ ഫണ്ടിൽ നമുക്ക് ലഭിച്ചിട്ടുള്ളത്. ആ ഒരു മൈനസ് നമ്മളെ ബാധിച്ചിട്ടുണ്ട്. ഇനി ആ മൈനസ് ബാധിക്കാത്ത രൂപത്തിൽ സർക്കാരിൽ നിന്നും, പ്ലാൻ ഫണ്ടിൽ നിന്നും allotment തുക കൃത്യമായി വാങ്ങിച്ചെടുക്കാനും അതു വഴി നമ്മുടെ ലേബേഴ്സിനും മറ്റ് ജീവനക്കാർക്കുമായി കൊടുക്കുവാനുള്ള കുടിശ്ശിക കൊടുത്തു തീർക്കാൻ വേണ്ടി നല്ലൊരു ശ്രമം നടത്തും അത് പൂർത്തിയാക്കും എന്നു കൂടി ഇവിടെ സൂചിപ്പിക്കുകയാണ്."

ശ്രീ. സി.എച്ച് മുത്തു: " അല്ല സർ..."

ശ്രീ.വിജയ ദാസ്, എം.എൽ.എ : " മെമ്പർ സൂചിപ്പിച്ച പോലെ എല്ലാ സ്റ്റേഷനുകളുടേയും പ്രത്യേകമായിട്ടുള്ള കാര്യങ്ങൾ പഠിച്ച് ഒരു റിപ്പോർട്ട് എടുത്ത് അതിന്റെ നടപടികളിലേയ്ക്കും കടക്കും."

ശ്രീ. സി.എച്ച് മുത്തു: " അല്ല സർ, ഇതിനകത്ത് വസ്തുത അതല്ല. ഇപ്പോൾ പൈസ ഇല്ലാത്തതിന്റെ പേരിലല്ല കൊടുക്കാത്തത്."

ശ്രീ. വിജയ ദാസ് എം.എൽ.എ : " Yes, അത് പഠിച്ച് റിപ്പോർട്ട് പരിശോധിച്ച ചെയ്യാം."

ശ്രീ. സി.എച്ച് മുത്തു: " അതിൽ നിയമപരമായിട്ട് പ്രശ്നമുണ്ട്."

ശ്രീ. വിജയ ദാസ് എം.എൽ.എ : " ചെയ്യാം, ചെയ്യാം..."

ശ്രീ. കെ.ഡി. ബാബു : " ഡയസ്സിൽ നിന്ന് തെറ്റായ ഒരു രീതിയാണ് പറയുന്നത്. ഈ തൊഴിലാളികളുടെ ശമ്പളമൊന്നും പ്ലാനിൽ നിന്നല്ല meet ചെയ്യുന്നത്. Non plan ആണ്."

ഡോ. എ. അനിൽ കുമാർ : " Non plan തന്നെയാണ്."

ശ്രീ. വിജയ ദാസ്, എം.എൽ.എ : " Non plan തന്നെയാണ്. നമുക്ക് ചില വീഴ്ചകളുണ്ട്. ആ വീഴ്ചകൾ കൂടി പരിശോധിച്ച് വേണ്ടതു ചെയ്യാം. അതു തന്നെയാണ്."

അദ്ധ്യക്ഷൻ : " We will examine. What ever due to the labourers, we will give them." **Assurance - 1.**

ശ്രീ.കെ.ഡി.ബാബു : " അല്ല, തൊഴിലാളികളുടെ issue ചെയ്യു പ്രധാന വിഷയം എന്താന്നു വച്ചാൽ സർ, അതൊന്നു ചുരുക്കി പറയാം. അവരുടെ ആവശ്യം ഇതാണ്. അതായത് കഴിഞ്ഞ തൊഴിലാളികളുടെ pay revision നിൽ casual labours എന്നു പറയുന്നത് ഇവിടുത്തെ സർക്കാർ, മുൻ സർക്കാരുകളും അങ്ങനെ തന്നെയാണ്. ഞാൻ പ്രത്യേകം പറയുന്നില്ല. പല ഓർഡറുകളിലും അത് contingent service ആയിട്ട് കണക്കാക്കുന്ന രീതിയിലാണ് കാണുന്നത് casual service. വാസ്തവത്തിൽ കാഷ്വൽ സർവ്വീസ് contingent service അല്ല. നമ്മൾ ഇവിടെ permanent labourer

ആയിക്കഴിഞ്ഞാൽ ആ സർവ്വീസും കൂടി കണക്കാക്കിയിട്ടാണ് pay revision implement ചെയ്യേണ്ടത്. ഇത് സർക്കാരുമായിട്ട് യൂണിവേഴ്സിറ്റി അതൊരു കത്തിടപാട് നടത്തി ശരിയാക്കാവുന്നൊരു വിഷയമാണ്. മുൻ കാലഘട്ടങ്ങളിൽ ചെയ്തിട്ടുള്ള അതേ നടപടി ഈ വിഷയത്തിലും സ്വീകരിച്ചാൽ ഈ വിഷയം പരിഹരിക്കപ്പെടും. അതാണ്..."

അഡ്വ. കെ.രാജൻ MLA : " തീർച്ചയായും..."

അദ്ധ്യക്ഷൻ : " Yes. We will examine."

ശ്രീ. ബിബിൻ പി. ചാക്കോ: " ശമ്പള പരിഷ്കരണം വന്നിട്ടും casual labours ന് ഇന്നു വരെ ഇത് കൊടുത്തിട്ടില്ല. Casual labours ന് ഇന്നു വരെ അവർക്ക് അതിന്റേതായ ആനുകൂല്യങ്ങളൊന്നും കൊടുത്തിട്ടില്ല. ഗവൺമെന്റിൽ നിന്ന് ആനുകൂല്യങ്ങളൊന്നും വന്നിട്ടില്ല എന്നാ പറയുന്നെ."

അദ്ധ്യക്ഷൻ : " We will examine that"

**ചോദ്യം 6. ഡോ. എസ്. എസ്റ്റലിറ്റ**

കീട-രോഗ നിയന്ത്രണത്തിനുള്ള ജൈവിക ഉപാധികൾ സ്വയം നിർമ്മിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കനുള്ള പരിശീലനങ്ങൾ സംസ്ഥാന വ്യാപകമായി ഗ്രാമതലത്തിൽത്തന്നെ സംഘടിപ്പിക്കുവാൻ നടപടിയെടുക്കാമോ? "

**മറുപടി**

കേരള സംസ്ഥാന സർക്കാരും കൃഷി വകുപ്പും നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ കേരള കാർഷിക സർവ്വകലാശാല നേതൃത്വപരമായി പങ്ക് വഹിക്കുകയും, തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളും കൃഷിവകുപ്പുമായി സഹകരിച്ച് വിവിധ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് സഹകരിക്കുകയും ചെയ്യുന്നുണ്ട്. വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന സുസ്ഥിര സമൃദ്ധി പദ്ധതി പ്രകാരം 50 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കാർഷിക വികസന പരിപാടികളിൽ സജീവമായി ഇപെടുന്നുണ്ട്. കൂടാതെ കീട രോഗ നിയന്ത്രണത്തിനുള്ള ജൈവിക ഉപാധികൾ നിർമ്മിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനങ്ങൾ സർവ്വകലാശാലതലത്തിൽ, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ വഴി, നടപ്പിലാക്കുന്നുണ്ട്.

ഡോ. എസ്.എസ്റ്റലിറ്റ : " അത് അല്ല ഉദ്ദേശിക്കുന്നത്. സാധാരണ സംസ്ഥാന തലത്തിൽ നമ്മൾ കർഷകർക്ക് ട്രെയിനിംഗ് കൊടുക്കാനായിട്ട് ഒരു സ്ഥാപനമുണ്ട്. അതായത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വിജ്ഞാന വ്യാപന വിഭാഗത്തിന്റെ ഒരു കമ്മ്യൂണിക്കേഷൻ സെന്റർ എന്നു പറയുന്ന ഒരു സ്ഥാപനമുണ്ട്. സംസ്ഥാന തലത്തിലുള്ള പരിശീലനവും മറ്റും കൊടുക്കേണ്ട സ്ഥാപനം അതാണ്. ഒരു സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ട്. അല്ലാതെ ഗവേഷണ കേന്ദ്രങ്ങളും, കൃഷി

വിജ്ഞാന കേന്ദ്രങ്ങളും മാത്രമായി ഒതുക്കുകയല്ല വേണ്ടത് ജൈവിക കീട രോഗ നിയന്ത്രണ ഉപാധികൾ ഉണ്ടാക്കാനുള്ളത്. നമുക്ക് സ്വന്തമായി 7 കൃഷി വിജ്ഞാന കേന്ദ്രങ്ങളേ ഉള്ളൂ. 7 ജില്ലയ്ക്കു മാത്രമേ ഉള്ളൂ. ബാക്കി 7 ജില്ലയും വെറുതേ കിടക്കും. അതു കൊണ്ട് അത്തരം ട്രെയിനിംഗുകൾ selected ആയിട്ടുള്ള 10-30 നല്ല കർഷകരെ skill development ഉള്ള നല്ല കർഷകരെ തിരഞ്ഞെടുത്ത് നമ്മൾ ഇതു പോലെ communication centre സ്ഥാപനം വഴി 14 ജില്ലയിലേയും കർഷകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനങ്ങൾ കൊടുക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്."

അദ്ധ്യക്ഷൻ : " Yes. We will take it forward."

ഡോ. ടി.പ്രദീപ് കുമാർ : " ഇത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായിട്ട് കൂടുതൽ വിശദമായ ട്രെയിനിംഗ് പ്രോഗ്രാം കർഷകർക്ക് നടപ്പിലാക്കുന്നതിനെ പറ്റിയിട്ടുള്ള പദ്ധതികൾ അടുത്ത വർഷം ആവിഷ്കരിച്ചിട്ടുണ്ട്. അപ്പോൾ കൂടുതൽ മികച്ച രീതിയിൽ ഇത്, ബഹുമാനപ്പെട്ട പ്രൊഫ. എസ്റ്റലിറ്റ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. കാരണം ജൈവ കാർഷിക നയത്തിന് അനുരൂപമായിട്ട് ജൈവ രോഗ കീട നിയന്ത്രണത്തിന് ആവശ്യമായിട്ടുള്ള എല്ലാ നിവേശങ്ങളും ഉണ്ടാക്കാനായിട്ട് അവരെ പ്രാപ്തരാക്കേണ്ടതായിട്ടുണ്ട്. അപ്പോൾ അത്തരം ട്രെയിനിംഗ് പ്രോഗ്രാം വളരെ ഗൌരവമായി തന്നെയാണ് സർവ്വകലാശാല കാണുന്നത്. അത് നമ്മുടെ കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ കൂടി മാത്രമല്ല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കൂടി സഹകരിപ്പിച്ചു കൊണ്ടുള്ള വിശാലമായിട്ടുള്ള ഒരു ട്രെയിനിംഗ് പ്രോഗ്രാം തന്നെയാണ് അടുത്ത വർഷങ്ങളിൽ ഉദ്ദേശിക്കുന്നത്. അത് ആ ഗൌരവത്തിൽ തന്നെ സർവ്വകലാശാല ഉൾക്കൊള്ളുന്നു."

ഡോ. എസ്.എസ്റ്റലിറ്റ : " അല്ല, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളായാലും ഇത് നടത്തിപ്പിനായിട്ടുള്ളത് നമ്മുടെ സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും കമ്മ്യൂണിക്കേഷൻ സെന്റർ എന്നുള്ള സ്ഥാപനം ശരിക്കും തൃശ്ശൂർ ജില്ലയ്ക്കു വേണ്ടി മാത്രമുള്ളതല്ല. സംസ്ഥാന തലത്തിൽ വേണ്ടിയിട്ടുള്ള ഒരു സ്ഥാപനമാണ്. അത് എന്തു കൊണ്ടാ എല്ലാരും മറന്നു പോകുന്നത്. ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷന് തൊട്ടടുത്തിരിക്കുന്നതു കൊണ്ട് ആ സ്ഥാപനം സ്റ്റേറ്റിനു വേണ്ടിയിട്ടുള്ളതാണ്."
അദ്ധ്യക്ഷൻ : " Yes. We got that point. We will take it forward." .

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " അതിനെ സംബന്ധിച്ച് ഒരു ചോദ്യമുണ്ട്. ഈ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ തന്നെ അത് ജില്ലാ കേന്ദ്രങ്ങളിലൂടെ നടപ്പാക്കുന്നതിനുള്ള ഈ ജൈവ പ്രതിരോധം അത് പരിശീലിപ്പിച്ചു കൊണ്ടു പോയെങ്കിലേ അതാത് ജില്ലകളിലൂടെ ആയെങ്കിലേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ അത് പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ...സാധാരണ

കർഷകരെ സംബന്ധിച്ചിടത്തോളം അത് ഫലപ്രദമാകണമെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ മാത്രമേ നടപ്പാക്കാൻ കഴിയൂ...അതാണ് അതിന്റെ പ്രത്യേകത. ഒരു സംശയം.

ശ്രീ. കുഞ്ഞമമദ് കുട്ടി : " 1. ജൈവം പറഞ്ഞപ്പോൾ ബോർഡോക്സ് മിശ്രിതം ജൈവത്തിൽ വരുമോ?

2.കുമിൾ അറ്റാക്ക് നടന്ന ശേഷം ജൈവ കീടനാശിനി കൊണ്ട് അത് പരിഹരിക്കാൻ സാധിക്കുമോ?

ഡോ.ടി.പ്രദീപ് കുമാർ : " ബോർഡോ മിശ്രിതം ചില പ്രോട്ടോകോൾ പ്രകാരം ജൈവമാണ്. അതേ സമയം ചിലർ അത് അംഗീകരിക്കുന്നുമില്ല. അതേ പോലെ തന്നെ കുമിൾ രോഗം വന്നതിനു ശേഷം പലപ്പോഴും രാസ കുമിൾ നാശിനികളാണ് ഫലവത്തായി കാണാറുള്ളത്. ജൈവ കുമിൾ നാശിനികൾ പലപ്പോഴും ഫലവത്താവാറില്ല. ബഹു. മെമ്പർ സൂചിപ്പിച്ച പോലെ അന്തർ വ്യാപന ശക്തിയുള്ള കുമിൾ നാശിനികളാണ് പലപ്പോഴും രോഗങ്ങൾ കൂടിക്കഴിഞ്ഞാൽ കർഷകർക്ക് പ്രയോഗിക്കേണ്ടി വരുന്നത്."

ഡോ. എസ്.എസ്റ്റലിറ്റ : " രോഗം വരാതിരിക്കാനുള്ള ഒരു അടിസ്ഥാന...."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " ഈ ഗവേഷണമൊക്കെ നടത്തുന്നത് കൃഷിക്കാർക്ക് വേണ്ടിയിട്ടാണ്. കർഷകനു വേണ്ടിയിട്ടാണ്. ആ കർഷകനു വേണ്ടി നടത്തുമ്പോൾ അവരെ വേറൊരു രീതിയ്ക്ക് വഴി തിരിച്ച് വിട്ട് അവരുടെ വലിയ ഒരു നഷ്ടമുണ്ടാക്കുന്ന രീതിയിലുള്ള ഗവേഷണവും ഉപദേശവും കാർഷിക സർവ്വകലാശാലയെപ്പോലുള്ള ഒരു സ്ഥാപനം കൊടുക്കുന്നത് നന്നായിരിക്കുമോ എന്ന് പരിശോധിക്കണം."

ഡോ. എസ്.എസ്റ്റലിറ്റ : " ഒരു മിനിറ്റ്. രോഗം വരാതിരിക്കാനുള്ള അടിസ്ഥാന തത്വമെന്തെന്നു വച്ചാൽ ' Prevention is better than cure ' എന്നാണ്. രോഗം വന്നിട്ട് ചികിൽസിക്കുമ്പോഴാണ് ഈ ബ്രോഡ് ആയിട്ടുള്ള അന്തർ വ്യാപന ശക്തിയുള്ള കീട നാശിനികൾ ഒക്കെ ഉപയോഗിക്കേണ്ടി വരുന്നത്. നമ്മൾ ഇപ്പോൾ വിത്തു പ്രചാരം seed treatment, soil treatment ഇങ്ങനെയൊക്കെ നടത്തി ചെയ്യുകയാണെങ്കിൽ ജൈവ കീടനാശിനികൾ കൊണ്ടുതതന്നെ നമുക്ക് ഇതൊക്കെ നിയന്ത്രിക്കാൻ സാധിക്കുമെന്ന് പാലക്കാടൻ ജില്ലയിൽ നെൽ കൃഷി മേഖലയിൽ തെളിയിച്ചിട്ടുണ്ട്. അതു പോലെ പച്ചക്കറി കൃഷിയിൽ പല സ്ഥലത്തും ഞങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇതെല്ലാം വളരെ പ്രാവർത്തികമായിട്ട് ചെയ്യാൻ പറ്റുന്നതാണ്. അത് നമ്മുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ആയിരിക്കുന്ന ശ്രീ. കെ. വി. വിജയദാസ് അദ്ദേഹത്തിന് നല്ല വണ്ണം അറിയാവുന്നതാണ് അത്. പാലക്കാട് നമ്മൾ ജൈവിക നിയന്ത്രണങ്ങൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ നെൽ കൃഷിയിൽ."

അദ്ധ്യക്ഷൻ : " Thanks for bringing this. Kerala Agricultural University will give the right information to our farming community. We will never misguide our farmers ."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ: " ഞാൻ ഒരു കർഷകൻ എന്നുള്ള നിലയ്ക്ക് പറയുക യാണ് ഇങ്ങനെ ഈ ജൈവ കൃഷിയെ അങ്ങനെ ഉപയോഗിക്കുന്ന സാധാരണ

കൃഷിക്കാർ ഇതൊന്നും ശ്രദ്ധിക്കുന്നില്ല. അവർ അത് ഇവിടെ വരുമ്പോഴാണ് അതിന്റെ വിഷമം അറിയുക. നമ്മൾ കർഷകനെ മനസ്സിൽ കാണണം. അല്ലാതെ സയന്റിസ്റ്റിനെയല്ല മനസ്സിൽ കാണേണ്ടത്. കൃഷിക്കാരൻ എന്നു പറയുന്നത് സയന്റിസ്റ്റ് അല്ല. അവർ അവിടെ രോഗം വരുമ്പോഴാണ് അത് ശ്രദ്ധിക്കുക. അപ്പോൾ വരുമ്പോൾ എങ്ങനെ രക്ഷപ്പെടുത്താൻ സാധിക്കു എന്നുള്ളതിനാണ് നമ്മുടെ ഗവേഷണം നടക്കേണ്ടത്."

അദ്ധ്യക്ഷൻ : " Question No. 7."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ: " മറുപടി ക്ലിയർ ആയില്ല."
ഡോ. ടി. പ്രദീപ് കുമാർ : " ആ കാര്യം കൂടുതൽ വിശദമായി പരിശോധിക്കും. മാത്രമല്ല അന്തർ വ്യാപന ശക്തിയുള്ള മിത്ര കുമിളുകളുടെ ഗവേഷണം ഇപ്പോൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഈ മിത്ര കുമിളുകൾ perinospoma തുടങ്ങിയിട്ടുള്ള മിത്ര കുമിളുകൾ."
ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ: " അതിനു മുൻപ് ഒന്നും ക്ലിയർ ആവാത്ത രീതിയിൽ നിർദ്ദേശം കൊടുത്തു കൃഷിക്കാരനു വരുന്ന സാമ്പത്തിക നഷ്ടം ആരു നികത്തും?"
ഡോ. ടി. പ്രദീപ് കുമാർ : " തീർച്ചയായും അത് ജൈവ കൃഷിയെ സംബന്ധിച്ചിടത്തോളം അത് സംസ്ഥാന സർക്കാരിന്റെ നയമാണ്."
ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ: " നയത്തിന്റെ അല്ല ഇവിടെ പ്രശ്നം അവിടെ കൃഷിക്കാരന്റെ നിലനിൽപ്പ് എന്നുള്ളതാണ് പ്രശ്നം."
ഡോ. ടി. പ്രദീപ് കുമാർ : " സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ഇതിനൊരു പാക്കേജ് ഉണ്ടാക്കിയിട്ടുണ്ട്. ആ പാക്കേജ് വിശദമായി പരിശോധിക്കും."
അദ്ധ്യക്ഷൻ : " I will examine & come back."

**ചോദ്യം 7 .ശ്രീ.പി.കെ. ശ്രീകുമാർ**

127 ാമത് ജനറൽ കൗൺസിൽ യോഗ തീരുമാനപ്രകാരം രൂപീകരിക്കപ്പെട്ട അഡ്വ.കെ.രാജൻ എം.എൽ.എ ചെയർമാനായ ഉപസമിതിയുടെ 22.12.2016 ലെ യോഗ തീരുമാനപ്രകാരം കാർഷിക സർവ്വകലാശാലയിലെ ജോലി ഭാര നിർണ്ണയം നടത്തുന്നതിനായി മാനദണ്ഡങ്ങൾ തയ്യാറാക്കാനും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് ജോലി ഭാരം നിർണ്ണയിച്ച് സ്റ്റാഫ് ഫിക്സേഷൻ നടത്തുവാനും തീരുമാനം കൈ ക്കൊണ്ടിരുന്നു. ഉപസമിതിയുടെ മേൽ തീരുമാനം നാളിതുവരെ ജനറൽ കൗൺസിലിനെ ധരിപ്പിക്കാതിരുന്നത് എന്തുകൊണ്ട ാണ് എന്ന് വ്യക്തമാക്കാമോ ?

ഉപചോദ്യം എ) ജോലിഭാര നിർണ്ണയം നടത്തുന്നതിന് സർവ്വകലാശാലക്ക് നിലവിൽ എന്താണ് തട സ്സം ?

ഉപചോദ്യം ബി) 12.04.2017 ന് കൃഷി മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗ തീരുമാനമനുസരിച്ച് ഭരണ പരിഷ്ക്കാര വകുപ്പിനെക്കൊണ്ട് കാർഷിക സർവ്വ

കലാശാലയിൽ വർക്ക് സ്റ്റഡി നടത്തും എന്ന തീരുമാനം സർവ്വകലാശാല ആക്റ്റിന് വിരുദ്ധമായ നടപടിയാണ് എന്ന കാര്യം സർക്കാരിനെ ധരിപ്പിച്ചിട്ടുണ്ടോ ?"

**മറുപടി**

(എ) & (ബി) ഉപസമിതിയുടെ ശുപാർശകൾ 29.09.2017 ന് കൂടിയ 129 ാമത് ജനറൽ കൌൺസിൽ യോഗത്തിൽ സമർപ്പിച്ചിട്ടുണ്ട്.

ബി) സർവ്വകലാശാല ആക്ടിന് വിരുദ്ധമായ നടപടിയല്ല.

ഡോ. എ. അനിൽ കുമാർ : " ഈ ചോദ്യത്തിന്റെ മറുപടിയായിട്ട് ഉപ സമിതിയുടെ ശുപാർശകൾ 29.9.2017 ന് കൂടി 129-ാമത് ജനറൽ കൌൺസിൽ യോഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. (ബി) ഉപ ചോദ്യത്തിനുള്ള മറുപടി സർവ്വകലാശാല ആക്ടിനു വിരുദ്ധമായിട്ടല്ല എന്നതാണ്. ഇതോടൊപ്പം എനിക്കു പറയാനുള്ളത് ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് തലത്തിൽ ഒരു യോഗം ചേർന്നിട്ടുണ്ട്. ആ യോഗവുമായി ബന്ധപ്പെട്ട് നമ്മുടെ സർവ്വകലാശാലയിലെ ഏതു തീരുമാനങ്ങളും ഗവൺമെന്റ് തീരുമാനവുമായി അനുസൃതമായി തന്നെ മുന്നോട്ടു പോകേണ്ടതായതു കൊണ്ട് അതു കൂടി പരിഗണിച്ചായിരിക്കും നമ്മുടെ സർവ്വകലാശാല ഇത്തരം കാര്യങ്ങളിൽ മുന്നോട്ടു പോകുന്നത്."

ശ്രീ. പി. കെ. ശ്രീകുമാർ : " സർ, ഒന്ന് വിശദീകരിച്ചോട്ടെ സർ ഒന്ന്. രണ്ട് മിനിറ്റ് . സർ ഈ വർക്ക് സറ്റഡി നടത്താൻ ജനറൽ കൌൺസിലിൽ വെച്ചു എന്നുള്ളത് ശരി. അതിൽ 4 നിർദ്ദേശങ്ങൾ വച്ചിരുന്നു സർ. 4 നിർദ്ദേശങ്ങളിൽ ഒന്നാണ് സർ ജോലി ഭാര നിർണ്ണയം നടത്തുക, സംഘടനകളുമായിട്ട് ചർച്ച ചെയ്യുക. ഇതിൽ ഒന്ന് പൂർണ്ണമായും നടന്നു. അതായത് ഒഴിവുള്ള മുഴുവൻ തസ്തികകളിലേയ്ക്കും നിയമനം നടത്തുക എന്നുള്ളതായിരുന്നു ഇതിന്റെ ആദ്യത്തെ നിർദ്ദേശം. അത് പൂർണ്ണമായും നടന്നു. ബാക്കി 3 കാര്യത്തെ കുറിച്ച് ജനറൽ കൌൺസിലിൽ ഡിസ്കഷൻ വന്നിട്ടില്ല. ഈ ഒരു കാര്യം നടത്തുകയും ബാക്കി 3 കാര്യം നടത്താതിരിക്കുകയും ചെയ്യുന്ന ഒരവസ്ഥയുണ്ട്. ജോലി ഭാരം നിർണ്ണയിക്കേണ്ട അവസ്ഥ ഇപ്പോഴത്തെ സാഹചര്യത്തിൽ വളരെയധികം ഉണ്ട്. കാരണം നമ്മുടെ മിക്ക ഫാമുകളിലും മിക്ക സ്റ്റേഷനുകളിലും ആളുകളില്ല. ചില സ്ഥലങ്ങളിൽ ആളുകൾ കൂടുതലുണ്ട്. എത്ര പോസ്റ്റ് വേണം എന്നതിനെ കുറിച്ച് നമുക്ക് ധാരണയില്ല. പുതിയ, പുതിയ കോളേജുകളും പുതിയ,പുതിയ പ്ലാനുകളും നമുക്കുണ്ടായി. ഈ പ്ലാനുകളിലൊക്കെ ഇപ്പോൾ, നേരത്തേ പറഞ്ഞ പോലെ പോസ്റ്റ് ഷിഫ്റ്റ് ചെയ്ത് പലതും വച്ചിരിക്കുകയാണ്. Forestry College, ACCER തുടങ്ങിയ കോളേജുകളിൽ പോലും നമുക്ക് പോസ്റ്റ് create ചെയ്യാൻ സാധിച്ചിട്ടില്ല. അതു കൊണ്ട് അടിയന്തിരമായി ഈ കമ്മിറ്റി വീണ്ടും...ഈ കമ്മിറ്റി കൂടുക എന്നുള്ളത് ബുദ്ധിമുട്ടുണ്ട്. കാരണം അത് പഴയ കൌൺസിലിലെ കമ്മിറ്റിയാണ്. പക്ഷേ ഇത് തുടർച്ച എന്ന നിലയിൽ പുതിയൊരു കമ്മിറ്റി

രൂപീകരിക്കണം. അതു കൊണ്ട് ആ കമ്മിറ്റി ഈ കാര്യങ്ങളെ കുറിച്ച് പഠിക്കണം. അത് എത്രയും പെട്ടെന്ന് ഈ നിർദ്ദേശങ്ങൾ വെച്ച് ചർച്ച ചെയ്ത് യൂണിവേഴ്സിറ്റി തന്നെ സർക്കാരിന്റെ ഭരണ പരിഷ്കാര കമ്മീഷന്റേതു വരുന്നതിനു മുൻപു യൂണിവേഴ്സിറ്റി തന്നെ ഒരു വർക്ക് സ്റ്റഡി നടത്തി ഇന്ന, ഇന്ന പോസ്റ്റുകൾ ഇന്ന ഇന്ന സ്ഥലത്ത് പോസ്റ്റുകൾ ആവശ്യമുണ്ടെന്ന് ഒരു തീരുമാനം എടുക്കണം സർ. അതാണ് എന്റെ ഒരു നിർദ്ദേശം. ഒന്നു കൂടി സർ. ഞാൻ ഇത് ആക്ടിനു വിരുദ്ധമാണെന്നു പറയാൻ കാരണം ഇത്രയേ ഉള്ളൂ സർ. ഇത് മന്ത്രിയുടെ ചേമ്പറിൽ തുടർന്ന ഒരു യോഗത്തിലാണ് ബഹു. മന്ത്രിയും, രജിസ്ട്രാർ, എം.എൽ.എ അടക്കമുള്ളവരുടെ ഒരു യോഗത്തിൽ വന്നതാണ്. പക്ഷേ നമ്മുടെ ആക്ടിൽ അങ്ങനെയില്ല സർ. നമ്മുടെ ആക്ടിൽ അങ്ങനെയില്ല. നമ്മുടെ ആക്ടിലുണ്ടെങ്കിൽ നമ്മുടെ ഭരണസമിതികൾ ഏതെങ്കിലും പാസ്സ് ആക്കണം. അങ്ങനെ വരുന്ന തീരുമാനങ്ങളാണ് നമ്മുടെ ആക്ടിന് ബാധകമുള്ളൂ. അതു കൊണ്ടാണ് സർ നമ്മുടെ ആക്ടിന് ഇത് ബാധകമല്ല എന്നുള്ളത് ഞാൻ വളരെ കൃത്യമായിട്ട് ചോദിച്ചത്. സർക്കാരിന്റെ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ട എന്നത് ഇതിന് അർത്ഥമില്ല സർ. പക്ഷേ, അങ്ങനെ സർക്കാർ ഒരു നിർദ്ദേശം വച്ചാൽ പോലും ആ സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി നമ്മുടെ ബോഡികളിൽ ഒരു നിയമം കൊണ്ടു വരണം. അത് ഇതു തന്നെ വീണ്ടും എടുത്ത് നമ്മൾ പരിശോധിച്ച് നമ്മുടെ ആക്ടിനും സ്റ്റാറ്റ്യൂട്ടിനെയും നിലനിർത്തിക്കൊണ്ട് ജനറൽ കൌൺസിലിനോടു പോലും ആക്ടും സ്റ്റാറ്റ്യൂട്ടും നീതി പുലർത്തണം സർ. അതാണ് എനിക്ക് പറയാനുള്ളത് ഇക്കാര്യത്തിൽ.

ഡോ. എ. അനിൽ കുമാർ : " ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് ഒരു പുതിയ ഉപസമിതി ആ ഉപസമിതിയുടെ ജനറൽ കൌൺസിലിന്റെ കാലാവധി കഴിഞ്ഞു പുതിയ ഒരു ഉപ സമിതി രൂപീകരിക്കുന്നതാണ്. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വീണ്ടും പരിശോധിച്ച് ഗവൺമെന്റ് നിലപാടിനും നിർദ്ദേശങ്ങൾക്കും അനുസൃതമായി തന്നെ പോകാൻ സാധിക്കും. അതിനകത്ത് എന്തൊക്കെ വേണം എന്നുള്ളത് ഉപസമിതി പരിശോധിക്കും. പക്ഷേ അതേ രീതിയിൽ തന്നെ മുന്നോട്ടു പോകുമോ എന്നുള്ളത് ആ ഉപസമിതിയാണ് തീരുമാനിക്കേണ്ടത്. രണ്ടാമത്തെ കാര്യം സ്റ്റാറ്റ്യൂട്ടിനും ആക്ടിനും വിരുദ്ധമായിട്ടല്ല ഇത് കൃത്യമായിട്ട് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ആക്ടിന്റെ സെക്ഷൻ -VIII പ്രകാരം Administrative & Financial Matters നു ഗവൺമെന്റിന് ഇടപെടാൻ സാധിക്കും. അതിന്റെ ഭാഗമായിട്ടാണ് ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിങ് ഒക്കെ യൂണിവേഴ്സിറ്റിയിൽ പരിശോധനയ്ക്കു വരുന്നത്. അതു കൊണ്ടു തന്നെ ഗവൺമെന്റ് നിലപാടിനനുസൃതമായി മാത്രമേ പോകാൻ പറ്റുള്ളൂ. സ്വാഭാവികമായിട്ടും അതിന്റെ ഭാഗമായിട്ടു തന്നെയാണ് ഇക്കാര്യം പരിശോധിക്കുക. തീർച്ചയായും ബഹു. അംഗം ശ്രീകുമാർ ഉന്നയിച്ച ആ concern ഒക്കെ തന്നെ ഈ ഭരണസമിതി ഉൾക്കൊള്ളും. അത് ഉൾക്കൊണ്ടു കൊണ്ടു തന്നെ പോകും. പക്ഷേ ആക്ടിനും സ്റ്റാറ്റ്യൂട്ടിനും വിരുദ്ധമാണെന്നു പറയുന്നത് ശരിയല്ല എന്നാണ് ഈ സഭ സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. കെ. ശ്രീകുമാർ : " സർ, ഇതുമായി ബന്ധപ്പെട്ട കമ്മിറ്റി ഈ യോഗത്തിൽ തന്നെ രൂപീകരിക്കണമെന്നാണ് എനിക്ക് മറ്റൊരഭ്യർത്ഥന ഉള്ളത്."

ഡോ. എ. അനിൽ കുമാർ : " അതിപ്പോൾ തീരുമാനിക്കാൻ പറ്റില്ല. അത് പരിശോധിച്ചതിനു ശേഷം മാത്രമേ പറ്റുള്ളൂ."

അദ്ധ്യക്ഷൻ : " We will examine your suggestion."

ഡോ. എ. അനിൽ കുമാർ : " അത് പരിശോധിച്ചതിനു ശേഷം മാത്രമേ ചെയ്യാൻ പറ്റുള്ളൂ."

അദ്ധ്യക്ഷൻ : " Next Question..."

**ചോദ്യം 8. ഡോ. എ. സക്കീർ ഹുസൈൻ**

സർവ്വകലാശാലയുടെ വിഭജനത്തിന് ശേഷം നിലവിലുള്ള കെ.എ.യു ആക്റ്റിൽ കാലാനുസൃതമായ ഭേദഗതികൾ കൊണ്ടു വരുന്നതിനുള്ള നടപടി ക്രമങ്ങളെ പറ്റി സർവ്വകലാശാല ആലോചിച്ചിട്ടുണ്ടോ?

എ) ഉണ്ടെങ്കിൽ നിലവിലെ ആക്റ്റിലെ എന്തെല്ലാം clause കളുടെ ഭേദഗതിയാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

ബി) നിലവിലെ ആക്റ്റിൽ പ്രതിപാദിച്ചിട്ടുള്ളത് പോലെ ഒരു ' Faculty of Basic Science and Humanities' തുടങ്ങുവാൻ സർവ്വകലാശാല ആലോചിക്കുന്നുണ്ടോ?"

**മറുപടി**

സർവ്വകലാശാലാ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം കാർഷിക സർവ്വകലാശാലാ ഭരണസമിതിയുടെ പരിഗണനയിലാണ്. 2012 ൽ ഭരണസമിതിയ്ക്കു മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ള ഈ കുറിപ്പ് കാലാനുസൃതമായി മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ലീഗൽ വിഭാഗത്തിനു നൽകിയിട്ടുണ്ട്.

എ)നിലവിലെ ആക്റ്റിലെ (കാർഷിക സർവ്വകലാശാലാ ആക്റ്റ് 1971 (33 ഓഫ് 1971)) ഭേദഗതി നിർദ്ദേശിച്ചിട്ടുള്ള clause കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്ഷൻ 2 ലെ clause 2,7,10,26 എന്നിവയ്ക്ക് ഭേദഗതി.
2. സെക്ഷൻ 3 ലെ clause 1 നു ഭേദഗതി
3. സെക്ഷൻ 4 ലെ clause 3 നു ഭേദഗതി
4. സെക്ഷൻ 5 ലെ clause 1 നു ഭേദഗതി
5. സെക്ഷൻ 7 ലെ clause 9 നു ഭേദഗതി
6. സെക്ഷൻ 10 പൂർണ്ണമായി ഭേദഗതി ചെയ്യാൻ നിർദ്ദേശം.
7. സെക്ഷൻ 12 ലെ clause (2) ബി എന്നിവയ്ക്ക് ഭേദഗതി.
8. സെക്ഷൻ 16 ലെ clause (g) & (h) എന്നിവയ്ക്ക് ഭേദഗതി.
9. സെക്ഷൻ 19 ലെ clause 1 നു ഭേദഗതി
10. സെക്ഷൻ 24 ലെ clause (6) ,(13) എന്നിവയ്ക്ക് ഭേദഗതിയും (14) കൂട്ടിച്ചേർക്കലും.

11. സെക്ഷൻ 31 ലെ clause 1 ന ഭേദഗതി
12. സെക്ഷൻ 39 ൽ ഒരു പുതിയ clause , (No 5) കൂട്ടിച്ചേർക്കുന്നു.
13. സെക്ഷൻ 42 ലെ clause (1) & (5) എന്നിവയ്ക്ക് ഭേദഗതി.
14. സെക്ഷൻ 66 കൂട്ടിച്ചേർക്കുന്നു.

ബി)ഇതു സംബന്ധിച്ച് സർവ്വകലാശാലാ സമിതികളിലൊന്നും ചർച്ച നടന്നിട്ടില്ല.

ഡോ. എ. അനിൽ കുമാർ : " മറുപടി വായിക്കാം. വായിക്കേണ്ട കാര്യമില്ലല്ലോ."
ഡോ. എ. സക്കീർ ഹുസൈൻ: " വായിക്കണ്ട സർ. പക്ഷേ അതിനകത്ത് ഒന്ന്, രണ്ട് കാര്യങ്ങൾ പറയാനുള്ളത് 2010 ലാണ് യൂണിവേഴ്സിറ്റി bifurcate ചെയ്തു പോയത്. 2010 ന ശേഷം 2012 ൽ നമ്മൾ ഇത് ഭരണ സമിതിയ്ക്കു മുമ്പാകെ ഇതിന്റെ സ്റ്റാറ്റ്യൂട്ട് ഭേദഗതി വരികയും അത് ലീഗൽ സെല്ലിന് 2012 ൽ വിടുകയും ചെയ്തു. 2012 ൽ വിട്ട് ഇതിപ്പോൾ 2018 ആയി. ഈ 6 വർഷം വേണമോ ലീഗൽ സെല്ലിന് ഇത് verify ചെയ്തു നോക്കാൻ. അപ്പോൾ കേരള കാർഷിക സർവ്വകലാശാലയ്ക്ക് സത്യത്തിൽ ഡയറക്ടർ ഓഫ് അക്കാഡമിക്കിനു സ്റ്റാറ്റ്യൂട്ട് ഇല്ല, ഡീൻ ഫോറസ്ട്രിയ്ക്ക് സ്റ്റാറ്റ്യൂട്ട് ഇല്ല. ഒന്നിനും സ്റ്റാറ്റ്യൂട്ട് ഇല്ലാത്ത ഒരവസ്ഥയിലേയ്ക്ക് ഒരു യൂണിവേഴ്സിറ്റി പോകുക എന്നു പറയുന്നത് തികച്ചും ദൌർഭാഗ്യകരമാണെന്നേ പറയാനുള്ളൂ. ഇത്രയും കാല താമസം ഒരിക്കലും ഉണ്ടാകാൻ പാടില്ല. ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ഒന്നാണ്. അത് വളരെ സീരിയസ് ആയി നോക്കണം. അത് അടിയന്തിരമായി ഒരു കമ്മിറ്റി വേണമെങ്കിൽ കമ്മിറ്റി വെച്ച തന്നെ അത് പരിശോധിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം."
ഡോ.എ.അനിൽ കുമാർ : " സക്കീർ ഹുസൈൻ പറഞ്ഞ കാര്യത്തിൽ എനിക്ക് പറയാനുണ്ട്. ഡോ. സക്കീർ ഹുസൈൻ പറഞ്ഞ വികാരം പൂർണ്ണമായും ശരിയാണ്. ഉൾക്കൊള്ളുകയാണ്. 2012 എന്നു പറയുന്നത് ഇപ്പോൾ 2018 ആയി . കഴിഞ്ഞ 5-6 വർഷമായിട്ട് ചെയ്തിട്ടില്ല. വേണ്ടപ്പെട്ട ആളുകൾ അത് ഉന്നയിച്ചിട്ടില്ല. അത് തീർച്ചയായിട്ടും ഈ പുതിയ ഭരണസമിതി അത് കൃത്യമായതന്നെ നിലപാടെടുക്കുകയും സ്റ്റാറ്റ്യൂട്ട് വരുത്തുവാനുള്ള എല്ലാ ശ്രമങ്ങളും നടത്തുമെന്നാണ് ഇതിനെ സംബന്ധിച്ച് എനിക്ക് ഭരണ സമിതിയക്കു വേണ്ടി ഉന്നയിക്കാനുള്ളത്."
അദ്ധ്യക്ഷൻ : " we will speed up this." **Assurance -2.**
ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ: " ഒരു പ്രധാനപ്പെട്ടൊരു ചോദ്യം. ICAR ന്റെ ഒരു model act ഉണ്ടല്ലോ. അതിനെ കുറിച്ച് ഇവിടെ വല്ല ചർച്ച നടന്നോ. ആ മോഡൽ ആക്ട് നടപ്പാക്കാത്തതു കൊണ്ട് ഏതെല്ലാം ഗവേഷണങ്ങളിലുള്ള ഫണ്ട് നമുക്ക് കിട്ടുന്നതിന് കുറവ് സംഭവിച്ചിട്ടുണ്ട്.?"
അദ്ധ്യക്ഷൻ : " Many States are still discussing adopting the ICAR model act. For want of that, ICAR has never stopped release of funds or accreditation. They also understand that State supported universities will also meet the State

Govt. statutes etc. Any how the process of implementing /adopting ICAR model Act is on."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " എന്നു വച്ചാൽ ഇത് ഗവേഷണത്തിന് മുൻതൂക്കം കൊടുക്കുന്നു എന്നുള്ളതല്ലേ? Research ന്..."

അദ്ധ്യക്ഷൻ : " There is no stoppage of fund, for want of adoption of ICAR model act.

**ചോദ്യം 9. ശ്രീ. കുഞ്ഞമ്മദ് കുട്ടി**

കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ വിവിധ സ്ഥാപനങ്ങൾ 13 ജില്ലകളിലുണ്ട്. എന്നാൽ കോഴിക്കോട് ജില്ലയിൽ മാത്രം ഒരു ഓഡിറ്റ് സർക്കിൾ എന്ന പേരിൽ ഒരു സ്ഥാപനം മാത്രമാണുള്ളത്. പ്രധാനപ്പെട്ട ഒരു കാർഷിക ജില്ലയായ കോഴിക്കോട് ഒരു കാർഷിക ഗവേഷണ/വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ഉപചോദ്യം എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകളിൽ നിന്നും വിതരണം ചെയ്യുന്ന വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നിലവിൽ സംവിധാനമുണ്ടോ? ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉപചോദ്യം ബി) വേങ്ങേരിയിലെ കൃഷി വകുപ്പിന്റെ സ്ഥാപനത്തിൽ നിന്നും കെ.എ.യു വിന് സ്ഥലം ലഭ്യമാക്കുന്ന നടപടിയുടെ നിജസ്ഥിതി വ്യക്തമാക്കുമോ?

ഉപചോദ്യം സി) കെ. എ. യു വിൽ നിന്നും വിതരണം ചെയ്യുന്ന വിത്ത്/നടീൽ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്?

ശ്രീ. ജി.എസ്. ജയലാൽ എം.എൽ.എ : " മറുപടി വായിക്കാമല്ലോ."
" വായിക്കാം."

**മറുപടി**

കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിൽ കൃഷി വകുപ്പിന് കീഴിലുള്ള 5 ഏക്കർ സ്ഥലം കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കു ന്നുണ്ട്.

എ) കേരളത്തിൽ വിറ്റഴിക്കുന്ന വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ഗുണ നിലവാരം ഉറപ്പുവ രുത്താനുള്ള വിത്ത് നിയമം നിലവിലുണ്ട്.ഇത് നടപ്പിൽ വരുത്താനുള്ള ബാദ്ധ്യത കൃഷി വകുപ്പിനാണ്. ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന്, സർവ്വകലാശാല സന്നദ്ധമാണ്. വിത്തുകളുടെ ഗുണനിലവാരം

പരിശോധിക്കുന്നതിനുള്ള മൂന്ന വിത്തു പരിശോധന ശാലകൾ സംസ്ഥാനത്ത് നിലവിലുണ്ട്.

ബി) ബഹു: കൃഷി വകുപ്പ് മന്ത്രിയുടെ ചേംബറിൽ 15/3/2017 ന് കൂടിയ മീറ്റിംഗിലെ തീരുമാനമനുസരിച്ച് വേങ്ങേരിയിലെ കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്നും 5 ഏക്കർ സ്ഥലം ഹൈടെക് ഇൻഫർമേഷൻ കം സെയിൽസ് സെന്റർ സ്ഥാപിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറാൻ ധാരണയായിരുന്നു. തുടർന്ന് ഈ നിർദ്ദേശം സർക്കാരിനു മുമ്പാകെ സമർപ്പിക്കുകയും തുടർന്ന് ബഹു:കോഴിക്കോട് ജില്ലാ കളക്ടർ ചെയർമാനായി പ്രവർത്തിക്കുന്ന വേങ്ങേരി മാർക്കറ്റ് വികസ സമിതിയുടെ മാസ്റ്റർ പ്ലാനിൽ സർവ്വകലാശാലയുടെ ഇൻഫർമേഷൻ കം സെയിൽ സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ഉൾപ്പെടുത്താമെന്ന് ധാരണയായിട്ടുണ്ട്. ടി മാർക്കറ്റ് വികസന സമിതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന സാങ്കേതിക കമ്മറ്റിയിൽ സർവ്വകലാശാല ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിനെ ഒരംഗമായും ഉൾപ്പെടുത്തിയിട്ടുണ്ട്.

സി) കേരള കാർഷിക സർവ്വകലാശാല വി ൽപന നടത്തുന്ന ഉൽപ്പന്നങ്ങൾക്ക്, വിൽക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് അവയുടെ Traceability ഉറപ്പാക്കുന്ന QR Code സംവിധാനം നടപ്പാക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. FSSAI , മുതലായ ഗുണ നിലവാര ഏജൻസികളുടെ സർട്ടിഫിക്കറ്റ്, ബ്രാൻഡിംഗ്, പാക്കേജിംഗ്, ലേബലിംഗ് എന്നിവ ശാസ്ത്രീയമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗുണ നിലവാരം ഉറപ്പുവരുത്തുന്നതി ന് നിലവിലുള്ള ലാബുകളുടെ നിലവാരം ഉയർത്തു ന്നതിനും പുതിയ പരീക്ഷണ ശാലകൾ സ്ഥാപിക്കു ന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കുഞ്ഞമ്മദ് കുട്ടി : " ഇതിൽ കാർഷിക സർവ്വകലാശാലയുടെ സേവനങ്ങൾ യഥാർത്ഥത്തിൽ ഏറ്റവും വലിയ കാർഷിക മേഖലയായ കോഴിക്കോടിന് ലഭിക്കുന്നില്ല എന്നതാണ് ഗൌരവകരമായ വിഷയം. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക മേഖലയാണെന്നുള്ളതിൽ സംശയമില്ല. മാത്രമല്ല ലോകത്തിൽ തന്നെ ഗുണനിലവാരമുള്ള നാളികേരമുൽപാദിപ്പിക്കുന്ന മേഖലയാണ് കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോര മേഖല, കുറ്റ്യാടി മേഖല. ഒരു സേവനവും ലഭ്യമാകുന്നില്ല. അതു കൊണ്ടാണ് ഏതെങ്കിലും ഒരു സ്ഥാപനം അവിടെ സ്ഥാപിച്ചു കിട്ടി. അതിന്റെ സേവനം ജനങ്ങൾക്ക് ലഭ്യമാകുന്നതിനുള്ള സൌകര്യം കിട്ടണമെന്നു പറയുന്നത്. ഒന്ന്...രണ്ടാമത്തെ പ്രശ്നം ഈ സർവ്വകലാശാലയിൽ നിന്നും അല്ലാതെ സ്വകാര്യഫാമുകളിൽ നിന്നും ഒക്കെ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെ ഗുണ നിലവാരം ഗൌരവകരമായ വിഷയമാണ്. കൃഷിക്കാർക്കു വേണ്ടിയാണല്ലോ സർവ്വകലാശാല. അപ്പോൾ കൃഷിക്കാർക്കു നൽകുന്ന നടീൽ വസ്തുക്കളുടെ ഗുണ

നിലവാരം ഉറപ്പ വരുത്താൻ നമുക്ക് ബാദ്ധ്യതയില്ലേ? ഇല്ലെങ്കിൽ യാതൊരു പ്രയോജനവുമില്ല. അത് ഉറപ്പ വരുത്താൻ നമുക്ക് കഴിയണം. കഴിയുന്നില്ലെന്നുള്ള പരാതി കൃഷിക്കാരുടെ ഭാഗത്തു നിന്ന് വ്യാപകമായി ഉണ്ട്."

ശ്രീ. ജി.എസ്. ജയലാൽ എം.എൽ.എ : " അതിൽ 3 വിത്ത് പരിശോധനാ ശാലകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇത് കൂടുതൽ പരിശോധനാ ശാലകൾ ആരംഭിക്കുന്നതിനും ഇപ്പോൾ ഇവിടെ സൂചിപ്പിച്ച പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും ഗവൺമെന്റുമായി സമ്മർദ്ദം ചെലുത്തി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിന് കമ്മിറ്റി മുൻകൈ എടുക്കും."

ഡോ. ടി. പ്രദീപ് കുമാർ : " ഇതിൽ ഒരു കാര്യം കൂടി പറയണം. നമ്മുടെ സർവ്വകലാശാലയുടെ കീഴിൽ Hi tech seed testing lab നമ്മൾ തുടങ്ങിയിട്ടുണ്ട്. തന്മാത്രാ ശകലങ്ങൾ ഉപയോഗിച്ച് ഈ ചിരസ്ഥായികളായ വിളകൾ പ്രത്യേകിച്ച് തെങ്ങ്, മാവ് ഇതിലാണ് ഏറ്റവും കൂടുതൽ സംസ്ഥാനത്ത് കർഷകരെ വഞ്ചിക്കുന്നത്. അപ്പോൾ അത്തരം വിളകളിൽ യഥാർത്ഥമായിട്ട് ഇപ്പോൾ അൽഫോൻസ മാവ് ആണ് എന്നു പറഞ്ഞു കഴിഞ്ഞാൽ അത് അൽഫോൻസയാണെന്ന് ഉറപ്പവരുത്താനായി നമ്മൾ 5 കൊല്ലം കാത്തിരിക്കണം. പക്ഷേ ഈ 5 കൊല്ലം കാത്തിരിക്കാതെ 24 മണിക്കൂർ കൊണ്ട് അത് അൽഫാൻസയാണ് എന്ന് തെളിയിക്കാനായിട്ടുള്ള തൻമാത്രാ കോഡുകൾ നമ്മൾ ഇപ്പോൾ വികസിപ്പിക്കുന്നുണ്ട്. ആ ഒരു വിവരം കൃഷി വകുപ്പിനേയും അറിയിക്കുന്നതാണ്. അത് ഒരു റഫറൽ ലാബ്എന്നുള്ള രീതിയിലോട്ട് നമുക്ക് ഈ ലാബുകളെ ഉപയോഗിക്കാൻ പറ്റും."

അഡ്വ.കെ.രാജൻ. എം.എൽ.എ : " മാഷേ, കഴിഞ്ഞ മാർച്ച് 15-ാം തിയ്യതി...."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " clear ആയിട്ട് പറയൂ..."

ഡോ. ടി. പ്രദീപ് കുമാർ : " ഇപ്പോൾ ആദ്യത്തെ പ്രൊഫൈലുകൾ വികസിപ്പിച്ച കൊണ്ടിരിക്കുകയാണ്."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " വികസിപ്പിച്ചിട്ടേ ഉള്ളൂ...ഇതു വരെ ഇല്ല അല്ലേ?"

ഡോ. ടി. പ്രദീപ് കുമാർ : " പച്ചക്കറികളിലെല്ലാമായി . ഇനി ഇപ്പോൾ നമ്മൾ ബയോ ടെക്നോളജി വിദ്യാർത്ഥികളെ ഉപയോഗിച്ച് അത് നമ്മൾ വികസിപ്പിക്കുന്നതാണ്. ഓരോ ഘട്ടം ഘട്ടമായിട്ട്."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " വികസിപ്പിച്ചിട്ടുണ്ടോ, ഇല്ലയോ എന്നുള്ളതാണ് ചോദ്യം."

ഡോ.ടി.പ്രദീപ് കുമാർ : " അതിന്റെ പ്രോട്ടോകോൾ വികസിപ്പിച്ചു. ഇനി ഓരോ ഇനത്തിനും separate ആയിട്ടുള്ള പ്രൊഫൈലുകൾ നമുക്ക് ഒരു വർഷത്തിനുള്ളിൽ തന്നെ develop ചെയ്യാൻ പറ്റും."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " അപ്പോൾ ആയിട്ടില്ല."

ഡോ. ടി. പ്രദീപ് കുമാർ : " ഇല്ല."

അഡ്വ.കെ.രാജൻ,എം.എൽ.എ : " ഈ മാർച്ച് 15-ാം തിയ്യതി നടന്ന യോഗത്തിൽ ഞാനും പ്രദീപ് കുമാറും പങ്കെടുത്തിരുന്നു. വളരെ വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനാണ്

പറഞ്ഞിട്ടുള്ളത്. ഇപ്പോൾ ഇവിടെ സൂചിപ്പിച്ച പോലെ ഡി.പി.പി കൂടി അത് പരിശോധിക്കാനുള്ള സമിതിയിലുണ്ട്. കോഴിക്കോട്ടെ വിഷയം വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. അതു കൊണ്ടു അവളപാണ്ടിയിൽ മൂന്നര ഏക്കർ ചെയ്യുന്നതിനു വേണ്ടി ഇവിടുന്ന് എ.ആർ.എസിൽ നിന്നാണ് ആളു പോയി ചെയ്തത്. ഇവിടുന്ന് ARS (Agricultural Research Station).

ശ്രീ. പി. കെ. ശ്രീകുമാർ : " ഇതിലുള്ള ഗൌരവമായ ഒരു വിഷയം കൂടി നമ്മൾ കാണാതെ പോകരുത്. ഈ 5 ഏക്കർ തരുമ്പോൾ ഡിപ്പാർട്ട്മെന്റിന് സർവ്വകലാശാല 5 ഏക്കർ ഭൂമി ആവശ്യപ്പെടുമ്പോൾ വിട്ടു കൊടുക്കണമെന്നുള്ള ഒരു നിബന്ധന കൂടി ഈ കമ്മിറ്റി തീരുമാനത്തിലുണ്ട്. അവർ 5 ഏക്കർ തരുമ്പോൾ അവർ ആവശ്യപ്പെടുമ്പോൾ നമ്മൾ അവർക്ക് 5 ഏക്കർ വിട്ടു കൊടുക്കണം. നമ്മൾ ഇവിടെ സ്ഥലം വിട്ടു കൊടുക്കുന്നതിനെ കുറിച്ച് വളരെ ഗൌരവമായിട്ട് ഇതിനു മുൻപ് ചോദ്യത്തിൽ സംസാരിച്ചു. ആ ഒരു നിർദ്ദേശം നമ്മൾ ഇതുവരെ കണ്ടിട്ടില്ല. കാണാതെയാണ് നമ്മൾ ഇതൊക്കെ സംസാരിക്കുന്നത് എന്നോർക്കണം."

അഡ്വ.കെ.രാജൻ,എം.എൽ.എ : " അല്ല, ശ്രീകുമാർ പറയുന്നതിൽ ഒരു പ്രശ്നമുണ്ട്. പവർഗ്രിഡ് കോർപ്പറേഷന് സ്ഥലം കൊടുത്തതാണ് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി അതിന്റെ ചരിത്രത്തിൽ നടത്തിയ ഏറ്റവും അപകടകരമായ കച്ചവടം. അത്തരത്തിൽ ഉള്ള ഒരു കച്ചവടത്തിന് യൂണിവേഴ്സിറ്റി ഉദ്ദേശിക്കുന്നില്ല. ഇപ്പോൾ കോഴിക്കോട്ടുകാർക്ക് ഒരു സ്ഥലം വേണം. ആരുമായി നമ്മൾ കൊടുക്കൽ വാങ്ങൽ പ്രക്രിയ നടത്തും? നമ്മുടെ ഗവൺമെന്റിന്റെയാണ് ഈ സ്ഥലവും നമ്മുടെ ഗവൺമെന്റിന്റെയാണ് ആ സ്ഥലവും. അത് അങ്ങോട്ടും ഇങ്ങോട്ടും ഒരു എഗ്രിമെന്റ് വയ്ക്കുമ്പോൾ അതിനകത്ത് സർക്കാർ ഒരു സാധ്യത വയ്ക്കുന്നു എന്നു മാത്രമേ ഉള്ളൂ...ഈ സ്ഥലവും സർക്കാരിന്റെ തന്നെ ആസ്ഥലവും സർക്കാരിന്റെ തന്നെ. പവർ ഗ്രിഡിന് ഭൂമി വിറ്റതു പോലെ ഈ ഗവൺമെന്റിന്റെ കാലത്ത് ഭൂമി വിൽക്കാൻ ഉദ്ദേശിക്കുന്നില്ല. പിന്നെ കൊടുക്കൽ വാങ്ങൽ പ്രക്രിയ മാത്രമാണ്."

ശ്രീ. പി. കെ. ശ്രീ കുമാർ : " സന്തോഷം സർ. അങ്ങനെ പോകരുത്. പവർഗ്രിഡിനു പോയതു പോലെ. കാരണം, ചോദിക്കുന്ന സ്ഥലത്ത് ഭൂമി വിട്ടു കൊടുത്താൽ നമ്മൾ വലിയ അപകടത്തിൽ ചെന്നു ചാടും."

ഡോ. തോമസ് ജോർജ്ജ് : "നമുക്ക് വികസനത്തിനാവശ്യമായ സാഹചര്യം ഇല്ലാത്ത ഒരവസ്ഥയുണ്ടാവരുത്. ഇവിടുത്തെ ഒരു കണ്ണായ സ്ഥലം വിട്ടു കൊടുക്കുമ്പോൾ അല്ലെങ്കിൽ നമുക്ക് ആവശ്യമുള്ള ഒരു സ്ഥലം വിട്ടു കൊടുക്കുമ്പോൾ നാളെ ഒരു വികസന സാധ്യത ഇല്ലാതാകുന്ന രീതിയാലാകരുത് എന്ന് മാത്രമേയുള്ളൂ..."
അദ്ധ്യക്ഷൻ : " Ok."

**ചോദ്യം 10. ശ്രീ. വസീം ഫജ്ൽ. സി**

22.02.2018 അക്കാദമിക് കൌൺസിൽ, ബി.എസ്.സി അഗ്രി. സീറ്റ് കൂട്ടുന്ന തീരുമാനത്തിലേയ്ക്ക് നയിച്ച ഘടകങ്ങൾ എന്തെല്ലാം.

എ) ഇതുമായി ബന്ധപ്പെട്ട എല്ലാ ഓർഡറുകളുടേയും പകർപ്പ് ലഭ്യമാക്കുക.
ബി) ഇതുമായി ബന്ധപ്പെട്ട് Entrance Commissioner -റുമായി വല്ല ആശയ വിനിമയവും നടന്നിട്ടുണ്ടോ?
സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പകർപ്പും ലഭ്യമാക്കുക."

**മറുപടി**

27.3.2017 ൽ നടന്ന 128-ാമത് ജനറൽ കൌൺസിൽ യോഗത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മൂന്നു കോളേജുകളിൽ ബി.എസ്.സി(അഗ്രി) സീറ്റ് വർധിപ്പിക്കുന്നതിനുള്ള ഒരു അടിയന്തിര പ്രമേയം അവതരിപ്പിക്കുകയും ഈ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 2.02.2018 ൽ നടന്ന 563-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അംഗീകരിച്ചതിനെ തുടർന്ന് 22.2.2018 ൽ നടന്ന അക്കാദമിക് കൌൺസിൽ മീറ്റിംഗിൽ ഈ വിഷയം അവതരിപ്പിക്കുകയും തീരുമാനമെടുക്കുകയും ചെയ്തു.

എ),ബി) & സി ഇതുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളുടേയും പകർപ്പുകൾ ബഹുമാനപ്പെട്ട മെമ്പർക്ക് ലഭ്യമാക്കുന്നതാണ്.

ഡോ. എ. അനിൽ കുമാർ : " മറുപടി വായിക്കണ്ടല്ലോ. പകർപ്പുകൾ ഇവിടെ ലഭ്യമാണ്. അതിന്റെ കോപ്പി എടുക്കാവുന്നതാണ്."

ശ്രീ. വസീം ഫജ്ൽ. സി: " ഇതിൽ എനിക്ക് ഒരു കാര്യം പറയാനുള്ളത് ജനറൽ കൌൺസിലിന്റെ ഒരു സബ് കമ്മിറ്റി രൂപീകരിച്ചു എന്നാണ് പറയുന്നത്. അതിന്റെ റിപ്പോർട്ട് ഈ വിഷയം പഠിക്കാൻ വേണ്ടിയിട്ട് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് 563-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അംഗീകരിച്ചു എന്നാണ് പറയുന്നത്. അത് എങ്ങനെയാണ് എന്നാണ് മനസ്സിലാകാത്തത്. ജനറൽ കൌൺസിൽ ഒരു കമ്മിറ്റി രൂപികരിക്കുകയും അതിന്റെ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റി ഡയറക്ട് ആയിട്ട് അംഗീകരിക്കുകയും ചെയ്യുന്നത് ആക്ടിനു വിരുദ്ധമല്ലേ? കാരണം ജനറൽ കൌൺസിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ചു കഴിഞ്ഞാൽ അതിന്റെ റിപ്പോർട്ട് എനിക്കു തന്ന പകർപ്പിൽ Report submitted to the General Council എന്നൊരു പേജ് ഉണ്ട്. 27.10.2017 ന് ചേർന്ന യോഗത്തിന്റെ ഒരു കോപ്പി ഉണ്ട്. ഈ റിപ്പോർട്ട് ഇതു വരെ ജനറൽ കൌൺസിലിൽ submit ചെയ്തിട്ടില്ല. അതു പോലെ തന്നെ 01.02.2018 ന് രജിസ്ട്രാർ പ്രവേശന

കമ്മീഷ്ണർക്ക് ലെറ്റർ അയച്ചിട്ടുണ്ട്. ഇതിന്റെ അവസാനത്തെ പേജിൽ പറയുന്നതനുസരിച്ച് മൂന്നും അതായത് ജനറൽ കൌൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, അക്കാഡമിക് കൌൺസിൽ മൂന്നും അംഗീകരിച്ചാൽ മാത്രമേ സീറ്റ് കൂട്ടാൻ പാടുള്ളൂ. അതിന് വിരുദ്ധമായിട്ട് ആക്ടിനും വിരുദ്ധമായിക്കൊണ്ടാണ് 01.02.2018 ന് സീറ്റ് കൂട്ടി എന്നു പറഞ്ഞു കൊണ്ട് രജിസ്ട്രാർ പ്രവേശന കമ്മീഷ്ണർക്ക് ലെറ്റർ അയച്ചിട്ടുള്ളത്. ഇതൊക്കെ ചട്ടവിരുദ്ധമായ കാര്യങ്ങളിലൂടെ സീറ്റ് കൂട്ടാൻ ശ്രമിക്കുന്നത് മനസ്സിലാകുന്നില്ല. അപ്പോൾ നമ്മൾ ഒക്കെ ഒരു സഭയെ മൊത്തം അപമാനിക്കുന്നതിന് തുല്യമാണ് ഈ പ്രവർത്തിയിലേയ്ക്ക് എത്തിയിട്ടുള്ളത്. അപ്പോൾ ഇതിനെ വിശദീകരിക്കണം. ഇത് എന്തു കൊണ്ട് ആക്ടിനു വിരുദ്ധമായിക്കൊണ്ട് അക്കാഡമിക് കൌൺസിൽ ചേരുന്നതിനു മുൻപു തന്നെ സീറ്റ് കൂട്ടി എന്നു പറഞ്ഞു കൊണ്ട് പ്രവേശന കമ്മീഷ്ണർക്ക് ലെറ്റർ പോയി എന്നുള്ളതിന്റെ വിശദീകരണം ആവശ്യമാണ്."

അദ്ധ്യക്ഷൻ : " I want to clarify in this respect increasing the number of seats as well as starting of a new Agricultural College. We have written to the entrance commissioner only after the approval of the Academic Council. Regarding the subcommittee again official resolution is going to come in this General Council meeting. Later there is an official resolution which is coming regarding the enhancing the number of seats in our constituent colleges. That is also based on the subcommittee report we are bringing that. In between an Executive Committee meeting was also held and we discussed that point there also. EC also approved that
."

ശ്രീ. വസീം ഫജ്ൽ. സി: " No sir..."

ഡോ. എ. അനിൽ കുമാർ : " വസീം, ഒരു കാര്യം പറയാൻ ഉള്ളത് നമ്മൾ പലപ്പോഴും വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട പല കാര്യങ്ങളും Academic Council approve ചെയ്യുന്നത് പെട്ടെന്ന് emergency അനുസരിച്ച് വൈസ് ചാൻസിലർ അതിൽ തീരുമാനമെടുക്കും. എന്നിട്ട് ratification വെയ്ക്കാറുണ്ട്. വിദ്യാർത്ഥികളുടെ എനിക്ക് തോന്നുന്നു 90% കാര്യങ്ങളും Academic Council approve ചെയ്തിട്ടല്ല പലപ്പോഴും വിദ്യാർത്ഥികൾക്ക് കൊടുക്കുന്നത്. ആ benefit വിദ്യാർത്ഥികൾക്ക് കൊടുക്കുന്നത് വൈസ് ചാൻസിലറുടെ discretion പ്രകാരം തീരുമാനം എടുക്കുകയും അത് അക്കാഡമിക് കൌൺസിലിൽ പിന്നെ ചർച്ച ചെയ്ത് ratify ചെയ്യുകയും ചെയ്യുന്നതാണ്. അതു കൊണ്ടു തന്നെ..."

ശ്രീ.വസീം ഫജ്ൽ.സി: " സർ, ഇതിൽ പകർപ്പ് തന്നതിൽ ലാസ്റ്റിൽ ഉണ്ട്. 26.2.ന്റെ..."

അദ്ധ്യക്ഷൻ : " Dear Students you please give me a copy I really dont know how the registrar actually gave the answer."

ശ്രീ. വസീം ഫജ്ൽ. സി: " The letter has been dispatched on 1st of this February."

അദ്ധ്യക്ഷൻ : " The increase in the no of seats as well as the new college at Ambalavayal was approved by the AC. Only after the approval of the AC we have started the communication with Entrance Exam. Because you know these things are all time bound. Then in between there was a EC meeting, we also took that agenda to the EC. Only after it now the General Council is convening & we are putting the recommendation of the subcommittee along with the agenda."

ശ്രീ. വസീം ഫജ്ൽ. സി: " സർ, പക്ഷേ ഇത് ഇന്നത്തെ ജനറൽ കൌൺസിലിൽ official പ്രമേയമായിട്ട് അത് വച്ചിട്ടുണ്ട്."

അദ്ധ്യക്ഷൻ : " Yes."

ശ്രീ. വസീം ഫജ്ൽ. സി: " അപ്പോൾ അതിനു മുൻപു തന്നെ പ്രവേശന കമ്മീഷ്ണറുമായിട്ട് റിപ്പോർട്ട് പോയിട്ടുണ്ട്. കത്ത് പോയിട്ടുണ്ട് യൂണിവേഴ്സിറ്റിയിൽ നിന്ന്."

അദ്ധ്യക്ഷൻ : " No, No…യൂണിവേഴ്സിറ്റിയിൽ നിന്ന് കത്ത് പോയിട്ടില്ല."

ശ്രീ. വസീം ഫജ്ൽ. സി: " പോയിട്ടുണ്ട്. This is the evidence sir."

അദ്ധ്യക്ഷൻ : " Let me clarify. We have 1st written to the Entrance Commission to increase the number of seats in the 3 constituent colleges and starting a new college . After that they sent us a letter asking for whether this has been approved by the Govt. or the ICAR. While replying to that we clarified for increasing the number of seats & starting a new college we need not actually get the approval of the ICAR. It should be approved by AC, GC & EC. This is the procedure we are explaining to the Entrance Commissioner ."

ശ്രീ. വസീം ഫജ്ൽ. സി: " സർ, ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിലേയ്ക്ക് അന്നത്തെ ആ കത്തിന്റെ വിശദാംശം ഒന്നു വായിക്കാം. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള 3 കോളേജുകളിൽ 2018-2019 അദ്ധ്യായന വർഷത്തേയ്ക്ക് B.Sc (Hons) Agriculture കോഴ്സിലേയ്ക്ക് നിലവിലുള്ള 208 സീറ്റിൽ നിന്നും 360 സീറ്റുകളായി വർദ്ധിപ്പിച്ചിട്ടുണ്ട് എന്നാണ് സർ ലെറ്റർ പോയിട്ടുള്ളത്."

ശ്രീ. പി. കെ. ശ്രീ കുമാർ : " Sir let him read..."

അദ്ധ്യക്ഷൻ : " Who is writing that, who is the actual..."

ശ്രീ. വസീം ഫജ്ൽ. സി: " Registrar is giving the letter."

അദ്ധ്യക്ഷൻ : " Yes, I have 2 letters communicated with entrance exam only through our Director of Academic."
ശ്രീ. വസീം ഫജ്ൽ. സി: " സർ, ഇതാ രജിസ്ട്രാർ അയച്ച letter സർ."
അദ്ധ്യക്ഷൻ : " Registrar Office have done ."
ശ്രീ. വസീം ഫജ്ൽ. സി: " സർ, അങ്ങനെയാണെങ്കിൽ അതിനെതിരെ നടപടി എടുക്കേണ്ട സർ."
ശ്രീ. പി. കെ. ശ്രീ കുമാർ : " Yes its very serious."
അദ്ധ്യക്ഷൻ : " We actually given the procedure followed in Kerala Agricultural University regarding increasing seats & starting a new college in University.
ശ്രീ. വസീം ഫജ്ൽ. സി: " സർ, ഈ procedure തെറ്റിക്കപ്പെട്ടിട്ടുണ്ട് സർ. സർ ഈ ലെറ്ററിൽ രജിസ്ട്രാർക്ക് വേണ്ടി sign ചെയ്തിരിക്കുന്നത് Academic Director ആണ്. Academic Director ആണ് sign ചെയ്തിരിക്കുന്നത് രജിസ്ട്രാർക്ക് വേണ്ടി."

അദ്ധ്യക്ഷൻ : " I explain two letters we have written to the Entrance Commissioner one is increasing the seats & starting new college. For that they asked whether you have the Govt. approval. For that we are giving an explanation stating the procedure that is being followed in Kerala Agricultural University. That is the increasing seats of new colleges should be approved by AC, EC & GC. But when we wrote this letter AC has approved & EC also in principle approved."
ശ്രീ. വസീം ഫജ്ൽ. സി: " സർ, ആ ലെറ്ററിൽ പറയുന്നത് ഇതു പോലെ തന്നെയാണ് നമുക്ക് മറുപടി തന്ന പോലെ തന്നെ റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും അത് ജനറൽ കൌൺസിലിൽ ഒരു കമ്മിററി രൂപീകരിക്കും. അതിനു പ്രകാരം സമർപ്പിച്ച റിപ്പോർട്ട് 2.2.2018 ൽ 560-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു എന്നാണ്. അതൊരു തെറ്റിദ്ധാരണ ഉണ്ടാക്കാൻ വേണ്ടിയിട്ടാണ്. ജനറൽ കൌൺസിലിന്റെ ഒരു കമ്മിറ്റി, ജനറൽ കൌൺസിൽ നിയോഗിച്ച ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു എന്നു പറഞ്ഞിട്ട് തെറ്റിദ്ധാരണ ഉണ്ടാക്കുന്നത് പോലെയാണ് ഈ ലെറ്ററിൽ എഴുതിയിട്ടുള്ളത്. അത് ജനറൽ കൌൺസിൽ അംഗീകരിച്ചോ, ഇല്ലയോ എന്നുള്ളത് ചോദ്യം അവിടെ വരും. അത് മറച്ചു വച്ചു കൊണ്ടുള്ള ഒരു തീരുമാനമാണ് ഇതിൽ വന്നിട്ടുള്ളത്."
അദ്ധ്യക്ഷൻ : " We have not actually claimed that ."
ശ്രീ. വസീം ഫജ്ൽ. സി: " സർ, അങ്ങനെ ഒരു തെറ്റിദ്ധാരണ പരത്തുന്ന പോലെയാണ് ഈ ലെറ്ററിൽ ഉള്ളത്."
അദ്ധ്യക്ഷൻ : " It is not the fact."
ശ്രീ. വിജയദാസ്. എം.എൽ.എ : " സീറ്റ് വർദ്ധനവുമായി ബന്ധപ്പെട്ട് ജനറൽ കൌൺസിലിനെ bypass ചെയ്യുവാനോ, കാർഷിക സർവ്വകലാശാലയുടെ

നിയമങ്ങളേയും ചട്ടങ്ങളേയും ലംഘിക്കാനോ എക്സിക്യൂട്ടീവ് മുതിർന്നിട്ടില്ല. അങ്ങനെ മുതിരുകയും ഇല്ല. നിയമപ്രകാരമാണ് എല്ലാ കാര്യങ്ങളും ചെയ്യുക. ഇതിൽ ചില തെറ്റിദ്ധാരണകൾ ഉളവാക്കിയത് ചർച്ചയിലൂടെ നമുക്ക് പരിഹരിക്കാം."

ശ്രീ. വസീം ഫജ്ൽ. സി: " സർ, അതാണ് വേണ്ടത്. ഇതിൽ കുറച്ച് സീറ്റ് വർദ്ധിപ്പിക്കുന്നതിന് സംഘടന എതിരല്ല. പക്ഷേ അത് ചട്ടവിരുദ്ധമായി നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. അത് മാത്രമാണ് ഞാൻ പറഞ്ഞത്."

ശ്രീ. വിജയദാസ്. എം.എൽ.എ : " ചർച്ച ചെയ്ത് പരിഹരിക്കാം, പരിശോധിക്കാം."

ശ്രീ. കെ.ഡി. ബാബു: " ഇത് വളരെ ഗൌരവമുള്ള ഒരു വിഷയമാണ് കുട്ടി പറഞ്ഞത്. ഞങ്ങൾ ഇടപെടാതിരുന്നത് ഈ വിഷയം നമ്മുടെ ഈ അക്കാഡമിക് കൌൺസിലിന്റെ സ്വഭാവം എന്താണ്? It has only recommending nature. അത് ഒരു implement ചെയ്യാനുള്ള decision അല്ല. അക്കാഡമിക് കൌൺസിലിന് recommendation nature ആണുള്ളത്. ഈ അക്കാഡമിക് കൌൺസിലിന്റെ തീരുമാനത്തിന്റെ പുറത്ത് ഒരു ഇത്രയും എണ്ണം സീറ്റുകളുടെ വർദ്ധിപ്പിച്ചുവെന്ന് എൻട്രൻസ് കമ്മീഷ്ണർക്ക് റിപ്പോർട്ട് ചെയ്തു. രജിസ്ട്രാർ ചെയ്തു എങ്കിൽ അത് without the consent of the Hon. Vice Chancellor that is a serious lapse , serious issue..."

അദ്ധ്യക്ഷൻ : " We have written that this is approved by AC and EC. We are bringing that as Official Resolution today."

ഡോ. തോമസ് ജോർജ്ജ് : " സർ പറഞ്ഞത് ശരി തന്നെ, പക്ഷേ നിയമ പ്രകാരം ഈ ജനറൽ കൌൺസിൽ അംഗീകരിച്ചതിന് ശേഷമേ ഈ തീരുമാനം അംഗീകാരം ആകുന്നുള്ളു. സീറ്റ് കൂട്ടാനുള്ളത്. അതിനു ശേഷം മാത്രമേ എൻട്രൻസ് കമ്മീഷ്ണറെ സീറ്റ് കൂട്ടുന്നു. നിങ്ങൾ അടുത്ത വർഷത്തേയ്ക്കുള്ള അഡ്മിഷൻ ആ രീതിയിൽ ചെയ്യണമെന്ന് അറിയിക്കാനുള്ള ബാധ്യത ഉള്ളു. ഇതിന് ശേഷം മാത്രമേ ഉള്ളു...അതാണ് നിയമ പ്രകാരം. അതു രണ്ടാമത്തെ കാര്യം. ICAR ന് സീറ്റ് കൂട്ടാനും പുതിയ കോളേജ് start ചെയ്യാനും മാർഗ്ഗ നിർദ്ദേശം ഉണ്ട്. 5 th Deans Commission റിപ്പോർട്ട് വ്യക്തമായി പറയുന്നുണ്ട് ഇന്ന, ഇന്ന കാര്യങ്ങൾ follow ചെയ്ത് satisfy ചെയ്താൽ മാത്രമേ സീറ്റ് കൂട്ടാനോ, അല്ലെങ്കിൽ പുതിയ കോളേജ് സ്റ്റാർട്ട് ചെയ്യാനോ ഉള്ളു. ഇത് comply ചെയ്തോന്നു നമുക്ക് ഉറപ്പു വരുത്തേണ്ടതാണ്. ആവശ്യമുള്ള Staff facilities, hostel facilities, laboratory facilities, സൌകര്യങ്ങൾ ഇതെല്ലാം ചെയ്യേണ്ടതാണ്. ഇത്രയും കാര്യങ്ങൾ ചെയ്തിട്ട് സീറ്റ് കൂട്ടുകയോ, കോളേജ് വരുത്തുകയോ എല്ലാം ചെയ്യാവുന്നതാണ്."

അദ്ധ്യക്ഷൻ : " I am moving, the Official Agenda comes later on we will discuss all the fact. "

ശ്രീ. കെ.ഡി. ബാബു: " One more issue sir, very important issue sir. Please sir..."

അദ്ധ്യക്ഷൻ : " Please wait...We are moving…."
ശ്രീ. കെ.ഡി. ബാബു: " Just listen to one minute sir..."
അദ്ധ്യക്ഷൻ : " Please, the Official Agenda comes you please… I will give you an opportunity."
ശ്രീ. കെ.ഡി. ബാബു: " Same thing sir "
അദ്ധ്യക്ഷൻ : " The same thing is coming...you please wait...You move to the next question please..."

**ചോദ്യം 11. ശ്രീ. അനിൽ രാധാകൃഷ്ണൻ**

അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിലെ പൂപ്പൊലിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഴിമതി ആരോപണങ്ങളെ സർവ്വകലാശാല അന്വേഷണം നടത്തിയിട്ടുണ്ടോ ?

ഉപചോദ്യം എ) 2014 മുതൽ നടത്തിവരുന്ന പൂപ്പൊലിയുടെ സാമ്പത്തിക വരവു ചെലവു കണക്കുകൾ സ്റ്റേഷൻ മേധാവി നാളിതുവരെ സർവ്വകലാശാലയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ ?

ഉപചോദ്യം ബി) 30/06/2016 ന് കാർഷിക സർവ്വകലാശാലയ്ക്ക് എംപ്ലോയീസ് അസോസിയേഷൻ തെളിവടക്കം നൽകിയ പൂപ്പൊലി സംബന്ധിച്ച അഴിമതി ആരോപണത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ?

ഉപചോദ്യം സി) പൂപ്പൊലി നടത്തിപ്പിൽ സർവ്വകലാശാലയ്ക്ക് ആകെ ചെലവായ തുകയും വരുമാനവും വർഷം തിരിച്ച് വ്യക്തമാക്കുമോ ?

മറുപടി

അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിലെ പൂപ്പൊലി 2018 യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളിലെ ധനകാര്യ വിഭാഗവുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ പറ്റി ധനകാര്യ വിഭാഗവും മറ്റു പരാതികൾ വിജ്ഞാന വ്യാപന, ഗവേഷണ വിഭാഗവും അന്വേഷിക്കുന്നുണ്ട്.

എ) 2014 മുതൽ നടത്തി വരുന്ന പൂപ്പൊലിയുടെ സാമ്പത്തിക വരവു ചെലവുകളിൽ 2016, 2017 വർഷങ്ങളിലെ വരവ് ചെലവ് കണക്കിന്റെ സംക്ഷിപ്തമാണ് സ്റ്റേഷൻ മേധാവി സമർപ്പിച്ചിട്ടുള്ളത്.

ബി)എംപ്ലോയീസ് അസോസിയേഷൻ നൽകിയ അഴിമതി ആരോപണം സംബന്ധിച്ച് ബഹു. വൈസ് ചാൻസിലറുടെ നിർദ്ദേശ പ്രകാരം അമ്പലവയൽ ADR നോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

സി) 2014, 2015, 2018 എന്നീ വർഷങ്ങളിലെ വരവു ചെലവ് കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. 2016, 2017 എന്നീ വർഷങ്ങളിലെ abstract ലഭിച്ചിട്ടുണ്ട്.

ഡോ. ടി. പ്രദീപ് കുമാർ : " ഇതിൽ മറുപടി നൽകിയിട്ടുണ്ട്. അതിൽ കൂടാതെ മേശ പുറത്ത് വെയ്ക്കാനായിട്ടുള്ളത് 2016 പൂപ്പൊലിയുടെ വരവ് ചിലവും 2017 പൂപ്പൊലിയുടെ വരവ് ചിലവും വളരെ സംക്ഷിപ്തമായി അമ്പലവയൽ അസോസിയേറ്റ് ഡയറക്ടർ നൽകിയിട്ടുണ്ട്. 2016 ലെ 14.12 കോടി രൂപയുടെ വരവും 6.83 കോടി രൂപ ചിലവുമാണ് പറയുന്നത് 2016-ൽ. 2017 ൽ 11 ലക്ഷമാണ് sorry 14 ലക്ഷവും 6.8 ഉം."

" Clear ആയില്ല."

ഡോ. ടി. പ്രദീപ് കുമാർ : " അടുത്തത് വരവ്. 2016 -ലെ കണക്കാണ് ഞാൻ ആദ്യം പറഞ്ഞത്. 14.12 lakh ആണ്. 14.12 lakh വരവ്."

ശ്രീ. പി. കെ. ശ്രീ കുമാർ : " ഇത് ശരിയായിരിക്കില്ല സർ 14 ലക്ഷം."

ഡോ. ടി. പ്രദീപ് കുമാർ : " 14.12 lakh. എന്നു വച്ചാൽ 14 ലക്ഷം...14 അല്ല 16. അല്ലല്ല, ഒരു കാര്യം പറയട്ടെ ഇത് അസോസിയേറ്റ് ഡയറക്ടർ തന്ന കണക്കാണ്. അത് സംബന്ധിച്ചുള്ള..."

ശ്രീ. കെ.ഡി. ബാബു: " Something is wrong some where."

അദ്ധ്യക്ഷൻ : " Now the Comptroller is going there &will be finding out the details."

ശ്രീ. കെ.ഡി. ബാബു: " സർ, സർ...ഒരു മിനിറ്റ്, ഒരു മിനിറ്റ്...ഇവിടെ പറഞ്ഞിട്ടുള്ള കണക്കുകൾ..."

ശ്രീ.അനിൽരാധാകൃഷ്ണൻ: "ചോദ്യ കർത്താവ് ഞാനാണ്. ഞാനൊന്ന് പറഞ്ഞോട്ടെ. ഈ ചോദ്യത്തിന്റെ മറുപടിയായിട്ട് 2014-15,18 ലെ കണക്കുകൾ വച്ചിട്ടില്ല. 16 ലേയും 17 ലേയും കണക്കുകൾ വച്ചിരിക്കുന്നെന്നാണ് പറയുന്നത്. ഇത്രയും നാളായിട്ട് 2016-ൽ നൽകിയ പരാതിപ്പുറത്ത് ഇത്ര നാളായിട്ട് ഈ 14,15,18 ലെ കണക്കുകൾ വെയ്ക്കാൻ എന്താണ് താമസ്സം? ഒന്നര കൊല്ലം അല്ലെങ്കിൽ 2 കൊല്ലം മുൻപ് കൊടുത്ത ചോദ്യത്തിന് മറുപടിയായിട്ട് ഈ കണക്കുകൾ ഇതുവരെ അദ്ദേഹം വെച്ചിട്ടില്ല. ഇത് വ്യക്തമായ അഴിമതിയാണ് അവിടെ നടന്നിരിക്കുന്നത്. അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട്, ഈ പരാതിയെ അടിസ്ഥാനപ്പെട്ട നടപടി എടുക്കണം, അതാണ് ഈ ജനറൽ കൌൺസിൽ ചെയ്യു പോകേണ്ടത്. ഒരു 5 വർഷത്തെ കണക്കുകൾ ചോദിക്കുന്നു. അതിനെ കുറിച്ച് പരാതി നൽകുന്നു. അതിനു മറുപടിയായിട്ട് 2 വർഷത്തെ നൽകുന്നു. അതിനെ കുറിച്ച് ഇപ്പോൾ സംശയം 14.12 ലക്ഷമാണോ, കോടിയാണോ എന്ന് സംശയങ്ങൾ."

ഡോ. ടി. പ്രദീപ് കുമാർ : " അല്ല, അല്ല, അത് ഞാൻ clarify ചെയ്യാം."

ശ്രീ. അനിൽ രാധാകൃഷ്ണൻ: "അല്ല, ഞാൻ പറയുകയാണ് അതിന്റെ മറുപടിയായിട്ട് അതും വളരെ വിശദമായി പരിശോധിച്ചു കൊണ്ട് ഇതിനെതിരെ നടപടിയെടുക്കണം. അതാണ് ആവശ്യപ്പെടാനുള്ളത് എനിക്ക്."

ഡോ. ടി. പ്രദീപ് കുമാർ : " ബഹുമാനപ്പെട്ട അംഗം..."
ശ്രീ. അനിൽ രാധാകൃഷ്ണൻ: "ഇതിനെ corruption ആയിത്തന്നെ കണ്ടു കൊണ്ട്, its my request that you see this as corruption itself and take action against appropriate persons."

അദ്ധ്യക്ഷൻ : " We got. I have requested Comptroller to visit Ambalavayal and bring me a report on the annual accounts for the last 5 years. So if there is any, we will go by the facts/ merits of the case.
ഡോ. ടി. പ്രദീപ് കുമാർ : " Ok. ഞാൻ ഈ നേരത്തേ പറഞ്ഞ മറുപടിയിൽ ചില പിശക് വന്നിരുന്നു. അത് വ്യക്തമാക്കുകയാണ്. 2016-ൽ 141 lakh വരവും 68 ലക്ഷം രൂപ ചിലവുമാണ്. അതു പോലെ 2017 ൽ 117 ലക്ഷം രൂപ വരവും 54 ലക്ഷം രൂപ ചിലവുമാണ്."
ശ്രീ. എം. വിൻസന്റ്, എം.എൽ.എ : " ഈ പൂപ്പൊലിയുടെ കണക്കുകൾ എന്നെങ്കിലും ഈ 5 വർഷത്തിനുള്ളിൽ ഓഡിറ്റ് ചെയ്തിട്ടുണ്ടോ സർവ്വകലാശാല? ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ എങ്ങനെയാണ് ജനറൽ കൌൺസിൽ പോലുള്ള ഒരു ബോഡിയിൽ അവതരിപ്പിക്കാൻ സാധിക്കുന്നത്. ഈ ഓഡിറ്റ് ചെയ്യാൻ വേണ്ടിയുള്ള ശ്രമങ്ങൾ സർവ്വകലാശാല എന്നെങ്കിലും നടത്തിയിട്ടുണ്ടോ? 2014 മുതൽ നടക്കുന്ന സംഭവമാണല്ലോ?"
ശ്രീ. പി. കെ. ശ്രീകുമാർ : " ഒന്നു കൂടി add ചെയ്യണം സർ."

അദ്ധ്യക്ഷൻ : " Yesterday I got from ADR Ambalavayal , the details of income generated at RARS, Ambalavayal from 2011-12. 2011-12 financial year 61 lakhs, 2012-13 , 136 lakhs , 2013-14, 218 lakhs, 2014-15, 372 lakhs, 2015-16, 412 lakhs, 2016-17 , 435 lakhs, 2017-18 until 23rd -2018, that is , 3 days back is 427 lakhs. This is over years of income generated by RARS Ambalavayal."
ശ്രീ. പി. കെ. ശ്രീകുമാർ : " സർ, ഇത്..."
അദ്ധ്യക്ഷൻ : " Let me complete, in spite of that I asked our Comptroller to go with his staff and look into the accounts and I will go by the merit of the case."
ശ്രീ. കെ.ഡി. ബാബു: " സർ, നമ്മുടെ യൂണിവേഴ്സിറ്റിയുടെ ഒരുപാട് സ്ഥാപനങ്ങളിൽ ഇങ്ങനെ നടക്കുന്നുണ്ട്. സാറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്ന് എനിക്കറിയില്ല. 2015-2016 ATIC,മണ്ണുത്തി ഞാൻ ഒരു പ്രാവശ്യം കൊണ്ടു വന്നൊരു വിഷയമാണ്. ATIC,മണ്ണുത്തിയിലെ 20 lakh രൂപയുടെ അഴിമതി ഓഡിറ്റ് കണ്ടെത്തിയിരിക്കുകയാണ്. നമ്മുടെ Kerala State Audit Department 20 lakh രൂപയുടെ അഴിമതി കണ്ടെത്തി, അവർക്ക് ഓഡിറ്റ് നടത്താൻ പോലും സാധിക്കാത്ത വിധം വികൃതമാണ് കണക്കുകളെന്ന് റിപ്പോർട്ടിൽ പറയുന്നു. 2015-2016 Audit Report. Please check it sir, please go into sir. അവിടെ യൂണിവേഴ്സിറ്റി എന്താ

ചെയ്തത്. ഇതു വരെയും ഉറങ്ങിക്കിടക്കുകയാ. അഴിമതിയെ കുറിച്ച് പറയുമ്പോൾ വിരൽ വിറയ്ക്കുന്ന ആളുകളൊക്കെ നിശബ്ദമായി അഴിമതി എന്നു കേട്ടപ്പോൾ ചുരുണ്ടു കൂടിയിരിക്കുന്ന അവസ്ഥയാണ്. ഇത് സംഭവിക്കാൻ പാടില്ല. യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം സർ അതു കൂടി പരിശോധിക്കണം എന്ന അഭിപ്രായമുണ്ട്. ATIC,മണ്ണുത്തിയിലെ 2015-16 മുതലുള്ള ഓഡിറ്റ് റിപ്പോർട്ട് കൂടി പരിശോധിക്കണം.

ശ്രീ. പി. കെ. ശ്രീകുമാർ : " സർ, ഇത് ബഹുമാനപ്പെട്ട ബാബുവിനെ വെച്ച് നേരത്തേ നമ്മൾ ചർച്ച ചെയ്ത വിഷയമാണ്. ഇതുമായി ബന്ധപ്പെട്ട്, പൂപ്പൊലിയുമായി ബന്ധപ്പെട്ട് 2014 ലെ കണക്കുകൾ കിട്ടുന്നത്, ഈ abstract കിട്ടുന്നത് ഇപ്പോഴാണ്. 2014 കഴിഞ്ഞ് വർഷം 4 കഴിഞ്ഞു സർ. 4 കഴിഞ്ഞതായി ഒരു സ്റ്റേഷന്റെ മേധാവി ഒരു യൂണിവേഴ്സിറ്റിയ്ക്ക് കോടികൾ transaction എന്നാ പറയുന്നത്. 2 കോടി transaction ന്റെ കണക്കുകൾ കൊടുക്കുന്നില്ല എന്ന് പറഞ്ഞാൽ അത് ഗുരുതരമായ തെറ്റാണ് സർ. നമ്മുടെ യൂണിവേഴ്സിറ്റി complete ഒരു അഴിമതി വളരെ നടക്കുന്ന ഒരു സ്റ്റേജിലേയ്ക്ക് പോകുന്നു സർ. അതു കൊണ്ട് ഞങ്ങൾക്ക് ആവശ്യമുണ്ട് സർ. ആ സ്റ്റേഷനിലെ മേധാവിയെ മാറ്റി നിർത്തണം എന്നിട്ട് മറ്റൊരാൾക്ക് ചാർജ്ജ് കൊടുത്തു കൊണ്ട് ഈ കണക്കുകൾ പരിശോധിക്കണം. എന്താണ് സംഭവിച്ചതെന്ന് ഒന്നു കൂടി...14 മുതലുള്ള കണക്ക് ചോദിച്ചപ്പോൾ 16 ൽ കൊടുത്തതാണ് സർ ഈ പറയുന്നത്. 2 വർഷം കഴിഞ്ഞ് പരാതി കൊടുത്തു. അപ്പോഴും തരുന്നത് 16-17 ലെ കണക്കുകളാണ്, അതിനിടയ്ക്ക് 2 വർഷത്തെ ഇപ്പോഴുമില്ല കണക്ക്. കോടികൾ transaction വരുന്ന പൂപ്പൊലിയുമായി ബന്ധപ്പെട്ട സ്റ്റേഷനുമായി ബന്ധപ്പെട്ട കണക്കുകൾ ഇത്ര നിസ്സാരമായിട്ട് കാണരുത് സർ ഈ സർവ്വകലാശാല."

അദ്ധ്യക്ഷൻ : " Mr. Sreekumar, let us actually approach each and every issue with open mind. See from 2011-12 60 lakhs last year until 3 days back he has made the stock for 427 lakhs. So let us not go with mindset that you need to transfer that scientist. That is not my approach. I will go by the merit and facts of the case and the Comptroller find out the fact. I assure that there will not any financial indiscipline in the University."

ശ്രീ. അനിൽ രാധാകൃഷ്ണൻ: " അല്ല, audit strict ആയി നടപ്പിലാക്കണം."
അദ്ധ്യക്ഷൻ : " Definitely, sure."
ശ്രീ. എം. വിൻസന്റ് എം.എൽ.എ: " അതു പോലെ തന്നെ സാമ്പത്തിക ക്രമക്കേടു നടക്കുമ്പോൾ സർവ്വകലാശാല സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ഒരു ഏക രൂപ സ്വഭാവമുണ്ടാകണം. ചില കാര്യങ്ങൾ സീരിയസ് ആയി എടുക്കുകയും ചില കാര്യങ്ങൾ അങ്ങനെ വിട്ടുകളയുകയും ചെയ്യുന്ന നയമുണ്ടാകാൻ പാടില്ല."
അദ്ധ്യക്ഷൻ : " That will not be happen."

ശ്രീ. എം. വിൻസന്റ് എം.എൽ.എ: " സർ, ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ തന്നെ ഓഡിറ്റ് ചെയ്യാനെന്താണ് പ്രയാസം."

അദ്ധ്യക്ഷൻ : " Yes, thats all we are going to examine what is the problem there."

ശ്രീ. പി. കെ. ശ്രീകുമാർ : " സർ, ഏറ്റവും ചുരുങ്ങിയത് അടുത്ത ജനറൽ കൌൺസിലിൽ എങ്കിലും ഇതു സംബന്ധിച്ച വസ്തുതാപരമായ ഓഡിറ്റേഴ്സ് റിപ്പോർട്ട് വെയ്ക്കാനുള്ള ഒരു തീരുമാനം ഇന്ന് എടുക്കു സർ..."

അദ്ധ്യക്ഷൻ : " We will examine that."

**ചോദ്യം .12 -ശ്രീ. എം.അസിനാർ**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പിലിക്കോട് നീലേശ്വരം ഉൾപ്പെടെയുള്ള പതിനൊന്നോളം സ്റ്റേഷനിലേയ്ക്ക് കാഷ്വൽ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇന്റർവ്യൂ നടക്കുകയുണ്ടായി. ആയതിന്റെ റാങ്ക് ലിസ്റ്റ് 1996 ലാണ് പ്രസിദ്ധീകരിച്ചത്. റാങ്ക് ലിസ്റ്റിൽ നിന്നും അന്ന് ആരെയും നിയമിക്കുകയുണ്ടായില്ല. നിയമനം ലഭിക്കാതെ വന്നപ്പോൾ ജോലി ലഭിക്കേണ്ടവർ കേരളത്തിലെ വിവിധ സ്റ്റേഷനുകളിൽ നിന്നും ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും ബഹു. ഹൈക്കോടതിയിൽ നിന്നും 2001 ൽ ഒരു ഇടക്കാല വിധി നേടിയെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒൻപതോളം സ്റ്റേഷനുകളിൽ 230-ഓളം വരെ കാഷ്വൽ തൊഴിലാളികളായി നിയമിക്കുകയും ചെയ്തു.

എന്നാൽ പിലിക്കോട്, നീലേശ്വരം എന്നീ സ്റ്റേഷനുകളിൽ നിന്നും ഒരാളെ പോലും നിയമിക്കുകയുണ്ടായില്ല. അതിന്റെ അടിസ്ഥാനത്തിൽ പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ കീഴിൽ 1996 ൽ ഇന്റർവ്യൂ കഴിഞ്ഞ 17 പേർ വീണ്ടും ബഹു. കേരള ഹൈക്കോടതിയിൽ കേസ് നടത്തുകയുണ്ടായി. 29.07.2013 ൽ ഞങ്ങൾ നൽകിയ കേസിന്റെ വിധി ഞങ്ങൾക്ക് അനുകൂലമായി വരികയും ചെയ്തു. അതു പ്രകാരം ഞങ്ങൾ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെടുകയും നിയമനം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നുവെങ്കിലും ഞങ്ങളെ കാഷ്വൽ തൊഴിലാളികളായി നിയമിക്കാൻ അധികൃതർ തയ്യാറായിരുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള ഹൈക്കോടതിയിൽ സൂചന (2) പ്രകാരം റിട്ട് അപ്പീൽ നൽകുകയും 2016 മെയ് മാസം 4-ാം തിയ്യതി ഞങ്ങളെ നിയമിക്കാൻ ഉത്തരവ് ഉണ്ടാകുകയും ചെയ്തു. നാളിതുവരെയായി ഞങ്ങളെ കാഷ്വൽ തൊഴിലാളികളായി നിയമിക്കുവാൻ യാതൊരു നടപടിയും യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ജോലി ലഭിക്കും എന്ന വിശ്വാസത്തിൽ ഞങ്ങളും കുടുംബങ്ങളും കാത്തുകഴിയുകയാണ്. പുതിയ ഭരണമാറ്റത്തിന് ശേഷം വളരെ പ്രതീക്ഷയിലാണ് ഞങ്ങൾ. ആയതിനാൽ താങ്കൾ ഇടപെട്ട്, ഞങ്ങളെ കാഷ്വൽ തൊഴിലാളികളായി നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മേൽ വിഷയത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

മാനുഷിക പരിഗണന വെച്ച് ഇവർക്ക് ജോലി നൽകാൻ തയ്യാറാകുമോ?

**മറുപടി**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പീലിക്കോട്, നീലേശ്വരം ഉൾപ്പെടെയുള്ള വിവിധ ഫാമുകളിൽ കാഷ്വൽ തൊഴിലാളി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് നിയമന പട്ടിക 1996 -ലെ സർവ്വകലാശാല ഭരണസമിതി അംഗീകരിച്ചിരുന്നു. തുടർന്ന് കാഷ്വൽ തൊഴിലാളി നിയമനം നടത്തുന്നതിന് അതത് കേന്ദ്രം മേധാവികളെ അധികാരപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും പ്രസ്തുത നിയമനങ്ങളെ സംബന്ധിച്ച് ആരോപണം ഉയർന്ന സാഹചര്യത്തിൽ നിയമന നടപടികൾ നിർത്തി വെയ്ക്കാൻ സർക്കാർ നിർദ്ദേശിക്കുകയും റിട്ടയേർഡ് ജസ്റ്റിസ് ശ്രീ.ഭാസ്കരൻ നമ്പ്യാർ അധ്യക്ഷനായ കമ്മീഷനെ അന്വേഷണത്തിനായി നിയമിക്കുകയും ചെയ്തു. കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പീലിക്കോട് & നീലേശ്വരം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രമുൾപ്പെടെയുള്ള വിവിധ കേന്ദ്രങ്ങളിലെ കാഷ്വൽ തൊഴിലാളി സെലക്ട് ലിസ്റ്റുകൾ റദ്ദ് ചെയ്യപ്പെട്ടതും കാഷ്വൽ തൊഴിലാളി നിയമനം നടക്കാതിരിക്കുന്നതും. ഇപ്രകാരം റദ്ദ് ചെയ്യപ്പെട്ട നിയമന പട്ടികയിൽ ഉൾപ്പെട്ടവരാണ് ശ്രീ.എൻ.സി. കൃഷ്ണൻ മുതൽപേർ.

നിലവിൽ ശ്രീ.എൻ.സി. കൃഷ്ണൻ മുതൽപേർ ഫയൽ ചെയ്ത ഹർജി (സൂചന -2 ആയി സൂചിപ്പിച്ചത്) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. എ. അനിൽ കുമാർ : " ഈ ചോദ്യവുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്, ഭാസ്കരൻ നമ്പ്യാർ കമ്മീഷനും അതിനു ശേഷം വന്ന കാര്യങ്ങൾ ഇതിൽ വിശദമായി തന്നെ മറുപടി പറഞ്ഞിട്ടുണ്ട്. അതോടൊപ്പം ഇതിനകത്തുള്ള പ്രശ്നം എന്ന് പറഞ്ഞാൽ ഇപ്പോൾ ആ കേസ് കോടതിയിലാണ്. അതു കൊണ്ടാണ് അക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാത്തത്. ന്യായമായ ചോദ്യമാണ്. പക്ഷേ, അത് ഹൈക്കോടതിയുടെ മുന്നിലായതു കൊണ്ട് അതിന്റെ അന്തിമ വിധി വരുന്നതനുസരിച്ച് നമുക്കത് ചെയ്യാൻ പറ്റുന്നതാണെന്നാണ് നമുക്ക് മനസ്സിലാകുന്നത്."

ശ്രീ. എം. അസൈനാർ: " സർ, അതിലെ ആദ്യത്തെ വിധി അനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നാണ് അറിയേണ്ടത്. രണ്ടാമത് ഇവർ വീണ്ടും കോടതിയിൽ പോയി . അതുമാത്രമല്ല, നിയമനത്തിൽ ആരോപണം ഉന്നയിച്ചെന്നാണ് പറഞ്ഞത്. നിയമനം നടന്നിട്ടില്ല അവിടെ. ആ ലിസ്റ്റിൽ എന്തെങ്കിലും ആരോപണമുണ്ടെങ്കിൽ ആരോപണത്തിന് ഉത്തരവാദികളായവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയാൻ താൽപര്യപ്പെടുന്നു."

ഡോ. എ. അനിൽ കുമാർ : " അങ്ങനെ ഒരു നടപടി സ്വീകരിച്ചിട്ടില്ല. പക്ഷേ, 1996 ലെ ഒരു ആരോപണങ്ങളെ തുടർന്നാണല്ലോ അത് ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ അത് cancel ചെയ്യുകയും ഭാസ്കരൻ നമ്പ്യാർ കമ്മീഷൻ വയ്ക്കുകയും അതിന്റെ

അടിസ്ഥാനത്തിൽ അത് cancel ചെയ്യുകയും ചെയ്തത്. അത് കൊണ്ടാണ് അത് cancel ചെയ്യപ്പെട്ടത്. അതു കൊണ്ട് തന്നെ അതിൽ ലിസ്റ്റിൽ പെട്ടവർ കോടതിയിൽ പോയി. കോടതിയിൽ പോയിട്ട് അവർക്കനുകൂലമായിട്ട് വിധി വന്നെങ്കിലും വീണ്ടും പോയപ്പോഴാണ് ഇങ്ങനെ വന്നിരിക്കുന്നത്. അത് അന്തിമ വിധി വരാത്തതാണ് സാങ്കേതികമായി അതിനകത്തുള്ള കാരണം. അത് മറ്റേതെങ്കിലും രീതിയിൽ..."
ശ്രീ. എം. അസൈനാർ: " അന്തിമ വിധി വരുമ്പോൾ ഒരുപാട് വർഷം കഴിയും. അവരുടെ ആരോഗ്യം, ജോലി ചെയ്യാനുള്ള സാഹചര്യം നഷ്ടപ്പെടും."
ഡോ. എ. അനിൽ കുമാർ : " അത് ഒരു പ്രശ്നം തന്നെയാണ്. അത് ഒരു കാര്യം ചെയ്യാം. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്ന് നമ്മുടെ ഭരണ സമിതി പരിശോധിക്കും. "

അഡ്വ. രാജൻ .എം.എൽ.എ : " നമ്മൾ ഒരു തവണ അത് പോയി ഞാനുൾപ്പെടെ പോയി പരിശോധിച്ചതാണ്. കോടതി വിധിയാണ് പ്രധാനപ്പെട്ട തർക്കം. ഒരു ടീം കോടതി വിധി ആ 17 പേരുടെ പ്രശ്നമുണ്ട്. ഒരു ടീം ,കോടതി വിധി അവർക്ക് അനുകൂലമായിട്ട് വരുമ്പോൾ അടുത്ത ടീം കോടതിയിൽ പോകും."

ശ്രീ. പി. കെ. ശ്രീകുമാർ : " സർ, തൊഴിലാളി നിയമനത്തിലെ എല്ലാ സ്ഥലത്തും വരുന്നതിനതാണ് സർ. വെള്ളാനിക്കര 247 vacancy ഉണ്ട്. ഇവിടെ നമ്മൾ 1000 പേരുടെ skill test നടത്തിയിരിക്കുന്നു. 400 പേരുടെ ഇനിയും നടത്താനുണ്ട്. പക്ഷേ ഇവിടെ 5 കേസാണ് എന്റെ അറിവിലുള്ളത്. 5 കേസ് നിലവിലുണ്ട്, ഇത് എക്സിക്യൂട്ടീവ് കമ്മിറ്റി ഒരു പ്രത്യേകമായിട്ടെടുക്കണം. ഈ കേസുകൾ out of court എങ്ങനെയെങ്കിലും ഒത്തു തീർപ്പ് ആക്കാൻ പറ്റുന്നതിനെ കുറിച്ച് ആലോചിക്കണം. വെള്ളാനിക്കരയിലെ സ്ഥിതി വളരെ മോശമാണ് സർ...ഈ കേസ് തൊഴിലാളി നേതാക്കളേയും ഒക്കെ വിളിച്ചിട്ട് കോടതിയ്ക്ക് വെളിയിൽ നിന്നും പരിഹരിക്കാൻ ശ്രമിക്കണം. എന്നിട്ട് അതിനകത്തൊരു തീരുമാനമെടുക്കണം സർ."
അഡ്വ. രാജൻ .എം.എൽ.എ : " ഇപ്പോൾ ആലോചിക്കുന്നുണ്ട് അത്."
ഡോ. എ. അനിൽ കുമാർ : " ശ്രീ കുമാർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇത് പലപ്പോഴും കോടതിയ്ക്ക് പുറത്ത് തീർക്കാൻ പറ്റുമോ എന്ന് ഒരു ആലോചന നടത്തേണ്ടതാണ്. മാത്രമല്ല വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ പലപ്പോഴും യൂണിവേഴ്സിറ്റിയുടെ ഭാഗത്ത് നിന്നും വേണ്ടത്ര ശ്രദ്ധ പലപ്പോഴും വരാത്തതു കൊണ്ടാണ് ഇങ്ങനെ കോടതിയിലേയ്ക്ക് പോകേണ്ടി വരുന്നത്. അത് ഓരോ കാലഘട്ടത്തിലുള്ള പ്രത്യേകതയാണ്. തീർച്ചയായും ഇത് കോടതിയ്ക്ക് പുറത്ത് ചർച്ചയിലൂടെ പരിഹരിക്കണം."
ശ്രീ. ബിബിൻ. പി. ചാക്കോ : " സർ, നിലവിൽ ഇപ്പോൾ കേസുകളൊന്നും ഇല്ല."
ശ്രീ. എം. അസൈനാർ: " ഇപ്പോഴും 2 കേസ് നിലവിലുണ്ട് . പടന്നക്കാട്."
ശ്രീ. ബിബിൻ. പി. ചാക്കോ : " നിലവിൽ ഇപ്പോൾ കേസില്ല, വെള്ളാനിക്കര യൂണിറ്റിൽ..."

ഡോ. എ. അനിൽ കുമാർ : " വെള്ളാനിക്കരയുടെ കാര്യമല്ല ഇപ്പോൾ പറഞ്ഞത്."
ശ്രീ. ബിബിൻ. പി. ചാക്കോ : " അല്ല, ചർച്ച ചെയ്യുമ്പോൾ പറഞ്ഞതാ."
ഡോ. എ. അനിൽ കുമാർ : " ചോദ്യം വെള്ളാനിക്കരയുമായി ബന്ധപ്പെട്ടതല്ല. ശ്രീകുമാർ അത് ഇടയിൽ കയറി സൂചിപ്പിച്ചതാണ്. പക്ഷേ അതേ സമയം പീലിക്കോട്ടുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ മറുപടി പറഞ്ഞത്."
അഡ്വ. രാജൻ .എം.എൽ.എ : " ശ്രീകുമാർ പറഞ്ഞ കാര്യം ശരിയാണ്."
ശ്രീ. എം. അസൈനാർ: " ഇപ്പോഴും, പീലിക്കോട്ടും, നീലേശ്വരം സ്റ്റേഷനിലും 2 കേസ് പുതുതായി വന്നിട്ടുണ്ട്."
ഡോ. എ. അനിൽ കുമാർ : " അത് അതിന് ശേഷമുള്ള കാര്യമാണ്. ബഹുമാനപ്പെട്ട അംഗം അസൈനാർ സൂചിപ്പിക്കുന്നത് നമ്മുടെ റാങ്ക് ലിസ്റ്റ് നീട്ടുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണല്ലോ. ആണെന്ന് വിചാരിക്കുന്നു. ആ കേസാണ് ഇപ്പോഴുള്ളത്. അത് നമുക്ക് പിന്നീട് പരിശോധിക്കാം."
ശ്രീ. പി. കെ. ശ്രീകുമാർ : " എക്സിക്യൂട്ടീവ് കമ്മിറ്റി ഇത് പരിശോധിക്കുക. ഒരു കമ്മിറ്റി വച്ചിട്ട് കോടതിയ്ക്ക് വെളിയിൽ ഈ കേസ്, യൂണിവേഴ്സിറ്റിയുടെ എല്ലാ സ്റ്റേഷനും തൊഴിലാളി നിയമനവുമായി ബന്ധപ്പെട്ട കേസ്. 3 സ്റ്റേഷൻ, 4 സ്റ്റേഷൻ ഉള്ളു എന്നാണ് നമ്മുടെ മറുപടിയിൽ , ആ സ്റ്റേഷനിൽ അടിയന്തിരമായി നടത്തണം സർ."
അഡ്വ. രാജൻ .എം.എൽ.എ : " അത് തീർച്ചയായിട്ടും ഇടപെടൽ നടത്തും. അതുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കളും ഉൾപ്പെടെ വിളിച്ച് കൊണ്ടുള്ളൊരു പൊതു ചർച്ചയ്ക്ക് നമ്മൾ ആലോചന എക്സിക്യൂട്ടീവിൽ നടത്തും."
അദ്ധ്യക്ഷൻ : " Question number 13 please..."

**ചോദ്യം 13. ശ്രീ. ബിബിൻ. പി. ചാക്കോ**

കേരള കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരും സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് കേരള സർവ്വീസ് ചട്ടങ്ങൾ ബാധകമാക്കിയിരിക്കുന്നതു പോലെ സർവ്വകലാശാലയ്ക്ക് കാഷ്വൽ / സ്ഥിരം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് ഏതു ആധികാരിക രേഖയെയാണ് ആശ്രയിക്കുന്നത് ?

എ) തൊഴിലാളികളുടെ സേവന വേതന കാര്യങ്ങളിൽ വിവിധ സ്റ്റേഷനുകളിൽ വ്യത്യസ്തമായ തീരുമാനങ്ങൾ ഉണ്ടാക്കുന്നതും അവയെ ഓഡിറ്റ് പരാമർശങ്ങൾക്കു വിധേയമായി തൊഴിലാളികൾ സർവ്വീസിൽ നിന്നും പിരിയുമ്പോൾ അവരുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും തിരിച്ച് പിടിക്കുന്ന ഒരു സാഹചര്യം നിലവിലുള്ളത് സർവ്വകലാശാലയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആയതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ബി) ജീവനക്കാർക്ക് കെ.എസ്.എസ്.ആർ ഉള്ളതു പോലെ കാഷ്വൽ തൊഴിലാളി നിയമനം മുതൽ തൊഴിലാളികളുടെ സേവന വേതന കാര്യങ്ങൾക്ക്

ആധികാരികമായ ഒരു രേഖ സർവ്വകലാശാല തലത്തിൽ ഉണ്ടാക്കുന്നതിന് സർവ്വകലാശാല എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവ എന്താണ് എന്ന് വിശദീകരിക്കാമോ ? ഇല്ലെങ്കിൽ ആയതിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

സി) തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ആധികാരികമായ ഒരു പുസ്തകമായി ഇറക്കുന്നതിനും അത് എക്സിക്യൂട്ടീവ് കമ്മിറ്റിയെ കൊണ്ട് അംഗീകരിച്ച് സർവ്വകലാശാല ഉത്തരവായിറക്കുന്നതിനും തടസ്സങ്ങളുണ്ടോ ? പല സ്റ്റേഷനുകളിലും തൊഴിലാളികളുടെ സേവന വേതന കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ കാരണങ്ങൾ ഇല്ലാത്തതു മൂലം തർക്കവിധർക്കങ്ങൾ ഇല്ലാതിരിക്കുന്നതിനു വേണ്ടി സർവ്വകലാശാല തലത്തിൽ ഒരു സർവ്വീസ് ചട്ടം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുമോ ?

**മറുപടി**

സർക്കാർ, കൃഷി (ഫാംസ്) വകുപ്പുകളിൽ നിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/നിർദ്ദേശങ്ങൾ/പരിപത്രങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കേരള കാർഷിക സർവ്വകലാശാലയിൽ ജോലി ചെയ്യുന്ന കാഷ്വൽ/സ്ഥിരം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നിലവിൽ നടപ്പിലാക്കിവരുന്നത്.

(എ) തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുമ്പോൾ തെറ്റ് പറ്റാതിരിക്കാനും, പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് തിരിച്ച് പിടിക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് സ്റ്റേഷൻ മേധാവികളോട് ആവശ്യപ്പെടുന്നതാണ്.

(ബി) ജീവനക്കാർക്ക് KSR ഉള്ളതു പോലെ കാഷ്വൽ തൊളിലാളി നിയമനം മുതൽ തൊഴിലാളികളുടെ സേവന വേതന കാര്യങ്ങളിൽ ആധികാരികമായ ഒരു രേഖ സർവ്വകലാശാലതലത്തിൽ ഉണ്ടാക്കുന്നതിന് സർവ്വകലാശാല നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ സർക്കാർ ഫാമുകളിൽ ജോലി ചെയ്യുന്ന സ്ഥിരം/കാഷ്വൽ തൊഴിലാളികൾക്ക് സർക്കാർ നടപ്പിലാക്കുന്ന സേവന- വേതന വ്യവസ്ഥകൾ/ചട്ടങ്ങളാണ് സർവ്വകലാശാല ഫാമുകളിലെ സ്ഥിരം/കാഷ്വൽ തൊഴിലാളികൾക്ക് ബാധകമാക്കുന്നത്. സർക്കാർ ജീവനക്കാർക്ക് KSR ഉള്ളതു പോലെ കാഷ്വൽ/സ്ഥിരം തൊഴിലാളികൾക്ക് ആധികാരിക രേഖ/ചട്ടം സർക്കാർ തലത്തിലാണ് രൂപീകരിക്കേണ്ടത്.

(സി) നിലവിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ തന്നെയാണ് കേരള കാർഷിക സർവ്വകലാശാലയിൽ തൊഴിലാളികൾക്ക് ഭരണസമിതിയുടെ അനുമതിയോടു കൂടി നടപ്പിലാക്കിവരുന്നത്. സർവ്വകലാശാല തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സർക്കാർ തലത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ / നിർദ്ദേശങ്ങൾ / പരിപത്രങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ തൊഴിലാളികളുടെ സർവ്വീസ് ചട്ടങ്ങൾ സർക്കാർ തലത്തിൽ രൂപീകരിക്കേണ്ടതാണ്.

ഡോ. എ. അനിൽ കുമാർ : " മറുപടി ശ്രദ്ധിച്ചല്ലോ, അപ്പോൾ അതിനകത്ത് എന്തെങ്കിലും additional ആയിട്ടെന്തെങ്കിലും പറയാനുണ്ടെങ്കിൽ ഇതിനകത്ത് ഒരു പ്രധാനകാര്യം എന്താന്ന് വച്ചാൽ കാർഷിക സർവ്വകലാശാല നിലവിൽ വന്ന് ഇത്രയും കൊല്ലം ആയിട്ടും തൊഴിലാളികൾ ഒരുപാട് ഉണ്ടായിരുന്ന സമയങ്ങളിലൊക്കെ ഇപ്പോഴും നമ്മൾ സർക്കാർ കാലാകാലങ്ങളിലിറക്കുന്ന നിർദ്ദേശങ്ങൾ, orders ആണ് നമ്മൾ ഇവിടെ നടപ്പിലാക്കുന്നത്. സ്വന്തമായിട്ട് കാർഷിക സർവ്വകലാശാല തൊഴിലാളികൾക്കു വേണ്ടി ഒരു ചട്ടം ഇതു വരെ രൂപീകരിച്ചിട്ടില്ല. മറുപടിയിൽ തന്നെ പറഞ്ഞിട്ടുണ്ട്. അത് ചെയ്യാവുന്ന കാര്യമാണ് അത് ചെയ്യേണ്ടതാണ്. അപ്പോൾ അത് ഭരണസമിതി തീർച്ചയായിട്ടും പരിശോധിക്കണം."

ശ്രീ. ബിബിൻ. പി. ചാക്കോ: " എനിക്ക് പറയാനുള്ളത് എന്തെന്നാൽ നമ്മുടെ യൂണിവേഴ്സിറ്റിയിൽ വിദഗ്ദൻമാരെ വച്ചിട്ട് ഒരു സമിതി രൂപീകരിച്ച് എക്സിക്യൂട്ടീവിനെ കൊണ്ട് അംഗീകരിപ്പിക്കണം എന്നാണ് എന്റെ അഭിപ്രായം. എന്താന്ന് വച്ചാൽ മഞ്ചേശ്വരം തൊട്ട് വെള്ളായണി വരെ സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകളിൽ വ്യത്യസ്തമായിട്ടാണ് ഓരോ കാര്യങ്ങൾ ചെയ്യുന്നത്. ലീവ് ആയാലും എന്ത് കാര്യങ്ങളായാലും. അപ്പോൾ നമ്മുടെ ഇവിടെ ഉള്ളത് ചെറിയൊരു കൈപുസ്തകമാണ്. 1999-ൽ അച്ചടിച്ചിട്ടുള്ളത്. അത് ഇപ്പോൾ 20 വർഷക്കാലമാകാൻ പോകുകയാണ്."
ഡോ. എ. അനിൽ കുമാർ : " ശ്രീ. ബിബിൻ പറഞ്ഞത് വളരെ സത്യമാണ്. സത്യസന്ധമാണ്. ഈ തൊഴിലാളികളുടെ കാര്യത്തിൽ മാത്രമല്ല പലപ്പോഴും മറ്റ് വിഭാഗങ്ങളുടെ കാര്യത്തിലും സംഭവിക്കാറുണ്ട്."

ശ്രീ. ബിബിൻ. പി. ചാക്കോ: " ഈ അമ്പലവയൽ ഫാമിന്റെ ഒരു കാര്യം പറഞ്ഞില്ലേ. അമ്പല വയൽ ഫാമിൽ permanent ആയ തൊഴിലാളികളുടെ NPS ഇന്നു വരെ പിടിച്ച് തുടങ്ങിയിട്ടില്ല. 3 മാസമായ ജീവനക്കാരുടെ NPS പിടിച്ചു തുടങ്ങി. 18 മാസമായി. അതാണ് പറഞ്ഞത് എന്താന്ന് വച്ചാൽ തൊഴിലാളികൾക്ക് മാത്രം ഒന്നും ബാധകമല്ല. ചോദിച്ച് കഴിഞ്ഞാൽ ഗവൺമെന്റ് തലത്തിൽ നിന്നുള്ള ഓർഡറുകളില്ല.

ഡോ. എ. അനിൽ കുമാർ : " ഇതിനകത്ത് എങ്ങനെയെന്നറിയോ ഇതിപ്പോൾ തൊഴിലാളികൾ എന്നുള്ളത് ജീവനക്കാരെന്നോ, അദ്ധ്യാപകരെന്നോ ഉള്ളതല്ല ഇവിടെ വിഷയം. അവിടെ വിവിധ സ്ഥാപനങ്ങളിൽ കാര്യങ്ങളിൽ interpret ചെയ്യുന്നത് വിവിധ രീതിയിൽ എന്നുള്ളതാണ് . അത് ജീവനക്കാരുടെ കാര്യത്തിലും അങ്ങനെ വരാം. അദ്ധ്യാപകരുടെ കാര്യത്തിലും വരാറുണ്ട്. പക്ഷേ അത് നടക്കാൻ പാടില്ലാത്തതാണ്. പക്ഷേ ഇത് കുറേ കാലമായിട്ട് ഇങ്ങനെ തുടരുന്നുണ്ട്. അത് പരിശോധിക്കേണ്ടതു തന്നെയാണ്. മാത്രമല്ല, ഈ ഭരണസമിതി ഇപ്പോൾ അടുത്തല്ലേ വന്നുള്ളു. ഈ പറഞ്ഞത് ഉദ്ദേശിക്കുന്ന ഗൗരവം ഉൾക്കൊണ്ട് സീരിയസ് ആയി പരിശോധിക്കുകയും ഒരു യൂണിഫോം ആയിട്ടുള്ള ഒരു procedure ഇക്കാര്യങ്ങളിൽ

നടപ്പിൽ വരുത്തണമെന്നും തീരുമാനിക്കുകയും ചെയ്യും. അത് വളരെ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്. സംശയമൊന്നുമില്ല."

ശ്രീ. സി. എച്ച്. മുത്തു : " അല്ല സർ. അതിനകത്ത് ഈ പ്രശ്നം ഇന്ന് തുടങ്ങിയതല്ല. നേരത്തേ മുതലുള്ള തർക്കങ്ങളാണ്."

ഡോ. എ. അനിൽ കുമാർ : " അത് തന്നെയാണ് ഞാൻ പറഞ്ഞത്."

ശ്രീ. സി. എച്ച്. മുത്തു : " അതു കൊണ്ട് നമ്മളൊരു 126 -ാമത് ജനറൽ കൌൺസിൽ യോഗം ഇതുമായി ബന്ധപ്പെട്ട് ഈ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വേണ്ടിയിട്ട് ഒരു ലേബർ വെൽഫയർ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. നിർഭാഗ്യവശാൽ അതിന്റെ ചെയർമാൻ ആയിരുന്ന ഒരു ഫ്രാൻസിസ് കോമ്പാറ അദ്ദേഹവും അസുഖബാധിതനായതിന്റെ പേരിൽ, ആൾ മരണപ്പെട്ടുകയുമൊക്കെയുണ്ടായി. അപ്പോൾ അതു കൊണ്ട് ആ കമ്മിറ്റി വേണ്ടത്ര രീതിയിൽ കൂടുന്നതിന്, റിപ്പോർട്ട് സമർപ്പിക്കുന്നതിന് നമുക്ക് കഴിഞ്ഞില്ല. അതിനാൽ തൊഴിലാളികളുടെ എല്ലാ കാര്യത്തിലും .....കൈകാര്യം ചെയ്യുന്നവരുടെ ഇഷ്ടത്തിനാണ് അല്ലാതെ ഒരു റൂൾ അനുസരിച്ച് അല്ല, എന്നാൽ റൂൾ ഉണ്ട്. അത് ഓരോരുത്തർക്കും കൈകാര്യം ചെയ്യുമ്പോൾ തൊഴിലാളികളുടെ മനോഭാവത്തിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ.... ഞാൻ പറഞ്ഞില്ലേ, ശമ്പള പരിഷ്കരണത്തിൽ എന്റെ കയ്യിലിപ്പോൾ 3 ഉത്തരവുണ്ട് സർ. ആ 3 ഉത്തരവിലും 3 തരത്തിലാണ് കൈകാര്യം ചെയ്തിരിക്കുന്നത്. അപ്പോൾ അത് തുടരാൻ പാടില്ല. ഏകീകരിച്ച് കൂട്ടതലൊന്നും ചോദിക്കുന്നില്ല. ഉള്ളത് തന്നെ എല്ലാ ഫാമുകളിലും എല്ലാ സ്റ്റേഷനുകളിലും, എല്ലാ തൊഴിലാളിക്കും തുല്യമായ രീതിയിൽ വരുന്ന തരത്തിൽ ഒരു ഏകീകരിച്ച ഉത്തരവുകൾ സർവ്വകലാശാലയിൽ നിന്ന് പോകണം. അത് തന്നിഷ്ട പ്രകാരം ഓരോ സ്റ്റേഷൻ മേധാവികൾ ചെയ്യുന്നു. അത് ഏത് വിഷയമെടുത്താലും ലീവിന്റെ കാര്യത്തിലായാലും ശരി, സറണ്ടറിന്റെ കാര്യത്തിലായാലും ശരി, മറ്റ് അലവൻസുകളെ സംബന്ധിച്ചായാലും ശരി അത് ജീവനക്കാർക്ക് ഉള്ളതിനേക്കാൾ വ്യത്യസ്തമാണിത്. കാരണം സർവ്വീസ് മറ്റ് rule കാര്യങ്ങളിൽ ബാധകമല്ലാത്തതിന്റെ പേരിൽ എന്നാൽ തൊഴിലാളിക്ക് ദോഷം വരുന്ന കാര്യത്തിലോ സർവ്വീസ് റൂൾ വച്ച കൊണ്ട്.....ഞങ്ങൾ പറഞ്ഞു കഴിഞ്ഞാൽ 2014 ന ശേഷം റിട്ടയർ ചെയ്ത പോയ തൊഴിലാളികളുടെ സർവ്വീസ് benefit മുഴുവൻ ഓഡിറ്റ് തടഞ്ഞു വച്ചിരിക്കുകയാണ്. കാരണമെന്തെന്നു വച്ചാൽ അവരുടെ ഈ സർവ്വീസ് വെയിറ്റേജ് കൊടുത്തിട്ട് auditor അംഗീകരിച്ചിട്ടില്ല. അപ്പോൾ തന്നെ ഓഡിറ്റ് അംഗീകരിക്കാത്തതിനു കാരണം ഈ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട സൂചന പരാമർശങ്ങളൊക്കെ പറഞ്ഞതിന്റെ പേരിലാണ് മുൻ കാലങ്ങളിലൊക്കെ ഇങ്ങനെ ഇത്രയും വിഷയങ്ങൾ വരുമ്പോൾ സർവ്വകലാശാല സംഘടനകളുമായി കൂടിയാലോചിച്ച് , ചർച്ച നടത്തി ഒരു ഉത്തരവ് സർവ്വകലാശാലയുടെ ഉത്തരവാണ് അത്. ഇന്ന ഈ രീതിയിലായിരിക്കണം തൊഴിലാളികളുടെയും സംഘടനകളുടേയും

ആശങ്കകൾ പരിഹരിച്ച കൊണ്ട് ഒരു ഏകീകരിച്ച ഉത്തരവുകൾ ഉണ്ടാക്കാം. അതിന് വേണ്ടിയിട്ട് അടിയന്തിരമായിട്ട് അടിയന്തിര പ്രമേയത്തോടു കൂടി ഒരു..."

ഡോ. എ. അനിൽ കുമാർ : " മുത്തു പറഞ്ഞതു പോലെ മുത്തു പറഞ്ഞതും കൂട്ടി പറയാം."

ശ്രീ. സി. എച്ച്. മുത്തു : " ഒരു ലേബർ വെൽഫയർ കമ്മിറ്റിയെ പഴയ കമ്മിറ്റിയെ പുന:സ്ഥാപിച്ച കൊണ്ട് ഇത്തരം വിഷയങ്ങൾ, തൊഴിലാളികളുമായി ബന്ധപ്പെടുന്ന വിഷയങ്ങൾ പഠിച്ച് ഈ സഭയുടെ കാലത്ത് തന്നെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം എന്നു പറയുന്നു."

ഡോ. എ. അനിൽ കുമാർ : " ശ്രീ. ബിബിനും പറഞ്ഞതിന്റെ തുടർച്ചയായിട്ട് മുത്തു പറഞ്ഞത് പൂർണ്ണമായി ഉൾക്കൊള്ളുകയും, വസ്തുതാ പരമാണെന്ന് ഞാൻ ഇവിടെ പറയട്ടെ. മാത്രമല്ല ഇത് പലപ്പോഴും ഈ രീതിയിൽ സംഭവിക്കുന്നുണ്ട്. അത് സംഭവിക്കാൻ പാടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ മുത്തുവും ബിബിനും ആവശ്യപ്പെട്ടതു പോലെ ഈ ലേബർ വെൽഫയർ കമ്മിറ്റി, അദ്ദേഹം മരിച്ച പോയി. അതിന് പുതിയൊരു ഭരണ സമിതി ഒരു പുതിയ ലേബർ വെൽഫയർ കമ്മിറ്റി രൂപീകരിക്കാനുള്ള ശ്രമം അടുത്തു തന്നെ നടപ്പിലാക്കുകയും, നമ്മുടെ ജനറൽ കൌൺസിൽ അംഗങ്ങളെ ആരെയെങ്കിലും ചുമതലപ്പെടുത്തുകയും ആ ലേബർ വെൽഫയർ കമ്മിറ്റി പുതിയതായി രൂപീകരിക്കുകയും ഈ പറഞ്ഞ വിഷയങ്ങളിലെല്ലാം തന്നെ, മാത്രമല്ല യൂണിവേഴ്സിറ്റി തലത്തിൽ ഒരു ലേബർ ഓഫീസറും ഉണ്ട്. അപ്പോൾ ഈ വിഷയങ്ങളെല്ലാം തന്നെ common ആയിട്ട് പൊതുവായി കാര്യങ്ങൾ നടപ്പിലാക്കാൻ ഉള്ള തീരുമാനം തൽക്കാലം ഇപ്പോൾ എടുക്കാം. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ചർച്ചയിൽ പോകേണ്ട കാര്യമില്ല എന്നെനിക്ക് തോന്നുന്നു. ചോദ്യോത്തരമായതു കൊണ്ട് ആ വിശദാംശങ്ങൾ ഇതുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ യൊക്കെ നേരത്തേ സൂചിപ്പിച്ച. തൊഴിലാളികളുടെ പ്രശ്നം ഒരു വളരെ പ്രധാനപ്പെട്ട പ്രശ്നമായി കാർഷിക സർവ്വകലാശാല, പ്രത്യേകിച്ച് എല്ലാ ഫാമുകൾ ആണ്, തൊഴിലാളികൾ ആണ്. തൊഴിലാളികളെ ഒഴിവാക്കിക്കൊണ്ട് ഒരു പരിപാടിയും കാർഷിക സർവ്വകലാശാല ഉദ്ദേശിക്കുന്നില്ല. ഈ ഭരണസമിതി ഒട്ടും തന്നെ ഉദ്ദേശിക്കുന്നില്ല. അപ്പോൾ തൊഴിലാളികളുടെ താൽപര്യം സംരക്ഷിച്ച കൊണ്ട് അതിനു വേണ്ട യോഗങ്ങൾ സംഘടനകളുമായി മീറ്റിംഗുകൾ നടത്തേണ്ടതായിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും മീറ്റിംഗ് നടത്തേണ്ടതാണ്. വിവിധ സംഘടനകളും നമ്മൾ വളരെ ജനാധിപത്യപരമായി എല്ലാ സംഘടനകളുമായി ചർച്ച ചെയ്തു തന്നെ മുന്നോട്ടു പോകാനാണ് ആഗ്രഹിക്കുന്നതെന്ന് മാത്രമാണ് ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. എന്തായാലും ഒരു ലേബർ വെൽഫയർ കമ്മിറ്റി രൂപീകരിക്കാം. അതുമായിട്ട് ചർച്ച ചെയതിട്ടു മാത്രമേ ഇനി മുന്നോട്ടു പോകൂ..."

ശ്രീ. ബിബിൻ. പി. ചാക്കോ: " സർ ഇതിന്റെ മറുപടി തന്നതിൽ സർക്കാർ കൃഷി വിഭാഗ വകപ്പുകളിൽ നിന്നും കാലങ്ങളായി പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ നിർദ്ദേശങ്ങൾ, പരിപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ കേരള കാർഷിക

സർവ്വകലാശാലയിൽ ജോലി ചെയ്യുന്ന സ്റ്റേഷനിൽ സ്ഥിരം തൊഴിലാളികൾക്ക് സേവന വേതന വ്യവസ്ഥകൾ നിലനിൽക്കുന്നത് പറയുന്നുണ്ട്. പക്ഷേ അതില്ല. ഈ മാസം 12-ാം തീയ്യതി നമ്മുടെ ഈ തിരുവനന്തപുരത്തുള്ള നാടാർ വിഭാഗത്തിന് ഒരു മുടക്കുണ്ടായിരുന്നു. നാടാർ വിഭാഗത്തിന് RH കൊടുക്കുന്നത് നാടാർ വിഭാഗത്തിന് തിരുവനന്തപുരം ജില്ലയിൽ നമ്മുടവിടെയും. നമ്മുടെ വെള്ളായണി ഫാമിൽ ഉള്ള തൊഴിലാളികൾക്ക് മാത്രം മുടക്കില്ല. ജീവനക്കാർക്കും , അദ്ധ്യാപകർക്കും, മറ്റ് അവർക്കുള്ള ആൾക്കാർക്കും മാത്രമാണ് അന്ന് മുടക്ക് കൊടുത്തിട്ടുള്ളൂ... ഞാൻ അത് ഇവിടെ രജിസ്ട്രാർക്ക് ഇത് പരാതി കൊടുത്തിട്ടുണ്ട്."

ഡോ. എ. അനിൽ കുമാർ : " അത് ശരിയാണ്. എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല സത്യത്തിൽ ഇതുവരെ. ഇപ്പോൾ ബിബിൻ പറയുമ്പോഴാണ് ഞാൻ അറിയുന്നത്. അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ അത് തീർച്ചയായിട്ടും പരിശോധിക്കും. അതിൽ നടപടി എടുക്കും."

ശ്രീ. ബിബിൻ. പി. ചാക്കോ: " അവർ അത് already എന്താന്നു വച്ചിട്ടുണ്ടെങ്കിൽ ഇത്..."

ഡോ. എ. അനിൽ കുമാർ : " എല്ലാ വിഭാഗത്തിലുള്ളവർക്കും അത് ബാധകം തന്നെയാണ്. ഗവൺമെന്റിന്റെ തീരുമാനം വളരെ കൃത്യമായി നടപ്പിലാക്കും. എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കും."

ശ്രീ. ബിബിൻ. പി. ചാക്കോ: " ഗവൺമെന്റിന്റെ ഫാമുകളിൽ തൊഴിലാളികൾക്ക് മുടക്കുണ്ട്"

ഡോ. എ. അനിൽ കുമാർ : " അതാണ് ഞാൻ പറഞ്ഞത്. അതിലെന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് നിയമം...അല്ല സർക്കാർ ഫാമിൽ കൊടുത്തുവെന്നുള്ളത് ഉത്തരവിനകത്തുള്ള ഒരു സാങ്കേതികത്വം വല്ലതുമുണ്ടെങ്കിൽ അത് പരിശോധിക്കാം. ഉത്തരവിനകത്ത് ഈ തൊഴിലാളികൾക്ക് കൊടുക്കണം, അല്ല കൊടുക്കണ്ടാ എന്നു പറയുന്നുണ്ടോ എന്ന് പരിശോധിക്കാം. പക്ഷേ ആ ഗവൺമെന്റ് ഉത്തരവ് എന്താണോ അത് കൃത്യമായി തന്നെ നടപ്പിലാക്കും. അതിലെന്തെങ്കിലും വീഴ്ച വരുത്തുന്നുണ്ടോ എന്നും പരിശോധിക്കും. ഞാൻ പറയുകയാണ് ഗവൺമെന്റിന്റെ ഉത്തരവ് കൃത്യമായിട്ടും നടപ്പിലാക്കും. അതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കും."

ശ്രീ. ബിബിൻ. പി. ചാക്കോ: " ഒരു ഉപസമിതിയെ വെയ്ക്കുകയാണെങ്കിൽ നന്നായിരിക്കും."

ഡോ. എ. അനിൽ കുമാർ : " ഓരോ കാര്യത്തിനും നമുക്ക് സമിതിയെ വയ്ക്കണ്ടല്ലോ. അത് രജിസ്ട്രാർ ചെയ്താൽ മതിയല്ലോ. രജിസ്ട്രാർക്ക് പരാതി കൊടുത്തിട്ടുണ്ടല്ലോ. അതു തീർച്ചയായിട്ടും നമ്മൾ follow up ചെയ്തോളാം."

അദ്ധ്യക്ഷൻ : " We will examine this. So let us actually now conclude the question answer. We will take up urgent resolutions and replies. I request convenor to read out the...."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " ഇതിൽ അടുത്ത Agenda യിലേയ്ക്ക് കടക്കുന്നതിനു മുൻപേ നമ്മൾ ചോദ്യോത്തര വേള ഒരു പൊതു ചർച്ചയായും, പൊതു സംവാദമായും

മാറുന്നത് എങ്ങനെയാണെന്ന് അറിയില്ല. ചോദ്യോത്തര വേള ചട്ട പ്രകാരം നടത്താൻ വേണ്ടിയുള്ള ശ്രദ്ധ ഉണ്ടാകണമെന്നാണ് ഒരു അഭ്യർത്ഥന."

അഡ്വ. രാജൻ എം.എൽ.എ : " ചോദ്യം ഉന്നയിച്ച ആൾ തന്നെ ഇടപെട്ടാൽ മതി."

അദ്ധ്യക്ഷൻ : " I agree, thats what we need to be have some constructive discussion over the question and replies given. I also agree and thanks for your time and move to the next, Urgent Resolution and reply."

ശ്രീ. കെ.ഡി. ബാബു: " ചോദ്യ കർത്താവ് മാത്രം പറയുന്നത് ശരിയാവില്ല. കാരണം ഒരു conclusion എത്തണമെങ്കിൽ ഡിസ്കഷൻ തന്നെ വേണ്ടി വരും."

അദ്ധ്യക്ഷൻ : " No, No... I fully agree with that constructive discussion. Thats what I put in diplomatic constructive discussion."

ശ്രീ. സി.എച്ച്. മുത്തു : " അല്ല സർ, നമ്മുടെ ജനറൽ കൌൺസിലിൽ ഏതാണ്ട് ഒരു 125 ന് ശേഷം വിചിത്രമായ കാര്യങ്ങൾ നടന്നിട്ടുണ്ട് സർ. ഇപ്പോൾ നമ്മുടെ ഒരു ജനറൽ കൌൺസിലിൽ സബ് കമ്മിറ്റി ഉണ്ട്. Assurance Committee എന്നു പറഞ്ഞ്. ഈ Assurance Committee യിൽ വരണമെങ്കിൽ ജനറൽ കൌൺസിലിൽ തീരുമാനം ഇല്ല. നമ്മൾ വെറുതേ ഞാൻ പറഞ്ഞ്, നിങ്ങൾ പറഞ്ഞതൊക്കെ ഇങ്ങനെ വരുകയല്ല. ഒരു തീരുമാനം കൊണ്ടു വന്ന് അത് assurance 123/1, 131/1,131/2 എന്നുള്ള രീതിയിൽ അച്ചടിച്ച് വന്നാൽ മാത്രമേ ഈ വിഷയങ്ങളിൽ അഷ്വറൻസ് കമ്മിറ്റിയ്ക്ക് വരുകയുള്ളൂ. അത് എന്ത് കൊണ്ടാണെന്ന് അറിയില്ല. കുറേ കാലങ്ങളായി അങ്ങനെ ഒരു ജനറൽ കൌൺസിലിലെ ഈ ചർച്ചകൾ, ഈ സംസാരങ്ങൾ അല്ലാതെ കണ്ട് തീരുമാനങ്ങളില്ല. അപ്പോൾ അത് തെറ്റായിട്ടുള്ള അത് , എന്നിട്ടോ നമ്മുടെ നടപടി ക്രമങ്ങളിൽ വരുമ്പോൾ ചില താൽപര്യമുള്ള കാര്യങ്ങൾ നടപ്പിലാക്കുകയും മറ്റ് ചില താൽപര്യമില്ലാത്ത കാര്യങ്ങളാകട്ടെ അത് തീരുമാനം ഇല്ല എന്ന് മുകളിൽ എഴുതും. അത് ഒരിക്കലും ശരിയല്ല. ഇപ്പോൾ സാർ പറഞ്ഞ വാക്കുകൾ ഓരോന്നും അഷ്വറൻസാണ്. സഭയ്ക്ക് നൽകിയ ഉറപ്പാണ്. ഈ ഉറപ്പുകൾ പാലിക്കപ്പെടേണ്ടതാണ്. പാലിക്കപ്പെട്ടില്ലെങ്കിൽ എന്തു കൊണ്ട് പാലിക്കപ്പെട്ടില്ല എന്ന് അടുത്ത് കൂടുന്ന സഭയിൽ പറയാൻ ബാദ്ധ്യസ്ഥരാണ്. അത് പരിശോധിക്കപ്പെടേണ്ടത് അഷ്വറൻസ് കമ്മിറ്റിയാണ് ഞങ്ങൾ. ചെയർമാന് അറിയാം. ബഹു. എം.എൽ.എ ഒക്കെ ഉണ്ട്. അത് ഇവിടെ ഇല്ലാത്തതും, കൂടാത്തതും ആയിട്ടുള്ള ഒരു കമ്മിറ്റിയാണ് അഷ്വറൻസ് കമ്മിറ്റി. അത് പറ്റില്ല...അതു കൊണ്ട് ഈ ജനറൽ കൌൺസിലിൽ എന്തൊക്കെ തീരുമാനിച്ചോ ആ തീരുമാനങ്ങളെല്ലാം one by one ആയിട്ട് അഷ്വറൻസ് എന്നുള്ള രീതിയിൽ നമ്പർ ഇട്ട വരണം."

അദ്ധ്യക്ഷൻ : " Definitely we will do that."

ശ്രീ. വിജയദാസ്. എം.എൽ.എ : " കഴിഞ്ഞ കാലത്ത് ചില പോരായ്മകൾ സംഭവിച്ചിട്ടുണ്ട് എന്നുള്ള കാര്യം സത്യമാണ്. കഴിഞ്ഞ സീസണിൽ അഷ്വറൻസ്കമ്മിറ്റി കൂടിയിട്ടേയില്ല. ഈ ഭരണസമിതിയുടെ കാലാവധിയിൽ അഷ്വറൻസ് കമ്മിറ്റി കൂടും. അതു കൊണ്ടാണ് അഷ്വറൻസ് കമ്മിറ്റിയുടെ ചെയർമാനായി ശക്തനായ ഒരു എം.എൽ.എ യെത്തന്നെ ഇവിടെ തീരുമാനിച്ചിട്ടുള്ളത്. ബഹു. കൃഷ്ണൻ കുട്ടി എം.എൽ.എ യാണ് അഷ്വറൻസ് കമ്മിറ്റി ചെയർമാൻ. തീരുമാനങ്ങളെടുക്കുന്നതിൽ

ചില വൈമുഖ്യങ്ങളും ഉണ്ടായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ അതുണ്ടാവില്ല. കൃത്യമായിട്ട് തീരുമാനങ്ങളുമായും അതോടൊപ്പം തന്നെ കാർഷിക സർവ്വകലാശാലയുടെ ഗവേഷണങ്ങളും അതിന്റെ വൈപുല്യമായിട്ടുള്ള പ്രവർത്തനങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളും അടക്കം സമൂലമായ മാറ്റം നിങ്ങൾക്ക് കാണാൻ സാധിക്കും."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " നൽകിയിട്ടുള്ള അഷ്വറൻസ് മിനിറ്റ്സിന്റെ ഭാഗമായി വരണം. എന്നാലേ കമ്മിറ്റി പിന്നെ പരിശോധിക്കാൻ കഴിയൂ..."

അദ്ധ്യക്ഷൻ : " Definitely I will follow it up."
ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " വാക്കാൽ പറയുന്ന അഷ്വറൻസ് മിനിറ്റ്സിന്റെ ഭാഗമായി വരണം."
അദ്ധ്യക്ഷൻ : " Yes. "

## III. അടിയന്തിര പ്രമേയം

### 1. അടിയന്തിര പ്രമേയം

അവതാരകൻ : ശ്രീ. വസീം ഫജ്ൽ. സി

അനുവാദകൻ : ശ്രീ. അബിൻ ജോർജ്ജ്

2018 ഒക്ടോബർ - നവംബർ മാസങ്ങളിലായി കൊണ്ട് എല്ലാ വിദ്യാർത്ഥികൾക്കും ഉപയോഗപ്പെടുന്ന പോലെ ഒരു Job Fair സംഘടിപ്പിക്കുവാൻ ഈ യോഗം തീരുമാനിക്കുന്നു.

അദ്ധ്യക്ഷൻ : "ഇക്കാര്യം ആലോചിക്കാവുന്നതാണ്. തീർച്ചയായിട്ടും."

### 2. അടിയന്തിര പ്രമേയം

അവതാരകൻ : ഡോ. ബി. സുമ

അനുവാദകൻ : ഡോ. കെ.കെ. സത്യൻ

കേരള കാർഷിക സർവ്വകലാശാലയിൽ ഇ- ഗവേണൻസ് നടപ്പിലാക്കാൻ വേണ്ടി 76 ലക്ഷം രൂപ NIC യ്ക്ക് നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ കാലാവധി 2018 മെയ് മാസത്തിൽ അവസാനിക്കുമ്പോഴും ഇ- ഗവേണൻസ് സർവ്വകലാശാലയിൽ നടപ്പിലാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ ഈ സഭ തീരുമാനിക്കുന്നു.

മറുപടി : E-governance KAU വിൽ നടപ്പിലാക്കിയിട്ടുണ്ട്. NIC യ്ക്ക് നൽകിയ തുക താഴെ പറയുന്ന e-governance module കൾ നടപ്പിലാക്കാൻ ഉപയോഗിച്ചു. Academic & Admission Modules, File flow in Academic & Administration ഈ രണ്ട് module കളിലായി മേൽ പറഞ്ഞിരിക്കുന്ന software തയ്യാറാക്കിയതിന്റെ ഭാഗമായുള്ള Hardware, NIC നൽകിയിട്ടുമുണ്ട്. അത് കൊണ്ട് പ്രസ്തുത തുകയ്ക്കുള്ള സേവനം NIC നടത്തിയിട്ടുള്ളതിനാൽ തുക തിരിച്ചടയ്ക്കേണ്ടതില്ല."

അദ്ധ്യക്ഷൻ : " This is bought to my attention couple of days back. Two offices already done the digitization, Directorate Academic & one more office. Any lapse on the company, we will follow it up as per the agreement signed."

ഡോ.ബി.സുമ: " അല്ല, ഇതിലിപ്പോൾ e-governance നടപ്പിലാക്കി എന്നു പറയുന്നത് ശരിക്കുമത് പൂർണ്ണമായിട്ടതിന്റെ കാര്യങ്ങൾ വന്നിട്ടില്ല. ഇപ്പോൾ അക്കാഡമിക്കിൽ

തന്നെ വന്നിട്ടുണ്ടെന്ന് പറയുമ്പോഴും ആ സോഫ്റ്റ് വെയർ ശരിയായ രീതിയിലല്ല പോകുന്നത്. വീണ്ടും അതിന്റെ side by side ആയിട്ട് അല്ലാതെയും file move ചെയ്യേണ്ട അവസ്ഥയാണ്. അപ്പോൾ നമ്മൾ e-governance എന്ന് ഉദ്ദേശിക്കുമ്പോൾ നമ്മുടെ ജോലി ഭാരം കുറയ്ക്കുക എളുപ്പം കാര്യങ്ങൾ നടത്തുക എന്നുള്ളതാണ്. ആ സോഫ്റ്റ് വെയർ അത്രയും ഒരു efficient അല്ല എന്നുള്ളതാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ശരിക്കും സോഫ്റ്റ് വെയറിന്റെ ഗുണനിലവാരത്തെ അല്ലെങ്കിൽ അതിന്റെ ഉപയോഗത്തെ കുറിച്ചൊക്കെ സംശയങ്ങളുണ്ട്. അതു കൊണ്ടാണ് ഞാൻ ഇങ്ങനെയൊരു അടിയന്തിര പ്രമേയം കൊണ്ടു വന്നത്. "

ഡോ. എ. അനിൽ കുമാർ : " അല്ല, 75 lakh ചിലവാക്കിയെന്നല്ലേ പറയുന്നത്. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് . എന്തു കൊണ്ടാണ് e-governance നടപ്പിലാക്കിയില്ലാന്നുള്ളത് അത് തീർച്ചയായിട്ടും കമ്മിറ്റിയെ വച്ച് പരിശോധിക്കാം."

ഡോ. ബി. സുമ: " യൂണിവേഴ്സിറ്റിയിൽ e-governance നടപ്പാക്കിയിട്ടില്ല."

ഡോ. എ. അനിൽ കുമാർ : " ഒരു കമ്മിറ്റി വച്ച് പരിശോധിക്കാം. ഇപ്പോൾ ഭരണസമിതി തീർച്ചയായും അത് പരിശോധിക്കുന്നതാണ്."

ഡോ. ബി. സുമ: " അത് പരിശോധനയ്ക്ക് വിധേയമാക്കേണ്ട വിഷയമാണ്."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " " സോഫ്റ്റ് വെയർ കൊടുക്കുന്നതിനു മുൻപ് ഈ department എല്ലാ തരത്തിലുള്ള ചർച്ച ചെയ്ത് ഇതെല്ലാം ആവശ്യപ്പെടണം എന്നുള്ളത്..."

ഡോ. ബി. സുമ: " ഇവിടെ അങ്ങനെ വളരെ വിശദമായ ചർച്ചകൾ..."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " പിന്നെങ്ങനെയാ സോഫ്റ്റ് വെയർ നിങ്ങൾ ഉണ്ടാക്കുന്നേ?"

ഡോ. ബി. സുമ: " സോഫ്റ്റ് വെയർ വേറൊരു ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്." '

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " ഏജൻസിക്ക് കൊടുക്കുന്നതിനു മുൻപ് തന്നെ നിങ്ങൾക്ക് ഓരോ ഡിപ്പാർട്ട്മെന്റിനോടും എന്താണോ നിങ്ങളുടെ ആവശ്യം എന്ന് പറഞ്ഞ് ഒരു വ്യക്തമായ...."

ഡോ. ടി. പ്രദീപ് കുമാർ : " ഇത് NIC കൊടുത്ത സോഫ്റ്റ് വെയർ ആണ്. ഈ സോഫ്റ്റ് വെയർ ആണ് എല്ലാ ഡിപ്പാർട്ട്മെന്റുകളും ഉപയോഗിക്കുന്നുണ്ട്. Unfortunately കാർഷിക സർവ്വകലാശാലയിൽ ഇത് പൂർണ്ണമായും ഉപയോഗിക്കാൻ പറ്റിയിട്ടില്ല.ഇത് ഈ വിഷയം ഭരണസമിതി പരിശോധിച്ചിട്ട് അതിന് തീരുമാനിക്കും."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " ചോദ്യം എന്താണെന്ന് മനസ്സിലാക്കണം. നിങ്ങളൊരു സോഫ്റ്റ് വെയർ കൊടുക്കുമ്പോൾ നിങ്ങളുടെ needs, നിങ്ങളുടെ ആവശ്യങ്ങൾ അതെന്താണെന്ന് കൊടുത്തിട്ടുണ്ടാവും. എന്നിട്ടല്ലേ അവർ അത് പ്രോഗ്രാം ചെയ്തെടുക്കാൻ പറ്റൂ..."

ഡോ. ബി. സുമ: " Software is common."

ഡോ. ടി. പ്രദീപ് കുമാർ : " ഇത് 2011 -ൽ കൊടുത്തതാണ്."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " ഏത് സമയത്ത് കൊടുത്താലും നിങ്ങളുടെ ആവശ്യമുള്ളതെന്താണെന്ന് നിങ്ങളവർക്ക് വ്യക്തമായി മനസ്സിലാക്കി കൊടുക്കണ്ടേ. നിങ്ങളുടെ need എന്തൊക്കെയാണ്?"

ഡോ. ബി. സുമ: " ഇതൊരു General Software എന്നാണ്."

അദ്ധ്യക്ഷൻ : " What is our requirements each officer has given."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " need കൊടുത്താണ്. അങ്ങനെ agreement വെയ്ക്കുമ്പോൾ അങ്ങനെയാണ് agreement വെയ്ക്കുന്നത്."

അദ്ധ്യക്ഷൻ : " Yes, thats why we need to go by the agreement whether it is executed."

ഡോ. എ. അനിൽ കുമാർ : " അന്നത്തെ സാഹചര്യവും അത് എന്തനുസരിച്ചാണ് കൊടുത്തിട്ടുള്ളത് എന്ന് പരിശോധിക്കാം."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " തെറ്റായിരിക്കാം കൊടുത്തിട്ടുള്ളത്."

ഡോ. എ. അനിൽ കുമാർ : " തെറ്റായിരിക്കാം കൊടുത്തിട്ടുള്ളത്. അത് പരിശോധിക്കണം. അന്ന് എന്താണ് ചെയ്തിരിക്കുന്നതെന്ന് പരിശോധിക്കണം."

ഡോ. ബി. സുമ: " അതിനെ കുറിച്ച് നമുക്കറിയില്ല. ഇപ്പോൾ എന്തു പറഞ്ഞാൽ സോഫ്റ്റ് വെയർ ശരിയായ രീതിയിലല്ല പോകുന്നത്."

ഡോ. എ. അനിൽ കുമാർ : " അതിപ്പോൾ നമ്മൾ അടിയന്തിര പ്രമേയമായി വന്നതു കൊണ്ട് അത് പരിശോധിച്ചിട്ടേ പറയാൻ പറ്റുകയുള്ളൂ..."

ഡോ. ബി. സുമ: " കമ്മിറ്റി വെച്ച് പരിശോധിക്കണം."

ഡോ. എ. അനിൽ കുമാർ : " എന്തായാലും അത് പരിശോധിക്കും ഭരണസമിതി."

അദ്ധ്യക്ഷൻ : " We will form a committee to examine the e-governance issue and submit a report. " **Assurance - 3.**

**3. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. കെ. കൃഷ്ണൻ കുട്ടി എം.എൽ.എ

അനുവാദകൻ : ഡോ. ബി. സുമ

കാർഷിക സർവ്വകലാശാലാ ഗവേഷണ വിഭാഗം പുന:സംഘടിപ്പിക്കണം.

ബേയർ കമ്പനിയും മോൺസാന്റോ കമ്പിയിയും ലയിച്ച് ഒന്നാകുവാൻ തീരുമാനിക്കുകയും ആയത് നടപ്പിൽ വരുകയുമാണ്. ഇങ്ങനെ ഒന്നാകുമ്പോൾ അത് ഭക്ഷ്യം, പരിസ്ഥിതി, കൃഷി എന്നീ മേഖലകളിൽ ഏതു തരത്തിലുള്ള സ്ഥായിയായ മാറ്റങ്ങൾക്കും ശേഷിയുള്ളതാകും.

ഇതിന്റെ ഫലമായി ഈ പുതിയ കമ്പനി ലോകത്തിലെ ഏറ്റവും വലിയ പച്ചക്കറി വിത്ത് കമ്പനി, ഏറ്റവും വലിയ പരുത്തി വിത്ത് കമ്പനി, ലോകത്തിലെ ഏറ്റവും വലിയ

കളനാശിനി , കീടനാശിനി നിർമ്മാതാക്കളും വിപണനക്കാരും ,ലോകത്തിലെ ഏറ്റവും വലിയ ഇന്റലക്ച്വൽ പ്രോപ്പർട്ടി പേറ്റന്റ് ഉടമകളും ആയിത്തീരും. ലോകത്തിലെ വിത്തുകൾ സംബന്ധമായ ഏറ്റവും വലിയ ഗവേഷകരും ഇവരായിരിക്കും.

ഡിജിറ്റൽ ഫാമിംഗിലും ഇവർ മുന്നേറിക്കഴിഞ്ഞു. വൻകിട ഫാമിംഗ് നടത്തുന്നതിനുള്ള ടെക്നോളജികൾ ആണ് ഇവർ ഉണ്ടാക്കുന്നതും പ്രചരിപ്പിക്കുന്നതും. അങ്ങനെ ചെറുകിട കർഷകൻ നിരാലംബനായി രംഗം വിടും.

Big Data, large amount of highly variable data
Monsanto Climate Corporation .
Digital Planting -

ഇത്തരത്തിൽ Digital Planting യന്ത്രങ്ങൾ അടക്കം ഉൾപ്പെടുത്തിയുള്ള കൃഷി നടക്കുമ്പോൾ നമ്മുടെ സർവ്വകലാശാലയുടെ സ്ഥിതി എന്ത്? എവിടെ നിൽക്കുന്നു എന്ന് നമ്മൾ വിലയിരുത്തണം. നമ്മൾ ഈ രംഗത്ത് കാലത്തിനനുസരിച്ചുള്ള ഗവേഷണം അല്ല നടത്തുന്നത്. ഇവിടെ ഗവേഷണത്തിന് വേണ്ടി ഗവേഷണം നടത്തുകയാണ്.

വിശേഷപ്പെട്ട ഒരു വിളയിനങ്ങളും അടുത്ത കാലത്തൊന്നും പുറത്തിറക്കിയിട്ടില്ല. ഇറക്കിയവയാകട്ടെ വന്ന വേഗത്തിൽ അപ്രത്യക്ഷമായി. ജ്യോതി, ഉമ, തുടങ്ങിയ നെൽ വിത്തുകൾ പുറത്തിറക്കി പതിറ്റാണ്ടുകൾ ആയി പിന്നീട് അതിനേക്കാൾ ശേഷിയും മേൻമയും ഉള്ള ഇനങ്ങൾ പുറത്തിറക്കാൻ ആയില്ല.

ഗവേഷണ രീതിയിൽ തന്നെ ആകെ പന്തികേടുണ്ട്. മാറിയ സാഹചര്യങ്ങൾ ഒന്നും മനസ്സിലാക്കാൻ ശ്രമിക്കാതെ ചട്ടപ്പടി ഗവേഷണവുമായി പോകുന്ന സർവ്വകലാശാല അത് തിരുത്തിയേ തീരൂ...കർഷകനടക്കം സമൂഹം കഷ്ടപ്പെട്ട് നൽകുന്ന നികുതിപ്പണം കൊണ്ടും പ്രവർത്തിക്കുന്ന സർവ്വകലാശാല ഇതൊന്നും ശ്രദ്ധിക്കാതെ തോന്നിയ വഴിയേ പോകുകയാണ്.

ആയതിനാൽ ഗവേഷണ രംഗത്തെ ഈ അപകടങ്ങൾ മനസ്സിലാക്കി ദിശമാറ്റി പ്രവർത്തിക്കാനും കർഷകരെ ബഹുരാഷ്ട്ര കൃഷി ഭീമൻമാരുടെ ചൂഷണത്തിന് വിടാതെ രക്ഷപ്പെടുത്തുന്നതിനും സാധ്യമായ ഗവേഷണം നടത്തുവാൻ പ്രാപ്തമാക്കത്തക്ക വിധത്തിൽ സർവ്വകലാശാലയുടെ ഗവേഷണ വിഭാഗം പുന:സംഘടിപ്പിക്കുവാൻ നടപടി ഉണ്ടാക്കുമെന്ന് ഈ സഭ തീരുമാനിക്കുന്നു.

മറുപടി : " ഇത്തരത്തിലുള്ള ആഗോള ശക്തികളുടെ സാന്നിദ്ധ്യം നേരിടുന്നതിനായി സർവ്വകലാശാലയുടെ ഗവേഷ്ണ രംഗത്ത് കാതലായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. പ്രാദേശിക വിത്തുകളുടെ സംരക്ഷണത്തിലൂടെയും അവയുടെ മികച്ച improvement ലൂടെയും സർവ്വകലാശാല ഉരുത്തിരിച്ചെടുക്കുന്ന നൂതന സാങ്കേതിക വിദ്യകളിലൂടെയും നമ്മുടെ കർഷകരെ പ്രാപ്തരാക്കുക എന്നതാണ് ഇപ്പോൾ സർവ്വകലാശാല നടപ്പിലാക്കുന്ന ഗവേഷണ നയം. 2017 ൽ മാത്രം സർവ്വകലാശാല

25 പുതിയ ഇനങ്ങൾ പുറത്തിറക്കുകയുണ്ടായി. ഇതിൽ വളരെ വ്യാപകമായി കൃഷി ചെയ്തു വരുന്ന ജ്യോതി നെൽ വിത്തിനത്തെ ഓരു വെള്ള ഭീഷണിയുള്ള പ്രദേശങ്ങളിൽ കൂടി കൃഷി ചെയ്യാൻ പ്രാപ്തമാക്കുന്ന തരത്തിൽ ഏറ്റവും പുതിയ ടെക്നോളജി ഒരു പക്ഷേ ഇന്ത്യയിൽ ആദ്യമായിത്തന്നെ പ്രയോഗത്തിൽ വരുത്തിക്കൊണ്ട് കർഷകർക്കനുകൂലമായ സാഹചര്യം ഉണ്ടാക്കാൻ സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്. ഇതു കൂടാതെ നൂതന നാനോ ടെക്നോളജി ഉൾപ്പെടെയുള്ള നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഉൽപാദനോപാധികളുടേയും സസ്യ സംരക്ഷണോപാധികളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ആ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുകയും ചെയ്തു കൊണ്ട് സർവ്വകലാശാല ഈ രംഗത്ത് പ്രാദേശിക വിഭവങ്ങളുടെ ശേഷി വികസനം കൂടി നടത്തുകയാണ് . ഇതിലൂടെ അന്താരാഷ്ട്ര മൂലധന ശക്തികളുടെ അധിനിവേശത്തെ തടയാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ പരമ്പരാഗത അറിവുകളുടേയും നൂതന സാങ്കേതിക വിദ്യകളുടേയും patenting ഉം ഭൌമ സൂചിക മുതലായ രംഗങ്ങളിലും intellectual property right protect ചെയ്യുന്നതിലും സർവ്വകലാശാല അതീവ ശ്രദ്ധ പുലർത്തുന്നുണ്ട്."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " ഞാനിത് പറയാൻ കാരണം അനുഭവത്തിൽ നിന്നാണ്. എന്താന്നു വെച്ചാൽ ഇനി മുഴുവൻ ഇവരെ depend ചെയ്യേണ്ട സ്ഥിതിയാണ്. അത് നമുക്ക് എങ്ങനെ മറി കടക്കാൻ സാധിക്കും എന്നെനിക്കറിയില്ല. ഏകദേശം ഈ കമ്പനികൾ ലയിച്ച വരുമ്പോൾ 600 ൽ കൂടുതൽ patent ആയിട്ട് . അപ്പോൾ പിന്നെ മറ്റൊന്നും ഇല്ല. നമുക്കിനി വളരെ കുറച്ച് സാധനങ്ങളേ നമ്മുടെ കയ്യിലുള്ളൂ. ഇതിന്റെ ഇപ്പോൾ വില 175 രൂപ ഉള്ളത് 700 രൂപയായി. 750 രൂപയുള്ളത് 4000, 5000 ആയി കഴിഞ്ഞു. അവർ ഇത് complete കയ്യടക്കുന്ന അവസ്ഥയിൽ വരുമ്പോൾ സർവ്വകലാശാല ഇത് നോക്കിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ ഇത് മാറിയേ പറ്റൂ. നമുക്ക് നമ്മുടെ കൃഷിക്കാരനെ സംരക്ഷിക്കണമെങ്കിൽ ഈ ഭീമൻമാരുടെ കൈയ്യിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ നമ്മുടെ ഗവേഷണ വിഭാഗം ഈ തരത്തിൽ ഇങ്ങനെ പറഞ്ഞാൽ ഇത് ശരിയല്ല. Hybrid വിത്തുകൾ എവിടെയാ ഉള്ളത് നമ്മുടെ കയ്യിൽ ? ഒരു ഹെക്ടറിൽ 50 ടൺ വിളയിക്കുന്ന തക്കാളി അവിടെ വരുമ്പോൾ നിങ്ങളിവിടെ വിത്ത് 2 ടൺ, 3 ടൺ ആയി നൽകുമ്പോൾ കൃഷിക്കാരന് വാങ്ങിക്കാണ്ട് പറ്റില്ലല്ലോ. കൃഷിക്കാരൻ അതേ വാങ്ങിക്കുകയുള്ളൂ. അത് വാങ്ങിക്കുമ്പോൾ എങ്ങനെ പിന്നെ ഈ വിത്തുകളൊന്നും. ഇപ്പോൾ ഞങ്ങളുടെ ഭാഗത്താണ് ഏറ്റവും നല്ല പച്ചക്കറി ചെയ്യുന്നത്. ഞങ്ങൾ മുഴുവൻ അവിടെ മുഴുവനുള്ള കൃഷിക്കാർ hybrid ആണ് ചെയ്യുന്നത്. യൂണിവേഴ്സിറ്റിയുടെ വിത്ത് എവിടെയാ അവിടെ കാണുന്നത്?യൂണിവേഴ്സിറ്റിയുടെ ഗവേഷണം ഇല്ല. അപ്പോൾ അവരുടെ കൈയ്യിൽ അവർ അടിമയാകുന്ന ഒരു സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അതു മാത്രമല്ല കീടനാശിനി പ്രയോഗം, climate പോകുന്നു. Data മുഴുവൻ അവരുടെ കൈയ്യിലേക്കാകുന്നു. Digital farming വരുകയാണ്. അതിന്റെ കൂടെയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് contract farming ന്റെ bill ഉം വരികയാണ്. അപ്പോൾ ഇതു മുഴുവൻ ചെറുകിട കൃഷിക്കാരനെ

ഇവിടെ ഇല്ലാതാക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് പോകുമ്പോൾ നമ്മുടെ തനതായ ഗവേഷണ സ്ഥാപനങ്ങൾ പുതിയ hybrid ഉണ്ടാക്കാൻ ഒന്നും ശ്രമിക്കുന്നേ ഇല്ല. ഇപ്പോൾ IHR ന്റെ ബാംഗ്ലൂർ ഉള്ള തക്കാളിയുണ്ടാക്കുകയാണ് ' അർക്ക '. അത് നല്ല, അതിന് ശേഷം വേറൊന്നും ഉണ്ടാക്കിയിട്ടില്ലല്ലോ അല്ലേ? അങ്ങനെയുള്ള ഗവേഷണം ഉണ്ടാകുണ്ടേ? അത് ഉണ്ടാക്കില്ലയെങ്കിൽ എങ്ങനെ യൂണിവേഴ്സിറ്റി തന്നെ നിലനിൽക്കുക. ഇത് കുറച്ച് കഴിഞ്ഞാൽ യൂണിവേഴ്സിറ്റി ആവശ്യമില്ലല്ലോ. അതിന് കമ്പനി അല്ലേ ഉണ്ടാകുകയുള്ളൂ..."

ഡോ. ടി. പ്രദീപ് കുമാർ : " ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ Hybrid കൾ ഉണ്ടാക്കാൻ സർവ്വകലാശാല തുനിയുന്നില്ല എന്നത് തെറ്റാണ്. ഇന്നലെ തന്നെ പെരുമാട്ടിയിൽ നിന്ന് പ്രേംജിത്ത് എന്ന് പറഞ്ഞൊരു കർഷകൻ ഇവിടെ വന്നിട്ട് തെക്കേ ഇന്ത്യയിൽ നമ്മുടെ Poly House -ൽ വളരുന്ന കക്കിരിയിൽ സങ്കരയിനം നമ്മൾ മാത്രമേ ഉണ്ടാക്കിയിട്ടുള്ളൂ... KPCH 1 അത് ഇത്രയും കാലം കുത്തക കമ്പനികളുടെ മാത്രം ഭൌതിക അവകാശമായിരുന്നു. ആദ്യമായിട്ട് കേരള കാർഷിക സർവ്വകലാശാലയാണ് ഈ ഹൈബ്രിഡ് ഉണ്ടാക്കിയത്. ഇതേ പോലെ എല്ലാ വിളകളിലും ഹൈബ്രിഡുകൾ ഉണ്ടാക്കാനായിട്ടുള്ള ..."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " ഒറ്റ മിനിറ്റ്. Hybrid കുക്കുമ്പറും, നിങ്ങളുടേയും കൂടി വച്ച് കഴിഞ്ഞാൽ ആരുടേയാ വാങ്ങിക്കുക?"

ഡോ. ടി. പ്രദീപ് കുമാർ : " 10 % കൂടുതൽ വിളവാണ് ഈ KPCH -1 ന് ഏറ്റവും കൂടുതൽ ആയിട്ട്. ഞാനിത് വെറുതേ പറയുന്നതല്ല. ഗുജറാത്തിൽ നിന്നും മദ്ധ്യ പ്രദേശിൽ നിന്നും ഒക്കെ തന്നെ കൂടുതൽ ആളുകൾ KPCH -1 വന്ന് വാങ്ങുന്ന സ്ഥിതി വന്നിട്ടുണ്ട്. ഞാൻ ഒരു ഉദാഹരണം മാത്രമാണ് പറഞ്ഞത്. ഹൈബ്രിഡുകൾ പച്ചക്കറിയിൽ വികസിപ്പിക്കുന്നതിന് ഏറ്റവും മികച്ച ഗവേഷണ യത്നങ്ങൾ ഇപ്പോൾ നടക്കുകയാണ്, പാവലിൽ നടക്കുകയാണ്, തക്കാളിയിൽ നടക്കുകയാണ്, മുളകിൽ നടക്കുന്നുണ്ട്. അത് നമ്മൾ പദ്ധതി പ്രവർത്തനങ്ങൾക്കടക്കം തുക വകയിരുത്തിയിട്ടുണ്ട്. മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. കുത്തക കമ്പനികളുടെ ഒരു പിടിയിലാണ് കർഷകർ. അവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിൽ നേരത്തേ പറഞ്ഞ അർക്ക രക്ഷക്, ഈ അർക്കാ രക്ഷക് IHR ഇറക്കി. പക്ഷേ ഈ അർക്കാ രക്ഷക് കേരളത്തിലെ മണ്ണിൽ യോജിക്കുന്നില്ല. ഇവിടെ wilt വരുന്നുണ്ട്. അപ്പോൾ അതിനു വേണ്ടിയിട്ടുള്ള തീവ്ര യജ്ഞ പരിപാടികൾ ഞങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " നമ്മൾ ഇറക്കിയത് എവിടെ? അതാണ് ഞാൻ പറഞ്ഞത്. ഇത്രയും കാലമായിട്ട് ഈ യൂണിവേഴ്സിറ്റി ഉണ്ടായിട്ട് എത്രയെണ്ണം ഇറക്കി നിങ്ങൾ?"

ഡോ. ടി. പ്രദീപ് കുമാർ : " 57 ഇനങ്ങൾ പച്ചക്കറിയിൽ ഇറക്കിയിട്ടുണ്ട്."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " എവിടെ അത് ഫീൽഡിൽ ഇല്ലല്ലോ?"

ഡോ. ടി. പ്രദീപ് കുമാർ : " അങ്ങനെ പറയരുത്. കേരളത്തിലെ ഇപ്പോൾ പറഞ്ഞതു പോലെ പഴയന്നൂരിലെ കർഷകർ പറഞ്ഞു. ഇപ്പോൾ പ്രീതി എന്ന് പറയുന്ന പാവൽ

ആണ് കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത്. ഈ പ്രീതി പാവൽ ഇറക്കിയിരിക്കുന്നത് കേരള കാർഷിക സർവ്വകലാശാലയാണ്. ഉമ എന്ന നെൽ വിത്ത് ഇറക്കിയിരിക്കുന്നത് കേരള കാർഷിക സർവ്വകലാശാലയാണ്."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " അത് ഞാൻ പറഞ്ഞല്ലോ. അതിൽ പറഞ്ഞിട്ടുണ്ടല്ലോ അത് കഴിഞ്ഞ ശേഷം എവിടെ ? "

ഡോ. ടി. പ്രദീപ് കുമാർ : " അത് ഉമയുടെ കൂടുതൽ നല്ല version ഞങ്ങൾ...പക്ഷേ..."

ശ്രീ. കൃഷ്ണൻ കുട്ടി, എം.എൽ.എ : " ഞാൻ ഈ മൽസരത്തിൽ നിങ്ങളെ digital farming വരുന്നു. ഇതൊക്കെ വരുകയല്ലേ, അവരുടെ കൈയ്യിൽ എല്ലാ data യും കൈയ്യിലായിക്കഴിഞ്ഞു."

ശ്രീ. കുഞ്ഞമ്മദ് കുട്ടി : " ഇതിൽ ഈ പ്രമേയത്തിൽ പ്രസക്തമായൊരു വിഷയം ഈ corporate കളുടെ കടന്നു കയറ്റത്തെ ചെറുക്കുന്നതിന് വേണ്ടി ഇന്നത്തെ സംവിധാനം പോരാ എന്നതാണ് ഗൗരവകരമായ വിഷയം. അതാണ് അതിനെ ചുരുക്കം അതിന് വലിയ രൂപത്തിലുള്ള സംവിധാനം ഒരുക്കേണ്ടി വരും. അത് കാർഷിക സർവ്വകലാശാലാ സർക്കാർ നയവും കാരണം കേന്ദ്ര നയവും അവർക്ക് അനുകൂലമാണ്. അത് വല്യ ഘടകമാണ്. അപ്പോൾ നമുക്ക് ചെറിയ രൂപത്തിലൊന്ന് നീങ്ങിക്കഴിഞ്ഞാൽ പ്രതിരോധിക്കാൻ...."

ഡോ. ടി. പ്രദീപ് കുമാർ : " തീർച്ചയായും അത് വലിയ ഒരു പ്രശ്നം തന്നെയാണ്."

ഡോ. എ. അനിൽ കുമാർ : " വളരെ പ്രധാനപ്പെട്ടത് ആണ് നമുക്കതിൽ ഇടപെടൽ വേണം."

അദ്ധ്യക്ഷൻ : " What ever Hon' ble MLA bought this point is very valid and it is of recent development definitely we will take it very seriously & revisit our research strategy. So that our farmers are protected from these multinational companies."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " ഗവൺമെന്റുമായി ഒരു discussion നടത്തി ഇതിനുള്ള ഗവേഷണത്തിന് പ്രത്യേകമായി ഫണ്ട് അനുവദിക്കണം. അത് കൊണ്ടാണ് ഞാനീ പറയുന്നത്."

ഡോ. ബി. സുമ : " തീർച്ചയായിട്ടും."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " ഞാൻ അതു കൊണ്ടാണ് പറയുന്നത്. നിങ്ങളെ മോശമാക്കാൻ പറയുന്നതല്ല. നിങ്ങൾക്കതിൽ നിൽക്കണ്ടേ. ഇപ്പോൾ നമ്മുടെ സയന്റിസ്റ്റുകൾ തന്നെ IHR ൽ പോയി നല്ല മിടുക്കൻമാർ, ഇവിടെ പഠിച്ച കുട്ടികളല്ലേ അവിടെ പോയി ചെയ്തിരിക്കുന്നത്. അതു പോലെ നമുക്കിവിടെ ചെയ്യാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കണ്ടേ?

അദ്ധ്യക്ഷൻ : " Good suggestion."

ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " അതിനു വേണ്ടിയിട്ടാ ഞാൻ പറഞ്ഞത്. അതല്ല ഈ contract farming വന്നതോടു കൂടി ഉണ്ടാകാൻ പോകുന്ന അപകടത്തെ

കൃഷിക്കാരന്റെ ഭൂമിയേ പോകും. അപ്പോൾ, contract farm ന്റെ ബിൽ വന്നതിൽ കൃഷിക്കാരന്റെ ഭൂമിയേ പോകോൻ പോകുകയാണ്. അപ്പോൾ അത് ആരാ ഉപയോഗിക്കുക. ഈ കമ്പനികൾ ആയിരിക്കും ഉപയോഗിക്കുക. അപ്പോൾ ഈ പ്രമേയം അംഗീകരിച്ച അല്ലേ. അപ്പോൾ ഈ ഇത് ഗവൺമെന്റുമായി ഒരു discussion കൂടി വേണമെന്നാ പറയുന്നത്."

ഡോ. ഇന്ദിരാ ദേവി (രജിസ്ട്രാർ ): Ok. Government മായി ഒരു discussion ശേഷം ഇക്കാര്യത്തിൽ..."

അദ്ധ്യക്ഷൻ : " We will accept that. A very good suggestion. We will take it forward." **Assurance - 4**

**4. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. ബാബു. കെ.ഡി

അനുവാദകൻ : ഡോ. തോമസ് ജോർജ്ജ്

കേരള കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക ഇടപാടുകൾ എല്ലാം ട്രഷറി സേവിങ്സ് ബാങ്ക് അക്കൌണ്ടിലൂടെ നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ള സർക്കാർ ഉത്തരവ് സർവ്വകലാശാലയുടെ സ്വയം ഭരണ അധികാരത്തിൻമേലുള്ള കടന്നു കയറ്റവും, സർവ്വകലാശാലയെ ഒരു സാധാരണ സർക്കാർ വകുപ്പിന്റെ സ്ഥിതിയിലേയ്ക്ക് തരം താഴ്ത്തുന്നതുമാണ്.

കാർഷിക സർവ്വകലാശാലയുടെ സ്വയം ഭരണാധികാരം നിലനിർത്തുന്നതിനും, സർവ്വകലാശാലയുടെ ഗവേഷണ / വിദ്യാഭ്യാസ / വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് അവശ്യം വേണ്ട ഫണ്ടനുവദിക്കുന്നതിന് ട്രഷറികളെ ആശ്രയിക്കേണ്ട ഗതികേട് ഒഴിവാക്കുന്നതിനും സർവ്വകലാശാല ഇപ്പോൾ തുടർന്നു കൊണ്ടിരിക്കുന്ന ബാങ്കിംഗ് സമ്പ്രദായം നിലനിർത്തണമെന്ന് ഈ സഭ തീരുമാനിക്കുന്നു.

അദ്ധ്യക്ഷൻ : " We need to follow the G.O in this respect and there is any problem difficulty they will help. That was promise the Finance Secretary gave to us when we discussed with him ."

ശ്രീ. ബാബു. കെ.ഡി : " അല്ല, ഇതിൽ പ്രധാന വിഷയം എന്നു പറയുന്നത് ഈ ട്രഷറി സംവിധാനം വരുന്നതു കൊണ്ട് പ്രശ്നമൊന്നുമില്ല. അത് നമുക്ക് ഏറ്റെടുക്കാവുന്നത് തന്നെ.

പക്ഷേ ഇന്നത്തെ കേരളത്തിലെ സ്ഥിതി ട്രഷറിയെ യൂണിവേഴ്സിറ്റി ആശ്രയിക്കാന്നു വെച്ചാൽ നമ്മുടെ വിദ്യാഭ്യാസ വിജ്ഞാപന ഗവേഷണ പ്രവർത്തനങ്ങളെ അത് ബാധിക്കുമെന്നുറപ്പാണ്. ഉദാഹരണത്തിന് ഇപ്പോൾ വന്ന plan amount മാറി കിട്ടുന്നതിന് വേണ്ടി എത്ര തവണ ട്രഷറിയിലേയ്ക്ക് നടക്കേണ്ടി വരുമെന്നുള്ളത്

ഇവിടുത്തെ Comptroller ടെ Office ൽ ഉള്ള ആളുകൾക്ക് മുഴുവൻ മനസ്സിലാകും. ഇത് ഭീകരമാണ്. ഞാനൊരു ഡിപ്പാർട്ട്മെന്റിൽ വർക്ക് ചെയ്തിരുന്ന ആളായതു കൊണ്ടും, ട്രഷറിയിൽ ഒരു ചുവപ്പ് വര ഇല്ലാത്തതിന്റെ പേരിൽ വരെ നമ്മുടെ തുക മുടക്കുന്ന സംവിധാനം നിലനിൽക്കുന്ന പശ്ചാത്തലം ഉണ്ടവിടെ. ആ സാഹചര്യത്തിലാണിന്ന്. നമ്മൾ വലിയ ഒരു കുരുക്കിലേയ്ക്ക് പോകുന്നു. ഇത് നമ്മുടെ ജനറൽ കൌൺസിൽ മുൻ കൂട്ടി കാണണമെന്നാണ് പറയുന്നത്. സർക്കാരിനെതിരെയുള്ള യുദ്ധമൊന്നുമല്ല ഞാൻ പറയുന്നത്. പക്ഷേ ഇപ്പോൾ യൂണിവേഴ്സിറ്റി തുടർന്നു വരുന്ന ബാങ്കിംഗ് സംവിധാനത്തിൽ വലിയ കുറവുകളൊന്നും കാണാനില്ല. കൃത്യ സമയത്ത് നമ്മൾ ശമ്പളം കൈപ്പറ്റാനും മറ്റുമുള്ള ആവശ്യങ്ങൾ നിറവേറ്റാനും നമുക്കിപ്പോഴത്തെ സ്ഥിതിയിൽ സാധിക്കുന്നുണ്ട്. അതിനു വ്യത്യസ്തമായി കൂടുതൽ ദുരക്ഷമായ രീതിയിലേയ്ക്ക് ഈ സർവ്വകലാശാലയെ തള്ളി വിടണോ അതിന് ഒരു ഗവൺമെന്റ് തലത്തിൽ തന്നെ പരിഹാരം കാണാൻ ഇവിടത്തെ നമ്മുടെ ബഹു. വൈസ് ചാൻസിലർ മുൻകൈ എടുക്കണമെന്നാണ് എനിക്കതിൽ പറയാനുള്ളത്."

അദ്ധ്യക്ഷൻ : " Ok, We will examine that."

**5. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. ബാബു. കെ.ഡി

അനുവാദകൻ : ശ്രീ. ബിബിൻ. പി. ചാക്കോ

കേരള കാർഷിക സർവ്വകലാശാലയിലെ ക്ലാസ്സ് IV തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് അടിയന്തിരമായി പ്രസിദ്ധീകരിക്കണമെന്നും, ഒഴിവുള്ള മുഴുവൻ തസ്തികകളിലേയ്ക്കും നിയമന ഉത്തരവ് നൽകണമെന്നും ഈ സഭ തീരുമാനിക്കുന്നു.

മറുപടി:" ഇതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കാൻ ഫയലിൽ ഉത്തരവ് നൽകി കഴിഞ്ഞിട്ടുണ്ട്."

ശ്രീ. ബാബു. കെ.ഡി : " അത് സാർ, time bound ആയി ചെയ്യാനായിട്ട് കാരണം അത്രയും ആളുകൾ അത് കാത്തിരിക്കുന്നു. കാലങ്ങളായി കാത്തിരിക്കുന്നു. യൂണിവേഴ്സിറ്റിയുടെ യശ്ശസ്സിന് ദോഷം വരുത്തുന്ന ഒരു സംഗതിയാണത്. കാലങ്ങളായി നടത്താതെ കേസും കൂട്ടവുമായി...എന്റെ തന്നെയാണ് പ്രമേയം."

ശ്രീ. പി. കെ. ശ്രീ കുമാർ : " അല്ല, എന്റെയും കൂടി പ്രമേയമുണ്ട് അടിയന്തിര പ്രമേയം. രണ്ട് പ്രമേയങ്ങളും കൂടി ഒരുമിച്ചെടുത്താൽ മതി. അല്ല, time bound.സർ ഇത് അടിയന്തിരമായി തന്നെ നടത്തണം സാർ. അടുത്ത എക്സിക്യൂട്ടീവിൽ തന്നെ ഇത് വെയ്ക്കണം. ഈ ലിസ്റ്റ് publish ചെയ്യണം. ഏകദേശം 135 ഓളം vacancy നമുക്ക് കിടക്കുകയാണ്. അത് 2009 -ൽ നമ്മൾ ആപ്ലിക്കേഷൻ ക്ഷണിച്ചതാണ്. 2018

ലാണ് നടക്കുന്നത്. ഈ applicant ഒക്കെ ഒരു പക്ഷേ overage വരെ ആയിക്കാണും സർ. അതു കൊണ്ട് എത്രയും പെട്ടെന്ന് തന്നെ ഇതിനകത്ത് അടുത്ത എക്സിക്യൂട്ടീവിൽ വെച്ച് ലിസ്റ്റ് publish ചെയ്യണം."

അദ്ധ്യക്ഷൻ : " Yes, "

**6. അടിയന്തിര പ്രമേയം**

അവതാരകൻ : ഡോ. തോമസ് ജോർജ്ജ്

അനുവാദകൻ : ശ്രീ. ബാബു. കെ.ഡി

വെള്ളായണി കാർഷിക കോളേജ് ഇൻസ്ട്രക്ഷണൽ ഫാം മേധാവിയടക്കം 4 ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത നടപടി യൂണിവേഴ്സിറ്റി തല അന്വേഷണത്തിൽ കുറ്റവിമുക്തരായി കണ്ടതിനെ തുടർന്ന് പിൻവലിച്ച എങ്കിലും അവരുടെ സസ്പെൻഷൻ കാലാവധി റഗുലറൈസ് ചെയ്ത ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവിറക്കാൻ ഈ യോഗം തീരുമാനിക്കുന്നു.

അദ്ധ്യക്ഷൻ : " We will examine that"

ഡോ. തോമസ് ജോർജ്ജ്: " കഴിഞ്ഞ ജനറൽ കൌൺസിലിലും ഇതു പോലെ എക്സാമിൻ ചെയ്യാമെന്ന് ഉറപ്പ് തന്നതാണ്. ഇതു വരെ അതിന് ഉത്തരവിറക്കിയിട്ടില്ല. ഇനിയും അതിന് further delay ഉണ്ടാകാൻ പാടില്ല."

അദ്ധ്യക്ഷൻ : " I will speed up this one."

ശ്രീ. ബാബു. കെ.ഡി : " അല്ല സർ. അതിൽ time limit കൊടുക്കണം. കഴിഞ്ഞ പ്രാവശ്യം നമ്മൾ കൊടുത്തു. ഇതു വരെയും നടന്നില്ല. നമുക്കൊരു time limit അതിൽ വെയ്ക്കണം. കാരണം വീണ്ടും, വീണ്ടും ഒരേ വിഷയം."

അദ്ധ്യക്ഷൻ : " I have taken this also, will be looked into at the earliest."

**7. അടിയന്തിര പ്രമേയം**

അവതാരകൻ : ഡോ. തോമസ് ജോർജ്ജ്

അനുവാദകൻ : ശ്രീ. ബിബിൻ. പി. ചാക്കോ

കേരള കാർഷിക സർവ്വകലാശാലയിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരായ ഡീൻമാർ, ഡയറക്ടർമാർ മുതലായവരുടെ സ്ഥിര നിയമനത്തിനായിട്ടുള്ള അപേക്ഷകൾ സ്വീകരിച്ചിട്ട് ഒന്നര വർഷമായെങ്കിലും ഇതുവരെ നിയമനം നടത്തിയിട്ടില്ല. അതു പോലെ സർവ്വകലാശാലയിലെ രജിസ്ട്രാർ പദവി കാലങ്ങളായി ഇൻ-ചാർജ്ജ് ഭരണത്തിലാണ്.

സർവ്വകലാശാലയിലെ ഡീൻമാർ, ഡയറക്ടർമാർ, രജിസ്ട്രാർ എന്നീ തസ്തികകളിൽ സ്റ്റാറ്റ്യൂട്ടിനനുസൃതമായി 2 മാസത്തിനകം സ്ഥിര നിയമനം നടത്തുവാൻ ഈ യോഗം തീരുമാനിക്കുന്നു.

മറുപടി : " Deans & Directors -ന്റെ നിയമനത്തിനായി ലഭിച്ച അപേക്ഷകൾ വച്ച് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്."

ഡോ. തോമസ് ജോർജ്ജ്: " ഇപ്പോൾ അപേക്ഷ നൽകി കാത്തിരിക്കുന്ന ആൾക്കാർ അവരുടെ പ്രായ പരിധി കടക്കുന്നതിനു മുൻപ് നിയമനം നടത്തേണ്ടതാണ്."

അദ്ധ്യക്ഷൻ : " I will finish the AP appointment. The number 2 will be University officers."

ശ്രീ. ബാബു. കെ.ഡി : " സർ നമ്മുടെ രജിസ്ട്രാർ ഇതു പോലെ ആ പ്രമേയത്തിൽ രജിസ്ട്രാറുടെ കേസ് കൂടി...ഞാൻ അനുവാദകനാണ്. രജിസ്ട്രാറുടെ കേസ് നമ്മൾ കാലാകാലങ്ങളായി in ന charge ആണ്. അവിടെ ഈ ഇൻ ചാർജ്ജ് ഭരണം കൊണ്ട് ഒരുപാട് കുഴപ്പങ്ങൾ അവിടെ സംഭവിക്കുന്നുണ്ട്. അവർ പല ആളുകളും തന്നിഷ്ട പ്രകാരമാണ് തീരുമാനം എടുക്കുന്നത്. സാറിന് ആദ്യം വന്നപ്പോഴേ കാര്യങ്ങൾ മനസ്സിലായി. തന്നിഷ്ട പ്രകാരം അവരുടെ ഇഷ്ട പ്രകാരം ഉത്തരവിറക്കുകയാണ്. അപ്പോൾ ഗവൺമെന്റ് നമ്മുടെ സ്റ്റാറ്റ്യൂട്ട് നിഷ്കർഷിക്കുന്ന രീതിയിൽ ഗവൺമെന്റിനോട് ഡിസ്കസ്സ് ചെയ്ത് ഒരു IAS ഓഫീസറേയോ, IFS ഓഫീസറേയോ നമ്മുടെ രജിസ്ട്രാർ ആയി നിയമിക്കണമെന്നാണ് നമ്മൾ ആവശ്യപ്പെടുന്നത്. അത് സർക്കാരുമായി ഇടപെട്ട് അത് വൈസ് ചാൻസിലർ ഇടപെട്ട് നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്."

അദ്ധ്യക്ഷൻ : " We will look into that..."

**8. അടിയന്തിര പ്രമേയം**

അവതാരകൻ : ഡോ. തോമസ് ജോർജ്ജ്

അനുവാദകൻ : ശ്രീ. ബാബു. കെ.ഡി

കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കോളേജുകളിൽ ബി.എസ്.സി അഗ്രി. കോഴ്സിന്റെ സീറ്റ് വർധനവ് ICAR ഡീൻസ് കമ്മിറ്റിയുടെ 5-ാമത് റിപ്പോർട്ടിലെ മാനദണ്ഡങ്ങൾ പാലിച്ചതിനു ശേഷമേ നടപ്പാക്കാവൂ എന്നും പുതിയ കാർഷിക കോളേജുകൾ സ്ഥാപിക്കുന്നത് 5-ാമത് ഡീൻസ് കമ്മിറ്റി ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

പാലിച്ചും ഇതു സംബന്ധിച്ച് ICAR പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയും ആയിരിക്കണമെന്ന് ഈ യോഗം തീരുമാനിക്കുന്നു.

അദ്ധ്യക്ഷൻ : " Official Agenda is coming. We will have a discussion."

**9. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. ബാബു. കെ.ഡി

അനുവാദകൻ : ഡോ. തോമസ് ജോർജ്ജ്

നിലവിലെ സ്റ്റാറ്റ്യൂട്ട് അനുസരിച്ച് 3 വർഷം സേവന കാലവും എസ്.എസ്.എൽ.സി യോഗ്യതയുമുള്ള ക്ലാസ്സ് IV ജീവനക്കാർക്ക് ലാബ് അസിസ്റ്റന്റ് / ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് III തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാനുള്ള നടപടികൾ ഒരുമാസത്തിനകം പൂർത്തീകരിച്ച് പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് ഈ സഭ തീരുമാനിക്കുന്നു.

ശ്രീ. ബാബു. കെ.ഡി : " ഇത് കഴിഞ്ഞ പ്രാവശ്യം കൊണ്ടു വന്നതാണ് സർ. അപ്പോൾ അതിൽ എന്തൊക്കെയോ വിളിക്കാനുള്ള തടസ്സങ്ങൾ, ഫയലിൽ എന്തൊക്കെയോ തടസ്സങ്ങൾ...ഇതു വരെയും ഈ class- IV ൽ നിന്ന് Lab Assistant Gr.III യിലേയ്ക്ക് ഉള്ള പ്രൊമോഷൻ കൊടുക്കാൻ ഉള്ള സർക്കുലർ പോലും വിളിക്കാൻ സാധിച്ചിട്ടില്ല യൂണിവേഴ്സിറ്റിക്ക്. വലിയ laxity, ഏതു ഭാഗത്ത് സംഭവിക്കുന്നു എന്ന് പറയുന്നില്ല. ഞാൻ ആരുടേയും പേരെടുത്ത് പറയുന്നില്ല. പക്ഷേ വലിയ laxity നമ്മുടെ ഭാഗത്ത് സംഭവിക്കുന്നു. ഇത് വലിയ അധികം പ്രൊമോഷൻ ഒന്നുമില്ല. ഈ Class IV ജീവനക്കാർക്ക് ആകെ കിട്ടുന്ന ഒരു പ്രൊമോഷൻ ആണത്. അവർ കാലങ്ങളായി കാത്തിരിക്കുന്ന ഒരു സംഗതി അവിടെ അവർക്ക് സംഭവിക്കുന്നത് ഒരു increment വർദ്ധനയേ ഉള്ളൂ. പക്ഷേ ആ increment നേക്കാൾ ഉപരി പത്തോ, ഇരുപതോ വർഷം വർക്ക് ചെയ്ത ഒരാൾക്ക് അവരുടെ status, അവരുടെ ആ ഒരു അഭിമാനത്തിന്റെ ഒരു വിഷയം കൂടിയാണ് അത്. അത് ഒരു മാസത്തിനകം ചെയ്തു കൊടുക്കാനുള്ള ...."

അദ്ധ്യക്ഷൻ : " I will speed up that."

ശ്രീ. പി. കെ. ശ്രീകുമാർ : " സർ, ഒരു കാര്യം കൂടി സർ ഇത് ഒന്നല്ല.internal selection process എന്നു പറഞ്ഞ് നമ്മുടെ 3-4 കാറ്റഗറി നിലനിൽക്കുന്നുണ്ട്. ഈ പറയുന്ന താഴെയുള്ള തസ്തികകളിൽ നിന്ന് തൊട്ടടുത്ത തസ്തികയിലേയക്ക് പ്രൊമോഷൻ. ഇത് അവർക്ക് ഒരു monetory benefit ഉം കാര്യമായി ഉണ്ടാകുന്നില്ല. പക്ഷേ, അഞ്ചോ, ആറോ തസ്തികകളിൽ ഇത് നടക്കുന്നുണ്ട് സർ. അതിൽ ഏറ്റവും താഴെയുള്ള തസ്തികയിൽ ഉള്ള കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അത് കൊണ്ട് internal selection നടക്കേണ്ട എല്ലാ തസ്തികകളിലും

അഞ്ചോ, ആറോ അത്രയേ ഉള്ളൂ. ഇത് അതിനകത്ത് അടിയന്തിരമായിട്ട് സർ ആ ഫയലിൽ internal selection നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു."

**10. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ.അബിൻ ജോർജ്ജ്

അനുവാദകൻ : ശ്രീ.വസീം ഫജ്ൽ. സി.

സർവ്വകലാശാല സ്റ്റുഡൻസ് യൂണിയൻ ഫണ്ട് വിനിയോഗത്തിൽ 2000 രൂപയ്ക്കു മുകളിലുള്ള ഇടപാടുകൾക്ക് ചെക്ക് എന്ന സമ്പ്രദായം മാറ്റി 5000 രൂപയ്ക്ക് വരെ കാഷ് ഇടപാടുകൾ വഴിയാക്കാൻ ഈ യോഗം തീരുമാനിക്കുന്നു.

അദ്ധ്യക്ഷൻ : " I will discuss this with finance section.

ശ്രീ.അബിൻ ജോർജ്ജ് : " അതിപ്പോ 2000 രൂപയ്ക്ക് മുകളിൽ അടച്ച് കഴിഞ്ഞാൽ നമ്മളിപ്പോ ചെക്ക് കൊടുത്ത് മാറണമെന്നാണ് പറയുന്നത്. പക്ഷേ അത് ഒരു 2300 അങ്ങനെ നമ്മൾ എടുത്താൽ തന്നെ ചെക്ക് കൊടുത്ത് അവരെ convince ചെയ്യിക്കാൻ വളരെ ബുദ്ധിമുട്ടാണ്. അപ്പോൾ ഒരയ്യായിരം രൂപയെങ്കിലും ഉള്ള ഇടപാടുകൾ വരെ cash നടത്തണമെന്നാണ് നമുക്ക് സ്റ്റുഡന്റ്സ് യൂണിയൻ ഞങ്ങളോട് ആവശ്യപ്പെട്ടിരിക്കുന്നത്."

ശ്രീ.വസീം ഫജ്ൽ. സി. : " ഇത് വളരെ പെട്ടെന്ന് ചെയ്യണം. കാരണം 2 ദിവസം മുൻപ് നടന്ന Union Inauguration fund കൊടുത്തപ്പോൾ തന്നെ അതിന്റെ ബിൽ settle ചെയ്തപ്പോൾ തന്നെ വളരെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അപ്പോൾ ഇനി arts -ഉം യൂണിയന്റെ program -ഉം വരുമ്പോൾ 2000 രൂപയ്ക്ക് താഴെയുള്ളതൊക്കെ പറ്റുകയുള്ളൂ എന്ന് പറയുമ്പോൾ അത് വളരെ ബുദ്ധിമുട്ടാണിപ്പോൾ. മേയിൽ തന്നെ ആർട്ട്സ് വരും. അതിനു മുൻപു തന്നെ ഓർഡർ ഇറക്കിയിട്ട് 5000 രൂപ വരെയെങ്കിലും cash ഇടപാട് നടത്താനുള്ള അനുമതി ഉണ്ടാകണം. പെട്ടെന്ന് തന്നെ ഈ കാര്യത്തിൽ തീരുമാനം ഉണ്ടാകണം."

അദ്ധ്യക്ഷൻ : " Yes. I will take the remarks of Finance Section."

**Assurance - 5**

**11. അടിയന്തിര പ്രമേയം**

അവതാരകൻ : ഡോ. ബി. സുമ

അനുവാദകൻ : ഡോ. കെ.കെ. സത്യൻ

"പ്രവർത്തന രഹിതമായിരിക്കുന്ന " University Level Central Cell of Women Complaint Committee" യും SC/ST atrocities അന്വേഷിക്കാനുള്ള സർവ്വകലാശാലതല കമ്മിറ്റിയും പുന:സംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും, ഈ വിഷയത്തിൽ നടപടിക്ക്

വിധേയരായ ഉദ്യോഗസ്ഥരെ സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങളിൽ നിന്നും മാറ്റി നിർത്തണമെന്നും ഈ സഭ തീരുമാനിക്കുന്നു.

ഈ 2 കമ്മിററികളും പുന:സംഘടിപ്പിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട് എന്നാണ് ഉത്തരം."

ഡോ. ബി. സുമ : " എന്നാണ് അങ്ങനെ ഒരുത്തരവ് ഇറക്കിയിട്ടുള്ളത്. കാരണം നിലവിൽ അതിലുള്ള പല അംഗങ്ങളും retirement കഴിഞ്ഞതിനു ശേഷം"
അദ്ധ്യക്ഷൻ : " JR- II can you explain what is the Order?"

ഡോ. ബി. സുമ : " പറഞ്ഞാൽ മതി. എന്നാണ് ആ ഓർഡർ ഇറക്കിയത്. ഇപ്പോൾ നിലവിൽ..."

അദ്ധ്യക്ഷൻ : " I remember "
ഡോ. ബി. സുമ : " Retired persons are there."
അദ്ധ്യക്ഷൻ : " If there is any retired persons we will change it..."
ഡോ. എ. അനിൽ കുമാർ : " അത് പുന : സംഘടിപ്പിക്കാം. Effective ആയിട്ടുള്ള ആൾക്കാരെ വയ്ക്കാം."
ഡോ. ബി. സുമ : " അത് പുന: സംഘടിപ്പിക്കണം. കാരണം അത് effective ആയിട്ടുള്ള ആൾക്കാരെ വച്ച് അത് പുന:സംഘടിപ്പിക്കണം എന്നുള്ളതാണ് എന്റെ ആവശ്യം. കാരണം അത് ശരിയായ രീതിയിൽ കൂടുകയോ നമ്മൾ ഇവിടെ അതിനനുസരിച്ച് എന്തെങ്കിലും പ്രശ്നങ്ങളുള്ളപ്പോൾ നമുക്ക് അതിനനുസരിച്ചുള്ള സർവ്വീസ് കിട്ടുന്നില്ല."
ഡോ. എ. അനിൽ കുമാർ : " ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് നമ്മുടെ യൂണിവേഴ്സിറ്റിയിൽ ഈ പട്ടിക ജാതി പീഡനങ്ങളും സ്ത്രീ പീഡനങ്ങളും ഒക്കെ ആരോപണങ്ങൾ നിലവിലുണ്ടെന്നുള്ളൊരു വസ്തുതയാണ്. ആ സാഹചര്യത്തിൽ ഈ പ്രമേയത്തിന്റെ അന്തസത്ത ഉൾക്കൊണ്ടു കൊണ്ട് തന്നെ ആ രണ്ട് കമ്മിറ്റികളും വളരെ effective ആയി പ്രവർത്തിക്കുന്ന തരത്തിലുള്ള പുന:സംഘടന ഈ കമ്മിറ്റി ഈ ഭരണ സമിതി പരിശോധിക്കുന്നതാണ്."
ഡോ. ബി. സുമ : " നിലവിലുള്ള ഓർഡർ അല്ല. നമ്മൾ അതിനെ ഒന്ന് effective ആക്കുക എന്നുള്ളതാണ്."
അദ്ധ്യക്ഷൻ : " We will reconstitute..."
ഡോ. എസ്. എസ്ററിലിറ്റ : " കേരള കാർഷിക സർവ്വകലാശാലയിൽ കൂടുതലും ladies staff ആണ്. അപ്പോൾ എത്രയും പെട്ടെന്ന്.
"

അദ്ധ്യക്ഷൻ : We will do that..."

**12. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ.അബിൻ ജോർജ്ജ്

അനുവാദകൻ : ശ്രീ.വസീം ഫജ്ൽ. സി.

സർവ്വകലാശാലയ്ക്കു കീഴിലുള്ള എല്ലാ കോഴ്സുകൾക്കും Printed Record സമ്പ്രദായം കൊണ്ടു വരാൻ ഈ യോഗം തീരുമാനിക്കുന്നു.

ശ്രീ.അബിൻ ജോർജ്ജ്: "സർ പ്രിന്റഡ് റെക്കോർഡ് എന്ന് ഉദ്ദേശിച്ചത് നമുക്ക് ലാബ് മാന്വലിനു വേണ്ടി ഫീസ് അടയ്ക്കുന്ന കൂട്ടത്തിൽ നമ്മൾ പൈസ അടയ്ക്കുന്നുണ്ട്. പക്ഷേ ലാബ് മാന്വൽ ഒന്നും നമുക്ക് അക്കാഡമിക് സെക്ഷനിൽ നിന്നും available അല്ല. ഈ semester ൽ ഞങ്ങൾ ഫീസ് ആ ലാബ് മാന്വലിന് അടച്ചിരുന്നു. പക്ഷേ ഒരു പ്രാക്ടിക്കൽ മുതലുള്ള ലാബ് മാന്വലും ഞങ്ങൾക്ക് ഇതുവരെ കിട്ടിയിട്ടില്ല. അതിനെന്തെങ്കിലും പരിഹാരം കാണണമെന്നു വച്ചിട്ടാണ് ഇങ്ങനെ ഒരു resolution വച്ചിരിക്കുന്നത്."

ശ്രീ. വസീം ഫജ്ൽ. സി:" പിന്നെ സർ, ഒരു സെമസ്റ്ററിൽ ഇതേ പോലെ 10-11 കോഴ്സും അതിന്റെ റെക്കോർഡും ഉണ്ടാകും. അപ്പോൾ പറ്റാവുന്ന വെറുതേ പകർത്തി, പകർത്തി എഴുതുകയാണ് ചെയ്യുന്നത് സാധാരണ. Previous record നോക്കിയിട്ട് അല്ലെങ്കിൽ ലാബ് മാന്വൽ നോക്കിയിട്ട് പകർത്തി എഴുതുന്ന സമ്പ്രദായമാണ്.അതു കൊണ്ട് വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ച് benefit ഒന്നുമില്ല. Calculation part ഉം അതു പോലെ drawing part ഉം വിദ്യാർത്ഥികൾ തന്നെ വരയ്ക്കുന്ന രീതിയിലും ബാക്കി printed ആയി വെറുതേ കോപ്പി അടിച്ചു വയ്ക്കുന്ന ഭാഗം printed ആക്കിയിട്ടുള്ള റെക്കോർഡ് സമ്പ്രദായമാണ്. അത് പല യൂണിവേഴ്സിറ്റികളിലും കേരളത്തിനു പുറത്തുള്ള പല യൂണിവേഴ്സിറ്റികളിലും അത് നിലനിൽക്കുന്നുണ്ട്. അത് വിദ്യാർത്ഥികളുടെ efficiency കുറയ്ക്കുകയല്ല efficiency കൂട്ടുകയേ ചെയ്യുള്ളൂ. കാരണം വെറുതേ ഒരു കടമ തീർക്കുവാൻ വേണ്ടി റെക്കോർഡ് എഴുതുന്ന സ്വഭാവമാണ്.സ്വാഭാവികമായിട്ടും പഠിപ്പിക്കുന്ന ഫീൽഡിലുള്ള ടീച്ചേഴ്സിന് അത് അറിയാവുന്നതാണ്. rough record ആദ്യം എഴുതും. അതിനു ശേഷം റെക്കോർഡ് എഴുതും. അപ്പോൾ അങ്ങനെയുള്ള printed ഭാഗങ്ങൾ മാത്രമാക്കിയിട്ടുള്ള record കൾ ഒരു work shop എന്തേലും രൂപീകരിച്ച് printed ആക്കാൻ പറ്റുന്ന റെക്കോർഡുകളുടെ ലിസ്റ്റ് ഇട്ട് അത് ആക്കാനുള്ള അടുത്ത അദ്ധ്യായന വർഷത്തിലെങ്കിലും അത് ആക്കാനുള്ള നടപടികൾ യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നു ഉണ്ടാകണം."

അദ്ധ്യക്ഷൻ : " It is a Good suggestion. We will take it forward." **Assurance - 6**

**13. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. ബിബിൻ . പി. ചാക്കോ

അനുവാദകൻ : ശ്രീ. ബാബു. കെ.ഡി

കേരള കാർഷിക സർവ്വകലാശാലയിലൂടെ മണ്ണുത്തി / വെള്ളാനിക്കര കാമ്പസ്സിലെ കാഷ്വൽ തൊഴിലാളി നിയമനം 2017 മാർച്ചിലെ ബഡ്ജറ്റ് ജനറൽ കൌൺസിലിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി 3 മാസത്തിനുള്ളിൽ കാഷ്വൽ തൊഴിലാളി നിയമനം നടത്തുവാൻ മന്ത്രി ഉറപ്പു നൽകുകയും ചെയ്തതാണ്. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും പല പ്രാവശ്യം കൃഷി വകുപ്പ് മന്ത്രിയ്ക്ക് നിവേദനം കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആ നിവേദനത്തിന് മറുപടിയായി എത്രയും വേഗം നടപടി തുടങ്ങുവാൻ രജിസ്ട്രാർക്ക് ചുമതലപ്പെടുത്തിയെന്നും മറുപടി കിട്ടി. എന്നാൽ നാളിതു വരെയും ഒരു നടപടിയും നടന്നിട്ടില്ല. എന്നാൽ മണ്ണുത്തി/ വെള്ളാനിക്കര കാമ്പസ്സിലെ കാഷ്വൽ തൊഴിലാളി നിയമനം നടത്തുവാൻ ഈ സഭ തീരുമാനിക്കുന്നു.

അദ്ധ്യക്ഷൻ : " Yes. Already we discussed it ."

ശ്രീ. ബിബിൻ . പി. ചാക്കോ: " സർ ഇത് വളരെ സീരിയസ് ആയിട്ടുള്ള ഒരു കാര്യമാണ്. ഞാൻ ഇത് മൂന്നാമത്തെ ജനറൽ കൌൺസിലിൽ ആണ് ഈ പ്രമേയം കൊണ്ടു വരുന്നത്. 3 വട്ടമായിട്ടും ഇതിൽ വെറുതേ ഒരു ഗൗരവം കാണാണ്ട് പോകുകയാണ്."

അദ്ധ്യക്ഷൻ : " Definitely..."

ശ്രീ. ബിബിൻ . പി. ചാക്കോ: " 2 വട്ടം മന്ത്രിക്കു കൊടുത്തിട്ടുള്ള നിവേദനമാണിത്. രജിസ്ട്രാർക്ക് കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞിട്ടാണ് അതിനകത്ത് മറുപടി എനിക്ക് തന്നിട്ടുള്ളത്."

അദ്ധ്യക്ഷൻ : " We will speed up ."

**14. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. ബിബിൻ . പി. ചാക്കോ

അനുവാദകൻ : ഡോ. തോമസ് ജോർജ്ജ്

കേരള കാർഷിക സർവ്വകലാശാലയിലെ കാഷ്വൽ / സ്ഥിരം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്ന ആധികാരികമായ ഒരു സർവ്വീസ് ചട്ടം രൂപീകരിക്കുന്നതിന് ഈ രംഗത്ത് വിദഗ്ദരായ സർവ്വകലാശാല ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനും അവരുടെ ശുപാർശകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിശോധനയ്ക്കും പരിഗണനയ്ക്കും വിധേയമാക്കി സർവ്വകലാശാല ഉത്തരവായിറക്കുന്നതിനും ഈ സഭ തീരുമാനിക്കുന്നു.

അദ്ധ്യക്ഷൻ : " We will examine ."

ഡോ. എ. അനിൽ കുമാർ : " നേരത്തേ പറഞ്ഞതാണിത്."

അദ്ധ്യക്ഷൻ : " Yes. We will examine ."

**15. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. ബിബിൻ . പി. ചാക്കോ

അനുവാദകൻ : ശ്രീ. ബാബു. കെ.ഡി

കേരള കാർഷിക സർവ്വകലാശാലയിലെ ഹിൽ ഏരിയകളായ പാമ്പാട്ടും പാറ/അമ്പല വയൽ എന്നീ സ്റ്റേഷനുകളിലെ സ്ഥിരം തൊഴിലാളികൾക്ക് മുൻ കാലങ്ങളിൽ കൊടുത്തിരിക്കുന്ന കമ്പിളി അലവൻസ് ഈ രണ്ടു സ്റ്റേഷനുകളിലേയും കാഷ്വൽ തൊഴിലാളികൾക്കും കമ്പിളി അലവൻസ് കൊടുക്കാൻ ഈ സഭ തീരുമാനിക്കുന്നു.

അദ്ധ്യക്ഷൻ : " It is already approved. What is the problem?"
ശ്രീ. ബിബിൻ . പി. ചാക്കോ: " കാഷ്വൽ തൊഴിലാളികൾക്ക് കൊടുത്തിട്ടില്ല. സ്ഥിരം തൊഴിലാളികൾക്കേ കൊടുത്തിട്ടുള്ളൂ..."
അദ്ധ്യക്ഷൻ : " We recently approved this."
ഡോ. എ. അനിൽ കുമാർ : " തീരുമാനം എടുത്തിട്ടുണ്ടോ?"
ശ്രീ. ബിബിൻ . പി. ചാക്കോ: " തീരുമാനം എടുത്തിട്ടുണ്ട്. എന്നിക്ക് തന്ന ഓർഡറിൽ സ്ഥിരം തൊഴിലാളികൾക്ക് മാത്രമേ ഉള്ളൂ."
അദ്ധ്യക്ഷൻ : " Please recheck that."
ശ്രീ. സി.എച്ച്. മുത്തു : " സർ, ഇറക്കിയ ഉത്തരവിനകത്ത് സ്ഥിരം തൊഴിലാളികൾ എന്നു മാത്രമേ പറയുന്നുള്ളൂ... സാധാരണ ഗതിയിൽ അവിടെ പണി എടുക്കുന്ന തൊഴിലാളികളുടെ പ്രൊട്ടക്ഷൻ ആണ്. അതു കൊണ്ട് അവരെയും കൂടി പരിഗണിക്കാനുള്ള നടപടി എടുക്കണം."
അദ്ധ്യക്ഷൻ : " We will look into that."

**16. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. സി.എച്ച്. മുത്തു

അനുവാദകൻ : ശ്രീ. അനിൽ രാധാകൃഷ്ണൻ

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കഴിഞ്ഞ 6-ാം ജനറൽകൌൺസിലിന്റെ യോഗം ഒരു ലേബർ വെൽഫെയർ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ആ കമ്മിറ്റി ഏതാനും യോഗങ്ങൾ കൂടി എന്നല്ലാതെ ആ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആ ലേബർ വെൽഫെയർ കമ്മിറ്റി പുന:സ്ഥാപിക്കണമെന്ന് ഈ സഭ തീരുമാനിക്കുന്നു.
ശ്രീ. സി.എച്ച്. മുത്തു : " അല്ല സാറേ, അത് അങ്ങനെ പോരാ. ഇതിനകത്ത് നമ്മുടെ കമ്മിറ്റി പുന:സ്ഥാപിക്കണം. കാരണമെന്താന്നു വച്ചാൽ അതിനകത്ത് അന്നുണ്ടായിരുന്ന പോലെ തന്നെ ആ കമ്മിറ്റി അന്ന് അവസാനിച്ചുവല്ലോ."
ഡോ. എ. അനിൽ കുമാർ : " അതെ, ആ കമ്മിറ്റി അടുത്ത ഭരണ സമിതിയിൽ പരിശോധിച്ചിട്ട്..."

ശ്രീ. സി.എച്ച്. മുത്തു : " അല്ല, വേണ്ട. ജനറൽ കൌൺസിലിന്റെ സമിതിയാണ് വേണ്ടത്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടേതല്ല വേണ്ടത്. ഇവിടെ ജനറൽ കൌൺസിലിന്റെ കമ്മിറ്റിയാണ് ഉണ്ടായിരുന്നത്. അതു കൊണ്ടു ഈ ജനറൽ കൌൺസിലിൽ കമ്മിറ്റിയെ വെയ്ക്കണം. എനിക്ക് ഒരു ശുപാർശ വയ്ക്കാൻ ഉള്ളത് ഒരു സ്ഥാപന മേധാവി ഫാമിന്റെ ഹെഡ് സുമ ടീച്ചറും ഒരു സൂപ്പർവൈസറായിട്ടുള്ള ശ്രീകുമാർ സാറും 2 തൊഴിലാളി പ്രതിനിധിയും നിയമം അറിയാവുന്ന വക്കീൽ എന്നുള്ള നിലയ്ക്ക് ശ്രീ. രജിത്തും ഈ 5 പേരടങ്ങുന്ന ലേബർ ഓഫീസറും അടങ്ങുന്ന ഒരു സമിതിയെ നിശ്ചയിക്കാൻ തീരുമാനിക്കണം എന്നുമാണ് എനിക്ക് പറയാനുള്ളത് . അതു കൊണ്ട് ഇവർ അടിയന്തിരമായിട്ട് യോഗം ചേർന്ന് വേണ്ടുന്ന ശുപാർശകൾ വൈകാതെ കണ്ട് അടുത്ത ജനറൽ കൌൺസിലിൽ സമർപ്പിക്കുവാനുള്ള ഏർപ്പാട് ചെയ്യണം. അല്ലാതെ വെറുതേ വായിച്ച് നോക്കിയാൽ പോരാ. അത് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കേണ്ട കാര്യമില്ല. ഇത് ഈ ജനറൽ കൌൺസിലിന്റെതായിട്ടാ വരേണ്ടത്."

അദ്ധ്യക്ഷൻ : " We will examine to reconstitute the Labour Welfare Committee.

ശ്രീ. സി.എച്ച്. മുത്തു : " അല്ല സർ. അത് നിലവിൽ ഉണ്ടായിരുന്നതാണ്. ആ സഭയുടെ കാലാവധി കഴിഞ്ഞപ്പോൾ സ്വാഭാവികമായും എല്ലാവരും അവസാനിച്ചു. അതു കൊണ്ട് അവിടെ ഉടങ്ങി വച്ചിരുന്ന പോലെ ചെയ്യാനാണ്. അല്ലാതെ പുതുതായി ഉണ്ടാക്കാനല്ല."

ഡോ. എ. അനിൽ കുമാർ : " Reconstitute ചെയ്യാൻ തീരുമാനിക്കാം. ഇന്ന് ആളെ വയ്ക്കുന്നത് അടുത്ത കമ്മിറ്റിയിൽ തീരുമാനിച്ചാൽ പോരേ?"

ശ്രീ. സി.എച്ച്. മുത്തു : " അല്ല സർ. അത് നീണ്ടു പോകുകയല്ലേ. ഞാൻ ഒരു കാര്യം പറയാം അടുത്ത ജനറൽ കൌൺസിൽ വരുന്നത് 4 മാസം കഴിയുമ്പോഴാണ്. ഇതേ പ്രമേയത്തിൽ തന്നെയാണ് ഇതിനു മുൻപ് തീരുമാനമെടുത്തത്. സർ, ഈ 126-ാമത്തെ ജനറൽ കൌൺസിലിൽ ഇതേ സഭയിൽ ഇതു പോലൊരു അടിയന്തിര പ്രമേയവുമായി ബന്ധപ്പെട്ടാണ് തീരുമാനമെടുത്തത്. അന്ന് ആ അടിയന്തിര പ്രമേയത്തിൻ മേലാകാമെങ്കിൽ ഇപ്പോൾ എന്തു കൊണ്ടായിക്കൂടാ."

ശ്രീ. പി. കെ. ശ്രീ കുമാർ : " സർ, ഈ തൊഴിലാളികളുമായി ബന്ധപ്പെട്ട ഈ വിഷയത്തിൽ ഒരു കമ്മിറ്റി constitute ചെയ്ത് പരിഹരിക്കുന്നതിന് എന്താണ് പ്രശ്നം? അത് പരിഹരിക്കുമ്പോൾ ഒരു പ്രശ്നം പരിഹരിച്ചില്ലേ?"

ശ്രീ. സി.എച്ച്. മുത്തു : " ജനറൽ കൌൺസിലിന്റെ സബ് കമ്മിറ്റിയാണ്."

അദ്ധ്യക്ഷൻ : " We reconstitute that..."

ശ്രീ. സി.എച്ച്. മുത്തു : " അല്ല സർ, നമുക്ക് ഇപ്പോൾ തന്നെ ഈ പറഞ്ഞ രീതിയിൽ ഒരു നാലോ, അഞ്ചോ പേർ അടങ്ങുന്ന ജനറൽ കൌൺസിലിന്റെ ഒരു സമിതി വയ്ക്കണം."

ഡോ. ടി. പ്രദീപ് കുമാർ : " അതിൽ ശ്രീ.കുഞ്ഞമ്മദ് കുട്ടി മാസ്റ്ററെ പോലൊരാളെ കൂടി ഉൾപ്പെടുത്തുന്നത് നല്ലതാണ്."

ശ്രീ. സി.എച്ച്. മുത്തു : " അത് ആലോചിക്കാൻ ഒന്നുമില്ല. ഒന്ന് തൊഴിലാളി പ്രതിനിധി വേണം എന്നുള്ളത് must. മറ്റൊന്ന് ഫാം സ്റ്റാഫ്. തൊഴിലാളികളുമായി ബന്ധപ്പെട്ട വരുന്ന കാര്യങ്ങൾ അറിയാവുന്നൊരാളാണ് ഫാം സ്റ്റാഫ്. ഈ സഭയിൽ ഒരംഗമുണ്ട്. ഇതെല്ലാം ഇതുമായി ഡയറക്ട് ബന്ധപ്പെടുന്നവരാണ്. തൊഴിലാളികളെ പണിചെയ്യിപ്പിക്കുന്ന ഒരാളാണ്

ശ്രീകുമാർ സർ. ഒരു സ്ഥാപനത്തിൽ ഹെഡ് ആണ് സുമ ടീച്ചർ. എന്താ തെറ്റ് ഇതിനകത്ത്. ഇനി വേണമെങ്കിൽ നമ്മുടെ ഞാൻ അതു പറഞ്ഞതെന്തെന്നു വച്ചാൽ രജിത്തിന്റെ പേര് പറയാൻ കാരണം..."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " ബഹുമാനപ്പെട്ട അംഗത്തോട് ഈ ലേബർ വെൽഫയർ കമ്മിറ്റിയെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായം ഞങ്ങളുടെ ശ്രദ്ധയിൽ ഉണ്ട്.തൊഴിലാളി ബെൽറ്റിൽ നല്ല പ്രശ്നങ്ങളുണ്ട്. ഫാമുകളിലും ധാരാളം പ്രശ്നങ്ങളുണ്ട്. ശമ്പളവുമായി ബന്ധപ്പെട്ടു കൊണ്ട്, സർവ്വീസുമായി ബന്ധപ്പെട്ടു കൊണ്ട്, ഇതെല്ലാം ഉണ്ട്. അപ്പോൾ ഈ ഫാം വെൽഫയർ കമ്മിറ്റി നമുക്ക് ഇതു രൂപീകരിക്കണമെന്ന താങ്കളുടെ നിർദ്ദേശം ഞങ്ങൾ സ്വീകരിക്കുന്നു. അത് എങ്ങനെ വേണം എന്നതിനെ സംബന്ധിച്ച് എക്സിക്യൂട്ടീവും കൂടി ഒന്ന് ആലോചിച്ച്..."

ശ്രീ. സി.എച്ച്. മുത്തു : " എന്തിനാണ് സർ ഈ എക്സിക്യൂട്ടീവിലേയ്ക്ക് പോകുന്നത്. അല്ലല്ല, നിങ്ങൾ എന്തു പറഞ്ഞാലും ശരി..."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " ഞാൻ പറഞ്ഞോട്ടെ, അല്ല ഞാൻ പറഞ്ഞോട്ടെ..."

ശ്രീ. സി.എച്ച്. മുത്തു : " വേണ്ട, നിങ്ങൾ എക്സിക്യൂട്ടീവിൽ വയ്ക്കുന്നു. അടുത്ത ജനറൽ കൌൺസിലിൽ വയ്ക്കുന്നു. പിന്നെ reconstitute ചെയ്യുന്നു."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " അല്ലല്ല. ഞാൻ പറഞ്ഞോട്ടെ, പറഞ്ഞു പൂർത്തിയാക്കട്ടെ. നമുക്ക് സമാധാനപരമായി കൊണ്ടു പോണം. മാത്രമല്ല, ഇത് ശാശ്വത പരിഹാരത്തിന് ആയിരിക്കണം നമ്മുടെ കമ്മിറ്റികളുടെ രൂപീകരണം. ചടങ്ങിന് വേണ്ടിയിട്ടുള്ള കമ്മിറ്റിയല്ല. പാടില്ല. ആ നിർബന്ധ ബുദ്ധിയുള്ളതു കൊണ്ടാണ് . ഞങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നു പറഞ്ഞാൽ വർഷത്തിൽ ഒരിക്കൽ കൂടുന്ന കമ്മിറ്റിയല്ല. മാസത്തിൽ മൂന്നോ, നാലോ തവണ കൂടുന്ന കമ്മിറ്റിയാണ് എക്സിക്യൂട്ടീവ് കമ്മിറ്റി. ആ ചിന്ത കൂടി താങ്കൾക്കുണ്ടാകണം. അപ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നു പറഞ്ഞാൽ അടുത്ത 2019 ൽ കൂടുന്ന കമ്മിറ്റിയല്ല എന്നുള്ളതും കൂടി ചിന്തിച്ചു കൊണ്ട് ഈ ധാരണയിൽ എടുത്ത് നമുക്ക് തീരുമാനിക്കാം."

ശ്രീ. സി.എച്ച്. മുത്തു : " സർ, നിങ്ങൾ ഈ എടുക്കുന്ന നിലപാട് ശരിയല്ല. നിങ്ങൾക്ക് ഞാൻ ചോദിച്ചോട്ടെ ഞങ്ങൾ തൊഴിലാളികളോട് നിങ്ങൾക്ക് വേറെ വല്ല വിരോധവും അല്ല, വേറെ നിലപാട് ഉണ്ടെങ്കിൽ നിങ്ങൾ പറഞ്ഞോ. ഇത് ജനറൽ കൌൺസിലിന്റെ സബ് കമ്മിറ്റിയാണ്. ഇതിനു മുൻപ് കൂടിയിരുന്ന കമ്മിറ്റി. അന്നത്തെ ഇതേ പോലൊരു അടിയന്തിര പ്രമേയവുമായി ബന്ധപ്പെട്ട് എന്റെ അടിയന്തിരപ്രമേയവുമായി ബന്ധപ്പെട്ട് ആ കമ്മിറ്റി അന്ന് രൂപീകരിച്ചത്. ആ ജനറൽ കൌൺസിലിന്റെ കാലാവധി കഴിഞ്ഞു എന്നുള്ളതു കൊണ്ടാണ് അത് അവസാനിച്ചത്. എന്തു കൊണ്ട് ഇപ്പോൾ ഇവിടെ ആക്കിക്കൂടാ. അതിന് നിയമപരമായിട്ട് ഇവിടെ ഭരണ ഘടന മാറ്റി എഴുതാനോ, അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ട് മാറ്റാനോ ഒന്നും പോകുന്നില്ല. തൊഴിലാളികളെ ദൈനം ദിനമായി ബാധിക്കുന്ന നിരവധിയായ വിഷയങ്ങളുണ്ട്. അത് പഠിച്ച് റിപ്പോർട്ട് കൊടുക്കാൻ ആ തൊഴിലാളികൾക്ക്, തൊഴിലാളി സംഘടനകൾക്ക് പറയാനുള്ളത് കേൾക്കാൻ ഒരു വേദി വേണമെന്ന് ആവശ്യപ്പെടുന്നതിനെന്താ തെറ്റ്?"

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " ഈ പറഞ്ഞതു കൊണ്ട് ഒരു കാര്യം കൂടി ഞാൻ വ്യക്തമാക്കട്ടെ. ഈ കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മിറ്റി ഞങ്ങൾ വളരെ സീരിയസ് ആയി ഈ കാര്യം discuss ചെയ്തു. വിവിധ ഫാമുകളിൽ തൊഴിൽ പ്രശ്നങ്ങളിൽ നമ്മുടെ തൊഴിലാളികൾ വളരെയധികം കഷ്ടപ്പെടുന്നുണ്ട്. ഞങ്ങൾ അത് സീരിയസ് ആയി ഡിസ്കസ് ചെയ്തു . എന്നു മാത്രമല്ല ഈ കമ്മിറ്റിയിൽ എക്സിക്യൂട്ടീവിന്റെ സബ് കമ്മിറ്റികളിലും, ജനറൽ കൌൺസിലിലും ഒരു റിപ്പോർട്ടായി ഇവിടെ സമർപ്പിക്കണം. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ച് തുടർന്ന് ജനറൽ കൌൺസിലിലും സമർപ്പിച്ച് വിശാലമായ രീതിയിൽ അത് ചർച്ച ചെയ്തു അത് പൂർത്തിയാക്കണം എന്ന ഒരു തീരുമാനത്തിന്റെയും കൂടി അടിസ്ഥാനത്തിലാണ് ഞാൻ ഈ കാര്യം ഇവിടെ സൂചിപ്പിച്ചത്. വെറുതേ പറഞ്ഞതല്ല."

ശ്രീ. സി.എച്ച്. മുത്തു : " അല്ല. നിങ്ങടെ എക്സിക്യൂട്ടീവ് കമ്മിറ്റി സബ്കമ്മിറ്റിയോ അതിനു മുകളിലുള്ള കമ്മിറ്റിയോ വച്ചോ, നടത്തിക്കോ, പരിശോധിച്ചോ. നമുക്ക് പരാതിയില്ല. എന്തു കൊണ്ട് ഈ ജനറൽ കൌൺസിലിന് ഒരു സമിതിയെ വെയ്ക്കാൻ അധികാരമില്ലേ? ഞാൻ പറയുന്നത് ഈ സമിതി തീരുമാനിക്കണം. ഇതിനു മുൻപ് ഞങ്ങൾ തൊഴിലാളികളുമായി ബന്ധപ്പെട്ട് പഴയ രേഖകൾ നിങ്ങൾ പരിശോധിക്ക്. 3 കമ്മിറ്റി നിലവിലുണ്ടായിരുന്നു. അതിനകത്ത് ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് ഇതിനകത്ത് വന്നിട്ടുണ്ട്. 3 സബ് കമ്മിറ്റി നിലവിലുണ്ടായിരുന്നു സർ. 3 കമ്മിറ്റി ഉണ്ടായിരുന്നു. ഈ ജനറൽ കൌൺസിലിൽ വന്ന വിഷയങ്ങൾ ജനറൽ കൌൺസിലിലാണ് സബ് കമ്മിറ്റി വയ്ക്കേണ്ടത്. ആരെ വേണം എന്നൊക്കെ നിങ്ങൾ തീരുമാനിച്ചോ വേണേൽ വിട്ടു തരാം. ഇതുമായി ബന്ധപ്പെട്ട് ഞങ്ങൾ തൊഴിലാളികളെ ബാധിക്കുന്ന നിരവധിയായ പ്രശ്നങ്ങളുണ്ട്. അത് ഇവിടെ ചർച്ച ചെയ്യാൻ...അല്ലെങ്കിൽ ഒരു പണി ചെയ്യേണ്ടി വരും. ഞങ്ങൾക്ക് അത് ഇവിടെ ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ ഇവിടെ ചർച്ചയ്ക്കു വയ്ക്കേണ്ടി വരും. അപ്പോൾ സമയം നീണ്ടു പോകും. അത് പ്രായോഗികമല്ല. സ്വാഭാവികമായിട്ടും നാലോ, അഞ്ചോ പേരടങ്ങുന്ന ഒരു സമിതിയെ നിയോഗിക്കണം. എന്താ തെറ്റ് അതിനകത്ത്?"

അദ്ധ്യക്ഷൻ : " Yes, we will actually examine this committee formation & its report will be speeded up. "

ശ്രീ. സി.എച്ച്. മുത്തു : " സർ, ഈ സഭയിൽ എന്തു കൊണ്ടായിക്കൂടാ. അതിന് ലീഗൽ ആയിട്ട് എന്താണ് തടസ്സം? നിങ്ങൾ പറഞ്ഞു തന്നാൽ മതി. ഇതിനകത്ത് നിയമപരമായിട്ട് യാതൊരു തടസ്സവും ...."

ഡോ. എ. അനിൽ കുമാർ : " ഞാൻ ഒരു കാര്യം സൂചിപ്പിക്കട്ടെ....ഒരംഗം, ബഹു. മുത്തു ആവശ്യപ്പെടുന്നു. അത് ഭരണസമിതീയ്ക്ക് ഇപ്പോൾ വേണ്ടാ എന്ന് തോന്നിയത് കൊണ്ടാണ് അഭിപ്രായം പറഞ്ഞത്."

ശ്രീ. സി.എച്ച്. മുത്തു : " അതെന്താ തോന്നാൻ കാരണം?"

ഡോ. എ. അനിൽ കുമാർ : " ഇത് അടിയന്തിര പ്രമേയമല്ലേ...മാത്രമല്ല. ഞാൻ പറഞ്ഞോട്ടെ....ഒന്നു പറയട്ടെ, ഒരാൾ തന്നെ പറയല്ലേ."

ശ്രീ. സി.എച്ച്. മുത്തു : " ഇത് ഞാൻ അവതരിപ്പിച്ചതു കൊണ്ടാണോ? അങ്ങനെയാണെങ്കിൽ വേറേ അവതാരകനെ മാറ്റാം."

ഡോ. എ. അനിൽ കുമാർ : " അങ്ങനെയല്ല. ഒരു കാര്യം പറഞ്ഞോട്ടെ. ഇത് കഴിഞ്ഞ ഭരണ സമിതിയാണ് അങ്ങനെ ഒരു കമ്മിറ്റി constitute ചെയ്തത്. ഇത്തവണ ഈ ഭരണ സമിതി മാറിയപ്പോൾ അത് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി കഴിഞ്ഞ് ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ? ഇത്രയും കാലമായിട്ട്..."

ശ്രീ. സി.എച്ച്. മുത്തു : " നിയമ പരമായിട്ട് ഇപ്പോൾ reconstitute ചെയ്യുന്നതിന് എന്താണ് തടസ്സം ? ഈ ജനറൽ കൌൺസിലിൽ എന്തു കൊണ്ട് ചെയ്തു കൂടാ? "

ശ്രീ. പി. കെ. ശ്രീകുമാർ : " ജനറൽ കൌൺസിലിന്റെ ഉപ സമിതി തീരുമാനിക്കുന്നത് ജനറൽ കൌൺസിലിലാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി അടുത്ത മീറ്റിംഗിൽ തീരുമാനിച്ചാലും അത് അടുത്ത ജനറൽ കൌൺസിലിലേ തീരുമാനിക്കാൻ പറ്റുള്ളൂ. ജനറൽ കൌൺസിലന്റെ ഉപസമിതി ആയതു കൊണ്ട്. ബാക്കി സമയം നീണ്ടു പോകും."

ശ്രീ. കുഞ്ഞമ്മദ് കുട്ടി : " അല്ല, ഒരു കാര്യം ചെയ്യാം. ജനറൽ കൌൺസിലിന്റെ തീരുമാന പ്രകാരം പുതിയ കമ്മിറ്റി constitute ചെയ്യാൻ എക്സിക്യൂട്ടീവിനെ ചുമതലപ്പെടുത്താം. ജനറൽ കൌൺസിലിന് ചുമതലപ്പെടുത്താം. ചുമതലപ്പെടുത്തിയാൽ അവർ നിർബന്ധമായി ചെയ്യേണ്ടിയിരിക്കുന്നു."

ശ്രീ. പി.കെ. ശ്രീകുമാർ : " അടുത്ത എക്സിക്യൂട്ടീവിൽ ഇതുമായി ബന്ധപ്പെട്ട് കമ്മിറ്റി constitute ചെയ്യാൻ തീരുമാനിക്ക് സർ."

ശ്രീ. സി.എച്ച്. മുത്തു : " ചെയ്യേണ്ടത് അതല്ല. ഈ ജനറൽ കൌൺസിൽ സബ് കമ്മിറ്റി എന്തെല്ലാം വിഷയങ്ങൾ കഴിഞ്ഞ കാലത്ത്...ഏറ്റവും നിഷേധമായ നിലപാട് സ്വീകരിച്ചു പോന്ന ആളാ രാജേന്ദ്രൻ വൈസ് ചാൻസിലർ. അല്ലേ? എല്ലാ കാര്യത്തിലും നിഷേധ നിലപാടായിരുന്നു. എത്ര കമ്മിറ്റികൾ വച്ചിരുന്നു എന്ന് നിങ്ങൾക്കറിയോ? നിങ്ങൾ ആ പഴയ രേഖകൾ ഒന്നു പരിശോധിച്ചു നോക്കു. നിരവധിയായ കമ്മിറ്റികൾ ഏതാണ്ട് എല്ലാ ജനറൽ കൌൺസിലിലും ഓരോ സബ് കമ്മിറ്റികൾ വച്ചിട്ട് പരിശോധിച്ചിട്ട് റിപ്പോർട്ട് സമർപ്പിക്കാൻ പറയുന്നു. ഇപ്പോൾ നിങ്ങൾ എന്തു കൊണ്ട് ഇതു ചെയ്യുന്നില്ല. തൊഴിലാളി ദ്രോഹമെന്നേ ഞാൻ പറയുള്ളൂ. നിങ്ങൾ തൊഴിലാളി ദ്രോഹമാണ് നടപ്പാക്കിയിരിക്കുന്നത്. എനിക്കതിന്റെ കടുത്ത പ്രതിഷേധവുമുണ്ട്. എന്റെ പ്രതിഷേധത്തോടു കൂടി നിങ്ങൾ എന്തു വേണമെങ്കിലും ചെയ്തോ. നിങ്ങൾ ആരായാലും വേണ്ടില്ല."

അദ്ധ്യക്ഷൻ : " Yes, Yes...ശരി, ശരി..."

ശ്രീ. സി.എച്ച്. മുത്തു : " തൊഴിലാളികളുടെ കാര്യം വരുമ്പോൾ നിങ്ങൾക്കെന്താ ഇങ്ങനൊരു നിലപാട്?

അദ്ധ്യക്ഷൻ : " We will reconstitute & submit the report earliest."

ശ്രീ. സി.എച്ച്. മുത്തു : " സർ, അതൊന്നുമല്ല, 100 % ഞാൻ അത് എതിർക്കുന്നു. എന്റെ വിയോജിപ്പോടു കൂടിയിട്ട് നിങ്ങൾ ആ പ്രമേയം എന്തു വേണമെങ്കിലും ചെയ്തോ."

അദ്ധ്യക്ഷൻ : " We will entrust the EC to the formation of the labour welfare committee & report..."

ശ്രീ. സി.എച്ച്. മുത്തു : " സാറിനെ തെറ്റിദ്ധരിപ്പിക്കുകയാണ് ഇവിടിരുന്നിട്ട്. ഈ എം.എൽ.എയും അനിൽ കുമാർ സാറും കൂടി തെറ്റിദ്ധരിപ്പിക്കുകയാണ്. അതല്ല വസ്തുത. വസ്തുത അതല്ല...No, No..."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " ഏയ്, നിങ്ങൾ അങ്ങനെ അസംബന്ധമായ കാര്യങ്ങളൊന്നും ജനറൽ കൌൺസിലിൽ വിളിച്ചു പറയരുത്. അതൊന്നും ശരിയല്ല.

നിങ്ങളെന്താ തെറ്റിദ്ധരപ്പിക്കുന്നത് എന്ന് പറഞ്ഞത്? ഞങ്ങൾ എന്താ തെറ്റിദ്ധരിപ്പിക്കുന്ന ആളുകളാ? വൈസ് ചാൻസിലർ എന്താ അത്ര മോശക്കാരനാണോ?"

ശ്രീ. സി.എച്ച്. മുത്തു : " ഇതെങ്ങനെ അസംബന്ധമാകും? അല്ലല്ല, വി.സിയെ നിങ്ങൾ പറഞ്ഞ് തെറ്റിദ്ധരിപ്പിക്കുകയാണ്."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " പിന്നെന്താ? ഞങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന ആളുകളാ? ഞങ്ങളുടെ ജോലിയൊന്നും അതല്ല. ആ ധാരണയൊന്നും വേണ്ട."

ശ്രീ. സി.എച്ച്. മുത്തു : " ഇതെങ്ങനെ അസംബന്ധമാകും? നിങ്ങൾ പറയ്?"

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " നിങ്ങൾ പറഞ്ഞതൊക്കെ അസംബന്ധം തന്നെ."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " ഞങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന ആളാണെന്നു പറഞ്ഞത്. നിങ്ങൾ ആ വാക്ക് പിൻവലിക്കണം."

ശ്രീ. സി.എച്ച്. മുത്തു : " ഞാൻ പിൻവലിക്കില്ല. അതിനു വേറെ ആളെ നോക്കിയാൽ മതി. നടക്കില്ല."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " അതെങ്ങനെയാ അത്?"

ശ്രീ. സി.എച്ച്. മുത്തു : " ഞങ്ങൾ തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയം ചർച്ചയ്ക്കു വരുമ്പോൾ നിങ്ങൾ നിഷേധ നിലപാടെടുക്കാൻ പാടില്ല."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " നിങ്ങൾ എന്തും പറയുന്നത് കേൾക്കാനാ ഞങ്ങളൊക്കെ?"

ശ്രീ. സി.എച്ച്. മുത്തു : " അല്ലല്ല, ഞാൻ പറഞ്ഞത് ന്യായമായിട്ടുള്ള മുൻ കാലങ്ങളിൽ ചെയ്തു പോന്ന കീഴ് വഴക്കം പുന: സ്ഥാപിക്കണം. എന്താണ് തെറ്റ്?"

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " ഞങ്ങൾ പറഞ്ഞല്ലോ. നിങ്ങൾ പറഞ്ഞ കാര്യം, spirit ഞങ്ങൾ ഉൾക്കൊള്ളുന്നു. ഒരാഴ്ച സമയം തരൂ. ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി അടുത്തയാഴ്ചയുണ്ട്. ഒരാഴ്ച സമയം തരൂ എന്നു പറയുമ്പോഴും നിങ്ങൾ എന്താ അതിൽ തെറ്റാനുള്ളത്."

ശ്രീ. സി.എച്ച്. മുത്തു : " സർ, എക്സിക്യൂട്ടീവ് കമ്മിറ്റി സബ് കമ്മിറ്റി വേറേയുണ്ട്."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " അതു പരിശോധിക്കട്ടെ. 7 ദിവസം, 7 ദിവസം നിങ്ങളോട് സമയം ചോദിക്കുമ്പോഴേക്കും ഇന്നു തന്നെ വേണം എന്നു പറയുന്നത് എന്തടിസ്ഥാനത്തിലാ? നിങ്ങൾ പറഞ്ഞത് ഒരു പ്രമേയമാണിവിടെ വന്നത്. ആ പ്രമേയത്തിന്റെ മുകളിൽ ഉടനെ തീരുമാനമെടുത്ത ചരിത്രം എവിടെയെങ്കിലും ഉണ്ടോ?"

ശ്രീ. സി.എച്ച്. മുത്തു : " ഇല്ല."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " പിന്നെന്താ? തെറ്റായ കാര്യങ്ങളിലേയ്ക്കാണ് നിങ്ങൾ നയിക്കുന്നത്."

ശ്രീ. സി.എച്ച്. മുത്തു : " അല്ല, ഉടനെ തീരുമാനമല്ല."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " ജനറൽ കൌൺസിലിനെ തെറ്റായ രീതിയിലേയ്ക്കാണ് നിങ്ങൾ നയിക്കുന്നത്. തിരുത്തണം നിങ്ങൾ."

ശ്രീ. സി.എച്ച്. മുത്തു : " അല്ല, ഞാൻ പറഞ്ഞത് ശരി തന്നെയാണ്."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " പ്രമേയം വന്നാൽ ഉടനെ ഒരു തീരുമാനമെടുത്ത ചരിത്രത്തിലുണ്ടോ ?"

ഡോ. എ. അനിൽ കുമാർ : " പ്രമേയത്തിന്റെ തീരുമാനം സ്വീകരിക്കുകയോ, തള്ളുകയോ ചെയ്യാം."

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " അതെ. പ്രമേയത്തിന് ഉടനേ തീരുമാനമുണ്ടോ? എന്താ നിങ്ങൾ? ജനറൽ കൌൺസിലിന്റെ തീരുമാനത്തേയും ചട്ടങ്ങളേയും നിങ്ങൾ ലംഘിച്ചു കൊണ്ടു പോകാൻ സമ്മതിക്കില്ല."
ശ്രീ. സി.എച്ച്. മുത്തു : " ഇല്ല, നിങ്ങളാണ് തെറ്റിക്കുന്നത്."
ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " തെറ്റാണ് നിങ്ങൾ പറയുന്നത്."
ശ്രീ. സി.എച്ച്. മുത്തു : " നിങ്ങളാണ് തെറ്റിക്കുന്നത്. ഞാനല്ല."
അദ്ധ്യക്ഷൻ : " We move forward."
ശ്രീ. കൃഷ്ണൻ കുട്ടി എം.എൽ.എ : " അദ്ദേഹം പറഞ്ഞത് ഇത്രയേ ഉള്ളൂ...ഈ ജനറൽ കൌൺസിലിന്റെ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടത് എക്സിക്യൂട്ടീവ് കമ്മിറ്റി അല്ല എന്നുള്ളതാണ് അദ്ദേഹം പറഞ്ഞത്. അതിൽ വാസ്തവം ഉണ്ടല്ലോ. അതിന് നമ്മൾ പിടിവാശി കാണിക്കരുത്."
ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " ഒരു കാര്യം ഞങ്ങൾ ഒന്ന് ആലോചിക്കട്ടെ എന്നു പറഞ്ഞതിൽ എന്താ തെറ്റ് ? ഒരാഴ്ച സമയം തരൂ..."
ശ്രീ. സി.എച്ച്. മുത്തു : " അടുത്ത ജനറൽ കൌൺസിൽ 4 മാസം കഴിഞ്ഞല്ലേ ഉള്ളൂ..."
ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " അടുത്ത ജനറൽ കൌൺസിലിനെ കുറിച്ച് നിങ്ങൾ ചിന്തിക്കണ്ട. ഒരാഴ്ച സമയം തരൂ...ആ കമ്മിറ്റി നമ്മൾ constitute ചെയ്യാം എന്നു പറഞ്ഞാൽ ഇന്നു തന്നെ constitute ചെയ്യണം എന്നു പറയുന്നത് എന്തടിസ്ഥാനത്തിലാ? എന്താ അതിനൊരു മാനദണ്ഡം? വന്നത് പ്രമേയം. പ്രമേയത്തെക്കുറിച്ച് ഉടനെ തീരുമാനമെടുത്ത ചരിത്രമുണ്ടോ?"
ശ്രീ. സി.എച്ച്. മുത്തു : " ഉണ്ട്. ഉണ്ട്...."
ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " എവിടെയുണ്ട്, എപ്പോഴുണ്ട് ?"
ശ്രീ. സി.എച്ച്. മുത്തു : " സർ ഈ വിഷയത്തിൽ തന്നെ.."
ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " അത് മുഴുവൻ പാലിക്കണമെന്നുണ്ടോ ? ആ ധാരണയൊന്നും വേണ്ട. അങ്ങനെയൊന്നും ശരിയല്ല. പിടിവാശിയൊന്നും അംഗീകരിക്കില്ല."
ശ്രീ. സി.എച്ച്. മുത്തു : " ഇതേ വിഷയം തന്നെ. ഇതു പോലൊരു അടിയന്തിര പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ്."
അദ്ധ്യക്ഷൻ : " We will constitute the committee at the earliest."
ശ്രീ. സി.എച്ച്. മുത്തു : " പിടിവാശിയല്ല."
ശ്രീ. കുഞ്ഞമ്മദ് കുട്ടി : " പക്ഷേ അങ്ങയുടെ ചില പരാമർശങ്ങൾ അംഗീകരിക്കാൻ കഴിയില്ല."
ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " അദ്ദേഹം പറയുന്നതും ശരിയല്ല."
ശ്രീ. കുഞ്ഞമ്മദ് കുട്ടി : " നിങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയെ ഈ വൈസ് ചാൻസിലറെ ദുർബോധനപ്പെടുത്തുന്നു എന്നു പറയുന്നത് അങ്ങേയറ്റം തെറ്റായ പരാമർശമാണ്. അത് നിങ്ങൾ പിൻവലിക്കണം. വികാരപരമായി പറയുന്നത് ശരിയല്ല."
അദ്ധ്യക്ഷൻ : " Yes, we are working in the interest of everybody and we are not against any; even single labour. We dont have any likes or dislikes against anybody. And actually in last Executive Committee, we seriously discussed to solve labour issues. So you don't attribute any motive. We are putting our sincere efforts. Leave to EC & within a week we will reconstitute that Committee." **Assurance - 7**

ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ : " അത്രയേ ഉള്ളൂ..."
ശ്രീ. ബാബു. കെ.ഡി : " സർ, ഇതെന്താന്ന വച്ചാൽ ഇത് വലിയൊരു വിഷയം സാധാരണ ഗതിയിൽ പ്രതിപക്ഷം, ഭരണ പക്ഷം ഒന്നുമുണ്ടാകാറില്ല ഈ ജനറൽ കൌൺസിലിൽ. അതു പേരിനു വേണ്ടി മാത്രമാണ് സർ. ഇവിടെ opposition എന്നുള്ള സംഗതിയൊന്നും ഉണ്ടാകാറില്ല. പക്ഷേ കഴിഞ്ഞതിന്റെ മുന്നത്തെ ജനറൽ കൌൺസിലിൽ അത് സംഭവിച്ചു. ഞങ്ങളൊക്കെ ഇവിടുന്ന് walk out നടത്തേണ്ടി വന്നു. കാരണം എന്താന്നറിയോ? Deliberate ആയിട്ട് ചില ആളുകളെ മാറ്റി നിർത്തുക. ഇത് എന്താ സംഭവിക്കുന്നതെന്നറിയോ? നമുക്ക് ഇവിടെ അനുരഞ്ജനത്തിന്റെ പാത നമുക്കിവിടെ സ്വീകരിക്കുവാൻ സാധിക്കുന്നില്ല. സാർ ഞാൻ ഒന്നു പറയട്ടെ, നമ്മൾ ജനാധിപത്യത്തെക്കുറിച്ചൊക്കെ വലുത് പറയുന്നുണ്ടല്ലോ നമ്മുടെ ഈ ചെറിയ ഫോറത്തിൽ പോലും നമുക്ക് അത് കാത്തു സൂക്ഷിക്കാൻ സാധിക്കുന്നില്ലെങ്കിൽ നമ്മൾ പുറത്തു പോയിട്ട് എന്തു പറയും? നമ്മൾ എന്തു സന്ദേശമാണ് പുറത്തേയ്ക്കു കൊടുക്കുന്നത്. ഈ ഒരു അനുരഞ്ജനത്തിന്റെ രീതി തന്നെ കളഞ്ഞത് ഈ ജനറൽ കൌൺസിലിന്റെ കഴിഞ്ഞതിന്റെ മുന്നത്തെ ജനറൽ കൌൺസിലിലാണ്. പറയാതിരിക്കാൻ പറ്റില്ല."

ശ്രീ. പി. കെ.ശ്രീ കുമാർ: " വിഷയത്തിൽ നിന്ന് മാറിപ്പോകുകയാണ് സർ. വിഷയത്തിൽ നിന്നും മാറിപ്പോകരുത്. ആ വിഷയത്തിൽ discuss ചെയ്യാം. മറ്റു വിഷയങ്ങളിലേയ്ക്ക് പോകരുത്."
ശ്രീ. ബാബു. കെ.ഡി : " അത് ചെയർ നിയന്ത്രിക്കും, ചെയർ നിയന്ത്രിക്കും. നിങ്ങൾ പറയണ്ട. ചെയർ നിയന്ത്രിക്കട്ടെ."

## 17. അടിയന്തിര പ്രമേയം

അവതാരകൻ : ശ്രീ. സി.എച്ച്. മുത്തു

അനുവാദകൻ : ശ്രീ. പി. കെ. ശ്രീ കുമാർ

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശമ്പള പരിഷ്കരണ ഉത്തരവിൽ നിരവധി അവ്യക്തത നിലനിൽക്കുന്നതിനാൽ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി വ്യക്തത വരുത്തി സർവ്വകലാശാല ഉത്തരവിറക്കണമെന്ന് ഈ സഭ തീരുമാനിക്കുന്നു.

ശ്രീ. സി.എച്ച്.മുത്തു: " സർ, ഇതിനകത്ത് തൊഴിലാളികളുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവ് ഇവിടെ നടപ്പിലാക്കിയതിൽ ചില പാകപ്പിഴകൾ വരുന്നുണ്ട്. നമ്മൾ ആദ്യമേ പറഞ്ഞതു തന്നെയാണ്. അതിനകത്ത് തൊഴിലാളിക്ക് കിട്ടുന്ന ആനുകൂല്യങ്ങളെ കുറിച്ച് പരാമർശം-2 (ഖണ്ഡിക-16,17,18) എന്നിങ്ങനെ കൊടുത്തിരിക്കുന്നത്. അത് നടപ്പിലാക്കുന്നതിൽ വലിയ തെറ്റ് വന്നിട്ടുണ്ട്. ആദ്യം പറഞ്ഞ കമ്പിളി അലവൻസും അതു പോലെ തന്നെ ഫിക്സേഷനുമായി ബന്ധപ്പെട്ട് പല അവ്യക്തതകളും നിലവിലുണ്ട്. അതു കൊണ്ട് സംഘടനകളുമായി ചർച്ച നടത്തിയിട്ട് ഇതിനകത്ത് ഈ പ്രശ്നങ്ങൾ പലതും പല രീതിയിലാണ് അതിനെ വ്യാഖ്യാനം ചെയ്തിരിക്കുന്നത്. കാരണം ഈ പറയുന്ന പരാമർശങ്ങളെല്ലാം തന്നെ സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണ ഉത്തരവുമായി ബന്ധപ്പെട്ടാണ്."

അദ്ധ്യക്ഷൻ : " We will examine. "

**18. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. സി.എച്ച്. മുത്തു

അനുവാദകൻ : ശ്രീ. പി. കെ. ശ്രീ കുമാർ

കേരള കാർഷിക സർവ്വകലാശാല വെള്ളാനിക്കര കാമ്പസ്സിലെ വന്യമൃഗങ്ങളുടെ ശല്യം കാരണം കൃഷിക്കും പരീക്ഷണത്തിനും കുട്ടികളുടെ പഠനത്തിനും വലിയ ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി ഉണ്ടാവണമെന്ന് ഈ സഭ തീരുമാനിക്കുന്നു.

ഡോ. ഇന്ദിരാ ദേവി (രജിസ്ട്രാർ ): " ഇത് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ "

ശ്രീ. സി.എച്ച്.മുത്തു:" സർ ഇവിടെ വെള്ളാനിക്കര കാമ്പസ്സിൽ വ്യാപകമായിട്ടുള്ള വന്യമൃഗങ്ങളുടെ ശല്യം. നമുക്ക് യാതൊന്നും കൃഷി ചെയ്താൽ കിട്ടാത്ത സ്ഥിതിയുണ്ട്. അതിൽ ഏറ്റവും ദൈന്യമായിട്ടുള്ള അവസ്ഥ പഠിക്കുന്ന വിദ്യാർത്ഥികളുടേതാണ്. അവർക്ക് ഒരു സാധനം പോലും നമ്മുടെ അവിടെ കൃഷി ചെയ്യാൻ പറ്റാത്ത സ്ഥിതിയാണ്. കാരണം നമ്മുടെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടാകുന്നില്ല. പന്നി, മുള്ളൻ പന്നി, മയിൽ എന്നിങ്ങനെയുള്ള ജീവികൾ വന്നിട്ട് പഠിക്കുന്ന കുട്ടികൾക്ക് വളരെ കഷ്ടമാണ്. യാതൊരു കൃഷിയും അവർക്ക് ഇവിടെ ചെയ്യാൻ സാധിക്കുന്നില്ല."

അദ്ധ്യക്ഷൻ : " We will form a committee using the wild life department and come out with some kind of a solution to protect our crops from the wild animals."
**Assurance - 8**

ശ്രീ. പി. കെ.ശ്രീ കുമാർ: " സർ. അടിയന്തിരമായി ചെയ്തില്ലെങ്കിൽ നമ്മുടെ വെള്ളാനിക്കര ഒരു crop പോലും ഇടാൻ പറ്റാതാകും."

അദ്ധ്യക്ഷൻ : " We will examine ."

**19. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. വസീം ഫജ്ൽ. സി.

അനുവാദകൻ : ശ്രീ. അബിൻ ജോർജ്ജ്

എല്ലാ ലേഡിസ് ഹോസ്റ്റലുകളിലും സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുവാൻ ഈ യോഗം തീരുമാനിക്കുന്നു.

മറുപടി : " മിക്കവാറും എല്ലാ ലേഡീസ് ഹോസ്റ്റലുകളിലും ഇപ്പോൾ തന്നെ സ്ഥാപിച്ചിട്ടുണ്ട്. ഇല്ലാത്ത ഹോസ്റ്റലുകളിൽ ഉടനെ അത് നടപ്പിലാക്കുന്നതാണ്."

ശ്രീ. വസീം ഫജ്ൽ. സി: " വെൻഡിംഗ് മെഷീൻ ആണ് ഉദ്ദേശിച്ചത്. അത് ഇൻസിനറേറ്റർ അല്ല. ഇൻസിനറേറ്റർ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ... അതും എല്ലാ കോളേജിലും സ്ഥാപിച്ചിട്ടില്ല. ഇതിനു മുൻപ് ഇതുമായി ബന്ധപ്പെട്ട് പ്രമേയം വച്ചതായിരുന്നു. പിന്നെ വേറൊരു കാര്യമുള്ളത് വിദ്യാർത്ഥിനികൾക്ക് ഇൻസിനറേറ്ററിനെ കുറിച്ച് വളരെ വ്യക്തമായി, തീരെയൊരു അവബോധമില്ല. അതിനെ കുറിച്ച് അങ്ങനെയൊരു ക്ലാസ്സ് ഡി.എസ്.ഡബ്ല്യു വിന്റെ നേതൃത്വത്തിൽ കൊടുക്കണം. കാരണം ഞങ്ങൾ കോളേജിൽ അന്വേഷിച്ചപ്പോൾ ആദ്യമായി കാണുകയാ ഈ സാധനം. എങ്ങനെയാ ഉപയോഗിക്കേണ്ടതെന്ന് അറിയാത്തതു കൊണ്ട് പണ്ട് ഉപയോഗിച്ച പോലെ തന്നെ ഡിസ്പോസ് ചെയ്യുന്ന രീതിയാണ് ഉള്ളത്. അതിനെ കുറിച്ച് healthy class എന്തെങ്കിലും അതു പോലെ വെൻഡിംഗ് മെഷീൻ വിദ്യാർത്ഥിനികൾക്ക് പലയിടത്തും കോളേജിൽ ഇത് availability ഭയങ്കര ബുദ്ധിമുട്ടാണ്. പുറത്തു പോകുക എന്നുള്ളതൊക്കെ ഇതിനെ സംബന്ധിച്ച്..."

ശ്രീ.കുഞ്ഞമ്മദ്കുട്ടി:" അല്ല, വനിതാ അദ്ധ്യാപികമാർ ഏറ്റവും കൂടുതൽ ഉള്ള ഒരു സ്ഥാപനമാണിത്. സ്വാഭാവികമായും അതത് സ്ഥാപനങ്ങളിലെ അധ്യാപികമാർക്ക് ആ കാര്യം നിർവ്വഹിക്കാവുന്നതേ ഉള്ളൂ..."

ഡോ. എസ്. എസ്റ്റലിറ്റ : " ഇൻസിനറേറ്റർ വയ്ക്കുന്നവർ ഇത് demonstrate ചെയ്യുമല്ലോ."

ഡോ. ബി. സുമ : " അല്ല, ഇത് അതാത് കോളേജുകളിൽ തന്നെ അസോസിയേറ്റ് ഡീനിനും, ഡീൻ ലെവലിൽ തന്നെ തീർക്കാവുന്ന ഒരു വിഷയമാണ്. അത് എത്രയും പെട്ടെന്ന് ചെയ്യണം."

അദ്ധ്യക്ഷൻ : " It is agreed."

## 20. അടിയന്തിര പ്രമേയം

അവതാരകൻ : ശ്രീ. പി. കെ. ശ്രീ കുമാർ

അനുവാദകൻ : ശ്രീ. അബിൻ ജോർജ്ജ്

129-ാമത് ജനറൽ കൌൺസിലിൽ ജീവനക്കാരുടെ 9,10 ശമ്പള പരിഷ്കരണത്തിൽ അനുവദിക്കപ്പെട്ട വിവിധ അലവൻസുകൾ നൽകണമെന്നതു സംബന്ധിച്ച തീരുമാനം അടുത്ത ഭരണസമിതി യോഗത്തിന്റെ പരിഗണനയ്ക്കായി വെച്ചിരുന്നു. എന്നാൽ നാളിതു വരെ ഈ അലവൻസുകൾ ജീവനക്കാർക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇക്കാര്യം അടിയന്തിരമായി നടപ്പിലാക്കാൻ ഈ സഭ തീരുമാനിക്കുന്നു.

ശ്രീ. പി. കെ. ശ്രീ കുമാർ : "സർ, ഇത് ഇത്രയേ ഉള്ളൂ സർ. 9-ാം ശമ്പള പരിഷ്കരണം എന്നു പറഞ്ഞാൽ 10 വർഷം മുൻപുള്ളതാണ്. 10 വർഷം മുൻപ് നടന്ന ശമ്പള പരിഷ്കരണത്തിൽ ജീവനക്കാർക്ക് കിട്ടേണ്ട ചെറിയ ചെറിയ അലവൻസ് അത് വളരെ ചെറിയ തുകയേ ഉള്ളൂ. 100 രൂപ, 200 രൂപ എന്നിങ്ങനെ. അത് എല്ലാ ശമ്പള പരിഷ്കരണത്തിലും ഒരു വർധനവ് വരുന്നുണ്ട്. 10 വർഷമായിട്ട് ഇത് ഇവിടെ വർദ്ധിപ്പിച്ചിട്ടില്ല സർ. ഇത് നമ്മള് 129-ാമത് ജനറൽ കൌൺസിലിൽ കൊണ്ടു വന്നു. തീരുമാനമെടുത്തു. അടുത്ത എക്സിക്യൂട്ടീവിൽ വച്ച്

ഇത് പാസ്സ് ആക്കാമെന്ന്. പക്ഷേ, ഇപ്പോഴും ഇത് എക്സിക്യൂട്ടീവിന്റെ പരിഗണനയ്ക്ക് ഇരിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. അതു കൊണ്ട് ഈ വിഷയം അടുത്ത എക്സിക്യൂട്ടീവിൽ കൊണ്ടു വരണം സർ."

**21. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. പി. കെ. ശ്രീ കുമാർ

അനുവാദകൻ : ശ്രീ. വസീം ഫജ്ൽ. സി.

കാർഷിക സർവ്വകലാശാലയിലേയ്ക്കുള്ള ക്ലാസ്സ് ഫോർ നിയമനം നടത്തുന്നതിനു വേണ്ടി എൽ.ബി.എസ്. സെന്റർ 21.01.2018 ൽ നടത്തിയ പരീക്ഷയിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. തദനുസൃതമായ റാങ്ക് ലിസ്റ്റ് ഒരാഴ്ച്ചയ്ക്കകം പ്രസിദ്ധീകരിക്കാൻ ഈ സഭ തീരുമാനിക്കുന്നു.

ശ്രീ.പി.കെ.ശ്രീകുമാർ: "ഡിസ്കസ്സ് ചെയ്യുതാണ് ടീച്ചർ, അടുത്ത എക്സിക്യൂട്ടീവിൽ വയ്ക്കാമെന്ന്."

ഡോ. ഇന്ദിരാ ദേവി (രജിസ്ട്രാർ ): അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കും."

**22. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. പി. കെ. ശ്രീ കുമാർ

അനുവാദകൻ : ശ്രീ. അബിൻ ജോർജ്ജ്

കാലിക്കറ്റ് സർവ്വകലാശാല ഒഴികെയുള്ള മറ്റെല്ലാ സർവ്വകലാശാലകളിലേയ്ക്കും അന്തർ സർവ്വകലാശാലാ സ്ഥലം മാറ്റം നടന്ന സാഹചര്യത്തിൽ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും കാലിക്കറ്റ് സർവ്വകലാശാലയിലേയ്ക്കു കൂടി അസിസ്റ്റന്റുമാരുടെ അന്തർ സർവ്വകലാശാല സ്ഥലം മാറ്റം കേരള സർവ്വകലാശാല സ്വീകരിച്ച അതേ മാനദണ്ഡമനുസരിച്ച് നടത്താൻ ഈ സഭ തീരുമാനിക്കുന്നു.

ശ്രീ.പി.കെ.ശ്രീകുമാർ:"സർ, ഇത് ഗൌരവമുള്ള വിഷയമാണ് സർ. എല്ലാ യൂണിവേഴ്സിറ്റികളിലും ഇന്റർ യൂണിവേഴ്സിറ്റി, നമ്മുടെ യൂണിവേഴ്സിറ്റി മാത്രമല്ല മറ്റ് സർവ്വകലാശാലകളിൽ നിന്നു പോലും ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ വഴി കാലിക്കറ്റ് സർവ്വകലാശാലയിലേയ്ക്ക് ചെയ്യപ്പെട്ടു കഴിഞ്ഞു. നമ്മുടെ സർവ്വകലാശാലയിൽ മാത്രം.അതാണ് പ്രത്യേകത, നമ്മുടെ സർവ്വകലാശാലയിൽ മാത്രം ഈ കാലിക്കറ്റ് സർവ്വകലാശാലയിലേയ്ക്കുള്ളത് നടന്നിട്ടില്ല. അവിടെ ചില കേസുകൾ നിലനിൽക്കുന്നു എന്നുള്ളതാണ്. ഈ മാനദണ്ഡം ഉൾക്കൊണ്ടു തന്നെയാണ് കേരള സർവ്വകലാശാലയും, എം.ജി സർവ്വകലാശാലയും, കണ്ണൂർ സർവ്വകലാശാലയും അങ്ങോട്ടേയ്ക്ക് ചെയ്യുത്. അതേ മാനദണ്ഡത്തിൽ തന്നെ നമ്മളും നടത്തണം സർ. ഈ വിഷയം അടുത്ത എക്സിക്യൂട്ടീവിൽ തന്നെ തീരുമാനം എടുക്കണം സർ."

അദ്ധ്യക്ഷൻ : " It will be done in next Executive Committee."

**23. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. അബിൻ ജോർജ്ജ്

അനുവാദകൻ : ശ്രീ. വസീം ഫജ്ൽ. സി.

വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന 50% വൈദ്യുതി ബിൽ നിർത്തലാക്കുവാൻ ഈ യോഗം തീരുമാനിക്കുന്നു.

ശ്രീ. അബിൻ ജോർജ്ജ്: "അത് ഹോസ്റ്റലിൽ നിന്നും ഈടാക്കുന്ന 50 % ഇലക്ട്രിസിറ്റി ബിൽ ആണ്. അത് പല തവണ ജനറൽ കൌൺസിലിൽ ഞങ്ങൾ തന്നെ വച്ചിട്ടുള്ളതാണ്. പക്ഷേ അതിനൊരു തീരുമാനം ഇതുവരെ..."

അദ്ധ്യക്ഷൻ : " We will agree. I will consult with the Finance Section & look into that ."

ശ്രീ. കെ.ഡി. ബാബു : " സർ ഈ 50% എന്നു പറയുമ്പോൾ എത്ര amount വരും ശരാശരി.?"

ശ്രീ. വസീം ഫജ്ൽ. സി: " മാസം 120... അത് ഓരോ സ്ഥലത്തെയും പോലെയാണ്."

**24. അടിയന്തിര പ്രമേയം**

അവതാരകൻ : ശ്രീ. വസീം ഫജ്ൽ. സി.

അനുവാദകൻ : ശ്രീ. അബിൻ ജോർജ്ജ്

B.Sc. (Hons.) Ag. സീറ്റുകൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ പടന്നക്കാട് കാർഷിക കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുവാൻ ഈ യോഗം തീരുമാനിക്കുന്നു.

അദ്ധ്യക്ഷൻ : " In the Official Resolution we will discuss in detail."

**25. അടിയന്തിര പ്രമേയം**

അവതാരകൻ : ഡോ. കെ.കെ. സത്യൻ

അനുവാദകൻ : ഡോ. ബി. സുമ

സർവ്വകലാശാലയുമായി ബന്ധപ്പെട്ട കോടതി കേസുകളിൽ ഭൂരിഭാഗവും സർവ്വകലാശാല പരാജയപ്പെടുന്ന സാഹചര്യവും തൻമൂലം യൂണിവേഴ്സിറ്റിയ്ക്ക് ഉണ്ടാകുന്ന സാമ്പത്തിക മാന

നഷ്ടങ്ങൾ പരിഗണിച്ച് ഇപ്പോഴത്തെ സ്റ്റാൻഡിംഗ് കൌൺസിലിനെ മാറ്റി പുതിയ ആളെ നിയമിക്കുന്നതിന് ഈ സഭ തീരുമാനിക്കുന്നു.

അദ്ധ്യക്ഷൻ : " I had a couple of meetings with our present standing counsel & sensitized them about the pending court cases. They also expressed certain difficulty from our side in getting the information & filing the affidavit in time. At least in recent 3-4 cases, I see them acting fast & I am also personally following up with all the officers concerned to collect the information & giving the statements of facts. We will wait for some more time & we will defer it for - time being. We will take it later."

ശ്രീ. കുഞ്ഞമ്മദ് കുട്ടി : " വളരെ ഗൌരവമുള്ള വിഷയമാണ്."

അദ്ധ്യക്ഷൻ : " I understand."

ഡോ.കെ.കെ. സത്യൻ : " Sir, our only concern is..."

ശ്രീ. കുഞ്ഞമ്മദ് കുട്ടി : " ഗൌരവമായി കേസ് നടത്തിയില്ലെങ്കിൽ എല്ലാം നമ്മൾ പരാജയപ്പെടുന്ന സ്ഥിതിയുണ്ട്."

ശ്രീ. കെ.ഡി. ബാബു : " അതിൽ സാർ വരുന്നതിനു മുൻപ്....Before your time, ഇവിടുന്ന് തന്നെ മൌന അനുവാദം കൊടുക്കുകയാണ് തോൽക്കാൻ. നിങ്ങൾ തോറ്റോളൂ, ഞങ്ങൾ ചെയ്തോളാം. ഈ ഒരു ലൈൻ....സാറിന്റെ കാലഘട്ടത്തിലല്ല, അതിനു മുൻപുണ്ടായിരുന്നു. അതിന് ഞങ്ങൾ ദൃക്സാക്ഷികളാണ്. അതാണ് ഒഴിവാക്കേണ്ടത്."

ഡോ.കെ.കെ. സത്യൻ : " സർ നമ്മുടെ concern ഇതാണ്. majority of the cases University is losing. So, that is a great concern. അത് നമുക്ക്, we need to some how avoid it."

അദ്ധ്യക്ഷൻ : " This point, I already sent across the message to standing counsel. Let us wait for some more time & if don't see an improvement then later on we can discuss it."

## 26. അടിയന്തിര പ്രമേയം

അവതാരകൻ : ഡോ. കെ.കെ. സത്യൻ

അനുവാദകൻ : ഡോ. ബി. സുമ

കെ.എ.യുവിന്റെ കരമന റിസർച്ച് സ്റ്റേഷനിൽ ചുരുങ്ങിയത് 10 ഡബിൾ റൂമുകളും, അടുക്കള, ഭക്ഷണശാല തുടങ്ങിയ സൌകര്യങ്ങളോടു കൂടിയ ഒരു ഗസ്റ്റ് ഹൌസ് 18-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഈ സഭ തീരുമാനിക്കുന്നു.

ഡോ. എ. അനിൽ കുമാർ : " സർ, അത് പലപ്പോഴും ഡിസ്കസ് ചെയ്തതാണ്. important ആണ്. അത് നമുക്ക് പരിഗണിക്കാവുന്നതാണ്."
ഡോ.കെ.കെ. സത്യൻ : " ഞാൻ ഡി.പി.പി യുമായി ഡിസ്കസ് ചെയ്തു. ഒരു കോടിയാണ്, One crore അതിന് ആവശ്യം വരുന്നുള്ളൂ. ഒരു ചെറിയ ഗസ്റ്റ് ഹൌസ് പണിയാൻ including furnishing. ഒരു 1 Crore-ന്റെ ആവശ്യം വരുന്നുള്ളൂ. അതിനുള്ള ഫണ്ട് എങ്ങനെയെങ്കിലും കണ്ടു പിടിച്ച്."

ഡോ. എ. അനിൽ കുമാർ : " 2018-2019 ലെ plan fund അതിന് use ചെയ്യാം."

ഡോ.കെ.കെ. സത്യൻ : " ഉടനെ തന്നെ അതൊന്ന് കണ്ടു പിടിക്കുന്നതിന് വേണമെങ്കിൽ ഡയറക്ടർ ഓഫ് പ്ലാനിംഗിനെ ഒന്നു ചുമതലപ്പെടുത്തുകയാണെങ്കിൽ കാര്യങ്ങൾ time bound ആയി നടന്നേക്കാം."

അദ്ധ്യക്ഷൻ : " We agree with the need for building guest house there & explore allocation of funds." **Assurance - 9**

ഡോ.കെ.കെ. സത്യൻ : " Ok, Thank you sir."

**27. അടിയന്തിര പ്രമേയം**

അവതാരകൻ : ഡോ. കെ.കെ. സത്യൻ

അനുവാദകൻ : ഡോ. ബി. സുമ

ജനറൽ കൌൺസിലിന്റെ സബ് കമ്മിറ്റികൾ ക്രിയാത്മകവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിന് വേണ്ടി അവ രണ്ട് മാസത്തിലൊരിക്കലെങ്കിലും കൂടുന്നതിന് ഈ സഭ തീരുമാനിക്കുന്നു.
ഡോ.കെ.കെ. സത്യൻ : " Ok, subcommittee ജനറൽ കൌൺസിലിന്റെ..."
ശ്രീ. കുഞ്ഞമ്മദ് കുട്ടി : " സബ് കമ്മിറ്റി ചേരുന്നതിന് ചട്ടത്തിൽ വല്ല വ്യവസ്ഥയും ഉണ്ടോ? ഇത്ര മാസത്തിനകം ചേരണം എന്നു പറഞ്ഞ്..."
ഡോ.കെ.കെ. സത്യൻ : " സ്റ്റാറ്റ്യൂട്ടിൽ ഇല്ല."
ഡോ. എ. അനിൽ കുമാർ : " സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയൊക്കെ പലപ്പോഴും പെട്ടെന്ന് പെട്ടെന്ന് വിളിക്കും. 2 മാസം പോലും വെയിറ്റ് ചെയ്യേണ്ട കാര്യമില്ല. കഴിഞ്ഞ തവണ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി കൂടിയിട്ടേയില്ല."
ശ്രീ. പി. കെ. ശ്രീ കുമാർ : " കഴിഞ്ഞ തവണ ഈ കമ്മിറ്റികൾ ഒന്നും തന്നെ കൂടിയിട്ടേയില്ല."
ഡോ. ബി. സുമ : " ഇപ്രാവശ്യമെങ്കിലും അതിനൊരു മാറ്റമുണ്ടാകണം."

അദ്ധ്യക്ഷൻ : " Today after noon the sub committee, Finance Committee meeting, discussing what to be done for 2018-19 on a priority basis."

ശ്രീ. പി. കെ. ശ്രീ കുമാർ : " സർ, അത് 2 മാസത്തിൽ ഒരിക്കൽ കൂടാമെന്ന് തീരുമാനിക്കാം സർ."

ഡോ. ബി. സുമ : " Minimum..."

ശ്രീ. പി. കെ. ശ്രീ കുമാർ : " 2 മാസത്തിൽ ഒരിക്കൽ ഒരു കമ്മിറ്റി കൂടുക"

ഡോ.എ.സക്കീർ ഹുസൈൻ : " സർ, ഒരു കമ്മിറ്റി കൂടുന്നതിന് നമ്മൾ ചട്ടത്തിൽ നിയമമില്ലാതിരിക്കുമ്പോൾ ജനറൽ കൗൺസിലിൽ പ്രമേയത്തിലൂടെ കമ്മിറ്റി ഇന്നത് കൂടണമെന്ന് പറയുന്നത് ശരിയാണോ? അതിനു പകരം ആവശ്യമനുസരിച്ച് വേണ്ടി വന്നാൽ കൂടുക എന്ന തരത്തിലേയ്ക്ക് പോകുന്നതല്ലേ ഉചിതം?"

ഡോ.എ.അനിൽ കുമാർ : " കുറേ നാളായി കൂടാത്തതു കൊണ്ടായിരിക്കണം അങ്ങനൊരു പ്രമേയം വന്നത്."

ഡോ.കെ.കെ. സത്യൻ : " ഇങ്ങനെ കമ്മിറ്റികൾ ഇടയ്ക്കിടയ്ക്ക് കൂടുമ്പോഴല്ലേ അതിനെ കൊണ്ട് എന്തേലും constructive ആയി ചെയ്യാൻ സാധിക്കുകയുള്ളൂ. കമ്മിറ്റികൾ പേരിനുണ്ടായിട്ട് അത് function ചെയ്യില്ലെങ്കിൽ കാര്യമില്ലല്ലോ. അതാണ്. അതൊരു positive ആയിട്ടാണ് നമ്മൾ ഉദ്ദേശിച്ചത്. അല്ലാതെ അതിൽ വേറെ പിന്നെ no hidden agenda."

ശ്രീ. കെ.ഡി. ബാബു : " സർ അത് ചില കമ്മിറ്റികളൊക്കെ form ചെയ്യുന്നത് ഇങ്ങനെയാണെന്നു തോന്നുന്നു. ചില ആളുകളെയൊക്കെ ഒതുക്കി നിർത്തിയിട്ട് അതിൽ കൊണ്ടിടുക. പിന്നെ മീറ്റിംഗ് കൂടാത്ത കമ്മിറ്റിയിൽ കൊണ്ടിടുക. അങ്ങനത്തെ ഒരു തന്ത്രത്തിനു വേണ്ടിയാണെന്നു തോന്നുന്നു . പലപ്പോഴും അൽഭുതപ്പെട്ടിട്ടുണ്ട്. എന്തിനാണ് ഇങ്ങനെ കമ്മിറ്റി എന്നൊക്കെ തോന്നിയിട്ടുണ്ട്. ആളുകളെയൊക്കെ ഒതുക്കി ഒരു സ്ഥലത്ത് കൊണ്ടിടാനുള്ള ഒരു തന്ത്രത്തിന്റെ ഭാഗമായിട്ട് വളരെ ഭംഗിയായിട്ട് ചെയ്യാമല്ലോ. ജനാധിപത്യ രീതിയിൽ ചെയ്തു എന്നൊക്കെ പറയുകയും ചെയ്യാം. അങ്ങനെ ഒരു സംവിധാനമുണ്ടല്ലോ."

ശ്രീ. പി. കെ. ശ്രീകുമാർ : " സർ ഇത് മുൻകാലങ്ങളിൽ ചെയ്തു വന്നിരുന്ന ഒരു പ്രക്രിയ ആണ്. ചിലരെ ഇങ്ങനെ ഒതുക്കി നിർത്താൻ."

ഡോ. എ. അനിൽ കുമാർ : " ബാബു ഒരു കാര്യം മനസ്സിലാക്കണം. ബാബു ഇവിടെ മുൻപ് ഉണ്ടായിരുന്നല്ലോ. ഇവിടെ പല കമ്മിറ്റികളും കൂടാൻ പോലും അനുവാദം കൊടുക്കാതെ മാറ്റി വച്ചിട്ടുണ്ട്. അത് ബാബുവിന് അറിയാമോ? അതു കൊണ്ടാ പറയുന്നത് ഇവിടെ കഴിഞ്ഞ കാലങ്ങളിൽ...."

ശ്രീ. പി. കെ. ശ്രീകുമാർ : " അതു കൊണ്ടാണല്ലോ സർ നമ്മൾ ഇവിടെ പറഞ്ഞത്, ഈ പ്രമേയം കൊണ്ടു വന്നത്. 2 മാസത്തിൽ ഒരിക്കൽ കൂടണം. ഒരാളെയും മാറ്റി നിർത്തരുത്."

**28. അടിയന്തിര പ്രമേയം**

അവതാരകൻ : ഡോ. ബി. സുമ

അനുവാദകൻ : ഡോ. കെ.കെ. സത്യൻ

സ്ത്രീ പീഡനത്തിനും പട്ടിക ജാതി പീഡനത്തിനും ആരോപണം നേരിടുന്ന Agri. Eng. ഫാക്കൽറ്റിയിലെ പ്രൊഫ. ഹക്കീമിനെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി അന്വേഷണം നടത്തണമെന്ന് ഈ സഭ തീരുമാനിക്കുന്നു.

മറുപടി : " ആരോപണം ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ ഡോ. ഹക്കീമിനെ സ്ഥലം മാറ്റിയിട്ടുണ്ട്. പ്രൊഫ. ഹക്കീമിനെതിരെ legal opinion ന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ച് വരുന്നു."

ഡോ. ബി. സുമ : " ഇക്കാര്യത്തിൽ എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഈ പ്രസ്തുത വ്യക്തിക്കെതിരെ FIR ഉൾപ്പെടെ ഉള്ള കാര്യങ്ങൾ നിലവിലുണ്ട്. കഴിഞ്ഞ 10 വർഷത്തിനു മുൻപു തന്നെ ഇതു പോലുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ എടുക്കണമെന്നു പറഞ്ഞെങ്കിലും അതൊക്കെ ഒരു....നടപടികളെടുക്കാതെ അയാളെ സംരക്ഷിച്ചു പോന്ന ഒരു നിലപാടാണ് യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത്. അതു കൊണ്ട് ഈ വിഷയത്തിൽ ശരിക്കും സ്ഥാനത്തു നിന്നു മാറ്റി നിർത്തിക്കൊണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു സബ് കമ്മിറ്റി അത് അന്വേഷിച്ച് ആളിനെതിരെ ശരിക്കും നടപടി എടുക്കണം. അതാണ് നമ്മുടെ ആവശ്യം."

ശ്രീ. പി. കെ. ശ്രീകുമാർ : " സർ, ഇത്തരം വിഷയങ്ങളിൽ യൂണിവേഴ്സിറ്റി ഗൗരവം ആയി നടപടി എടുക്കാത്തത് കൊണ്ടാണ് വീണ്ടും, വീണ്ടും ഇത്തരം കാര്യങ്ങൾ വരുന്നത്. ഇത് കഴിഞ്ഞ 2-3 വർഷത്തെ പുറകോട്ടു പോയാൽ ഒരു 8-10 കേസുകൾ ഇങ്ങനെയുണ്ട്. ഇത് ഉണ്ടാകുന്നതിന്റെ പ്രധാന കാരണം ഇത്തരം കേസുകളിൽ നടപടി കൃത്യമാകില്ല സർ. ഇതുമായി ബന്ധപ്പെട്ടാണ് നമ്മൾ ആദ്യം കൊണ്ടു വന്ന അഴിമതിയുമായി ബന്ധപ്പെട്ട് ദയവായി യൂണിവേഴ്സിറ്റി ഇങ്ങനെ ഒരു അഴിമതി കഥയിലേയ്ക്ക് വീണ്ടും പോകുന്നതിന് മുൻപേ ഇത്തരം കാര്യങ്ങളിൽ ഉചിതമായ തീരുമാനം ഉടനടി എടുക്കണം സർ. വളരെ അത്യാവശ്യമാണ്."

ഡോ. എ. അനിൽ കുമാർ : " ശ്രദ്ധിക്കുക പറയുന്നത്. ഇദ്ദേഹത്തിനെതിരെ ഒരുപാട് ആരോപണങ്ങളുണ്ടായിട്ടുണ്ട്. മുൻ കാല ഭരണ സമിതിയോ, അതിന് അധികാരപ്പെട്ടവരോ ചെയ്യാത്തതു കൊണ്ടാണ് പട്ടികജാതി, പീഡനമുൾപ്പെടെയുള്ള ദളിത് കമ്മ്യൂണിറ്റിയുടെ complaint അടക്കം ഉള്ളതാണിത്. അതു കൊണ്ട് ഇത് വളരെ കൃത്യമായിത്തന്നെ ഭരണ സമിതി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാം."

ഡോ. ബി. സുമ : " അതു കൊണ്ടാണ് നമ്മൾ അങ്ങനൊരു പ്രമേയം വയ്ക്കാൻ ഉദ്ദേശിച്ചത്."

ഡോ. എസ്. എസ്റ്റലിറ്റ : " സർ, ഒരു സ്ഥലം മാറ്റം ഇതിനൊരു പ്രതിവിധിയല്ല."

ഡോ. ബി. സുമ : " അതൊരിക്കലും പ്രതിവിധിയല്ല."

ഡോ. എസ്. എസ്റ്റലിറ്റ : " ഇത്തരം കാര്യങ്ങൾ ഒന്നോ, രണ്ടോ വ്യക്തിയല്ല കാർഷിക സർവ്വകലാശാലയിൽ തുടർന്നു കൊണ്ടിരിക്കുന്നത്. ശക്തമായിട്ട് നല്ല രീതിയിലുള്ള ശിക്ഷാർഹമായ നടപടി തന്നെ എടുക്കണം. അത് X or Y, student ആയാലും ലേബർ ആയാലും, ഓഫീസർ ആയാലും ഏതൊരു ലെവലിൽ ഉള്ളവരായാലും...അല്ലെങ്കിൽ ലേഡീസിന് വല്ല റിവോൾവറോ വല്ലതും ഒക്കെ കൊണ്ടു നടക്കാനുള്ള സംവിധാനം ഉണ്ടാക്കണം."

അദ്ധ്യക്ഷൻ : " Yes, we accept this. Ok. Disciplinary cases are being followed very seriously. We will send a message that any staff who is bringing disrespect to this University will be severely punished."

ഡോ. എസ്. എസ്റ്റലിറ്റ : " ഗൗരവമായി തന്നെ എടുക്കണം. ഒരു ട്രാൻസ്ഫറോ, ഒരു ഓർഡറോ അല്ല അതിൽ വേണ്ടത്. ഇങ്ങനെ repeated ആയി വന്നു കൊണ്ടിരിക്കുകയാണ്. അത് യൂണിവേഴ്സിറ്റിയുടെ യശസ്സിനെ തന്നെ മാറ്റി മറിക്കുന്നതാണ്. നല്ല രീതിയിൽ തന്നെ എടുക്കണം."

അദ്ധ്യക്ഷൻ : " We will take a disciplinary action ."

ഡോ. ബി. സുമ : " ഇതാണ് ആവശ്യം."

**V. I & 2 മിനിറ്റ്സ്**

അദ്ധ്യക്ഷൻ : " Next is minutes of the 130th GC held on November 25th 2017. We have given the minutes & also the minutes of the special GC that was held on February 3rd 2018. We approve that minutes."

ശ്രീ. പി. കെ. ശ്രീ കുമാർ : " സർ, ഒരു മിനിറ്റ് സർ. ഒരു സെക്കന്റ് സർ approve ചെയ്യുന്നതിന് മുൻപ്. സർ ഈ സ്പെഷ്യൽ ജനറൽ കൗൺസിൽ മീറ്റിംഗിൽ ബഹു.

എം.എൽ.എ രാജന്റെ ഭാഗത്തു നിന്ന് ഒരു പരാമർശം വന്നു സർ. അത് ശ്രീ. മുത്തുവിനെ കുറിച്ചാണ്. ' മുത്തു നമ്മുടെ യൂണിയന്റെ ഒരു പ്രധാനപ്പെട്ട നേതാവായിരുന്നു. ഇപ്പോൾ യൂണിയൻ മാറി.' എന്നൊരു രീതിയിൽ ഒരു പരാമർശം ഇതിനകത്ത് പ്രിന്റ് ചെയ്തു വന്നു സർ. ഇത് ഒരു ശരിയായ പ്രസ്താവനയല്ല സർ. പ്രത്യേകിച്ച് റെക്കോർഡായി കിടക്കേണ്ട കാര്യമുണ്ടോ ? കാരണം മുത്തു ഒരു യൂണിയന്റെ CITU എന്ന യൂണിയന്റെ നേതാവ് തന്നെയാണ്. മാത്രമല്ല, മുത്തു ഇപ്പോൾ ആ യൂണിയനിൽ തന്നെയാണ്. മാറിയിട്ടൊന്നുമില്ല. ഇത് official ആയിട്ട് ഒരു റെക്കോർഡ് ആയിട്ട് കിടക്കുന്നത് ശരിയല്ല. മുത്തു ഈ സഭയിൽ വന്നത് CITU വിന്റെ പ്രതിനിധിയായിട്ട്, തൊഴിലാളികളുടെ പ്രതിനിധിയായിട്ട് വന്ന വ്യക്തിയാണ്. അതു കൊണ്ട് ഈ പരാമർശം ഈ മിനിറ്റ്സിൽ നിന്ന് മാറ്റിക്കൊണ്ട് ഇത് അംഗീകരിക്കണം."

അദ്ധ്യക്ഷൻ : " Ok."
ശ്രീ. കെ.ഡി. ബാബു : " നമ്മൾ ഏത് രാഷ്ട്രീയ പാർട്ടിയിൽ വരുന്നു എന്നുള്ളതല്ല, ജനറൽ കൌൺസലിൽ എത്തിക്കഴിഞ്ഞാൽ നമ്മൾ എല്ലാം ജനറൽ കൌൺസിൽ മെമ്പർമാരാണ്. CITU ഇല്ല, കോൺഗ്രസ്സ് ഇല്ല, കമ്മ്യൂണിസ്റ്റ് ഇല്ല. ഒന്നുമില്ല... നമ്മൾ ആ ചിന്താ ഗതിയിൽ നിന്നാണ് വ്യതിചലിച്ചു പോയത്. കഴിഞ്ഞതിന്റെ മുന്നത്തെ പ്രാവശ്യം ഈ 130-ാമത്തെ ജനറൽ കൌൺസിലിൽ, എനിക്ക് അതിൽ പരാതിയില്ല. എനിക്ക് അതിൽ അംഗമാകണമെന്ന് യാതൊരു താൽപര്യവുമില്ല. Statute Subcommittee യിൽ 10 ആൾ ഇരിക്കുന്ന ഇടത്ത് ഞാൻ ഇരുന്നാൽ ഒന്നും സംഭവിക്കില്ലെന്ന് എനിക്കറിയാം. പക്ഷേ,..."
ഡോ. എ. അനിൽ കുമാർ : " ബാബു നമ്മൾ അത് വീണ്ടും പറയണ്ട. വീണ്ടും വീണ്ടും അത് പറയണ്ട."
ശ്രീ. കെ.ഡി. ബാബു : " സർ , എല്ലാത്തിലും കയറി ഇടപെടണ്ട."
ഡോ. എ. അനിൽ കുമാർ : " നിങ്ങളാണ് ഇടപെട്ട് സംസാരിക്കുന്നത്. ബാബുവാണ് ആവശ്യമില്ലാതെ..."
ശ്രീ. കെ.ഡി. ബാബു : " ഇത് അംഗീകരിക്കയാണ് 130-ാമത്തെ മിനിറ്റ്സാണ് അംഗീകരിക്കുന്നത്. അതിനെ കുറിച്ചാണ് ഞാൻ പറയുന്നത്."
ഡോ. എ. അനിൽ കുമാർ : " അല്ല, ഇത് മിനിറ്റ്സിന്റെ കാര്യമല്ല."
ശ്രീ. കെ.ഡി. ബാബു : " കഴിഞ്ഞ മിനിറ്റ്സ് അംഗീകരിക്കുന്നതിനെ കുറിച്ചാണ് ഞാൻ പറഞ്ഞത്. അല്ലാതെ വേറൊന്നിനെ കുറിച്ചും അല്ല. അതിൽ നമ്മൾ പുറത്തേക്കു കൊടുത്ത സന്ദേശമുണ്ട്. ആ സന്ദേശമെന്താണ്? വിഭജനത്തിന്റെ സന്ദേശം. അത് കൊടുക്കരുത്. അത് മാറ്റണം നിങ്ങൾ. എനിക്ക് ഈ കമ്മിറ്റിയിൽ വന്നു എന്നുള്ളത് ഒരു വിഷയമല്ലിത്. പക്ഷേ നമ്മൾ പുറത്തേയ്ക്ക് ഈ ഒരു ചെറിയ 10-50 പേർ ഇരിക്കുന്ന സ്ഥലത്ത് നമുക്ക് ജനാധിപത്യ സംവിധാനത്തെ ബഹുമാനിക്കാനും ആദരിക്കാനും പറ്റില്ലെങ്കിൽ എവിടെ നടപ്പിലാക്കും. പ്രത്യേകിച്ച് യൂണിവേഴ്സിറ്റി. It is a seat of learning."
ശ്രീ. പി. കെ. ശ്രീ കുമാർ : " സർ ഈ വിഷയം discuss ചെയ്താൽ നമുക്കും ഇഷ്ടം പോലെ ഡിസ്കസ് ചെയ്യാനുണ്ട്. അല്ല, clarify ചെയ്യേണ്ടി വരും."
ശ്രീ. കെ.ഡി. ബാബു : " ആയിക്കോട്ടെ..."
ഡോ. എ. അനിൽ കുമാർ : " ബാബു ഒരു കാര്യം പറഞ്ഞോട്ടെ. ഇതിനകത്ത് അന്ന് പ്രസ്താവിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് രാജൻ എം.എൽ.എ യാണ്. രാജൻ എം.എൽ.എ ഇപ്പോൾ സഭയിൽ ഇല്ല. അതു കൊണ്ടു തന്നെ ഇപ്പോൾ അതു പറഞ്ഞിട്ട്

കാര്യമില്ല. അദ്ദേഹം എന്താണോ പറഞ്ഞത് അത് റെക്കോർഡ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേഷനിലുള്ള ഒരാളുടേയും തകരാറല്ല. അദ്ദേഹം പറഞ്ഞത് അതേ പോലെ verbatim-ലൂടെ translate ചെയ്തു. അങ്ങനെ പറയാൻ പാടില്ലായിരുന്നു എന്ന് അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ നമ്മൾ സംസാരിച്ചിട്ട് വല്ല കാര്യമുണ്ടോ? ഇപ്പോൾ ആകെ ചെയ്യാൻ കഴിയുന്നത് വസ്തുതാ പരമായ തെറ്റ് കറക്ട് ചെയ്യുക എന്നുള്ളതാണ്. അത് കറക്ട് ചെയ്യുക. അതിനിടയിൽ വേറെ രാഷ്ട്രീയം പറഞ്ഞിട്ട് കാര്യമില്ല ബാബു. രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ, സംഘടനയുടെ അടിസ്ഥാനത്തിൽ തന്നെയാ ഇവിടെ വന്നിട്ടുള്ളത്. ബാബു, ഇവിടെ ഞാൻ പറയുന്നതൊന്ന് കേൾക്കു ബാബു പറയുന്നത് ഞാൻ കേട്ടല്ലോ. ഇവിടെ നമ്മൾ പൊട്ടി വീണതൊന്നുമല്ലല്ലോ ബാബു. എല്ലാവർക്കും രാഷ്ട്രീയം, സംഘടനാ വിഷയങ്ങളൊക്കെ ഉണ്ട്. അത് മറന്നു എന്ന് ഇവിടെ പറഞ്ഞിട്ട് കാര്യമില്ല. ജനറൽ കൌൺസിൽ എന്നു പറയുന്നത് ബാബു അടക്കം, ഞാനടക്കം ഇവിടെ വന്നതൊക്കെ കൃത്യമായ നിലപാടിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. അതില്ലാന്നൊന്നും പറയാനൊന്നും നമുക്കിവിടെ പറ്റില്ല. അതു കൊണ്ട് അത്തരം കാര്യങ്ങളൊന്നും നമുക്കിവിടെ സംസാരിക്കേണ്ട കാര്യമില്ല. രാഷ്ട്രീയത്തിന്റെ കാര്യമല്ല. "

ശ്രീ. കെ.ഡി. ബാബു : " ഒരു ജനറൽ കൌൺസിൽ യോഗത്തിൽ നമ്മളെല്ലാവരും ജനറൽ കൌൺസിൽ മെമ്പർമാരാണെന്നാ ഞാൻ പറഞ്ഞത്. അല്ലാതെ CITU, കോൺഗ്രസ്സോ, കമ്മ്യൂണിസ്റ്റോ എന്നൊന്നുമല്ല ഞാൻ പറഞ്ഞത്. ഒരു ജനറൽ കൌൺസിലിലെ നമ്മളെല്ലാവരും ജനറൽ കൌൺസിൽ മെമ്പർമാരാണ്. അതാണ് ഞാൻ പറഞ്ഞു വന്നത്."

ശ്രീ. കെ. വി. വിജയദാസ് എം.എൽ.എ : " ബാബു പറഞ്ഞത് അത് ഒരു സത്യമാണ്. അത് നമ്മുടെ ജനറൽ കൌൺസിൽ അംഗീകരിക്കും. അതിൽ യാതൊരു പിശകുമില്ല. ഓരോരുത്തരും ഓരോ ജനറൽ കൌൺസിൽ അംഗങ്ങളായിത്തന്നെയാണ് ഇവിടെ കാണുന്നത്. ആ സ്പിരിറ്റിൽ തന്നെ ഉൾക്കൊള്ളും. അതിൽ ഒരു പിശകുമില്ല."

അദ്ധ്യക്ഷൻ : " We agree with this amendment what actually taken place. We approve the minutes of the two meetings."

## VI. (1-4) Action Taking Report (എ.ടി.ആർ)

അദ്ധ്യക്ഷൻ : " Then we go to the next one for the Action Taking Report. I think we have submitted the Action Taking Report for 4 General Council meetings we discusses. That 128th GC held on 27 March 2017, 129th GC held on 29.7.2017, also the special GC held on 17th October 2017 & the another special GC held on February 3rd. So the Action Taking Report for each of this upto 107. I request the respected members to please approve the Action Taking Report.

ശ്രീ. വസീം ഫജ്ൽ സി. : " സർ ഇതിൽ 129-ാമത്തെ ജനറൽ കൌൺസിലിൽ page no. 91-ൽ 23-ാമത്തെ അടിയന്തിര പ്രമേയമായി പറഞ്ഞ 2016 ബാച്ചിന്റെ അക്കാഡമിക് ഹാൻഡ് ബുക്ക്, അക്കാഡമിക് ഷെഡ്യൂൾ എന്നിവ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ ഈ യോഗം തീരുമാനിക്കുന്നു. അതിന് നടപടി പറഞ്ഞിട്ടുള്ളത് എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കിയിട്ടുണ്ട് എന്നുള്ളതാണ്. അത് വസ്തുതാ വിരുദ്ധമായ കാര്യമാണ്. 2016 ബാച്ചിനും 2017 ബാച്ചിനും അക്കാഡമിക് ഹാൻഡ് ബുക്ക്, അക്കാഡമിക് ഷെഡ്യൂൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇതിനെകുറിച്ച് ബന്ധപ്പെട്ടവരോടു ചോദിച്ചപ്പോൾ അത് സൈറ്റിൽ ഉണ്ട്. അവിടുന്ന് download ചെയ്തു നോക്കിക്കോ എന്നാ പറഞ്ഞ്. ഇതുമായി ബന്ധപ്പെട്ട് എല്ലാ

സെമസ്റ്ററിലും അത് ഞാൻ 2-3 വട്ടം യൂണിവേഴ്സിറ്റി അധികാരിയുടെ മുന്നിൽ സൂചിപ്പിച്ചതാണ്. എല്ലാ സെമസ്റ്ററിലും അക്കാഡമിക് ഹാൻഡ് ബുക്കിനും ഫീസ് വാങ്ങുന്നുണ്ട്. അത് ഒരു സെമസ്റ്ററിൽ മാത്രമേ വാങ്ങാൻ യൂണിവേഴ്സിറ്റിക്ക് അധികാരമുള്ളു എന്നാണ് അറിഞ്ഞത്. അപ്പോൾ അതിനെതിരെ നടപടിയെടുക്കാൻ പറഞ്ഞിട്ട് ഇതു വരെ നടപടി എടുത്തിട്ടില്ല. ഞങ്ങൾ 3 സെമസ്റ്ററായിട്ട് അടയ്ക്കുന്നുണ്ട്. ഓരോ സെമസ്റ്ററിലും 80 രൂപ വച്ച് അടയ്ക്കുന്നുണ്ട്. അപ്പോൾ അതൊന്ന് പുന : പരിശോധിക്കണം. പിന്നെ ഈ തീരുമാനം നടപടി വസ്തുതാ വിരുദ്ധമാണ്. അത് ഇതിൽ നിന്ന് നീക്കം ചെയ്തു കൊണ്ട്, അത് മാറ്റിക്കൊണ്ട് അംഗീകരിക്കാം. "

അദ്ധ്യക്ഷൻ : " Yes, So next we approve this ATR.

## <u>VII.1 പ്രോഗ്രസ്സ് റിപ്പോർട്ട്</u>

അദ്ധ്യക്ഷൻ : " Then there is a progress Report. Item number VII, actually given a copy of the progress report. That is in the yellow book. We have given the Report for the period 1st September 2017 to December-31 st 2017. We are actually given in yellow book & the progress report on various areas Academic, Research & Extension. So I request the members to kindly approve the progress report actually submitted.

So with your approval I move forward for the next official resolution.

## VIII.1 കോളേജുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് വിവിധ ഡിഗ്രി/ ഡിപ്ലോമ നൽകൽ -അംഗീകാരം സംബന്ധിച്ച്

This is the various degrees & diplomas, that is to be awarded this actually starts from page number 108-116 starting from the student S. Renjith to student number 192 , page number 116, That is Aiswarya Janaki. So starting from Renjith & approve awarding their degrees & diplomas to these students.

Then the next item is actually presenting the budget for 2018 &2019. I request our honorable member & respected member of the Sate Assembly, Sri. Vijayadas to present the Budget for 2018 & 19."

അദ്ധ്യക്ഷൻ : " Reporters ഉണ്ടോ? MLA going to present the Budget."

## VIII.2 2018-19 വർഷത്തെ ബഡ്ജറ്റ് അവതരണം

## VIII.2 ബജറ്റ് പ്രസംഗം 2018-19

അദ്ധ്യക്ഷ ൻ -We will open up discussion on Budget. We will approve the Budget

ബഹുമാന്യ ജനറൽ കൗൺസിൽ അംഗങ്ങളേ,

കേരള കാർഷിക സർവ്വകലാശാലയുടെ 131-)മത് ജനറൽ കൗൺസിൽ യോഗത്തിലേക്ക് എല്ലാ അംഗങ്ങളെയും ബഹുമാനപൂർവ്വം സ്വാഗതം ചെയ്യുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ജനറൽ കൗൺസിലിന്റെ മുമ്പാകെ അവതരിപ്പിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഇന്ത്യയുടെ ആഭ്യന്തര ഉത്പാദനത്തിൽ കൃഷിയുടെ പങ്ക് 17.4 ശതമാനമാണ്. എന്നാൽ വളർച്ചാ നിരക്ക് അസ്ഥിരമായി തുടരുകയാണ്. 2012-13-ൽ 1.5 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയത് 2014-15-ൽ 0.2 ശതമാനവും 2015-16-ൽ 1.2 ശതമാനവുമാണ്. കേരളത്തിലാകട്ടെ പന്ത്രണ്ടാം പദ്ധതിക്കാലത്തിന്റെ അവസാന മൂന്നു വർഷങ്ങളിലും കുറഞ്ഞ വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ കാർഷിക അനുബന്ധ മേഖലയിലെ വിഹിതം 2011-12-ൽ 14.38 ശതമാനം ആയിരുന്നത് 2015-16-ൽ 10.38 ശതമാനമായി കുറയുകയാനുണ്ടായത്. മുഖ്യമായും കാലവർഷത്തെ ആധാരമാക്കി കൃഷി നടത്തുന്ന കേരളത്തിൽ 2016-ൽ ലഭിച്ച കുറഞ്ഞ മഴ (34 ശതമാനത്തിന്റെ കുറവ്) കാർഷിക മേഖലയിലെ പ്രതിസന്ധി രൂക്ഷമാക്കി. സംസ്ഥാനത്തെ മൊത്തം ഭൂവിസ്തൃതിയുടെ 67.6 ശതമാനം വിളയിറക്കിയിട്ടുള്ള പ്രദേശമാണ്. കൃഷിക്ക് ലഭ്യമായിട്ടുള്ള ഭൂമിയിൽ ഭൂരിഭാഗവും കൃഷി ചെയ്യപ്പെടുന്നതിനാൽ കൂടുതൽ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കാനുള്ള സാധ്യത കുറവാണ്. അതിനാൽ വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് ഉത്പാദനം കൂട്ടുകയാണ് ഏക പോംവഴി. കേരളത്തിലെ കൃഷി വിസ്തൃതിയുടെ 62.8 ശതമാനവും നാണ്യവിളകളായ റബ്ബർ, കശുവണ്ടി, നാളികേരം, കുരുമുളക്, ഏലം, തേയില, കാപ്പി എന്നിവയാണ്. അതേ സമയം ഭക്ഷ്യ വിളകളായ നെല്ല്, കപ്പ, പയർ വർഗ്ഗങ്ങൾ എന്നിവ ആകെ വിസ്തൃതിയുടെ 10.21 ശതമാനം പ്രദേശത്ത് മാത്രമാണുള്ളത്.

ആകെ വിളയിറക്കിയിട്ടുള്ള 15.75 ശതമാനം പ്രദേശത്ത് മാത്രമാണ് ജലസേചനം ലഭ്യമായിട്ടുള്ളത്. കേരളത്തിന്റെ മുഖ്യ ഭക്ഷ്യ വിളയായ നെല്ലിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 2790 കിലോഗ്രാം മാത്രമാണ്. ഇതു ദേശീയ ശരാശരിയേക്കാൾ (2424 കിലോഗ്രാം) കൂടുതലാണെങ്കിലും അരി ഉത്പാദനത്തിൽ മുന്നിൽ നിൽക്കുന്ന ചൈനയുടെ ഉത്പാദനക്ഷമത (ഹെക്ടറിന് 6744 കിലോഗ്രാം)യേക്കാൾ കുറവാണ്. പ്രധാന വിളകളിൽ എല്ലാം ഉത്പാദനക്ഷമതയുടെ കുറവ് നിഴലിച്ചു കാണാം.

കേരളത്തിലെ കാർഷിക മേഖല അഭൂതപൂർവമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഉയർന്നു വരുന്ന ഉത്പാദന ചെലവും വിപണിയിലെ അസ്ഥിരതയും, കാലാവസ്ഥാ വ്യതിയാനവും കാർഷിക വളർച്ചയെ പിന്നോട്ടടുപ്പിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിയിൽ നിന്നുള്ള ആദായം മറ്റു മേഖലകൾക്കാനുപാതികമായി കൂടുന്നുമില്ല. പ്രധാന വിളകളുടെ വിസ്തീർണ്ണം വർഷങ്ങളായി താഴോട്ടാണ്. കേരളത്തിലെ കർഷകർ ഒരു ഹെക്ടറിൽ നിന്നും ദേശീയ ശരാശരി വരുമാനമായ 43000 രൂപയുടെ ഇരട്ടിയോളം നേടുന്നുണ്ടെങ്കിലും കാർഷിക വളർച്ച -2.9 ശതമാനം ആയി കുറയുകയാണെന്നുള്ളത് ആശങ്ക ഉളവാക്കുന്ന കാര്യമാണ്. ഈ അവസ്ഥയിൽ കാർഷിക മേഖലക്ക് ബൗദ്ധിക നേതൃത്വം നൽകേണ്ട കാർഷിക സർവ്വകലാശാലയ്ക്ക് വമ്പിച്ച ഉത്തരവാദിത്വം ആണുള്ളത്. മുരടിപ്പിനിടയിലും, വളർച്ചയുടെ രജത രേഖകൾ കാണിക്കുന്ന മേഖലകളായ പച്ചക്കറി, കൃഷി, പച്ചമരുന്നു കൃഷി, വാഴ കൃഷി എന്നീ മേഖലകളിൽ സർവ്വകലാശാലയുടെ പങ്ക് എടുത്തുപറയത്തക്കതാണ്. പച്ചക്കറിയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം നേടാനായി അതിവേഗം കുതിക്കുന്ന കേരളത്തിന് ആവശ്യമായ സാങ്കേതിക പിന്തുണ നൽകാൻ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 2016-17 വർഷങ്ങളിൽ വിഭാവനം ചെയ്ത പ്രധാന പദ്ധതികളുടെ അവലോകനവും 2018-19 വർഷത്തിലേക്കുള്ള പുതിയ പദ്ധതികളുടെ വിവരണവും താഴെ പ്രതിപാദിക്കുന്നു.

## 2017-18 അവലോകനം

### I. അദ്ധ്യാപനം

കേരളത്തിലെ കാർഷിക മേഖലയിൽ ആവശ്യമായ മാനവവിഭവശേഷി പ്രദാനം ചെയ്യുകയെന്നുള്ളതാണ് സർവ്വകലാശാലയിൽ നിക്ഷിപ്തമായിട്ടുള്ള പരമപ്രധാന ചുമതല. സർവ്വകലാശാലയുടെ കീഴിൽ 6 കോളേജുകളും കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റി പഠിക്കാനുള്ള ഒരു അക്കാദമിയും പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ അധ്യയന വർഷത്തിൽ 321 ബിരുദ വിദ്യാർത്ഥികളും 238 ബിരുദാനന്തര വിദ്യാർത്ഥികളും 71 ഡിപ്ലോമ വിദ്യാർത്ഥികളും 17 ഗവേഷണ വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കി.

ദശാബ്ദമായി മുടങ്ങിക്കിടന്നിരുന്ന കോൺവൊക്കേഷൻ ഈ വർഷം പുനരാരംഭിച്ചു. ഒക്ടോബർ 5-നു സർവ്വകലാശാല ആസ്ഥാനത്ത് വെച്ച് നടത്തിയ കോൺവൊക്കേഷനിൽ ബഹുമാനപ്പെട്ട കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. (അഡ്വ.) വി.എസ്. സുനിൽകുമാർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഐ.സി.എ.ആർ. അക്രഡിറ്റേഷൻ ടീം കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനം വിലയിരുത്താനായി ജൂലൈ 21 മുതൽ 24 വരെ സർവ്വകലാശാലയിൽ സന്ദർശനം നടത്തി. അഖിലേന്ത്യാടിസ്ഥാനത്തിൽ നടന്ന വിലയിരുത്തലിന്റെ ഭാഗമായി 76 കാർഷിക സർവ്വകലാശാലകളിൽ നിന്നും കേരള കാർഷിക സർവ്വകലാശാലയ്ക്ക് പതിനാലാം സ്ഥാനം നേടാനായി.

**ഐ.സി.എ.ആർ ഡവലപ്മെന്റ് ഗ്രാന്റ്**

2017-18 സാമ്പത്തിക വർഷം കാർഷിക സർവകലാശാലയുടെ ശാക്തീകരണത്തിനും വികസനത്തിനുമായി ഐ.സി.എ.ആർ 654.92 ലക്ഷം രൂപയുടെ ധനസഹായം വികസന ഗ്രാൻറ് (458.69 ലക്ഷം രൂപ), ഗ്രന്ഥശാല ശാക്തീകരണം (39 ലക്ഷം രൂപ), സ്റ്റുഡന്റ് റെഡി (89.61 ലക്ഷം രൂപ), സീനിയർ റിസർച്ച് ഫെല്ലോഷിപ്പ് (7.6 ലക്ഷം രൂപ), നാഷണൽ ടാലന്റ് സ്കോളർഷിപ്പ് (38.52 ലക്ഷം രൂപ), എക്സ്പീരിയൻഷ്യൽ ലേണിംഗ് (21.5 ലക്ഷം രൂപ) എന്നീ ഇനങ്ങളിലായി അനുവദിച്ചിട്ടുണ്ട്.

ലഭിച്ച മൊത്തം വികസന ധനസഹായവും സർവകലാശാലയുടെ വിവിധ ഘടകങ്ങളായ സർവകലാശാല ആസ്ഥാനം (255.69 ലക്ഷം രൂപ), വെള്ളായണി കാർഷിക കോളേജ് (105.16 ലക്ഷം രൂപ), പടന്നക്കാട് കാർഷിക കോളേജ് (60.04 ലക്ഷം രൂപ), ഹോർട്ടികൾച്ചർ കോളേജ് (67.04 ലക്ഷം രൂപ), വെള്ളാനിക്കര ഫോറെസ്ട്രി കോളേജ് (54.65 ലക്ഷം രൂപ), തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് & ടെക്നോളജി (58.94 ലക്ഷം രൂപ), വെള്ളാനിക്കര കോഓപറേഷൻ ബാങ്കിംഗ് & മാനേജ്മെന്റ് കോളേജ് (58.94 ലക്ഷം രൂപ) എന്നിവയ്ക്ക് പകുത്തു നല്കി.

**കേരള കാർഷിക സർവ്വകലാശാലാ കേന്ദ്ര ലൈബ്രറി**

സർവ്വകലാശാലയിലെ എല്ലാ ലൈബ്രറികളിലും സ്ഥാപനങ്ങളിലും ഉള്ള പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും പരസ്പരം കൈമാറുന്നതിനും ഇല്ലാത്തവ മറ്റ് സ്ഥലങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം സർവ്വകലാശാല ലൈബ്രറിയിൽ ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം കേരള കാർഷിക സർവ്വകലാശാലയ്ക്ക് അകത്തും പുറത്തുമുള്ള ധാരാളം വിദ്യാർത്ഥികളും അദ്ധ്യാപകരും ഗവേഷകരും ഉപയോഗപ്പെടുത്തുന്നുണ്ട്.

സർവ്വകലാശാലയിൽ സമർപ്പിക്കുന്ന ഗവേഷണ പ്രബന്ധങ്ങളുടെ ശുദ്ധി പരിശോധന നടത്തുന്നതിനുള്ള കാര്യക്ഷമമായ ആധുനിക സംവിധാനം കേന്ദ്ര ലൈബ്രറിയിലും കോളേജ് ലൈബ്രറിയിലും സജ്ജമാക്കിയിട്ടുണ്ട്. പ്രബന്ധങ്ങളുടെ ശുദ്ധി പരിശോധിച്ച് നിലവാരം ഉയർത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലൈബ്രറികളിൽ നിന്നും നൽകി വരുന്നു.

കേന്ദ്ര ലൈബ്രറിയുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയായി പുനർനിശ്ചയിച്ചിട്ടുണ്ട്. പൊതു അവധി ദിനങ്ങൾ ഒഴികെയുള്ള രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്.

## II. ഗവേഷണം

കാർഷിക സർവ്വകലാശാല വിവിധ ഗവേഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നത് പ്രധാനമായും കേരള സർക്കാരിന്റെ ധനസഹായവും ICAR, ICFRI, DBT NABARD, UGC, RKVY, MIDH, SHM, KSCSTE, Coconut Board, Western Ghat Development തുടങ്ങിയ ബാഹ്യ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായവും ഉപയോഗിച്ചാണ്. ഇത് കൂടാതെ 41 AICRP/AINP പദ്ധതികൾക്ക് 18.34 കോടി രൂപ (ഇതിൽ 75% ഐ.സി.എ.ആർ ധനസഹായമാണ്) ധനസഹായവും ലഭിക്കുന്നുണ്ട്.

2017-18 കാലയളവിലേക്കായി 34.5 കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാന സർക്കാർ അംഗീകരിച്ചത്. ഇതിൽ 10 തുടർ പദ്ധതികളും 93 പുതിയ പദ്ധതികളും 32 സ്റ്റേഷൻ വികസന പദ്ധതികളും 8 മികവിന്റെ കേന്ദ്രങ്ങളും ഉൾപ്പെടുന്നു.

### എ) ഗവേഷണം

കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത 23 വിവിധ വിളയിനങ്ങൾ 27-)മത് വിത്തു സബ് കമ്മിറ്റി അംഗീകരിച്ചു. ഇതിൽ 6 നെല്ലിനങ്ങൾ നാലിനം പച്ചക്കറികൾ, രണ്ട് വീതം ഏലം, ഇഞ്ചി ഇനങ്ങൾ, അഞ്ച് ജാതി ഇനങ്ങള് എന്നിവയും, മരച്ചീനി, കുരുമുളക്, കുടമ്പുളി, ചെത്തിക്കൊടുവേലി എന്നിവയുടെ ഓരോ ഇനങ്ങളും ഉൾപ്പെടുന്നു.

കേരളത്തിലെ മികച്ച നെല്ലിനങ്ങളായ ജ്യോതി, ഉമ, ജയ എന്നീ ഇനങ്ങൾ ലവണാംശത്തെ പ്രതിരോധിക്കുന്ന 'സാല്ട്ടോൾ ജീനും' വെള്ളക്കെട്ടിനെ പ്രതിരോധിക്കുന്ന സബ്-1 ജീനും കൂടി സംയോജിപ്പിച്ച് ലവണാംശത്തെയും വെള്ളക്കെട്ടിനേയും ഒരുമിച്ച് പ്രതിരോധിക്കാൻ കഴിവുള്ള വൈറ്റില-10 എന്നയിനവും ഇതിൽപ്പെടുന്നു. ഗവേഷണ രംഗത്തെ ഒരു മികച്ച നേട്ടമാണിത്. സംരക്ഷിത കൃഷിക്ക് യോജിച്ച കെ.പി.സി.എച്ച്-1 എന്ന ഹൈബ്രിഡ് കക്കുംബർ കുത്തക കമ്പനികളുടെ വിലയേറിയ വിത്തുകൾക്ക് ബദലായി മാറിയിരിക്കുകയാണ്. സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന ഗവേഷണ ജേണലായ ജേണൽ ഓഫ് ട്രോപ്പിക്കൽ അഗ്രിക്കൾച്ചറിന് NAAS അക്രെഡിറ്റേഷനിൽ 4.75 സ്കോർ നേടാനായി.

സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്ത 66 സാങ്കേതിക വിദ്യകൾ സംരംഭകർക്കായി കൈമാറ്റം ചെയ്തു. പഴം പച്ചക്കറികളിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ, ആരോഗ്യ പാനീയങ്ങൾ, ജൈവ കമിൾ നാശിനികൾ, ജൈവ കൂട്ടുകൾ, പോഷകമൂലക മിശ്രിതങ്ങൾ, ജൈവ വളങ്ങൾ നൽകാനുതകുന്ന ഫെർട്ടിഗേഷൻ സമ്പ്രദായം, കാലിത്തീറ്റകൾ, കാർഷിക വൃത്തിക്ക് അനുയോജ്യമായ വിവിധ യന്ത്രങ്ങൾ, സംസ്കരണ

മേഖലയ്ക്ക് അനുയോജ്യമായ ഉപകരണങ്ങൾ എന്നിവയിലാണ് ഈ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്തത്.

സർവ്വകലാശാല 19 ഗവേഷണ ഫലങ്ങൾ പേറ്റന്റിനായി സമർപ്പിച്ചു. ചെങ്ങാലിക്കോടൻ വാഴ, നിലമ്പൂർ തേക്ക് എന്നിവക്ക് **ഭൗമസൂചക പദവി** (ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ) നേടിയെടുക്കുന്നതിനായി. ഭക്ഷ്യ വസ്തുക്കളിലെയും പച്ചക്കറികളിലെയും അവശിഷ്ട വിഷ പരിശോധനയ്ക്കായി ഒരു ലാബ് വെള്ളാനിക്കരയിൽ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കുന്ന സാമ്പത്തിക സഹായത്തോടെ നിലവിലുള്ള 8 മികവു കേന്ദ്രങ്ങളെ ശാക്തീകരിച്ചു.

കാലാവസ്ഥാ വ്യതിയാനത്തെയും മറ്റ് ജൈവിക അജൈവിക സമ്മർദ്ദങ്ങളെയും പ്രതിരോധിക്കാൻ കഴിവുള്ള വിവിധ വിള ഇനങ്ങൾ വികസിപ്പിക്കാനുമുള്ള ഗവേഷണങ്ങൾ പുരോഗമിക്കുന്നു. രണ്ടാം വിളയ്ക്കും മൂന്നാം വിളയ്ക്കും യോജിച്ച പയർ വർഗ്ഗ കിഴങ്ങ് വർഗ്ഗ ഇനങ്ങളുടെ വിത്തും നടീൽ വസ്തുക്കളും ഉത്പാദിപ്പിച്ച് കർഷകർക്ക് കൈമാറി.

**ഡിപ്പാർട്ട്മെന്റ് ഓഫ് ഫ്രൂട്ട് സയൻസ്** എന്ന പേരിൽ ഹോർട്ടികൾച്ചർ കോളേജിൽ ഫലവർഗ്ഗ വിളകൾക്കായി ഒരു പുതിയ വിഭാഗം സ്ഥാപിച്ചു. വട്ടവട, കാന്തല്ലൂർ മേഖലയിൽ ശീതകാല പച്ചക്കറികളുടെയും പഴങ്ങളുടെയും പ്രാരംഭ ഗവേഷണ പരിപാടികൾ ആരംഭിച്ചു. പൊടി രൂപത്തിൽ ഉത്പാദിപ്പിക്കുന്ന ജീവാണുവളങ്ങളും ജൈവ കമിൾ കീടനാശിനികളും ദ്രാവക രൂപത്തിലുള്ള ഉത്പന്നങ്ങളായി പുറത്തിറക്കാൻ സാധിച്ചു. വളരെ ഫലപ്രദമായി മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ കഴിവുള്ള ജീവാണു മിശ്രിതവും, മാലിന്യ നിർമ്മാർജ്ജന യൂണിറ്റും വികസിപ്പിച്ചെടുക്കാനായി. ഈ ഉത്പന്നങ്ങൾക്ക് വമ്പിച്ച സ്വീകാര്യതയാണ് പൊതുസമൂഹത്തിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്.

കാർഷിക സർവ്വകലാശാലയിൽ ആരംഭിച്ച് ദേശീയ തലത്തിൽ അംഗീകാരം ലഭിച്ച **ഭക്ഷ്യ സുരക്ഷ ആർമി** സംസ്ഥാന വ്യാപകമായി കാർഷിക വൃത്തികളിൽ പങ്കാളികൾ ആകുക വഴി നെൽ കൃഷിയിലെ യന്ത്രവൽക്കരണത്തിൽ സർവ്വകലാശാലയുടെ സംഭാവന മികവുറ്റതാക്കി. കാലാവസ്ഥാ വ്യതിയാനം, ഭക്ഷ്യ സുരക്ഷ, ജൈവകൃഷി വ്യാപനം എന്നീ മേഖലകളിൽ പ്ലാവിനുള്ള പ്രാധാന്യം കണക്കിലെടുത്ത് കേരളത്തിൽ പ്ലാവിലുള്ള ജനിതക വൈവിധ്യവും ഉത്പന്ന വൈവിധ്യവത്കരണവും പ്രമേയമാക്കി **അന്താരാഷ്ട്ര ജാക്ക് ഫെസ്റ്റ്** അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിച്ചു.

നെല്ല്, തെങ്ങ്, പച്ചക്കറികൾ, കിഴങ്ങ് വിളകൾ എന്നിവയുടെ കൃഷിക്കും വിളവെടുപ്പിനും ആവശ്യമുള്ള ലഘു യന്ത്രങ്ങൾ വികസിപ്പിച്ചെടുത്തു. സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർക്ക് മറ്റ് ഗവേഷണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പരിശീലനം ലഭിക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയുണ്ടായി.

### ബി) ഗവേഷണ കേന്ദ്രങ്ങളിലെ ഫാമുകളുടെ നവീകരണം

സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകളെ നവീകരിച്ച് ആഭ്യന്തര വരുമാനം വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഫാമുകളിൽ ജല നഷ്ടം കുറയ്ക്കുന്നതിനും മഴവെള്ള സംഭരണത്തിനുമുള്ള നടപടികൾ ഫലപ്രദമായി നടത്തി. ഫാമുകളുടെ അതിരുകൾ മതിൽ കെട്ടി സംരക്ഷിക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി. വിവിധ കേന്ദ്രങ്ങളിൽ സൗരോർജ്ജ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

### സി) വിത്ത് - നടീൽ വസ്തുക്കളുടെ ഉത്പാദനം

സർവ്വകലാശാലയിലെ കോളേജുകളിലും ഗവേഷണ കേന്ദ്രങ്ങളിലുമായി പ്രവർത്തിക്കുന്ന 26 വിത്തുല്പാദന യൂണിറ്റുകൾ വഴി പ്രധാന വിളകളിലെ വിത്തുകളും നടീൽ വസ്തുക്കളും വിതരണം ചെയ്യുകയും അതുവഴി 1970.42 ലക്ഷം രൂപ വരുമാനമായി ലഭിക്കുകയും ചെയ്തു.

വനവത്ക്കരണത്തിന് ഊന്നൽ കൊടുത്തു കൊണ്ട് ഫോറസ്ട്രി കോളേജിൽ നിന്ന് തൈകൾ ഉത്പാദിപ്പിച്ചു വിതരണം ചെയ്യുകയുണ്ടായി.

## III. വിജ്ഞാന വ്യാപനം

കേരള കാർഷിക സർവ്വകലാശാല 2017-18 വർഷത്തിൽ പ്രഖ്യാപിച്ച പ്രധാനപ്പെട്ട വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഭൂരിപക്ഷവും നടപ്പാക്കാനായി. മറ്റുള്ളവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 2017-18 ബജറ്റിൽ പ്രഖ്യാപിച്ച പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

കൃഷിയിലേയും അനുബന്ധ മേഖലകളിലെയും യുവജനങ്ങളെ ആകർഷിക്കുന്നതിനായി സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ സംയോജിത കൃഷിരീതിയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. കാർഷിക സാങ്കേതിക വിജ്ഞാനം കർഷകരിലേക്കെത്തിക്കുന്നതിനായി സംസ്ഥാന കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവ്വകലാശാലയുടേയും നേതൃത്വത്തിൽ **വൈഗ 2017** കാർഷിക സർവ്വകലാശാല ആസ്ഥാനത്ത് സംഘടിപ്പിച്ചു. വിള പരിപാലന സംഹിതയുടെ മലയാളം പരിഭാഷ അച്ചടി പൂർത്തിയാക്കി വിതരണത്തിനൊരുങ്ങുന്നു. **കല്പധേനു** മാസികയുടെ പ്രസാധനത്തിനുള്ള കാലവിളംബം ഒഴിവാക്കി കൃത്യസമയത്ത് പ്രസിദ്ധീകരണം ഉറപ്പാക്കുകയും കൂടുതൽ വരിക്കാരെ ചേർക്കുന്നതിനുള്ള പ്രചാരണം ആരംഭിക്കുകയും ചെയ്തു.

ഇതിന്റെ ഭാഗമായി സർവ്വകലാശാല അച്ചടിശാല നവീകരിക്കുകയും പുതിയ അച്ചടി യന്ത്രങ്ങൾ വാങ്ങുകയും ചെയ്തു. കാർഷിക വിജ്ഞാനം പൊതു സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും സംവാദം നടത്തുന്നതിനുമായി **കൃഷി ശാസ്ത്ര സമീക്ഷ** എന്ന പ്രതിമാസ കൃഷിസംവാദ പരിപാടി നടപ്പാക്കി. കൃഷിശാസ്ത്രജ്ഞരും കർഷകരും കാർഷിക വികസന ഏജൻസികളും പങ്കെടുക്കുന്ന ഏകോപിത വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. ഇതിന്റെ ഭാഗമായി കൃഷിശാസ്ത്രജ്ഞരുടെ സംഘം ATMA യുമായി സഹകരിച്ച് കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുന്ന **മുഖാമുഖം** പരിപാടി തൃശ്ശൂർ, കോട്ടയം, ഇടുക്കി ജില്ലകളിൽ ആരംഭിച്ചു. കാർഷിക സർവ്വകലാശാല വികസിപ്പിച്ച സാങ്കേതിക വിദ്യകൾ കർഷകർക്ക് നൽകുന്നതിനായി മുൻനിര പ്രദർശനങ്ങൾ, കൃഷിയിട പരീക്ഷണ പരിപാടികൾ എന്നിവ കൃഷിവിജ്ഞാന കേന്ദ്രങ്ങൾ വഴി സംഘടിപ്പിച്ചു.

ഹരിതകേരളം മിഷന്റെ ഭാഗമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനതല ഉദ്യോഗസ്ഥർക്കായി കൃഷിവിജ്ഞാന കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകി വരുന്നു. കമ്മ്യൂണിക്കേഷൻ സെന്ററിൽ സന്ദർശകർക്കായി ഒരുക്കുന്ന സ്ഥിരം പ്രദർശന യൂണിറ്റിന്റെയും **ഇക്കോപാർക്കി**ന്റെയും നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. അമ്പലവയൽ മേഖല കാർഷിക ഗവേഷണ കേന്ദ്രത്തിൽ **പൂപ്പൊലി** പ്രദർശനവും **അന്താരാഷ്ട്ര ഓർക്കിഡ് സമ്മേളന**വും വിജയകരമായി നടത്തി. അമ്പലവയലിൽ നടത്തിയ **ചക്ക മഹോത്സവം** (ജാക്ക് ഫെസ്റ്റ്) ചക്കയുടെ പ്രധാന്യത്തെപറ്റി പൊതു സമൂഹത്തെ ബോധവത്കരിക്കാനും, അന്താരാഷ്ട്ര ഗവേഷകരെ കേരളത്തിലേക്ക് ആകർഷിക്കാനും ഉതകി. സെൻട്രൽ ടെക്നോളജി മ്യൂസിയം വിപുലപെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി. കൂടുതൽ പ്രദർശന യൂണിറ്റുകൾ തയ്യാറായി. വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംരംഭകത്വ വികസന കേന്ദ്രത്തിലും കമ്മ്യൂണിക്കേഷൻ സെന്ററിലും പുതിയ സാങ്കേതിക വിദ്യകൾ സംരംഭകർക്ക് പരിചയപ്പെടുത്തുന്ന പ്രത്യേക പദ്ധതി തുടങ്ങി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രോജക്ടുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനു വേണ്ടി വിഭാവനം ചെയ്യപ്പെട്ട **സുസ്ഥിര സമൃദ്ധി** പരിപാടി നടപ്പാക്കി.

കേരളത്തിലാകെ 80 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക വികസന പദ്ധതികളിൽ കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ സജീവ പങ്കാളിത്തം വഹിക്കുന്നു. ആലത്തൂർ, തളിപ്പറമ്പ്, ഒല്ലൂർ എന്നീ മണ്ഡലങ്ങളിലെ സമഗ്ര കാർഷിക വികസന പ്രോജെക്ടുകൾക്ക് രൂപം നൽകുന്നതിൽ കാർഷിക സർവ്വകലാശാല സക്രിയമായ പങ്ക് വഹിച്ചു വരുന്നു. കൃഷി വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. കൃഷി വകുപ്പിന്റെ ചെറുധാന്യ പരിപാടി; ATMA എന്നിവയുമായി കൂടുതൽ സഹകരിച്ചു പ്രവർത്തിച്ചു. മില്ലറ്റ് വില്ലേജ് പരിപാടിയുടെ ഭാഗമായി അട്ടപ്പാടിയിലെ ആദിവാസി മേഖലകളിൽ വിപുലമായ പങ്കാളിത്ത ഗ്രാമാവലോകന (പി.ആർ.എ) പ്രവർത്തനങ്ങളും പരിശീലന പരിപാടികളും നടത്തി. കാർഷിക സർവ്വകലാശാലയുടെ എല്ലാ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുന്ന വെബ്സൈറ്റ് രൂപീകരണം ആരംഭിച്ചു. കാർഷിക സർവ്വകലാശാല ആറ്റിക്കിന്റെ ആഭിമുഖ്യത്തിൽ കെ.എ.യു. വിന്റെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള **ഹരിതജാലകം,**

മിനി മാൾ, അന്നജാലകം ഭക്ഷണശാല എന്നിവ ആരംഭിച്ചു. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തൃശ്ശൂരിൽ പ്രവർത്തനം ആരംഭിച്ച ഹൈപ്പർ അഗ്രിബസാറിൽ കാർഷിക സർവ്വകലാശാലയുടെ വിപണന കേന്ദ്രം പ്രവർത്തനക്ഷമമാക്കി. കാർഷിക സർവ്വകലാശാലയുടെ വിവിധ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കമ്മ്യൂണിക്കേഷൻ സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിൽ 524 പരിശീലന പരിപാടികളും 34 സെമിനാറുകളും 30 പ്രദർശനങ്ങളും നടത്തി.

## IV. അടിസ്ഥാന സൗകര്യ വികസനം

2015-16 സംസ്ഥാന പദ്ധതിയിനത്തിൽ തവനൂരിലെ കേളപ്പജി കോളേജിൽ ബിരുദ വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റെ ഒന്നാം നിലയുടെ നിർമ്മാണവും വെള്ളാനിക്കരയിലെ ബിരുദാനന്തര വിദ്യാർത്ഥികളുടെ സ്കോളർ ഹോസ്റ്റലിന്റെയും ബിരുദ വിദ്യാർത്ഥികളുടെ ഹോസ്റ്റലിന്റെ ഒന്നാം നിലയുടെയും മെസ്സ് ഹാളിന്റെയും നിർമ്മാണവും ത്വരിതഗതിയിൽ നടന്നു വരുന്നു. വെള്ളാനിക്കരയിലെ വിസിറ്റിംഗ് സയൻസ് ഹോമിന്റെ ഡൈനിങ്ങ് ഹാളിന്റെയും കിച്ചന്റെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

വെള്ളാനിക്കര കേന്ദ്ര ഓഡിറ്റോറിയത്തിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. വെള്ളാനിക്കരയിലെ പുതിയ അക്കാദമിക് റിസർച്ച് ബ്ലോക്കിലേക്കു ഓഫീസുകൾ മാറ്റുന്നതിനാവശ്യമായ ജോലികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. വെള്ളാനിക്കരയിലെ ഇനം II-ൽപ്പെട്ട ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികളും ഓടയുടെ നിർമ്മാണവും നടന്നുവരുന്നു. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ മതിലിന്റെ ബാക്കിപണികളും പ്രവേശനകവാടം നിർമ്മിക്കലും ദ്രുതഗതിയിൽ നടന്നുവരുന്നു. പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ക്വാർട്ടേഴ്സുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

## V. ഇ-ഗവേണൻസ്

സർവ്വകലാശാല ആസ്ഥാനത്തിൽ **ഇ-ഓഫീസ്** സമ്പ്രദായം കൂടുതല് കാര്യക്ഷമമാക്കി. *ബയോമെട്രിക് പഞ്ചിംഗ്* സംവിധാനം **ഇ-ഹാജർ** സംവിധാനവുമായി ബന്ധിപ്പിച്ചു. ഹാജർ ഓൺലൈനായി നിരീക്ഷിക്കാനുള്ള സൗകര്യം ഒരുക്കി. ജീവനക്കാരുടെ ആവശ്യങ്ങൾ ഓരോന്നായി ഓൺലൈൻ സംവിധാനത്തിന്റെ കീഴിൽ ചേർത്തുവരുന്നു. കേന്ദ്രീകൃത അക്കൗണ്ട് നിരീക്ഷണ സൗകര്യം കാര്യക്ഷമമാക്കി. വിരമിച്ച ജീവനക്കാർക്ക് വേണ്ടിയുള്ള വെബ് പോർട്ടൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കി. ഡാറ്റ സെന്ററുകളുടെ ശേഷി മെച്ചപ്പെടുത്തി. അതിലൂടെ കൂടുതൽ വിവര സാങ്കേതികവിദ്യാ അധിഷ്ഠിത സേവനങ്ങൾ നൽകുവാൻ സാധിച്ചു.

ജീവനക്കാരുടെ തിരിച്ചറിയൽ കാർഡ് ക്യൂ.ആർ കോഡ് ഉൾപ്പെടുത്തി നവീകരിച്ചു. ഇവയുടെ ആധികാരികത ഉറപ്പാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം ഒരുക്കി.

പുതിയ കോഴ്സുകൾ അക്കാദമിക് അഡ്മിഷൻ പോർട്ടലിലേക്ക് ചേർത്തു. അക്കാദമിക് മാനേജ്മെന്റ് പോർട്ടൽ കൂടുതൽ ശക്തമാക്കി. സർവകലാശാലയിൽ നടത്തിയ അക്കാദമിക് കോൺവൊക്കേഷൻ 2017 സുഗമമായി നടത്താൻ വേണ്ട സാങ്കേതിക സഹായം ഒരുക്കി. വിദ്യാർത്ഥികളുടെ ഫോട്ടോയും ക്യൂ.ആർ. കോഡും ഉൾപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് രൂപകല്പന ചെയ്തു. വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതിനുള്ള ഓൺലൈന് സംവിധാനം ഒരുക്കി. വിദ്യാർത്ഥികളുടെ തിരിച്ചറിയിൽ കാർഡ് ക്യൂ.ആർ. കോഡ് ഉൾപ്പെടുത്തി നവീകരിച്ചു. ഇവയുടെ ആധികാരികത ഉറപ്പാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം ഒരുക്കി. അദ്ധ്യാപകരുടെ നിയമന പ്രക്രിയകൾ സുഗമമായി നടപ്പിലാക്കുന്നതിനുവേണ്ട സാങ്കേതിക സഹായം ഒരുക്കി.

ഗവേഷണ പദ്ധതി പ്രവർത്തനങ്ങളുടെ ആനുകാലിക നിരീക്ഷണത്തിനും റെക്കോർഡിംഗിനും സൗകര്യം ഒരുക്കി. ഗവേഷണ മേൽനോട്ടത്തിനായുള്ള ഓൺലൈൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി. ഫാം മെഷിനറി ടെസ്റ്റിംഗ് സെന്ററിലെ (FMTC) ടെസ്റ്റ് സ്റ്റാറ്റസ് നിരീക്ഷിക്കുന്നതിന് സൗകര്യം ഒരുക്കി.

USAIM വിപണന സോഫ്റ്റ്‌വെയർ സിസ്റ്റം പ്രവർത്തനം മെച്ചപ്പെടുത്തി കൂടുതൽ സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിച്ചു. സർവകലാശാലയുടെ എല്ലാ സേവനങ്ങളും ഒരു പോർട്ടലിന്റെ കീഴിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ തുടർന്ന് പോരുന്നു. കാർഷിക സംരംഭകത്വ സഹായങ്ങൾ ചെയ്യാനുള്ള ഓൺലൈൻ സംവിധാനങ്ങൾ ഒരുക്കുന്ന പോർട്ടൽ കൂടുതൽ മെച്ചപ്പെടുത്തി.

## VI. വിദ്യാർത്ഥി ക്ഷേമം

ഐ.സി.എ.ആർ ഡെവലപ്പ്മെന്റ് ഗ്രാൻഡ് തുകയായ 8.54 ലക്ഷം രൂപ വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വെള്ളാനിക്കര കാമ്പസിലെ 66 വിദ്യാർത്ഥികൾ ഇരുചക്ര നാലുചക്ര വാഹനങ്ങളിൽ പരിശീലനം പൂർത്തിയാക്കി ലൈസൻസ് നേടി. ഇപ്പോഴും പരിശീലനം തുടർന്ന് വരുന്നു. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വെള്ളാനിക്കര ക്യാമ്പസിൽ സ്വയം പ്രതിരോധം നേടുവാനുള്ള ക്രാവ്-മാഗ പരിശീലനം നല്കി. വെള്ളാനിക്കര ക്യാമ്പസിലെ വിവിധ കോളേജുകളിലെ വിദ്യർത്ഥിനികൾക്ക് 100 സൈക്കിളുകൾ വിതരണം ചെയ്തു.

നാഷണൽ സർവീസ് സ്കീമിന്റെ പ്രവർത്തനം 6 കോളേജുകളിലായി നടന്നു വരുന്നു. ഏറ്റവും നല്ല നാഷണൽ സർവീസ് സ്കീം യൂണിറ്റിനുള്ള അവാർഡിന് കേരള കാർഷിക സർവ്വകലാശാലയിലെ പടന്നക്കാട് കാർഷിക കോളേജ് അർഹരായി. രാഷ്ട്രീയ ഏകതാ ദിവസമായ 2016 ഒക്ടോബർ 31 ന് സൈക്കിൾ റാലിയും കൂട്ടയോട്ടവും സംഘടിപ്പിച്ചു. പീച്ചി താമരവെള്ളച്ചാലിൽ സ്പെഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു. നാഷണൽ സർവീസ് സ്കീം പ്രോഗ്രാം ഓഫീസർമാർക്ക് കളമശ്ശേരി എംപാനൽഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം ലഭ്യമാക്കി.

സർവ്വകലാശാല പ്ലേസ്മെന്റ് സെല്ലിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ബാങ്ക് പ്രൊബേഷനറി ഓഫീസർ പരീക്ഷാപരിശീലനം ആരംഭിച്ചു. കേരള കാർഷിക സർവ്വകലാശാല ഇന്റർ കൊളീജിയറ്റ് ആർട്സ് ഫെസ്റ്റിവൽ കൃതി ഒക്ടോബർ 1 മുതൽ 5 വരെ വെള്ളാനിക്കര ക്യാമ്പസിൽ നടന്നു. ഹോർട്ടിക്കൾച്ചർ കോളേജ് ഓവറോൾ കിരീടം നേടി. കായിക പ്രവർത്തനങ്ങളുടെ ഭാഗമായി കോളേജ് തലത്തില് ബാസ്കറ്റ്ബോൾ, വോളിബോൾ, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, ക്രിക്കറ്റ്, എന്നീ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ചു. അന്തർ സർവ്വകലാശാല തലത്തിൽ ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ എന്നീ മത്സരങ്ങളിൽ പങ്കെടുത്തു. ഹരിയാന സി.സി.എസ് കാർഷിക സർവ്വകലാശാലയിൽ നടന്ന കാർഷിക സർവ്വകലാശാലകൾ തമ്മിലുള്ള **അഗ്രി യൂണി സ്പോർട്സ്** മത്സരങ്ങളിൽ പങ്കെടുത്തു.

കേരള കാർഷിക സർവ്വകലാശാല കോളേജുകളിൽ 2016 ഡിസംബർ 8-)ം തിയതിയും, സർവ്വകലാശാല തലത്തിൽ 2017 ജനുവരി 24-)ം തിയതിയും സ്റ്റുഡൻസ് യൂണിയനുകളിലേക്ക് തിരഞ്ഞെടുപ്പ് നടത്തി ഭാരവാഹികളെ തിരഞ്ഞെടുത്തു.

സർവ്വകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി 5 കോച്ചിംഗ് ക്ലാസ്സുകൾ, 52 കരിയർ പ്രഭാഷണങ്ങൾ, വെള്ളാനിക്കര ക്യാമ്പസിലെ 4 കോളേജുകളിലായി ഒരു ദിവസത്തെ നൈപുണ്യ ക്ലാസ്സുകൾ എന്നിവ നടത്തി.

## ബജറ്റ് 2018-19

### I. അദ്ധ്യാപനം

2018-19 സാമ്പത്തിക വർഷത്തിൽ തുടർപദ്ധതികൾക്കുൾപ്പെടെ വിവിധ പദ്ധതിയിനങ്ങൾക്കായി 896.03 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റാവെ, ബിരുദ ബിരുദാനന്തര കോഴ്സുകളുടെ ശാക്തീകരണം, അനുഭവജ്ഞാന പഠനം, ബാഹ്യ പരീക്ഷകൾ നടത്തുക, അക്കാഡമിക് ഡയറക്ടറേറ്റിന്റെ ശാക്തീകരണം, ലൈബ്രറിയുടെ ശാക്തീകരണം തുടങ്ങിയവ അതിൽ ഉൾപ്പെടുന്നു.

ഇതുകൂടാതെ കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി നാലു ബസുകൾക്കും സർവ്വകലാശാല ലൈബ്രറിയുടെ ശാക്തീകരണത്തിനും ആവശ്യമായ തുക ആഭ്യന്തര വരുമാനത്തിൽ നിന്നോ ബാഹ്യ പദ്ധതികളിൽ നിന്നോ കണ്ടെത്തുന്നതാണ്.

വയനാടിലെ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഒരു പുതിയ കാർഷിക കോളേജ് തുടങ്ങുവാൻ പദ്ധതിയിട്ടിട്ടുണ്ട്. ഇതിനായുള്ള രൂപരേഖ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഒരു പുതിയ കാർഷിക കോളേജ് തുടങ്ങുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതാണ്. പ്രകൃതി വിഭവങ്ങളാൽ സമ്പുഷ്ടവും 100 ചതുരശ്ര കിലോമീറ്ററിനുള്ളിൽ ഭൂപ്രകൃതിയിൽ പരമാവധി വൈവിധ്യം പ്രദർശിപ്പിക്കുന്നതുമായ കേരളത്തിന്റെ നെല്ലറയായ കുട്ടനാട് ഉൾപ്പെടുന്ന മധ്യ തിരുവിതാംകൂറിൽ, പ്രായോഗിക കാർഷിക വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും പുതുതായി തുടങ്ങുന്ന കാർഷിക കോളേജ് വഴിവെക്കും.

കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാരുള്ള പാലക്കാട് ജില്ലയിൽ കാർഷിക ബിരുദ പഠനത്തിനായി ഒരു കോളേജ് ആരംഭിക്കുന്നതിനുള്ള ശിപാർശ പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ ഗഡുവായ 10 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുന്നതാണ്.

രാജ്യത്ത് ഉയർന്നു വരുന്ന കാർഷിക ബിരുദധാരികളുടെ ആവശ്യവും, അപേക്ഷകരുടെ ആധിക്യവും കണക്കിലെടുത്ത്, സർക്കാർ നയത്തിന് അനുയോജ്യമായി കൃഷിശാസ്ത്ര ബിരുദത്തിനുള്ള(ഓണേഴ്സ്) സീറ്റ് 208 ൽ നിന്നും 360 ആയി ഉയർത്തുന്നതായിരിക്കും. വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിൽ 56 ൽ നിന്നും 100 ആയും, വെള്ളായണി കാർഷിക കോളേജിൽ 99-ൽ നിന്നും 160 ആയും, പടന്നക്കാട് കാർഷിക കോളേജിൽ 53-ൽ നിന്നും 100 ആയും സീറ്റുകൾ വർദ്ധിപ്പിക്കും. സമയബന്ധിതമായി ഇതിനാവശ്യമായ പശ്ചാത്തല സൗകര്യം ഉറപ്പാക്കും.

സർവ്വകലാശാലയുടെ കീഴിലുള്ള 6 കോളേജുകളിലും സംരംഭകത്വ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കും. കോഴ്സുകളുടെ ഭാഗമായി പാഠ്യപദ്ധതിയുടെ തുടക്കം മുതൽ വ്യവസായ മേഖലയുമായി സഹകരിച്ച് കൊണ്ടുള്ള സംരംഭകത്വ പദ്ധതിക്ക് തുടക്കം കുറിക്കും. ജൈവ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയ മാതൃക പിൻപറ്റി ഫിനിഷിംഗ് സ്കൂളുകൾ വിവിധ വിഭാഗങ്ങൾക്ക് കീഴിൽ ആരംഭിക്കും. ജൈവകൃഷിയിൽ ശാസ്ത്രീയമായ മാനവ വിഭവശേഷി വർദ്ധിപ്പിക്കാനായി വെള്ളായണിയിൽ രണ്ട് വർഷ ഡിപ്ലോമ കോഴ്സ് ആരംഭിക്കും.

**സർവ്വകലാശാല കേന്ദ്ര ഗ്രന്ഥശാല**

കാർഷിക സർവ്വകലാശാല കേന്ദ്ര ഗ്രന്ഥശാലയും വിവിധ കോളേജ് ഗ്രന്ഥശാലകളും ആധുനികീകരിക്കുന്നതിനായി 35 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ഗ്രന്ഥശാലയിൽ ഒരു സെമിനാർ ഹാൾ പണിയുന്നതും കമ്പ്യൂട്ടർ ശൃംഖല നവീകരിക്കുന്നതുമാണ്. ഈ ആവശ്യത്തിലേക്കായുള്ള തുക ബാഹ്യ ഏജൻസികളിൽ നിന്നും സമാഹരിക്കുന്നതാണ്. കേന്ദ്ര ഗ്രന്ഥശാലയിലേക്ക് പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കും.

തുടർപദ്ധതികൾക്കായി 849.030 ലക്ഷം രൂപയും ഈ വർഷം ആരംഭിക്കുന്ന പദ്ധതികൾക്കായി 47 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം 896.030 ലക്ഷം രൂപ 2018-19 ൽ പദ്ധതികൾക്കായി നീക്കിവച്ചിട്ടുണ്ട്.

## II. ഗവേഷണം

പതിമൂന്നാം പഞ്ചവത്സരപദ്ധതി വിഭാവനം ചെയ്തിരിക്കുന്ന സുസ്ഥിരവും സർവാശ്ലേഷിയുമായ വികസന നയത്തിന് അനുരൂപമായാണ് 2018-19 കാലയളവിലെ ഗവേഷണ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ വിശദമായ പഠന റിപ്പോർട്ടിൽ അംഗീകരിച്ച ഗവേഷണ വിടവുകളും അവയുടെ താരതമ്യ പ്രാധാന്യവും അടിസ്ഥാനമാക്കിയാണ് പദ്ധതികൾ സമർപ്പിച്ചിരിക്കുന്നത്. ഇതു പ്രകാരം കാലാവസ്ഥ വ്യതിയാനവും അനുബന്ധ കാർഷിക സാമൂഹിക പ്രശ്നങ്ങളും ഏറെ പ്രാധാന്യത്തോടെ പരിഗണിച്ചിരിക്കുന്നു.

### A. കാലാവസ്ഥ വ്യതിയാനവും അതിജീവനവും

കേരളത്തിന്റെ ഭക്ഷ്യ-പാരിസ്ഥിതിക സുരക്ഷ മുൻനിർത്തി സംസ്ഥാനത്തിന്റെ 23 കാർഷിക കാലാവസ്ഥ മേഖലകൾ അനുയോജ്യമായ വിത്തുകളും പരിപാലന മുറകളും വികസിപ്പിക്കുകയും ശുപാർശ ചെയ്യുകയും ചെയ്യുന്നതിനുള്ള ഊർജ്ജിത ഗവേഷണ പരിപാടിക്ക് തുടക്കം കുറിക്കുന്നതാണ്.

കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് ഏറ്റവും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുമെന്ന പ്രവചനങ്ങളുടെ പശ്ചാത്തലത്തിൽ നെൽകൃഷിയിൽ വരൾച്ച പ്രതിരോധത്തിനു അനുയോജ്യമായ സൂക്ഷ്മാണുക്കളെ (മീതൈൽ ബാക്ടീരിയ) കണ്ടെത്താനുള്ള ഗവേഷണം ആരംഭിക്കും.

വരൾച്ചയെ പ്രതിരോധിക്കുന്നതിനായി മൂപ്പുകാലയളവ് കുറഞ്ഞ നെല്ലിനങ്ങൾ വികസിപ്പിക്കുന്നതാണ്. ആഗോളതാപന ഫലമായി കൊക്കോ കൃഷി പൂർണ്ണമായി

ഇല്ലാതാകുമെന്ന ശാസ്ത്ര മുന്നറിയിപ്പ് കണക്കിലെടുത്ത് വരൾച്ചാ പ്രധിരോധ ശക്തിയുള്ള ഇനങ്ങൾ വികസിപ്പിച്ചെടുക്കാൻ മുൻഗണന നൽകും.

ഉയർന്ന ഉത്പാദനക്ഷമതയും വരൾച്ചാ പ്രതിരോധവുമുള്ള കുരുമുളക്, പയർ, ഏലം എന്നിവ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണം ഊർജ്ജിതപ്പെടുത്തും. കരമന സംയോജിത കൃഷിസമ്പ്രദായ ഗവേഷണ കേന്ദ്രം സംയോജിത കൃഷിയുടെ മികവു കേന്ദ്രമാക്കി ഉയർത്തും.

തെങ്ങിൻ തോട്ടങ്ങളിൽ ഔഷധ സസ്യകൃഷി ഉൾപ്പെടെയുള്ള സംയോജിത കൃഷി രീതികൾ ഉൾപ്പെടുത്തിക്കൊണ്ട് സുസ്ഥിര ജല പരിപാലന മുറകൾ വികസിപ്പിച്ചെടുക്കും.

മണ്ണ് സംരക്ഷണത്തിനും, ജല സംരക്ഷണത്തിനും ഊന്നൽ നൽകി രാമച്ചത്തിന്റെ ഇനങ്ങൾ വികസിപ്പിച്ചെടുക്കും.

ക്ലൈമറ്റ് സ്മാർട്ട് വില്ലേജ് എന്ന ആശയം നടപ്പാക്കാനാവശ്യമായ സാങ്കേതിക വിദ്യകൾ തിട്ടപ്പെടുത്തി വികസന വകുപ്പുകൾക്ക് സഹായകരമായ നിർദ്ദേശങ്ങൾ നൽകും.

വരൾച്ച നേരിടുന്നതിനും യന്ത്രവത്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ട ഡ്രിപ് ഇറിഗേഷൻ, ഫെർട്ടിഗേഷൻ മുതലായ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി കേരളത്തിലെ പ്രധാനപ്പെട്ട വിളകളുടെ കൃത്യതാകൃഷിക്കുള്ള പാക്കേജ് ശുപാർശകൾ തയ്യാറാക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.

ജൈവ സാങ്കേതികവിദ്യയിലൂടെ ഉത്പാദനക്ഷമത, ജൈവ അജൈവ സമ്മർദ്ദങ്ങളോടുള്ള (ബയോടിക് അബയോടിക് സ്ട്രെസ്സ്) പ്രതിരോധ ശക്തി എന്നിവ കൈവരിക്കുന്നതിനുള്ള പദ്ധതികൾക്ക് ഊന്നൽ കൊടുത്തിരിക്കുന്നു. കാലാവസ്ഥാ മാറ്റത്തെ ചെറുക്കുന്നതിനും അതിജീവനത്തിനും ഉതകുന്ന വിത്തുകൾ വികസിപ്പിച്ചെടുക്കുന്ന ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തും.

വേരിനുള്ളിൽ വസിക്കുന്ന കുമിളുകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് പഴം പച്ചക്കറി വിളകളിൽ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാനുള്ള ശ്രമം ആരംഭിക്കും.

ഡി.എൻ.എ ഫിംഗർ പ്രിന്റിംഗ്, ഡി.എൻ.എ ബാർകോഡിംഗ് എന്നീ ആധുനിക സംവിധാനങ്ങൾ കാർഷിക രംഗത്ത് കാര്യക്ഷമമായി ഉപയോഗപ്പെടുത്താനായി ഒരു കേന്ദ്രം സ്ഥാപിക്കും.

B. പ്രകൃതി വിഭവ സംരക്ഷണം

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം സുസ്ഥിര വികസനത്തിന്റെ അടിസ്ഥാന ശിലയാണ്. പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണം അവ കൃഷി ചെയ്തുകൊണ്ട്തന്നെ നടപ്പാക്കാനുള്ള ബൃഹത്തായ ഒരു പദ്ധതി സർവ്വകലാശാല ആരംഭിക്കുകയാണ്. കേരളത്തിലെ എല്ലാ പ്രധാന വിളകളുടെയും ജനിതകശേഖരം സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പദ്ധതി നെല്ലിനങ്ങൾ, അലങ്കാര പുഷ്പങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവയിൽ സമാരംഭിക്കുന്നത്. സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള വിളജാല വൈവിധ്യം സംരക്ഷിക്കുകയും പഠനവിധേയമാക്കുകയും, ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം തന്നെ ഇതര പഠന-ഗവേഷണ ആവശ്യങ്ങൾക്കും, പൊതുജനാവബോധം സൃഷ്ടിക്കുന്നതിനുംകൂടി പ്രയോജനപ്പെടുത്തും. കേരളത്തിലെ സമ്പന്നമായ സുഗന്ധവ്യഞ്ജനങ്ങൾക്കായി പ്രത്യേകം സംവിധാനമൊരുക്കുന്നുണ്ട്.

### C. ജൈവ സാങ്കേതിക വിദ്യകൾ

സംസ്ഥാനത്തിന്റെ ജൈവകാർഷിക നയം നടപ്പാക്കാനാവശ്യമായ ജൈവ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിന് ഗവേഷണത്തിൽ ഊന്നൽ നല്കും. പ്രധാന വിളകളിലെ രോഗ-കീടനിയന്ത്രണങ്ങൾക്കായി ജൈവ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണം ശക്തിപ്പെടുത്തും. കേരളത്തിൽ ലഭ്യമാകുന്ന ജൈവ ഉത്പാദനോപാധികളുടെ ഗുണമേന്മ തിട്ടപ്പെടുത്തുവാനുള്ള പരിശോധനാ ലാബ് സ്ഥാപിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിനു സാങ്കേതിക സഹായം നൽകുന്നതിനുള്ള പ്രത്യേക ഗവേഷണ — വിജ്ഞാന വ്യാപന പരിപാടി ആരംഭിക്കുന്നതാണ്. ജൈവ ഉറവിട മാലിന്യ സംസ്കരണത്തിനു അനുയോജ്യമായ സാങ്കേതിക വിദ്യകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കിക്കൊണ്ട് ഹരിതകേരള പദ്ധതികളിൽ സർവ്വകലാശാലയുടെ സജീവ സാന്നിധ്യം ഉറപ്പാക്കുന്നതാണ്.

മാലിന്യം വിഘടിപ്പിക്കുന്ന വിവിധ സൂക്ഷ്മജീവികളെ വേർതിരിച്ചെടുത്ത് പരീക്ഷിക്കുന്നതിനും അത്തരം സൂക്ഷ്മജീവി മിശ്രിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി പ്രത്യേക സംവിധാനം ഉണ്ടാക്കും. ഇതിനായി പ്രത്യേക ഗവേഷണ വിജ്ഞാന വ്യാപന പ്രോജക്റ്റിന് രൂപം നൽകുന്നതാണ്.

തെങ്ങിന്റെ കാറ്റ് വീഴ്ച, കവുങ്ങിന്റെ മഞ്ഞളിപ്പ് എന്നിവയ്ക്കെതിരെ രോഗനിവാരണ മാർഗ്ഗങ്ങൾക്കായുള്ള ഗവേഷണം ശൃംഖലാ പദ്ധതിയായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുന്നതാണ്.

പൊക്കാളി കൃഷിഭൂമിയിലേയും അരിയിലേയും ഘനമൂലക നിലവാരം നിരീക്ഷിക്കാനും ആവശ്യമായ പരിപാലന മുറകൾ നിർദ്ദേശിക്കാനുമുള്ള ഗവേഷണം ആരംഭിക്കും.

അത്യാധുനിക സാങ്കേതിക വിദ്യയായ നാനോ ടെക്നോളജി ഗവേഷണ രംഗത്ത് സർവ്വകലാശാല തുടക്കം കുറിക്കുന്നതാണ്. പോളിഹൗസ് കൃഷിക്ക് അനുയോജ്യമായ കൂടുതൽ പച്ചക്കറി ഇനങ്ങൾ കണ്ടെത്തുന്നതിനുള്ള ഗവേഷണങ്ങൾ ശക്തിപ്പെടുത്തും. പോളിഹൗസുകൾക്ക് അനുയോജ്യമായ കൃഷി രീതിയിൽ മഴമറ കൃഷി, കൃത്യതാകൃഷി എന്നിവയിൽ ഗവേഷണം ആരംഭിക്കും.

ദേശീയ-അന്തർദേശീയ തലത്തിലുള്ള പ്രമുഖ കൃഷി ശാസ്ത്രജ്ഞരെ പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിലാദ്യമായി ഒരു **കൃഷി ശാസ്ത്ര കോൺഗ്രസ്സ്** സംഘടിപ്പിക്കും. വിവിധ ശാസ്ത്രശാഖകളെ ഏകോപിപ്പിച്ചുകൊണ്ട് ഇതര ഗവേഷണ സ്ഥാപനങ്ങളും സർവ്വകലാശാലകളുമായി സഹകരിച്ച് തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ ഗവേഷണം നടപ്പിലാക്കുന്നതാണ്.

നഗര പ്രദേശങ്ങളിലെ ആവാസവ്യവസ്ഥ സമ്പുഷ്ടമാക്കുക എന്ന ആശയത്തിൽ നഗര കൃഷിക്കാവശ്യമായ ഉത്പാദനോപാധികൾ, ലഘു യന്ത്രങ്ങള് എന്നിവ വികസിപ്പിക്കുന്നതിനും ഇവയ്ക്ക് യോജിച്ച സൂക്ഷ്മ മൂലക ഗുളികകള് വികസിപ്പിക്കാനുമുള്ള ഗവേഷണത്തിന് ഊന്നല് കൊടുക്കുയും ചെയ്യും.

അടിയന്തിര സ്വഭാവമുള്ള പ്രശ്നങ്ങളിൽ ഉടൻ ദ്രുത ഗവേഷണം നടത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുള്ള സംവിധാനം ഗവേഷണ വിഭാഗത്തിൽ സ്ഥാപിക്കുന്നതാണ്.

മുതലമട മാങ്ങ ഉത്പാദന മേഖലയിൽ സുസ്ഥിര പരിപാലന മുറകൾ വികസിപ്പിക്കാനും പ്രദേശത്തെ മാവിൻ തോട്ടങ്ങളിലെ പ്രശ്നങ്ങൾ പഠിച്ച് സമഗ്ര നിർദ്ദേശങ്ങൾ നല്കാനുള്ള സജീവമായ സാങ്കേതിക ഇടപെടൽ നടത്തുന്നതാണ്.

മറയൂർ, വട്ടവട, കാന്തല്ലൂർ എന്നീ മേഖലകളെ കേന്ദ്രീകരിച്ചുള്ള കാർഷിക വികസനത്തിനായി ഇടുക്കിയിൽ ശീതകാല വിളകളിൽ ഗവേഷണം ശക്തിപ്പെടുത്തും.

കേരളത്തിന്റെ പൊതു കാർഷിക കാലാവസ്ഥയിൽ നിന്നും വിഭിന്നമായ കിഴക്കൻ പാലക്കാടിനുവേണ്ടി ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കും.

അട്ടപ്പാടി മേഖലയിലും വയനാടൻ ആദിവാസി മേഖലയിലും പ്രത്യേക ഗവേഷണ വിജ്ഞാന - വ്യാപന പരിപാടികൾക്ക് രൂപം നൽകും. അട്ടപ്പാടിയിലെ ചെറുധാന്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്നതാണ്.

KERALA AGRICULTURAL UNIVERSITY
CENTRAL LIBRARY
K.A.U. (P.O.), THRISSUR
809715



വ്യാപകമായി ഉപയോഗപ്പെടുത്താത്ത തനതായ പഴങ്ങളും പച്ചക്കറികളും കേരളത്തിനനുയോജ്യമായ മറ്റിനങ്ങളും വ്യാപിപ്പിക്കാനായി ഈ രംഗത്ത് ഗവേഷണം ശക്തിപ്പെടുത്തും.

പച്ചക്കറികളിൽ സങ്കര ഇനങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണങ്ങൾക്ക് ഊന്നൽ നൽകും. വെള്ളാനിക്കരയിലെ പച്ചക്കറിവിഭാഗം കേന്ദ്രീകരിച്ച് ഇതിനായി ശൃംഖലാ ഗവേഷണം നടത്തും.

വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി സുരക്ഷിത ഭക്ഷണമായി (സേഫ് റ്റു ഈറ്റ്) ഉത്പാദിപ്പിക്കുവാൻ വേണ്ട നല്ല കൃഷിരീതികളും (ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസസ്) സാങ്കേതിക മുറകളും വികസിപ്പിച്ചെടുക്കും.

തക്കാളി, വഴുതന, മുളക് മുതലായ വിളകളിലെ വാട്ടരോഗം ഫലപ്രദമായി ചെറുക്കാൻ വികസിപ്പിച്ചെടുത്ത ഗ്രാഫ്റ്റിംഗ് സാങ്കേതികവിദ്യ സർവകലാശാലയുടെ എല്ലാ കേന്ദ്രങ്ങളിലും വ്യാപിപ്പിച്ച് ഗ്രാഫ്റ്റ് തൈകളുടെ ഉത്പാദനം പരമാവധി വർദ്ധിപ്പിയ്ക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളും.

കേരളത്തിൽ വാണിജ്യ അടിസ്ഥാനത്തിൽ ഉത്പാദിപ്പിയ്ക്കുന്ന പഴങ്ങളും പച്ചക്കറികളും വിളവെടുപ്പിനു ശേഷം കേടുവരാതെ വിപണനം വരെ സൂക്ഷിയ്ക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിക്കും.

നീര ഉത്പാദന സാങ്കേതിക വിദ്യ സംരംഭകർക്ക് കൈമാറ്റം ചെയ്യുന്നതാണ്. പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഔഷധമൂല്യവും പോഷകമൂല്യവും തിട്ടപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങള് ശക്തിപ്പെടുത്തും.

ജൈവ ഉത്പാദന രംഗത്തുള്ള ഗവേഷണം ശക്തിപ്പെടുത്തുന്നതന് **ഓർഗാനിക് ഫാമിംഗ് ആൻഡ് സസ്റ്റൈനബിൾ അഗ്രികൾച്ചർ** ഡിപ്പാർട്ട്മെന്റ് തുടങ്ങുന്നതാണ്.

സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി കർഷകരും മറ്റുള്ളവരും നടത്തുന്ന കണ്ടുപിടിത്തങ്ങൾ, നൂതനാശയങ്ങൾ, ഉത്പന്നങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ സാങ്കേതിക സഹായം നല്കുന്നതിനായി ഒരു **ഫാർമർ ഇന്നൊവേഷൻ ഫെസിലിറ്റേഷൻ സെന്റർ** തുടങ്ങും.

ഫാമുകളിൽ നിന്നുള്ള വരുമാനം വർധിപ്പിയ്ക്കുന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിയ്ക്കുന്നതാണ്.

കേരള സർക്കാരിന്റെ സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ പദ്ധതിയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കർഷകർക്കും, സാങ്കേതിക സഹായം നൽകുന്നതിനു പ്രത്യേക സംവിധാനം ഏർപ്പെടുത്തും.

വിവിധ വിളകളിലെ ഗവേഷണം ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ധനസഹായം നൽകും. വാഴ, നെല്ല്, ഫലവർഗ്ഗങ്ങൾ, പൂക്കൾ, നാളികേരം എന്നീ വിളകളിൽ ഗവേഷണവും വിജ്ഞാന വ്യാപനവും പ്രത്യേക കാർഷിക മേഖലകളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്നതാണ്.

വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളായ വയനാട്, പാലക്കാട്, ഇടുക്കി കേന്ദ്രീകരിച്ച് പ്രത്യേക പഠനങ്ങൾ നടത്തി ഫലപ്രദമായ നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുള്ള പഠനങ്ങൾ ശക്തിപ്പെടുത്തും.

**ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കളുടെ ഉത്പാദനം**

ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കളുടെ ഉത്പാദനം 20 ശതമാനം വർദ്ധിപ്പിക്കും.

കേരളത്തിൽ നെല്ല്, പച്ചക്കറി, നാളികേരം എന്നീ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഗുണനിലവാരമുള്ള വിത്തുകൾ നൽകുന്നതിനു പ്രത്യേക **വിത്ത് മിഷൻ** നടപ്പാക്കുന്നതാണ്.

വിത്തിന്റെ ആവശ്യകത കണക്കാക്കി കാർഷിക പങ്കാളിത്തത്തോടെ വിത്തും നടീൽ വസ്തുക്കളും ഉത്പ്പാദിപ്പിക്കുന്നതിന് പ്രത്യേക പരിപാടിക്ക് രൂപം നൽകുന്നതാണ്.

കാർഷിക സർവ്വകലാശാലയുടെ ഓരോ കേന്ദ്രത്തിലും എങ്ങനെ ഉത്പാദനം വർദ്ധിപ്പിക്കാമെന്ന് ശാസ്ത്രീയമായി കണ്ടെത്തി ഫാം പ്രൊഡക്ഷൻ പ്ലാന് തയ്യാറാക്കി ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കും.

ടിഷ്യുകൾച്ചർ സാങ്കേതിക വിദ്യയിലൂടെ വാഴ, ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ ഉത്പാദനം വിപുലീകരിയ്ക്കും. നടീൽ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ക്യൂ ആർ കോഡ് സമ്പ്രദായം നടപ്പാക്കുന്നതാണ്. ഉയരം കുറഞ്ഞ തെങ്ങിന് തൈകളുടെ ഉത്പാദനം വർദ്ധിപ്പിക്കും.

തുടർപദ്ധതികൾക്കായി 1745.25 ലക്ഷം രൂപയും ഈ വർഷം ആരംഭിയ്ക്കുന്ന പദ്ധതികൾക്കായി 2204.75 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം പദ്ധതികൾക്കായി 3950 ലക്ഷം രൂപ 2018-19ൽ നീക്കിവച്ചിട്ടുണ്ട്.

## III. വിജ്ഞാന വ്യാപനം

കേരള കാർഷിക സർവ്വകലാശാലയുടെ സാമൂഹിക ഇടപെടലുകൾ വിവിധ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെയും ഉപദേശക സേവനങ്ങളിലൂടെയും ശക്തിപ്പെടുത്തുന്നതിനായി പദ്ധതികൾ നടപ്പാക്കുന്നതാണ്. ഇതിനായി വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

കാർഷിക സർവ്വകലാശാലയുടെ ഓരോ ഗവേഷണ കേന്ദ്രവും ഓരോ ഗ്രാമ പഞ്ചായത്തെങ്കിലും കുറഞ്ഞത് രണ്ടു വർഷത്തേക്ക് ദത്തെടുക്കുന്നതായിരിക്കും. പ്രസ്തുത ഗ്രാമപഞ്ചായത്തിലെ കാർഷിക വികസന പദ്ധതികൾക്ക് ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ നേതൃത്വം നൽകുകയും ചെയ്യും.

കേരളത്തിലുടനീളമുള്ള അഗ്രോ സർവീസ് സെൻററുകൾക്കു സാങ്കേതിക പരിശീലനം നൽകുന്നതിനു തവനൂർ കാർഷിക എഞ്ചിനീയറിംഗ് കോളേജ്, മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം എന്നിവയുടെയും കാർഷിക എഞ്ചിനീയർമാരുടെ സേവനം ലഭ്യമായ കേന്ദ്രങ്ങളുടെയും ആഭിമുഖ്യത്തിൽ പ്രത്യേക പരിശീലന പരിപാടികൾ നടപ്പാക്കും. അമ്പലവയല് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ മുഖമുദ്രയായി മാറിയ **പൂപ്പൊലി** ഈ വർഷവും സംഘടിപ്പിക്കും.

കേരള കാർഷിക സർവ്വകലാശാലയുടെ പ്രചുര പ്രചാരം നേടിയ **കർഷക സാന്ത്വനം**, മൊബൈൽ മണ്ണ്പരിശോധന, മണ്ണിന്റെ ആരോഗ്യ സംരക്ഷണ പ്രചാരണ യജ്ഞം, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള **ശുചിത** എന്നിവ തുടരും. ഇതിനായി മൊബൈൽ മണ്ണ് പരിശോധന സംവിധാനം വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന്റെ കീഴിൽ ഏർപ്പെടുത്തും. കാർഷിക സാങ്കേതികവിദ്യാ വിവര കേന്ദ്രം (ATIC) മുഖേന നടത്തുന്ന വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, ഉത്പന്നങ്ങളുടെ വില്പന എന്നിവ ഇരട്ടിയായി വർദ്ധിപ്പിക്കാൻ നടപടികൾ എടുക്കും. ATIC ന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിശദമായ പദ്ധതി തയ്യാറാക്കും. കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ഉത്പന്നങ്ങളും സേവനങ്ങളും സംബന്ധിച്ച സമഗ്ര വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് വെബ് പോർട്ടൽ ആരംഭിക്കും.

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ കർഷകരുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള കർഷക മാൾ, പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കും. കാർഷിക സർവ്വകലാശാല അച്ചടിശാല ആധുനികീകരിക്കുകയും ഇപ്പോൾ വാങ്ങിയിട്ടുള്ള പുതിയ യന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തനം വിപുലീകരിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ അച്ചടി ജോലികൾ ആരംഭിക്കുകയും ചെയ്യും. കാലാവസ്ഥാധിഷ്ഠിത കാർഷികോപദേശ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കാലാവസ്ഥ ഗവേഷണ പഠന അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഒരു **കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം** ആരംഭിക്കും. കേരള കാർഷിക സർവ്വകലാശാലയുടെ കേന്ദ്ര സാങ്കേതികവിദ്യാ മ്യൂസിയം വിപുലീകരിക്കും.

കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ച സാങ്കേതിക വിദ്യകൾ വിവിധതരം ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും. വിജ്ഞാന വ്യാപനം, കാർഷിക സംസ്കാരം, മാനവവിഭവശേഷി വികസനം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേന്ദ്രം കാസർഗോഡ് സ്ഥാപിക്കും. വടക്കൻ മലബാറിൽ ശാസ്ത്രീയ കൃഷി പ്രചരിപ്പിക്കുന്നതിനുള്ള സാങ്കേതിക പിന്തുണ വർദ്ധിപ്പിക്കും.

കാർഷിക സർവ്വകലാശാല പ്രസിദ്ധീകരണങ്ങളുടെയും ഉത്പന്നങ്ങളുടെയും വാണിജ്യ ഔട്ട്ലെറ്റുകളും, സ്റ്റോളുകളും ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥാപിക്കും. കാർഷിക സർവ്വകലാശാലയുടെ എല്ലാ ഗവേഷണ വിദ്യാഭ്യാസ കേന്ദ്രങ്ങളിലും അതതു കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ ആസ്പദമാക്കിയുള്ള വിപുലമായ വിജ്ഞാന വ്യാപന ക്യാമ്പയിനുകൾ നടത്തും. കൊല്ലം ജില്ലയിൽ സുരക്ഷിത ഭക്ഷ്യ ഉത്പ്പന്നങ്ങളുടെ സാങ്കേതിക കേന്ദ്രം സ്ഥാപിക്കും. കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ സസ്യാരോഗ്യ നിരീക്ഷണ വിശകലന ക്ലിനിക്കുകള് സ്ഥാപിക്കും, കേരളത്തിലെ സുപ്രധാന ഗോത്ര മേഖലകളിൽ വിജ്ഞാന വ്യാപന കേന്ദ്രങ്ങള് സ്ഥാപിക്കും.

**മാനവവിഭവശേഷി വികസനം**

കൃഷി വകുപ്പിന്റെ മാനവവിഭവശേഷി വികസന പരിശീലന പരിപാടികൾ ശക്തിപ്പെടുത്തും. അന്താരാഷ്ട്ര പരിശീലന കേന്ദ്രവും ഹോസ്റ്റൽ സൗകര്യവും നിർമ്മിക്കും. വിദ്യാർത്ഥികൾ, തൊഴിൽ രഹിതരായ യുവാക്കൾ, കർഷകർ എന്നിവർക്കായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി ഓൺലൈൻ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കും. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ഫിനിഷിംഗ് സ്കൂൾ തുടങ്ങുന്നതാണ്. കാർഷിക സർവ്വകലാശാല ഉദ്യോഗസ്ഥർക്കുള്ള മാനവവിഭവ ശേഷി വികസന പരിപാടി നടപ്പിലാക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിതകേരളം പോലുള്ള വികസന ദൗത്യങ്ങൾക്ക് സാങ്കേതിക പിൻബലം നൽകുന്നതിനുള്ള ആക്ഷൻ റിസർച്ചിനു പ്രാമുഖ്യം നൽകുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപവൽക്കരണത്തിനു സാങ്കേതിക പിന്തുണ നൽകുന്നതിനു കൃഷിവിജ്ഞാന കേന്ദ്രങ്ങൾക്കും മറ്റു ഗവേഷണകേന്ദ്രങ്ങൾക്കും സഹായം നൽകും. പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണം, പ്രകൃതി സംരക്ഷണ ക്യാമ്പയിനും ഹരിത കേരള മിഷനുമായി ബന്ധപ്പെട്ട പരിപാടികൾക്കും സാങ്കേതിക സഹായം നൽകും. ഗ്രാമങ്ങളിൽ ഭക്ഷ്യ പോഷണ സുരക്ഷ കൈവരിക്കുന്നതിന് ഗവേഷണ പരിപാടികൾ നടത്തും. പൊതുസ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ജൈവവളം ഉത്പാദിപ്പിക്കുന്നതിനുള്ള **ജൈവശ്രീ** പദ്ധതി നടപ്പിലാക്കും.

കർഷകരുടെയും കൃഷി സംരംഭകരുടേയും നൂതന സംരംഭങ്ങൾക്ക് പ്രോത്സാഹനവും നൂതന സംരംഭകത്വാശയങ്ങളുടെ രജിസ്ട്രേഷൻ, സർട്ടിഫിക്കേഷൻ, പരിശോധന എന്നിവ നടത്തുന്നതിനുള്ള ഫാർമർ ഇന്നൊവേഷന് ഫെസിലിറ്റേഷൻ പദ്ധതിയും നടപ്പിലാക്കും.

ഫാം ടൂറിസം മാതൃകകൾ ആവിഷ്കരിക്കുന്നതിനായി കുമരകം കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കും.

വിളകളുടെയും കൃഷി സമ്പ്രദായങ്ങളുടെയും ഉത്പാദനക്ഷമത നിലനിർത്തുന്നതിനും, വർദ്ധിപ്പിക്കുന്നതിനും സംയോജിത കൃഷി രീതികളുടെ സുസ്ഥിര മാതൃകകൾ ആവിഷ്കരിക്കുന്നതിനു മുൻഗണന നൽകും.

പാൽ, മുട്ട, ജൈവവളം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സംയോജിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി കന്നുകാലി വളർത്തൽ, മുട്ടകോഴി വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാതൃകാ പ്രദർശന യൂണിറ്റുകൾ ആവിഷ്കരിക്കും. അട്ടപ്പാടിയിലെ പോഷകാഹാര സുരക്ഷ ഉറപ്പുവരുത്തുന്നതിന് മോഡൽ ഫാമുകൾ സ്ഥാപിക്കും. കൊല്ലം ജില്ലയിൽ നെൽകൃഷി മേഖലകളിൽ ഭക്ഷ്യ പോഷക സുരക്ഷ ഉറപ്പ് വരുത്തുന്ന **മാതൃകാ പ്രോട്ടീൻ പാർക്കുകൾ** സ്ഥാപിക്കും. കർഷക പങ്കാളിത്ത വ്യവസ്ഥയിൽ മുട്ടക്കോഴി നഴ്സറി സ്ഥാപിക്കുന്നതാണ്. സദാനന്ദപുരം ഫാമിംഗ് സിസ്റ്റംസ് റിസർച്ച് സ്റ്റേഷനിൽ **റൂറൽ അഗ്രി സാങ്കേതികവിദ്യാപാർക്ക്** സ്ഥാപിക്കും.

ജല-പോഷക മൂല്യ പരിപാലനത്തിനായി കാർഷിക സമ്പ്രദായങ്ങൾ അടിസ്ഥാനമാക്കിയുള്ള ശിപാർശകൾ പ്രചരിപ്പിക്കുന്നതാണ്. കേരളത്തിലെ പ്രശ്നബാധിത കാർഷിക-കാലാവസ്ഥ മേഖലകളിൽ മണ്ണ്, സസ്യ, പോഷക, ജല, പരിശോധനയും ശാസ്ത്രീയ ശുപാർശകൾക്കുമായി സംവിധാനം സ്ഥാപിക്കും. മണ്ണ്, ജല, സസ്യ, വള പരിശോധനക്കായി ആധുനിക സംവിധാനങ്ങളോട് കൂടിയ **കേന്ദ്ര പരിശോധനശാല** സ്ഥാപിക്കും.

പുരയിട കൃഷിക്കും നഗരപ്രദേശങ്ങളിലെ കൃഷിക്കും ഉപയുക്തമായ പ്രകൃതി സൗഹൃദ സസ്യ സംരക്ഷണ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതാണ്. കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ ജൈവ നിവേശങ്ങൾ (ബയോ ഇൻപുട്ട്സ്) വൻതോതിൽ ഉത്പാദിപ്പിക്കും. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ജൈവ നിവേശങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കും. വയനാട് ജില്ലയിൽ വിഷമുക്ത പച്ചക്കറി ഉത്പാദിപ്പിച്ച് കേരളത്തിലെ വടക്കൻ ജില്ലകളിൽ വിതരണം ചെയ്യുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതാണ്.

കാലാവസ്ഥ വ്യതിയാനം അതിജീവിക്കുന്നതിനുള്ള കാർഷിക മുറകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കും. വിജ്ഞാന വ്യാപന ഡയറക്ടറേറ്റിൽ കാലാവസ്ഥ വ്യതിയാനം അതിജീവിക്കുന്നതിനുള്ള സാങ്കേതിക വിദ്യകളുടെ ഫീൽഡ് തല പഠനത്തിനും വിജ്ഞാന വ്യാപനത്തിനുമായി പ്രത്യേക കേന്ദ്രം സ്ഥാപിക്കും.

**മാലിന്യ സംസ്കരണ സാങ്കേതിക വിദ്യ പ്രചാരണം**

കോട്ടയം ജില്ലയിൽ കാർഷിക സർവ്വകലാശാല വികസിപ്പിച്ച മാലിന്യ നിർമ്മാർജ്ജന സാങ്കേതിക വിദ്യകളുടെ പ്രചാരണം ശക്തിപ്പെടുത്തും. സർവ്വകലാശാല ആവിഷ്കരിച്ച **ശുചിത** എന്ന ദ്രുതമാലിന്യ സംസ്കരണ സംവിധാനം സംസ്ഥാനത്തിൽ വ്യാപിപ്പിക്കും.

**കാർഷികോത്പ്പന്ന പരിപാലനവും മൂല്യ വർദ്ധനവും**

പഴം, പച്ചക്കറി മൂല്യ വർദ്ധനവിനായി **കാർഷിക സംസ്കരണ ഇൻക്യുബേഷൻ കേന്ദ്രം** സ്ഥാപിക്കുന്നതാണ്. കെ.വി.കെ. തൃശ്ശൂരിൽ കാർഷിക സംസ്കരണ കേന്ദ്രവും കെ.വി.കെ. വയനാട്ടിൽ ചെലവു കുറഞ്ഞ ശീതീകരണിയും, പഴങ്ങൾ പഴപ്പിക്കുന്ന ചേമ്പറുകളും സ്ഥാപിക്കും. കണ്ണൂർ കെ.വി.കെ. കേന്ദ്രമാക്കി വീട്ടുവളപ്പിലെ അധിക പഴം-പച്ചക്കറി ഉത്പന്നങ്ങൾ വിപണനം

ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും. പ്രാദേശികമായി ലഭ്യമായ പഴങ്ങളിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ, പ്രചാരണം, വിപണനം എന്നിവയുള്ള പദ്ധതി നടപ്പിലാക്കും. കൂൺ കൃഷി, സ്പോൺ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

ഉയർന്ന ഉത്പാദന ശേഷിയുള്ള തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണം, ഉത്പാദന ശക്തിയുള്ള ഇനങ്ങളുടെ വർദ്ധനവ്, പ്രചാരണം എന്നിവയ്ക്ക് ഊന്നൽ നൽകും. വടക്കൻ മലബാറിലെ തദ്ദേശീയ കുരുമുളക് ഇനങ്ങളുടെ സംരക്ഷണവും പങ്കാളിത്ത വ്യവസ്ഥയിൽ കുരുമുളക് വള്ളിയുടെ ഉത്പാദനവും സംരക്ഷണവും ഹൈടെക് നഴ്സറിയും വിള കഫറ്റേരിയയും സ്ഥാപിക്കും. പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ ഉത്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

**കാർഷിക സംരംഭകത്വ വികസനം**

കേരള കാർഷിക സർവ്വകലാശാലയിൽ **ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ** സ്ഥാപിക്കുന്നതാണ്. ഇതിനായി ഏകജാലക സംവിധാനം ഒരുക്കും. പുരയിട കൃഷിയെ അടിസ്ഥാനപ്പെടുത്തിയുള്ള കാർഷിക സംരംഭങ്ങളുടെ വികസനത്തിനും പ്രചാരണത്തിനും ഊന്നൽ നൽകും. കൃഷിയിലെ വ്യവസായവത്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അഗ്രി ബിസിനസ് സെന്ററുകൾ ഏകജാലക സംവിധാനത്തിൽ തുടങ്ങുന്നതാണ്.

വിജ്ഞാന വ്യാപനത്തിന് വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും ഉപയുക്തമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. FEM @ Mobile എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുകയും കൂടുതൽ ഉപഭോക്തൃ പ്ലാറ്റ്ഫോമിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യും. നഗര-അർദ്ധ നഗര കേന്ദ്രങ്ങളിൽ മൊബൈൽ സേവനങ്ങൾ വിപുലീകരിക്കുന്നതാണ്. മൾട്ടി-മീഡിയ സേവനങ്ങൾ വികസിപ്പിക്കുന്ന കേന്ദ്രം സ്ഥാപിക്കുകയും സൈബര് വിജ്ഞാന വ്യാപനത്തിനുള്ള സാങ്കേതിക-മാനേജ്മെന്റ് വിവരങ്ങളും ആപ്ലിക്കേഷനും വികസിപ്പിക്കുന്നതുമാണ്. വിജ്ഞാന വ്യാപന നിർവഹണ പുരോഗതി വിലയിരുത്തുന്നതിനുള്ള മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിക്കുന്നതുമാണ്. കേരള കാർഷിക സർവ്വകലാശാലയുടെ രണ്ടാം തല കോൾ സെന്റർ ഈ വർഷം സ്ഥാപിക്കും.

**കാർഷിക യന്ത്രവത്ക്കരണ വ്യാപനം**

നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതാണ്. ഗ്രാമീണ സ്ത്രീ ശാക്തീകരണത്തിലൂടെ വിവിധയിനം പച്ചക്കറി വിളകളുടെ ചെറുകിട യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കും. വിവിധ കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ വിത്ത് സംസ്കരണ യൂണിറ്റ് സ്ഥാപിക്കും. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിലവിലുള്ള കാർഷിക യന്ത്രവത്ക്കരണ കേന്ദ്രത്തിന്റെ വികസനത്തിന് നടപടികൾ സ്വീകരിക്കും. ഫാം യന്ത്രവത്ക്കരണ പദ്ധതിയുടെ ഭാഗമായി AMOSC-പ്രത്യേക കർമസേന വികസനം

ശക്തിപ്പെടുത്തും. ട്രാക്ടർ ഉപയോഗം, പരിപാലനം, റിപ്പയർ, സർവീസ് എന്നിവയിൽ പരിശീലന കോഴ്സ് തുടങ്ങും.

സാങ്കേതിക വിദ്യകളുടെ ഫലപ്രാപ്തി പരിശോധിക്കുന്ന ഗവേഷണ പദ്ധതികൾ ആരംഭിക്കുന്നതാണ്. കാർഷിക സർവ്വകലാശാല വികസിപ്പിച്ച കാർഷിക സാങ്കേതിക വിദ്യകളുടെ സാമൂഹിക-സാമ്പത്തിക പാരിസ്ഥിതിക ഫലപ്രാപ്തിയും പ്രയോജനങ്ങളും വിലയിരുത്തും.

ചെറുകിട ഉത്പാദകർക്ക് സുസ്ഥിര വിപണന സംവിധാനങ്ങൾ ഏർപ്പെടുത്തും. പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിലും കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിലും ഇക്കോ പാർക്ക് സ്ഥാപിക്കും.

## ഹരിത കേരളം

ഹരിത കേരളത്തിന്റെ പ്രധാന ഉപദൗത്യങ്ങളായ ശുചിത്വ മാലിന്യ സംസ്ക്കരണം, ജല സംരക്ഷണം (ജല സമൃദ്ധി) ജൈവ കൃഷിക്ക് പ്രാമുഖ്യം നൽക്കുന്ന സുജലം സുഫലം എന്നിങ്ങനെ കാർഷിക അഭിവൃദ്ധിയ്ക്കും തദ്വാതസുസ്ഥിര വികസനത്തിനും ഊന്നൽ നൽകുന്ന പ്രവർത്തികൾ യാഥാർത്ഥ്യമാക്കുന്നതിന് കാർഷിക സർവ്വകലാശാലയ്ക്ക് ചെറുതല്ലാത്ത പങ്ക് വഹിക്കാൻ കഴിയുന്നതാണ്.

2018–19 ഹരിത കേരളം പദ്ധതിയിൽ താഴെ പറയുന്ന പദ്ധതികൾ ഏറ്റെടുക്കും.

- ജല സുലഭ ക്യാമ്പസ്: കാർഷിക സർവ്വകലാശാലയുടെ എല്ലാ കാമ്പസുകളിലും ജല സുരക്ഷിതമാക്കുവാൻ ലക്ഷ്യം വെച്ചുള്ള ഇടപെടലുകൾ.
- പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ആവശ്യമായ ഊർജ്ജിത വിത്ത്/തൈ ഉത്പാദനം, പ്രൊഡക്ഷൻ പ്രോട്ടോകോൾ നിർമ്മാണം, ഊർജ്ജിത സുരക്ഷിത കാർഷിക ഉത്പാദനോപാധികളുടെ രൂപീകരണം എന്നിവ ഊർജ്ജിതപ്പെടുത്തും.
- നേഴ്സറി മാനേജ്മെന്റ്, കമ്പോസ്റ്റ് നിർമ്മാണം എന്നിവയിൽ പരിശീലനങ്ങൾ നൽകും.
- കൃഷിവിജ്ഞാനകേന്ദ്രങ്ങളുടെ പരിശീലന പരിപാടിയിൽ ഹരിതകേരളത്തിന്റെ വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകും.
- ഹരിതകേരളം പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് സർവ്വകലാശാല വിദ്യാർത്ഥികളെ നാഷണൽ സർവ്വീസ് സ്കീം മുഖേന സേവന സജ്ജരാക്കും.

തുടർപദ്ധതികൾക്കായി 303 ലക്ഷം രൂപയും ഈ വർഷം ആരംഭിക്കുന്ന പദ്ധതികൾക്കായി 809.50 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം പദ്ധതികൾക്കായി 1112.50 ലക്ഷം രൂപ 2018-19 ൽ നീക്കിവച്ചിട്ടുണ്ട്.

## IV. അടിസ്ഥാനസൗകര്യ വികസനം

2017-18 സംസ്ഥാന പദ്ധതിയിൽ വെള്ളാനിക്കര മെയിൻ ക്യാമ്പസിൽ 250 പേർക്ക് ഇരിക്കാവുന്ന മിനി ഓഡിറ്റോറിയം, പുതിയ അക്കാദമിക് ബ്ലോക്കിന്റെ മൂന്നാം നിലയും അപ്രോച്ച് റോഡും പാർക്കിംഗ് ഏരിയയും നിർമ്മിക്കൽ, ടോയ്ലറ്റും വിശ്രമ മുറിയുമുള്ള മിനി പവലിയൻ, കാലാവസ്ഥ വ്യതിയാന പഠന അക്കാദമിക് ഒന്നാം നിലയുടെ ആദ്യഘട്ട നിർമ്മാണം, ജലവിതരണ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ തുടങ്ങിയവയും വെള്ളായണിയിലെ പി.ജി ഹോസ്റ്റലിന്റെ രണ്ടാം നിലയുടെ നിർമ്മാണം, വജ്ര ജൂബിലി ഓഡിറ്റോറിയത്തിന്റെ ആദ്യഘട്ട നിർമ്മാണം, കുമരകം ഗസ്റ്റ് ഹൗസിന്റെ ആദ്യഘട്ട നിർമ്മാണം ആർ.എ.ആർ.എസ് പട്ടാമ്പിയിൽ ഡിപ്ലോമ വിദ്യാർത്ഥിനികൾക്കുള്ള ക്ലാസ് മുറിയും ലബോറട്ടറിയും തുടങ്ങിയ പുതിയ പ്രവർത്തികൾക്കായി 1,865 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വിവിധ സ്റ്റേഷനുകളിലെ അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനങ്ങൾക്കുമായി 135 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2018-19 സംസ്ഥാന പദ്ധതിയിൽ വെള്ളാനിക്കരയിലെ അക്കാദമിക് ഗവേഷണ ബ്ലോക്കിന്റെ ഷീറ്റ് റൂഫിങ്ങും ബാക്കി പണികളും, കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രത്തിന്റെ ഒന്നാം നിലയുടെ ശേഷിച്ച ഭാഗത്തിന്റെ നിർമ്മാണം, യു.ജി മെൻസ് ഹോസ്റ്റലിന്റെ രണ്ടാം നിലയുടെ നിർമ്മാണവും ഷീറ്റ് റൂഫിങ്ങും, പി.ജി. റിസർച്ച് ഹോസ്റ്റലിന്റെ രണ്ടാം നിലയുടെ നിർമ്മാണം, കൊക്കോ ഗവേഷണ ലാബിന്റെ ഒന്നും രണ്ടും നിലകളുടെ നിർമ്മാണം, തവനൂരിലെ കേളപ്പജി കോളേജ് യു.ജി മെൻസ് ഹോസ്റ്റലിന്റെ രണ്ടാം നിലയുടെ നിർമ്മാണം, ആർ.ആർ.എസ് ആനക്കയത്ത് ഗസ്റ്റ് ഹൗസിന്റെ ഒന്നാം നിലയുടെ നിർമ്മാണം ആർ.എ.ആർ.എസ് അമ്പലവയലിൽ ഹോർട്ടിക്കൾച്ചർ ഗവേഷണ ലാബിന്റെ ഒന്നും രണ്ടും നിലകളുടെ നിർമ്മാണം, വെള്ളായണി അഗ്രിക്കൾച്ചർ കോളേജിൽ ബിരുദാനന്തര വിദ്യാർത്ഥിനികളുടെ ഹോസ്റ്റലിന്റെ ഒന്നാം നിലയുടെ വിവിധ ക്യാമ്പസുകളിലെ ചുറ്റുമതിലിന്റെ പൂർത്തീകരിക്കാത്ത ഭാഗത്തിന്റെ നിർമാണം എന്നിവ ഉൾപ്പെടുത്തി 1637 ലക്ഷം രൂപയുടെ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

വിവിധ ക്യാമ്പസുകളിലെ പുനരുദ്ധാരണത്തിനും അറ്റകുറ്റപണികൾക്കുമായി 312.03 ലക്ഷം രൂപയുടെ പ്രൊപ്പോസലും, ജലസേചനത്തിനും ജലവിതരണ സംവിധാന നവീകരണത്തിനും 95 ലക്ഷവും, വൈദ്യുതി വിതരണ പ്രവൃത്തികൾക്കായി 141 ലക്ഷം രൂപയും റോഡു വികസനത്തിനായി 55 ലക്ഷവും എന്നിവയടക്കം ആകെ 2000 ലക്ഷം രൂപയുടെ പദ്ധതി പ്രവൃത്തികൾ ഏറ്റെടുക്കാം.

ബാബു ജഗ്ജീവൻ റാം ഛാത്രവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ബിരുദാനന്തര വിദ്യാർഥിനികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 200 ലക്ഷം രൂപയുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

പവർഗ്രിഡിന്റെ സി.എസ്.ആർ പദ്ധതിയിൽ ഉൾപ്പെടുത്തി 100 പേർക്ക് താമസിക്കാവുന്ന പെൺകുട്ടികൾക്കായുള്ള ഒരു ഹോസ്റ്റൽ നിർമിക്കുന്നതിനായി 450 ലക്ഷം രൂപയുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

സർവകലാശാല ആസ്ഥാനത്ത് ഇൻഡോർ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും ഫിറ്റ്നസ് സെന്ററും ചേർന്ന 2500 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. I.C.A.R ഡെവലപ്പ്മെന്റ് ഗ്രാന്റിൽ നിന്നും പി.ജി ഹോസ്റ്റലിന് 1.75 കോടി രൂപയും നിലവിലുള്ള ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കാൻ 1.30 കോടി രൂപയും ലഭിച്ചിട്ടുണ്ട്. ഈ നിർമ്മാണ പ്രവർത്തനങ്ങൾ 2018-19 ല് പൂർത്തീകരിക്കുന്നതാണ്.

തുടർപദ്ധതികൾക്കായി 603.03 ലക്ഷം രൂപയും ഈ വർഷം ആരംഭിക്കുന്ന പദ്ധതികൾക്കായി 1396.97 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം പദ്ധതികൾക്കായി 2000 ലക്ഷം രൂപ 2018-19ൽ നീക്കിവച്ചിട്ടുണ്ട്.

## V. ഇ-ഗവേണൻസ്

### സർവകലാശാല ആസ്ഥാനത്തെ അടിസ്ഥാന സൗകര്യങ്ങൾ

നിർമാണം പൂർത്തിയാക്കിയ സർവകലാശാലയുടെ പുതിയ ആസ്ഥാന മന്ദിരം വൈ-ഫൈ, ലാൻ, യു.പി.എസ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളോടെ സജ്ജീകരിക്കുകയും. കേന്ദ്രീയ ഇ-ഗവേണൻസ് സെർവറുകളുടെ ശേഷി മെച്ചപ്പെടുത്തുകയും ചെയ്യും.

പ്ലാനിംഗ് ഡയറക്ടറേറ്റിനെ ശാക്തീകരിക്കുകയും 'പ്ലാൻസ്പെയ്സ്' പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതുമാണ്

### വി.ഒ.ഐ.പി ഉപയോഗിച്ചുള്ള ആശയ വിനിമയ സംവിധാനം

വെള്ളാനിക്കര, മണ്ണുത്തി ക്യാമ്പസുകൾ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ ഉപയോഗിച്ച് ബന്ധിപ്പിച്ചിരിക്കുന്നു. പ്രാരംഭ ഘട്ടത്തിൽ ക്യാമ്പസിൽ മികച്ച ഇന്റർകോം കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിന് ഈ സൗകര്യം നമുക്ക് ഉപയോഗപ്പെടുത്താം. എല്ലാ സ്റ്റേഷനുകളും പിന്നീട് വി.പി.എൻ അടിസ്ഥാനമാക്കിയുള്ള സുരക്ഷിത ചാനലിന്റെ പിന്തുണയോടെ അപ്ഗ്രേഡ് ചെയ്യാൻ സാധിക്കും. എൻ.കെ.എന്നുമായി ഇതിനകം ബന്ധപ്പെട്ടിരിക്കുന്ന സ്റ്റേഷനുകൾക്ക് ആദ്യമേ നെറ്റ്വർക്കിൽ അംഗമാകാൻ കഴിയും.

### മാനവവിഭവശേഷി ശാക്തീകരണത്തിന് തുടർച്ചയായ പരിശീലനം

ആധുനിക ഐ.സി.റ്റി വിദ്യകൾ ഉപയോഗിക്കുന്നതിന് ജീവനക്കാരെ പ്രാപ്തരാക്കുന്നതിന് സർവകലാശാല ഇ-ഭരണ കേന്ദ്രം സജ്ജമാണ്.

**വിവരസാങ്കേതികവിദ്യ അടിസ്ഥാന സൗകര്യങ്ങളുടെ സ്റ്റേഷൻതല നവീകരണം**

സർവകലാശാലയുടെ എല്ലാ ജില്ലകളിലുമുള്ള ക്യാമ്പസുകളെ ഇന്റർനെറ്റ് മുഖേന ബന്ധിപ്പിച്ചാൽ മാത്രമേ ഡിജിറ്റൽ യുഗത്തിലേക്കുള്ള പ്രവേശനം സർവകലാശാലയ്ക്ക് സാധ്യമാകൂ. ഇതിനായി അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കും.

**എ.എം.സി.യും ലൈസൻസിങ്ങും**

സർവകലാശാലയിലെ അത്യാധുനിക സാങ്കേതിക ഉപകരണങ്ങളുടെയും വിവരസാങ്കേതികവിദ്യ ആസ്തികളുടെയും പരിപാലനത്തിന് വിവിധ ഏജൻസികളുമായി എ.എം.സി.യും ലൈസൻസിങ്ങും നിലനിർത്തുന്നതിനായി പദ്ധതിവിഹിതമായി 200 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

തുടർപദ്ധതികൾക്കായി 79.20 ലക്ഷം രൂപയും ഈ വർഷം ആരംഭിയ്ക്കുന്ന പദ്ധതികൾക്കായി 156.267 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം പദ്ധതികൾക്കായി 235.467 ലക്ഷം രൂപ 2018-19ൽ നീക്കിവച്ചിട്ടുണ്ട്.

## VI. വിദ്യാർത്ഥിക്ഷേമം

മത്സര പരീക്ഷകളിൽ വിജയിയ്ക്കുവാൻ ആരോഗ്യപ്രദമായ മനസ്സും ചിട്ടയോടെയുള്ള കഠിനപ്രയത്നവും ആവശ്യമാണ്. മത്സര പരീക്ഷകൾ വിജയിച്ച് ഉന്നതമായ ഔദ്യോഗിക പദവികളിലേക്ക് നമ്മുടെ കുട്ടികളെ ഉയർത്തുന്നതിനായി സമഗ്രമായ പരിശീലന പരിപാടികൾ നടത്തുന്നതാണ്.

1) സ്ത്രീശാക്തീകരണം

ലിംഗവിവേചനം മൂലമുള്ള പ്രശ്നങ്ങൾക്ക് ഉന്നത പരിഗണന നൽകണമെന്ന് ഐക്യരാഷ്ട്രസഭയുടെ വിവിധ ഏജൻസികൾ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ആയതിനാൽ വിദ്യാർത്ഥിനികളുടെ ആത്മവിശ്വാസവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി നീന്തലിലും ഡ്രൈവിങ്ങിലും പരിശീലനം നൽകുന്നതാണ്.

ക്യാമ്പസുകൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുന്ന രീതി മിക്ക പാശ്ചാത്യ രാജ്യങ്ങളിലും നടപ്പാക്കിയിട്ടുണ്ട്. ആയതിന് സർവകലാശാലയുടെ പ്രധാന പ്രവേശനകവാടങ്ങളിലും സ്ഥാപനങ്ങളിലും സൈക്കിൾ സ്റ്റേഷനുകൾ സ്ഥാപിക്കും. ഹോസ്റ്റലുകളും കോളേജുകളും ലൈബ്രറിയും ബന്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് സൗജന്യ സൈക്കിൾ സവാരി ലഭ്യമാക്കും. പ്രത്യേക നിറങ്ങളിൽ ലഭ്യമാക്കുന്ന

സൈക്കിളുകൾ വിദ്യാർത്ഥിനികളുടെ സമയം ലാഭിക്കുകയും കഷ്ടപ്പാട് കുറയ്ക്കുന്നതോടൊപ്പം കായികക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും.

2) പെൺകുട്ടികൾക്ക് സ്വയംപ്രതിരോധ പരിശീലനം

പെൺകുട്ടികളുടെ ശാക്തീകരണം ലക്ഷ്യമാക്കി ഏതുതരത്തിലുള്ള കായിക ആക്രമണങ്ങളെയും ചെറുക്കുന്നതിനുവേണ്ടി സ്വയംപ്രതിരോധ പരിശീലനം നൽകും. ഈ പരിശീലനം വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിയ്ക്കുവാൻ സഹായിക്കും.

3) നൈപുണ്യം

ക്രിയാത്മകചിന്തയും, ഉത്കൃഷ്ടമായ അറിവും, നൈപുണ്യവുമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാനും അവർക്ക് ശ്രേഷ്ഠമായ തൊഴിൽമേഖലകൾ പ്രാപ്തമാക്കുവാനുമായി വിവിധ വ്യക്തി-ജീവിത-ഔദ്യോഗിക-തുടർ നൈപുണ്യവികസന പരിപാടികൾ സംഘടിപ്പിയ്ക്കുന്നതാണ്.

4) പഠനത്തോടൊപ്പം വരുമാനം

വിദ്യാർത്ഥികളിൽ അന്തർലീനമായിരിയ്ക്കുന്ന ആത്മബോധത്തെ ഉണർത്തി തൊഴിലിന്റെ മാഹാത്മ്യത്തെപ്പറ്റി അവരെ ബോധവാന്മാരാക്കുന്നതിനായി **പഠനത്തോടൊപ്പം സമ്പാദനം** പരിപാടി സർവകലാശാലയിലും വ്യാപകമാക്കുന്നതാണ്. സാമ്പത്തിക പരാശ്രയത്വം കുറയ്ക്കുവാനും തൊഴിൽ മേഖലകളിൽ പ്രായോഗിക ജ്ഞാനം നേടുവാനും ഇത് സഹായകമാകും.

5) പ്രഭാഷണ പരമ്പര

ലോകത്തിലെ സാമ്പത്തിക രാഷ്ട്രീയ സാമൂഹ്യ പാരിസ്ഥിതിക വിഷയങ്ങളെപ്പറ്റി സാമാന്യ അവബോധം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. വ്യക്തിജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ അവരെ പ്രാപ്തരാക്കുന്നതിനായി വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങളും ചർച്ചകളും വ്യക്തിത്വവികസന കളരികളും രണ്ടാഴ്ചയിലൊരിക്കൽ സംഘടിപ്പിയ്ക്കുന്നതാണ്.

6) കൗൺസലിങ്ങ് സെന്റർ

ആധുനിക കാലഘട്ടത്തിൽ വിദ്യാർത്ഥികൾ വീട്ടിലും കലാലയങ്ങളിലും വളരെയധികം മാനസിക സംഘർഷങ്ങളും സമ്മർദ്ദങ്ങളും നേരിടുന്നുണ്ട്. വിദ്യാർത്ഥികളിലെ ഇത്തരം പ്രശ്നങ്ങളെയും ആശങ്കകളെയും പരിഹരിയ്ക്കുന്നതിനായി കൗൺസലറുടെ സേവനം എല്ലാ കോളേജുകളിലും ഏർപ്പെടുത്തുന്നതാണ്.

7) വൈസ്ചാൻസലറുടെ കായികക്ഷമത അവാർഡ്

കായിക പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും, വ്യായാമശീലം ദിനചര്യയുടെ ഭാഗമാക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനായി

കായികക്ഷമതയിൽ നിശ്ചിതനിലവാരം നേടുന്ന വിദ്യാർത്ഥികൾക്ക് വൈസ്ചാൻസലറുടെ കായികക്ഷമത അവാർഡുകൾ നൽകും. ഇതുകൂടാതെ കൂട്ടയോട്ടം, നടത്തം, എയ്റോബിക് ഡാൻസ്, സുംബ ഡാൻസ് എന്നിവയും സംഘടിപ്പിക്കുന്നതാണ്.

തുടർപദ്ധതികൾക്കായി 38.003 ലക്ഷം രൂപയും ഈ വർഷം ആരംഭിക്കുന്ന പദ്ധതികൾക്കായി 18 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം പദ്ധതികൾക്കായി 56.003 ലക്ഷം രൂപ 2018-19ൽ നീക്കിവച്ചിട്ടുണ്ട്.

## ഉപസംഹാരം

ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും മറ്റു സഞ്ചിത ബാധ്യതകളും ചേർന്ന് 90.5 കോടി രൂപയോളം സർവകലാശാലക്ക് ബാധ്യതയുണ്ട്. സർവകലാശാലയുടെ വിദ്യാഭ്യാസ, ഗവേഷണ, വിജ്ഞാന-വ്യാപന, നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ പദ്ധതിയിന ധനസഹായമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. പദ്ധതി വിഹിതം പൂർണമായും ലഭിക്കാത്ത അവസ്ഥ വർഷങ്ങളായി തുടർന്നു കൊണ്ടിരിക്കുന്നു.

2015-16 വർഷത്തിൽ 63 കോടിരൂപ ബജറ്റ് നീക്കിയിരിപ്പുണ്ടായെങ്കിലും, പ്രസ്തുത സാമ്പത്തിക വർഷം പദ്ധതിയിനത്തിലെ സാമ്പത്തിക സഹായമായി സർവകലാശാലക്ക് തുകയൊന്നും ലഭിക്കുകയുണ്ടായില്ല. 2016 ജൂൺ 25നാണ് 2015-16ലെ പദ്ധതി വിഹിതമായ 35.63 കോടിരൂപ ലഭിക്കുന്നത്.

2016-17ൽ 63.50 കോടി രൂപ പദ്ധതി വിഹിതമായി ലഭിക്കേണ്ട സ്ഥാനത്ത് 2017 മാർച്ച് 29നാണ് 6.61 കോടിരൂപ ലഭിച്ചത്. പിന്നീട്, 2017 ജൂലൈ 15നു 10.155 കോടിരൂപ ELAMS ലേക്ക് മാറ്റുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം 75 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ അംഗീകരിച്ചതിൽ 28.75 കോടിരൂപയാണ് ഇതുവരെ സർവ്വകലാശാലക്ക് ലഭിച്ചിട്ടുള്ളത്.

637.73801 കോടിരൂപ വരവും 665.70992 കോടിരൂപ ചെലവും പ്രതീക്ഷിക്കുന്ന തരത്തിൽ, 2018-19 സാമ്പത്തിക വർഷത്തേക്ക് തയ്യാറാക്കിയിരിക്കുന്ന ബജറ്റിൽ 27.97191 കോടി രൂപ കമ്മികാണുന്നു. 340.4063 കോടിരൂപയുടെപദ്ധതിയേതര (നോൺ പ്ലാൻ) ധനസഹായവും, 82.5 കോടിരൂപയുടെ പദ്ധതിധനസഹായവും ഐ.സി.എ.ആറിൽ നിന്നും വിവിധ പദ്ധതികളിലായി 26.07282 കോടിരൂപയുടേയും, മറ്റു ബാഹ്യസഹായ പദ്ധതികളിൽനിന്ന് 15.5252 കോടിരൂപയുടേയും ധനസഹായവും, റിവോൾവിംഗ് ഫണ്ടിൽ നിന്ന് 30.6935 കോടിരൂപയും ആഭ്യന്തര വരുമാനമായി 157.68146 കോടിരൂപയും, മുൻ നീക്കിയിരിപ്പായ (ഓപണിംഗ് ബാലൻസ്) 15.14127 കോടിരൂപയും ഉൾപ്പെടെയാണ് 637.73801 കോടി രൂപ മൊത്തം വരവ് പ്രതീക്ഷിക്കുന്നത്.

പദ്ധതിയേതരയിനത്തിൽ 519.3802 കോടി രൂപയും, പദ്ധതിയിനത്തിൽ 77.70163 കോടിരൂപയും, ഐ.സി.എ.ആർ പദ്ധതിയിനത്തിൽ 30.87119 കോടിരൂപയും, മറ്റു ബാഹ്യസഹായ പദ്ധതിയിനത്തിൽ 15.5252 കോടിരൂപയും, റിവോൾവിംഗ് ഫണ്ട് നടത്തിപ്പിൽ 22.2317 കോടിരൂപയും ഉൾപ്പെടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 665.70992 കോടിരൂപയാണ്. ഇപ്രകാരം, 2018-19 വർഷത്തേക്കുള്ള ബജറ്റിൽ 27.97191 കോടിരൂപ കമ്മിയാണ് പ്രതീക്ഷിക്കുന്നത്.

പ്ലാനിംഗ് ബോർഡ് അംഗീകരിച്ച ധനസഹായം സെക്രട്ടറിയേറ്റ് തലത്തിൽ, സമയബന്ധിതമായ നടപടിക്രമങ്ങളിലൂടെ യഥാസമയത്ത് ലഭിച്ചാൽ മാത്രമേ സർവ്വകലാശാലക്ക് ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിയുകയുള്ളൂ. പദ്ധതികൾ തുടങ്ങിയതിനുശേഷം ധനസഹായം നിലയ്ക്കുന്നത് കടുത്ത പ്രതിസന്ധിയ്ക്ക് വഴിവെക്കുന്നു. സർവകലാശാലയുടെ പരമോന്നത സഭയായ ജനറൽ കൗൺസിലിലെ ബഹുമാന്യ അംഗങ്ങൾ സർവകലാശാലയ്ക്ക് അർഹമായ സാമ്പത്തിക സഹായം, കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

മറ്റു സർവകലാശാലകളിൽ നിന്നും വിഭിന്നമായി, ജനങ്ങളുമായി ഏറെ അടുത്ത് പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ പ്രതീക്ഷയോടെയാണ് പൊതുസമൂഹം നോക്കിക്കാണുന്നത്. കാർഷിക മേഖല നേരിടുന്ന വെല്ലുവിളികൾക്ക് ബൗദ്ധികതലത്തിൽ പരിഹാരം കണ്ടെത്തി പ്രായോഗിക മാർഗനിർദ്ദേശങ്ങൾ നൽകേണ്ട ചുമതല നമുക്കുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രധാന പദ്ധതിയായ **ഹരിതകേരളം** വിജയിപ്പിക്കാൻ സർവകലാശാലയുടെ ശക്തമായ ഇടപെടൽ ആവശ്യമാണ്.

അധികാര വികേന്ദ്രീകരണത്തിലൂടെ രാജ്യത്തിന് മാതൃകയായിത്തീർന്ന കേരളത്തിലെ ത്രിതല പഞ്ചായത്തുകൾക്കും കോർപറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും കാർഷിക വികസനത്തിൽ വലിയ പങ്കുവഹിയ്ക്കാനുണ്ട്. സർവകലാശാലയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ ഉൾപ്പെടെ കൃഷിയുമായി ബന്ധപ്പെട്ടുന്ന മറ്റു ഏജൻസികളുടെയും സഹകരണം ഉറപ്പാക്കിയുള്ള പദ്ധതിനിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ ഓരോ പദ്ധതി നിർദ്ദേശവും പ്രവർത്തനവും ആത്യന്തികമായി കർഷകർക്ക് ഗുണകരമാകണം എന്നതിനാണ് ബജറ്റിൽ ഊന്നൽ നല്കിയിരിയ്ക്കുന്നത്. കർഷകരുടെ അത്താണിയായി സർവ്വകലാശാല മാറുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് ഈ ബജറ്റ് വഴിവെക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

ഡോ.എ.സക്കീർഹുസൈൻ:" Just ഒരു കാര്യം പറഞ്ഞോട്ടെ സർ, സർ ഇത് അവസാനമായി പറഞ്ഞിരിക്കുന്നത് ആത്യന്തികമായി കർഷകർക്ക് ഗുണകരമാകണമെന്നുള്ളതിലാണ് നമ്മൾ അവസാനിപ്പിച്ചിരിക്കുന്നത്. അപ്പോൾ കർഷകരുടെ പ്രശ്നങ്ങൾ, പ്രശ്നാധിഷ്ഠിതമായ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അത്തരത്തിലുള്ള ഗവേഷണ പദ്ധതികൾക്ക് കൂടി നമ്മൾ പ്രധാന്യം കൊടുക്കണം. അപ്പോൾ അതു കൊണ്ട് തന്നെ പങ്കാളിത്ത ഗവേഷണങ്ങൾ കൂടി ഇതിനകത്ത് ഉൾപ്പെടുത്തണമെന്നൊരു അഭ്യർത്ഥനയുണ്ട്. അതിന് Participatory Technology Development -കൂടി ഇതിനകത്ത് നിർബന്ധമായും ഉൾപ്പെടുത്തണം. അതിൽ കർഷകരെ കൂടി പങ്കെടുപ്പിച്ച് കൊണ്ടുള്ള പങ്കാളിത്ത ഗവേഷണം നിർബന്ധമായും ഉൾപ്പെടുത്തണം എന്നാണ് എന്റെ ഒരു request. രണ്ടാമത് പറയാനുള്ളത് പേജ് നമ്പർ 26 ൽ പറഞ്ഞിരിക്കുന്നത് വിദ്യാർത്ഥികൾക്ക് കായിക ക്ഷമതയ്ക്ക് വേണ്ടി കൂട്ടയോട്ടം, നടത്തം, എയറോബിക് ഡാൻസ്, സൂംബ ഡാൻസ് എന്നൊക്കെ പറഞ്ഞത് അത് ശരിക്കും മുൻ കാലങ്ങളിൽ നമുക്ക് ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ, ഫിസിക്കൽ ട്രെയിനിംഗ് കോഴ്സുകൾ ഇവിടെ ഉണ്ടായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ ഇപ്പോൾ അതുണ്ടോ എന്ന് സംശയമുണ്ട്. അപ്പോൾ അതിന്റെ ഭാഗമായി ഫിസിക്കൽ ട്രെയിനിംഗുകൾക്ക് നമുക്ക് എല്ലാ കോളേജുകളിലും ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരുണ്ട്. ഫിസിക്കൽ ട്രെയിനിംഗ് കൊടുക്കുന്നതായിരിക്കും കുറച്ചു കൂടി പ്രയോജന പ്രദം ആകുന്നതെന്നുള്ളതാണ് എന്റെ വിശ്വാസം. അത്തരത്തിലേയ്ക്ക് ഒരു ചിന്ത പോകുമെങ്കിൽ അതായിരിക്കും ഉചിതം എന്നൊരഭ്യർത്ഥന കൂടിയുണ്ട്. "

ഡോ. എസ്. എസ്റ്റിലിറ്റ : " സർ 2017-2018 ൽ ബഡ്ജറ്റിൽ അവതരിപ്പിച്ചതിൽ വിജ്ഞാന വ്യാപന വിഭാഗത്തിൽ ...പേജ് നമ്പർ 7. ഇതിൽ പറഞ്ഞിരിക്കുന്നത് ശരിക്കും പൂപ്പൊലി നടത്തിയതും മറ്റുള്ളതൊക്കെ നടത്തിയതും, തൃശ്ശൂർ പൂരം എക്സിബിഷനിൽ നമ്മൾ പങ്കെടുത്തു വരുന്നുണ്ട്. 2017 ൽ പങ്കെടുത്തിരുന്നു. അത് ഇതിൽ കണ്ടില്ല. ഏറ്റവും നല്ല കേരള കാർഷിക സർവ്വകലാശാലയുടെ ആസ്ഥാനം തൃശ്ശൂരാണ്. നമ്മൾ പൂപ്പൊലിയൊക്കെ നടത്തുന്ന, ഇപ്പോൾ ടൂറിസം ഇതിൽ വേണമെങ്കിലും നടത്താം പൂപ്പൊലി. അതേ സമയത്ത് പൂരം എക്സിബിഷനിൽ എക്സ്റ്റൻഷൻകാർക്ക് അറിയാമായിരിക്കും. നമ്മളൊരു എക്സിബിഷൻ അല്ലെങ്കിൽ പ്രദർശനം നടത്തുന്നത് ലാഭത്തിനു വേണ്ടിയല്ല. നമ്മുടെ technology farmers ന് അല്ലെങ്കിൽ വരുന്നവർക്ക് എത്തിക്കുകയാണ് ലക്ഷ്യം. അവിടെ ലാഭവും, നഷ്ടവും കണക്കിലാക്കാനല്ല നമ്മളൊരു എക്സിബിഷനിൽ പങ്കെടുക്കാറ്. അങ്ങനെയാണ് ഞാൻ പഠിച്ചിരിക്കുന്നത്. അപ്പോൾ അതു കൊണ്ട് അവിടെ ഓഡിറ്റും പ്രശ്നവുമല്ല കാര്യം, അപ്പോൾ ഈ ടെക്നോളജി അവിടെ എത്തിക്കുന്നതിനു വേണ്ടി ഏറ്റവും കൂടുതൽ പങ്ക് വഹിക്കുന്ന തൃശ്ശൂർ പൂരം എക്സിബിഷൻ ആണ്. അത് സർവ്വകലാശാലയ്ക്ക് വളരെയധികം ഗുണം ചെയ്യുന്നതാണ്. കാരണം ആസ്ഥാനം ഇവിടെയാണ്. അപ്പോൾ അത് യാതൊരു കാരണവശാലും നിർത്താനും പാടില്ല. ഇതിലൊട്ട് പരാമർശിച്ചിട്ടുമില്ല. അപ്പോൾ ആ പരാമർശം ഇതിൽ വരണം. അതേ പോലെ തന്നെ ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷന്റെ കീഴിൽ ഒരു കിസാൻ ഇക്കോ ഷോപ്പ് തുടങ്ങിയിരുന്നു. അത് ഇതിൽ കാണുന്നില്ല. ആകെ ഒരു ഇക്കോ ഷോപ്പ് നമ്മുടെ യൂണിവേഴ്സിറ്റിയിൽ ഉണ്ടായിരുന്നുള്ളൂ. അത് സ്ഥാപിച്ചത് കമ്മ്യൂണിറ്റി സെന്ററിൽ ആയിരുന്നു. അതിന്റെ അവസ്ഥ എന്താണെന്ന് ഇതു വരെ എനിക്കറിയില്ല. എല്ലാ സ്ഥലത്തും നമ്മുടെ യൂണിവേഴ്സിറ്റിയിൽ എവിടെയൊക്കെ ഗവേഷണ കേന്ദ്രങ്ങൾ ഉണ്ടോ, എവിടെയൊക്കെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ ഉണ്ടോ അവിടെയുള്ള എല്ലാ ജൈവ

സാധനങ്ങളും pool ചെയ്ത് നമ്മുടെ ആ ഇക്കോ ഷോപ്പിൽ എത്തിക്കണമെന്നായിരുന്നു അതിന്റെ ഉദ്ദേശ ലക്ഷ്യവും അതായിരുന്നു . നമ്മുടെ ബഹുമാന്യ മന്ത്രി ഉദ്ഘാടനം ചെയ്തതാണ് അത്. അത് പോലൊരു കിസാൻ എക്കോ പാർക്ക് ഉണ്ട്. കിസാൻ എക്കോ പാർക്ക് ചെയ്തതിന്റെ ഉദ്ദേശം ഇതു പോലെ നമ്മുടെ സാങ്കേതിക വിദ്യകൾ, വരുന്ന കർഷകർക്ക് പരിചയപ്പെടുത്താനും അതു വഴി അവർക്ക് വരുമാനം ഉണ്ടാക്കാവുന്ന കാര്യങ്ങൾ എക്കോ പാർക്ക് വഴി ലഭിക്കുകയും, വരുന്ന സ്റ്റുഡന്റ്സിന് ആയാലും മറ്റ് ഉള്ളവർക്കായാലും അങ്ങനെയാണത് ഉദ്ദേശിച്ചിരിക്കുന്നത്. കാരണം അത് കമ്മ്യൂണിക്കേഷൻ സെന്റർ പോലുള്ള സ്ഥാപനത്തിനും വരുമാന മാർഗ്ഗം നേടിത്തരുന്ന ഒരു പാർക്ക് ആയിട്ടാണ് ഞാൻ ഉദ്ദേശിച്ചതും അത് നടപ്പിലാക്കിയതും. അപ്പോൾ അതിൽ നിന്നും എന്തു വരുമാനം കിട്ടും? അതൊക്കെ പിന്നീടുള്ള കാര്യങ്ങളാണ്. പക്ഷേ എക്കോ പാർക്കിന്റെ ലക്ഷ്യം അതാണ്. നമ്മൾ അല്ലാതെ, lawn വിരിച്ചും അങ്ങനെയല്ല എക്കോ പാർക്ക് ഡിസൈൻ ചെയ്തതും കാര്യങ്ങൾ ചെയ്തിരിക്കുന്നതും. ഒരു 7-8 നല്ല technology അതുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ട്. അത് കർഷകർക്കും വരുന്ന ആളുകൾക്കും നേരിട്ട് കണ്ട് മനസ്സിലാക്കാനും അതു വഴി അവർക്ക് ഉപജീവന മാർഗ്ഗം നേടാനും even നമുക്കവിടെ ഉള്ള കുറച്ച് പേരെ, daily wages കാരെ എടുക്കുന്നുണ്ടെങ്കിൽ അവരുടെ even wages വരെ അതിൽ നിന്ന് കൊടുക്കാവുന്ന income generate ചെയ്യാൻ പറ്റുന്ന ഒരു യൂണിറ്റ് ആയിട്ടാണ് ഇക്കോ പാർക്ക് ഡിസൈൻ ചെയ്തിരുന്നത്. അപ്പോൾ അതേ പോലെ തന്നെ ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷനിൽ വർക്ക് ചെയ്ത ഇത് വെച്ചിട്ട് ഞാൻ പറയുകയാണെങ്കിൽ ഒരു പി.ആർ.ഒ യൂണിറ്റ് ഉണ്ടവിടെ. അത് ഇതിൽ പരാമർശം കണ്ടിട്ടില്ല. Public Relations Unit അതിനെന്ത് സംഭവിച്ചു അത് ആർക്ക് വേണ്ടി അവിടെ നമ്മൾ വ്യക്തികളെയല്ല നോക്കേണ്ടത്. Public Relation Unit യൂണിവേഴ്സിറ്റിക്ക് വളരെ അത്യാവശ്യമാണ്. അതിന്റെ കാര്യങ്ങൾ എന്തൊക്കെയാണ്, അതിന്റെ പഠനങ്ങൾ അത് എന്തു കൊണ്ട് വിട്ടു പോയി? അത് ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷന്റെ കീഴിൽ ഒരു യൂണിറ്റ് ആണ് Public Relation Unit. അതു പോലെ കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഒരു പ്രസ്സ് ഉണ്ട്. ഒറ്റ പ്രസ്സേ ഉള്ളൂ...അതിൽ അച്ചടി, അവിടുത്തെ സാധനങ്ങൾ വാങ്ങുന്നത് മാത്രമേ പറഞ്ഞുള്ളൂ. ഡയറക്ടറേറ്റ് ഓഫ് എക്സ്റ്റൻഷനിൽ ഏറ്റവും കൂടുതൽ വരുമാനം നേടി തരുന്നത് പബ്ലിക്കേഷൻസ് ആണ്. ആ പ്രസിദ്ധീകരണങ്ങൾ എന്തു മാത്രം, എത്ര ലക്ഷം രൂപയ്ക്ക് ഉണ്ടാക്കിയെന്നും അത് എത്ര ലക്ഷം വിറ്റിട്ടുണ്ടെന്നും അതിൽ വരണം."

അദ്ധ്യക്ഷൻ : " Thank you, Thank you..."

ശ്രീ. കുഞ്ഞമ്മദ് കുട്ടി : " ഇവിടെ ഈ സർവ്വകലാശാല പ്രവർത്തിക്കാൻ തുടങ്ങിയിട്ട് 50 വർഷത്തോളമായി. കേരളത്തിലെ കാർഷിക രംഗത്ത് വലിയ സംഭാവനകൾ അർപ്പിക്കാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ സർവ്വകലാശാല കൃഷിക്കാർക്കിടയിലേയ്ക്ക് ഇറങ്ങേണ്ട സ്ഥിതിയാണ് ഉള്ളത്. ജനങ്ങളും കാർഷിക സർവ്വകലാശാലയുമായുള്ള ബന്ധം ഉണ്ട് എന്നുള്ളത് ശരി തന്നെയാണ്. അത് ഇനിയും വളരെയധികം ശക്തിപ്പെടുത്തി മുന്നോട്ട് പോകണം. അപ്പോൾ ഗവേഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുമ്പോൾ കൃഷിക്കാരുടെ ആവശ്യം പരിഗണിച്ച കൊണ്ടുള്ള ഗവേഷണങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്. ഉദാഹരണമായി ഉയരം കുറഞ്ഞ തെങ്ങ് നമ്മൾ വിതരണം ചെയ്തു. പക്ഷേ വളരെ പരിമിതമാണ്. നമുക്ക് കൃഷിക്കാർക്ക് തെങ്ങിന് വേണ്ടി ഇപ്പോൾ കാസർ ഗോഡ് സമീപിച്ച് കഴിഞ്ഞാൽ എത്രയാ

തെങ്ങുകൾ ഒരു കൃഷിക്കാരന് നൽകുന്നത് ഒരു വർഷം? ഒരു നാമമാത്രമായ എണ്ണം മാത്രമേ നൽകൂ...അപ്പോൾ കൃഷിക്കാർക്കാവശ്യമായ തെങ്ങ് കൃഷി മെച്ചപ്പെടുത്താനാവശ്യമായ നടീൽ വസ്തുക്കൾ നൽകാൻ കഴിയുന്നില്ല. അതിന് ഊന്നൽ നൽകണം. കൂടുതൽ നൽകണം. അതോടൊപ്പം തന്നെ മറ്റൊരു കാര്യം ഈ ഉയരം കുറഞ്ഞ തെങ്ങുകൾ നമ്മൾ ഉൽപാദിപ്പിക്കുമ്പോൾ പാരമ്പര്യ തെങ്ങുകളുടെ ഗുണ നിലവാരം ഉറപ്പാക്കാൻ കഴിയണം. ഉദാഹരണമായിട്ട് WCT ഇനത്തിൽ പെട്ട തെങ്ങുകൾ അതിന് എണ്ണയുടെ അംശം കൂടുതലാണ്. നമ്മൾ ഇപ്പോൾ കാർഷിക സർവ്വകലാശാല ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന തെങ്ങിൽ നിന്ന് കിട്ടുന്ന തേങ്ങയ്ക്ക്, നാളികേരത്തിന് ആ ഗുണമേൻമ ഇല്ലെന്നാണ് കൃഷിക്കാരുടെ അഭിപ്രായം. അപ്പോൾ നമ്മൾ ഈ tall ഉയരം കൂടിയ തെങ്ങുകൾ മുഴുവൻ ഒഴിവാക്കി ഉയരം കുറഞ്ഞ തെങ്ങുകൾ നമ്മൾ വ്യാപകമായി പ്രചരിപ്പിക്കുമ്പോൾ ഗുണമേൻമയുള്ള പാരമ്പര്യമായ വിത്തിനങ്ങൾ കാലാകാലമായി നഷ്ടപ്പെടുമെന്ന ഗൗരവമായ വിഷയമുണ്ട്. അതു കൊണ്ട് ആ ഗുണ നിലവാരമെങ്ങനെ നമുക്ക് കുറിയ തെങ്ങിനങ്ങളിൽ പ്രത്യേകമായി ഉണ്ടാക്കാൻ കഴിയും എന്ന കാര്യം ഗവേഷണത്തിൽ പ്രത്യേകമായി ഉൾപ്പെടുത്തണം. നാളികേര മേഖലയിൽ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് കൂമ്പ് ചീയൽ. എന്താ കൂമ്പ് ചീയൽ എന്ന് പറഞ്ഞാൽ മനസ്സിലാകുമോ എന്നെനിക്കറിയില്ല. അപ്പോൾ Phytophthora ആക്രമണം. അല്ലേ? ബഡ് റോട്ട്. ബഡ് റോട്ടിന് നിങ്ങൾ നൽകുന്ന ചികിൽസ എന്താണ്? പണ്ട് ബ്രിട്ടീഷുകാരുടെ കാലത്ത് മുന്തിരിത്തോട്ടങ്ങളിലെ ഫംഗസ് ഒഴിവാക്കാൻ വേണ്ടി കൊണ്ടു വന്നൊരു ബോർഡോ മിശ്രിതം മാത്രമാണ്. നമ്മൾ ഈ ബോർഡോ മിശ്രിത കാലഘട്ടത്തിൽ നിന്നും മുന്നോട്ടു പോകണ്ടേ? ഇപ്പോഴും ബോർഡോ മിശ്രിതമാണ് നിർദ്ദേശിക്കുന്നത്. എല്ലാറ്റിനുമുള്ളൊരു ഒറ്റ മൂലി ബോർഡോ മിശ്രിതം. അങ്ങനെ നിന്നാൽ മതിയോ നമ്മുടെ ഗവേഷണ രംഗം? അപ്പോൾ കൃഷിക്കാർക്ക് പ്രതീക്ഷയില്ല. കൃഷിക്കാർ വളരെ നിരാശരാണ്. ഈ ഗവേഷണം പണ്ടേ ഉപയോഗിച്ച് വരുന്ന ബോർഡോ മിശ്രിതം എല്ലാറ്റിനും നിർദ്ദേശിക്കുന്ന രൂപത്തിൽ . ദ്രുത വാട്ടം ഉണ്ടായി കുരുമുളകിന്. എന്താണ് നിർദ്ദേശം ? ഇങ്ങനെ എല്ലാറ്റിനും ആ ബോർഡോ മിശ്രിത കാലഘട്ടത്തിൽ നിന്നും നമുക്ക് രോഗ പ്രതിരോധ രംഗത്തേയ്ക്ക് മാറ്റാൻ കഴിയുന്ന ഗവേഷണ രംഗങ്ങൾ ഉണ്ടാകണമെന്നാണ് പറയാനുള്ളത്. തെങ്ങ് കയറ്റം, കവുങ്ങ് കയറ്റം ഗുരുതര പ്രശ്നമാണിത്. ആളെ കിട്ടുന്നില്ല. ഒരുപാട് യന്ത്രങ്ങൾ വന്നിട്ടുണ്ട്. കുറേ മാറ്റങ്ങൾ വന്നിട്ടുണ്ട്. പക്ഷേ, അത് ഇനിയും മെച്ചപ്പെടണം. വളരെ ലളിതമായി കൃഷിക്കാർക്ക് തന്നെയോ, തൊഴിലാളികൾക്കോ ഉപയോഗിക്കാൻ പാകത്തിന് ഇനിയും development വേണമെങ്കിൽ ആ ഗവേഷണത്തിന് നല്ല ഊന്നൽ നൽകണം. കൃഷിക്കാർ പ്രതിക്ഷിക്കുന്നത് അതാണ്. എങ്ങനെ നമുക്ക് തെങ്ങിൽ കയറാൻ ആളെ കിട്ടാത്ത കാലഘട്ടത്തിൽ യന്ത്രമുപയോഗിച്ച് എങ്ങനെ കഴിയും. അതു കൊണ്ട് എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഇതിലുണ്ടാകണം. അതു പോലെ ചില പത്ര വാർത്തകൾ ഈയിടെ കണ്ടു.മുതലമടയിൽ മാങ്ങാ കേന്ദ്രം മാരകമായ വിഷാംശങ്ങൾ ഉൾക്കൊണ്ടതാണ്. വസ്തുത ഉണ്ടോ, ഇല്ലയോ എന്നറിയില്ല. അത് നമ്മുടെ കാർഷിക സർവ്വകലാശാലാ കേന്ദ്രത്തെ സംബന്ധിച്ചല്ല. പൊതുവായിട്ട് മാങ്ങ കൃഷി ധാരാളമുള്ള പ്രദേശം. അതിൽ വല്ല വസ്തുതയും ഉണ്ടോ? ഉണ്ടെങ്കിൽ അതിന് പരിഹാരം എന്താണ്? നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏറ്റവും ശ്രദ്ധേയമായ ഇനം മാങ്ങയ്ക്ക്, മാർക്കറ്റിൽ വളരെ പ്രതികൂലമായ ഒരു പ്രചരണമാണ് വന്ന് ചേർന്നിട്ടുള്ളത്. ഇതേ പോലെ പോളി ഹൌസ്. പോളി ഹൌസ് ഇപ്പോൾ വ്യാപകമാണ്. പക്ഷേ കൃഷിക്കാരുടെ അനുഭവം എന്താന്ന് വെച്ചാൽ പോളി ഹൌസ് വിജയകരമല്ല.

അതിൽ മുടക്കുന്ന പണവും അതിന്റെ ഫലവും തമ്മിൽ തട്ടിച്ചു നോക്കുമ്പോൾ ലാഭകരമല്ല എന്നുള്ള പ്രശ്നം കൃഷിക്കാർ പറയുന്നുണ്ട്. അപ്പോൾ പോളി ഹൌസ് ഫലപ്രദവും കൃഷിക്കാർക്ക് കൂടുതൽ വരുമാനം കിട്ടുന്ന രൂപത്തിലുമാക്കാൻ വേണ്ടിയുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം. പോളി ഹൌസ് ഇപ്പോൾ നാട്ടിലൊക്കെ വ്യാപകമായി വരുന്നുണ്ട്. പക്ഷേ കൃഷിക്കാർ നിരാശരാണ്. പലരും ഉപയോഗിച്ച് ഇനി അവരെ ഉപയോഗത്തിലുള്ള ഈ കൈകാര്യം ചെയ്യുന്നതിലുള്ള പിശകാണോ അതല്ല, അതിന്റെ പൊതുവായിട്ടുള്ള ഇതാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട കാര്യം ഉണ്ട്. ഈ വന്യ മൃഗങ്ങളെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞപ്പോൾ പാലക്കാടും, വയനാടും, ഇടുക്കിയും മാത്രമേ പറഞ്ഞുള്ളൂ. അത് ശരിയല്ല . കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മുഴുവൻ പ്രദേശങ്ങളിൽ... ഇപ്പോൾ ഒറ്റപ്പാലത്ത് കാട്ടാനയെത്തിയില്ലേ? പിന്നെ എന്താ ഇങ്ങനെ പറയുന്നത്, വെറും പാലക്കാട് മാത്രം ഉൾപ്പെടുത്തേണ്ട, പട്ടണ പ്രദേശവും, മലപ്രദേശവും.... അതു കൊണ്ട് ബജറ്റ് പ്രസംഗത്തിൽ വടക്കേ മുതൽ തെക്കേ വരെയുള്ള മലയോര മേഖലകൾ മുഴുവനും ഉൾപ്പെടുത്തണം. വളരെ രൂക്ഷമാണ് പ്രശ്നം. കൃഷിക്കാർക്ക് രക്ഷ കിട്ടാത്ത സ്ഥിതിയാണ് ഉള്ളത്. ഒരുപാട് പുതിയ സംരംഭങ്ങൾ തുടങ്ങുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ച കോഴിക്കോട്ട് ഒന്നും ഇല്ല. വട്ട പൂജ്യമാണ്. അതു കൊണ്ട് ഈ ബഡ്ജറ്റ് രേഖയിൽ ഈ നടപ്പ വർഷം കോഴിക്കോട് ജില്ലയിൽ ഒരു Agricultural Engineering College or ഒരു polytechnic സ്ഥാപിക്കുമെന്ന് ബഡ്ജറ്റ് രേഖയിൽ ഉൾപ്പെടുത്തണം. അതാണ് എന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. ഒന്ന് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് കോളേജ്, അല്ലെങ്കിൽ പോളി ടെക്നിക്ക്. രണ്ടിലൊന്ന് നടപ്പ വർഷം സ്ഥാപിക്കുമെന്ന് ഉൾപ്പെടുത്തുന്ന സ്ഥിതി ഉണ്ടാകണം. അതു പോലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം ഈ കാർഷിക കോഴ്സുകളിലേയ്ക്ക് കുട്ടികളെ തിരഞ്ഞെടുക്കുമ്പോൾ കുട്ടികളുടെ aptitude test നടക്കുന്നുണ്ടോ, ഇല്ലയോ എന്നെനിക്കറിയില്ല. ഞാൻ എന്റെ പ്രായോഗികാനുഭവം കൊണ്ടൊരു കാര്യം പറയുകയാണ്. ഇന്ന് നമ്മുടെ കോഴിക്കോട് ജില്ലയെ സംബന്ധിച്ച് എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും പ്രവർത്തിക്കുന്ന കൃഷി ഓഫീസർമാരിൽ ഗണ്യമായ വിഭാഗത്തിൽ ഇതിനോട് യാതൊരു താൽപര്യവുമില്ല. ഞാൻ വ്യക്തിപരമായി അത്തരം ചില സ്ഥാനങ്ങൾ വഹിക്കേണ്ടി വന്നപ്പോൾ അവരുമായിട്ടു വ്യക്തിപരമായിട്ട് സംസാരിച്ചു. അവരിൽ പലരും നിരാശരാണ്. എം.ബി.ബി.എസ് നും എഞ്ചിനീയറിംഗിനും. ഇപ്പോഴത്തെ കാര്യമല്ല. കുറച്ചു മുൻപേ ഉണ്ട്. അപേക്ഷിച്ച് കിട്ടാതെ വരുമ്പോൾ അവസാനം വന്നു പെടുന്നതാണ് ഈ അഗ്രിക്കൾച്ചർ കോഴ്സുകൾ. അപ്പോൾ അവർക്ക് നിരാശയാണ്. അവർക്കിതിനോട് താൽപര്യമില്ല. ഏത് പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുമ്പോഴും താൽപര്യമുള്ള കൃഷി ഓഫീസർമാരാണെങ്കിൽ വൻ വിജയമാണ്. താൽപര്യമില്ലാത്ത സ്ഥലങ്ങളിൽ എന്ത് പ്രോജക്ട് വച്ചാലും വിജയിക്കാൻ പോകുന്നുമില്ല. അതു കൊണ്ട് കുട്ടികളെ ഇത്തരം കാര്യങ്ങളിൽ തിരഞ്ഞെടുക്കുമ്പോൾ കുട്ടികളുടെ aptitude test ഉണ്ടോ എന്നെനിക്കറിയില്ല. ഇല്ലെങ്കിൽ നിർബന്ധമായും അത്തരം ഒരു ഇനം വേണം. കുട്ടികളുടെ മനോഭാവം കൂടി പരിഗണിച്ചു കൊണ്ട് കോഴ്സിനു കൊടുത്തില്ലെങ്കിൽ മറ്റൊരു കോഴ്സ് പോലെയല്ല. കൃഷിയിൽ വെറുതേ ഇങ്ങനെ സ്ഥാനത്തു നിൽക്ക എന്ന പ്രശ്നമുണ്ട്. മറ്റൊരു പ്രധാനപ്പെട്ട തകരാർ ഉണ്ട്. കൃഷി ഓഫീസർ ക്ലാർക്കിന്റെ പണിയാണെടുക്കുന്നത് എന്നുള്ള ദൂഷ്യ വശങ്ങളൊക്കെ ഉണ്ട്. അത് സർക്കാർ തലത്തിൽ പരിഹരിക്കേണ്ട സ്ഥിതിയാണ്. പക്ഷേ അതു കൊണ്ട് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് സെലക്ഷനിൽ നിർബന്ധമായും ഏർപ്പെടുത്തുന്ന

ഒരവസരം ഉണ്ടാകണം. ഇപ്പോൾ അങ്ങനെ ഉണ്ടോ എന്നെനിക്കറിയില്ല. പിന്നെ ഈ കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരുപാട് സ്ഥാപനങ്ങൾ ഉണ്ട്. ഞങ്ങളെല്ലാം പുതിയതായിട്ട് വന്നവരാണ്. ഞങ്ങൾക്കെല്ലാം അത് സന്ദർശിക്കാനുള്ള ഒരു സന്ദർഭം വേണം. അത് സ്വമേധയാ ഞങ്ങൾ അങ്ങ് പോയിക്കാണുകയെന്നു പറഞ്ഞാൽ പ്രായോഗികമായി പല വിഷമതകളുമുണ്ട്. ഇനി ജനറൽ കൌൺസിലോ, കമ്മിറ്റികളോ അങ്ങനെ മാറി മാറി വെയ്ക്കാൻ കഴിയുമോ എന്നെനിക്കറിയില്ല. ജനറൽ കൌൺസിൽ ആസ്ഥാനത്തേ പറ്റൂ എന്നാണ് എനിക്ക് തോന്നുന്നത് അല്ലേ? അങ്ങനെയൊന്നുണ്ടോ? അപ്പോൾ ഏതായാലും അംഗങ്ങൾക്ക് വിവിധ സ്ഥാപനങ്ങൾ കാണാനും , പരിചയപ്പെടാനുമുള്ള ഒരു സന്ദർഭമുണ്ടാക്കിയാൽ നല്ലതാണ്. പിന്നെ സർവ്വകലാശാലയുടെ ഈ ചട്ടങ്ങളും, നിയമങ്ങളും ഞങ്ങൾക്കും കൂടി ഓരോ കോപ്പി തന്നാൽ സൌകര്യപ്രദമാണ്. ഞങ്ങളൊക്കെ പുതിയതായിട്ട് വന്നവരാണല്ലോ. ഒന്നു മനസ്സിലാക്കാൻ സൌകര്യപ്പെടും. അക്കാര്യം കൂടി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്."

ഡോ. എസ്. എസ്റ്റിലിറ്റ : " ഒന്ന് രണ്ട് കാര്യങ്ങൾ കൂടി, ഒരു സ്ത്രീ പഠന കേന്ദ്രം ഉണ്ടായിരുന്നു. അതിനെ പറ്റി ഒരു പരാമർശവും കണ്ടില്ല."

ഡോ. ബി. സുമ : " നമ്മൾ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള....ഞാൻ കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. നമ്മളെ സംബന്ധിച്ച് ഇതിനകത്ത് ഗവേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. പദ്ധതിയും, പദ്ധതിയേതര ഫണ്ടും ഉപയോഗിക്കുന്ന കാര്യം, ബാഹ്യ സഹായ ഫണ്ട് പറയുന്നുണ്ട്. ഇതൊക്കെ ചില പ്രത്യേക objectives വച്ച് കൊണ്ടു മാത്രമുള്ളതാണ്. ഇപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ തന്നെ കർഷകർക്ക് കുറച്ചും കൂടി അല്ലെങ്കിൽ പ്രശ്നാധിഷ്ഠിത ഗവേഷണത്തിനുമൊക്കെ യൂണിവേഴ്സിറ്റിയുടേതായ തനതായ ഒരു ഫണ്ട് നമ്മൾ കണ്ടെത്തണം. മുൻ കാലങ്ങളിൽ അങ്ങനെ ഉണ്ടായിരുന്നു. കെ.എ.യു വിന്റെ പ്ലാൻ ഫണ്ട് അല്ലെങ്കിൽ കെ.എ.യു വിന്റെ തനതായ ഫണ്ട് അങ്ങനെ ഉണ്ടെങ്കിൽ മാത്രമേ പെട്ടെന്നൊരു പ്രശ്നമുണ്ടായാൽ തന്നെ നമുക്കത് tackle ചെയ്യാൻ വേണ്ടിയിട്ടുള്ള ഗവേഷണം നടത്തണമെങ്കിൽ അത്തരത്തിൽ ഒരു ഫണ്ട് നമ്മളിതിനകത്ത് കാണണം. എങ്കിൽ മാത്രമേ നമുക്ക് ആവശ്യമുള്ള technology കൾ develop ചെയ്യാൻ പറ്റുകയുള്ളൂ. അതു പോലെ തന്നെ നമ്മൾ ഇതിനകത്ത് വിത്ത്, നടീൽ വസ്തുക്കളിലൂടെ വരുമാനം ഉണ്ടാക്കുന്നു. അതു പോലെ ഒരു പ്രധാനപ്പെട്ട ഏരിയ ആണ് ബയോ കൺട്രോൾ ഏജന്റ്സ്. യഥാർത്ഥത്തിൽ ഈ ബയോ കൺട്രോൾ ഏജന്റ്സിനെ നമ്മൾ ശരിയായ രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ കുറേയൊക്കെ നമുക്ക് ഈ pesticide ന്റെ ഉപയോഗം വളരെയധികം കുറയ്ക്കാൻ കഴിയും. അതിന്റെ ഉൽപാദനത്തിലൂടെ യൂണിവേഴ്സിറ്റിയ്ക്ക് വലിയ ഒരു വരുമാനം കണ്ടെത്താൻ കഴിയും. ഒരു പക്ഷേ ഇപ്പോൾ അതിന്റെ ഗവേഷണം നടന്നത് വളരെ ലിമിറ്റഡ് ആയിട്ടുള്ള കാര്യമാണ്. ആ ഗവേഷണ വിഭാഗം കുറേ കൂടി strengthen ചെയ്യേണ്ടതായിട്ടുണ്ട്. ആ മേഖലയിൽ വർക്ക് ചെയ്യുന്നവർക്ക് കുറച്ചും കൂടി പരിശീലനം കൊടുക്കണം. ഇപ്പോ യൂണിവേഴ്സിറ്റി സാധാരണ ഗതിയിൽ കുറേ കാലങ്ങളായി കാണുന്നത് ഇവിടെ അദ്ധ്യാപകരായി വരുന്ന ശാസ്ത്രജ്ഞർക്കായാലും, അദ്ധ്യാപകർക്കായാലും നമ്മളൊരു ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് എന്നുള്ള രീതിയിൽ പിൽക്കാലങ്ങളിൽ ഒരു ട്രെയിനിംഗോ ഒന്നും കൊടുക്കുന്നില്ല. അത് അവരുടെ പ്രൊമോഷന്റെ ഭാഗമായി നമ്മൾ സ്വമേധയാ പോകുന്ന ട്രെയിനിംഗ് അല്ല ഞാൻ ഉദ്ദേശിച്ചത്. അവർക്ക്

ഇത് പോലുള്ള നിരവധി നല്ല സ്ഥാപനങ്ങളിൽ പോയി അവിടത്തെ കാര്യങ്ങൾ കാണാനും പഠിക്കാനും അതിന് യൂണിവേഴ്സിറ്റി ഒരു ഫണ്ട് വെയ്ക്കണം. യഥാർത്ഥത്തിൽ അങ്ങനെ മറ്റ് സർവ്വകലാശാലകൾ, സാറിന് തന്നെ അറിയാം. തമിഴ്നാട്ടിലൊക്കെ അങ്ങനെ ഉണ്ട്. പക്ഷേ ഇവിടെ ഇന്ന് വരെ അങ്ങനെ ഉണ്ടായിട്ടില്ല. ഓരോ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് സിമിലർ ആയിട്ടുള്ള സ്ഥാപനങ്ങളിൽ, അത് അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനങ്ങളിൽ പോയി കാണാനും, പഠിക്കാനും അങ്ങനെ വരുമ്പോൾ നമുക്ക് കൂടുതൽ കാര്യങ്ങൽ ആ മേഖലകളിൽ ചെയ്യാൻ കഴിയും. അത്തരത്തിൽ ഒരു ഫണ്ട് ഇതിനകത്ത് ഉൾപ്പെടുത്തണം. പിന്നെ ഈ രണ്ട് കാര്യങ്ങളാണ് എനിക്ക് പ്രധാനമായും ഇതിനകത്ത് ഉൾപ്പെടുത്തി പറയാനുള്ളത്. അല്ലാതെ നോക്കുമ്പോൾ നമ്മുടെ ഈ പദ്ധതി ഇനത്തിലുള്ള ഫണ്ട് കഴിഞ്ഞ ഒന്ന് രണ്ട് വർഷങ്ങളിലായിട്ട് നമുക്ക് ചില പ്രശ്നങ്ങളുണ്ട്. സമയത്ത് കിട്ടാത്തതും, അതു പോലെ...പിന്നെ ഒരു കാര്യം കൂടി ഉണ്ട് നമ്മുടെ ഈ ദീർഘ കാല വിളകളിലായാലും മറ്റ് വിളകളിൽ ഏറ്റവും കൂടുതൽ നമ്മുടെ രോഗ പ്രതിരോധ ശേഷിയുള്ള ഇനങ്ങൾ കണ്ടു പിടിക്കുന്നതിന് അതിന് develop ചെയ്യുന്നതിന് ഒരു ഊന്നൽ കൊടുക്കണം. കാരണം ഇപ്പോഴുള്ള drought ന് against ആയും രോഗവും കീടവും രോഗ പ്രതിരോധ ശേഷിയുള്ള ഇനങ്ങളെ ഉൽപാദിപ്പിക്കുന്നതിനുള്ള crop improvement programs കുറേ കൂടി strengthen ചെയ്യണം. അങ്ങനെ വരുകയാണെങ്കിൽ ഒരു പരിധി വരെ നമുക്കീ പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ കഴിയും. എനിക്കു തോന്നുന്നു പലവിധ വിളകളിലും അതുണ്ട്. കുറച്ച് കൂടി നമുക്ക് ഒരു ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് അങ്ങനെയുള്ള ഇനങ്ങൾ കണ്ടു പിടിക്കുകയാണെങ്കിൽ കർഷകർക്ക് അത് വളരെ നന്നായിരിക്കും. വളരെയധികം അവർക്ക് മാനേജ്മെന്റ് ആസ്പെക്ട് വളരെയധികം സഹായകരമാകും. ഈ മൂന്ന് കാര്യങ്ങളാണ് ഇക്കാര്യത്തിൽ ഉൾപ്പെടുത്താനുള്ളത്."

ശ്രീ. ചെറുവയൽ രാമൻ : " ഒരു കാര്യം ഉണ്ട്. കൃഷിക്കാരനെ സംബന്ധിച്ച് ബഡ്ജറ്റിൽ അവർ കൃഷിക്കാരുടെ കാര്യങ്ങൾ അവർക്ക് എങ്ങനെ അടിസ്ഥാന പരമായ കാര്യങ്ങൾ സൌകര്യം ചെയ്യാൻ ബഡ്ജറ്റിൽ വേറൊന്നും ഇല്ല. ഒന്ന് കൃഷി എങ്ങനെ വിപുലപ്പെടുത്തണം, വിപുലപ്പെടുത്തിയ കൃഷി എങ്ങനെ മാർക്കറ്റ് ചെയ്യണം, ഒട്ടനവധി കർഷകർ ആത്മഹത്യ ചെയ്യുന്നുണ്ട്. അതു പോലെ തന്നെ യുവ തലമുറയെ എങ്ങനെ നമ്മുടെ കാർഷിക മേഖലയിൽ കൊണ്ടു വരണം? കൃഷിക്കാർക്ക് എന്തെല്ലാം സാങ്കേതികമായ സഹായങ്ങൾ ചെയ്യാനും ഇൻഷ്വറൻസ് പോലുള്ള കാര്യങ്ങൾ ചെയ്തു കൊടുക്കാനും അപകട മേഖലയെ തരണം ചെയ്യാനും ഇങ്ങനെയുള്ള ഒരു കാര്യം തന്നെ ബഡ്ജറ്റിൽ വന്നിട്ടില്ല എന്നെനിക്ക് തോന്നുന്നത്. ബഡ്ജറ്റിൽ വന്നിട്ടുള്ളത് തൊട്ട്, തൊട്ടില്ല എന്നൊരു വിധത്തിലാണ് കാർഷിക മേഖലയെ തലോടിക്കൊണ്ട് പോകുകയാണ് ചെയ്തിട്ടുള്ളത്. അത് ഒരു ഗൗരവമായി എടുത്തിട്ടില്ലെന്നാണെനിക്ക് തോന്നുന്നത്. കാരണം നമ്മൾ ഗൗരവത്തോടെ എടുക്കേണ്ടതാണ്. കാരണം ഇത് യൂണിവേഴ്സിറ്റിയാണ്, കാർഷിക യൂണിവേഴ്സിറ്റിയാണിത്. അപ്പോൾ കൃഷിക്കാരെയാണ് നമ്മൾ കൂടുതൽ അവരുടെ പിന്നെ സാങ്കേതിക സഹായങ്ങളും, വിത്തുകൾ, വിത്തുൽപാദനങ്ങൾ അതു പോലെ തന്നെ മാർക്കറ്റിംഗുകൾ, കമ്പോളം, മാർക്കറ്റിംഗ് കമ്പോളം കണ്ടു പിടിച്ച് ന്യായമായ വില കൊടുക്കാനും അങ്ങനെയൊരു ഉത്തരവാദിത്വത്തോടെ കൃഷിക്കാരെ നമ്മൾ ഉയർത്തിക്കൊണ്ടു വരാൻ വേണ്ടി നമ്മുടെ യൂണിവേഴ്സിറ്റി എന്ത് ചെയ്യാൻ കഴിഞ്ഞു എന്നുള്ളത്. നമുക്കറിയാം ഒട്ടനവധി , കഴിഞ്ഞ പ്രാവശ്യം പത്രത്തിൽ കണ്ടു. 93-ഓളം ഇനം

വിദേശ മരുന്നും, രാസകീടനാശിനികൾ, വിദേശ രാജ്യങ്ങൾ ഒഴിവാക്കിയ മരുന്നുകൾ ഇവിടെ കൊണ്ട് വിറ്റഴിക്കുന്നു. അങ്ങനെ ഒട്ടനവധി അശാസ്ത്രീയമായ രീതിയിലാണ് കൃഷിക്കാർ കൃഷിയുമായി മുന്നോട്ട് പോകുന്നത്. അതു കൊണ്ട് തന്നെയാണ് നമ്മുടെ മണ്ണും, വെള്ളവും, അതു പോലെ തന്നെ മലിനമാകുന്നു. ഇതൊക്കെ നമ്മൾ ഗൗരവമായി കാണേണ്ടതാണ്. ശരിക്കും ഒരു കൃഷിക്കാരനെ എങ്ങനെ കൃഷി, ടെക്നോളജി ഏതു തരത്തിൽ ഉള്ള ടെക്നോളജി കൊണ്ടു പോകണമെന്ന് ഒരു യൂണിവേഴ്സിറ്റി കൃത്യമായി അതിന്റെ നിർദ്ദേശങ്ങൾ കൊടുക്കുകയും അവരെ ഒരു നല്ല ലൈനിലേയ്ക്ക് കൊണ്ടു വന്നാൽ മാത്രമേ നമുക്ക് കൃഷി നിലനിർത്താൻ സാധിക്കു. മറ്റൊന്ന് ഞാൻ നേരത്തേ പറഞ്ഞത് ഒന്നു കൂടി ആവർത്തിക്കുകയാണ്. യുവതലമുറയെ തീർച്ചയായും നമ്മൾ കാർഷിക രംഗത്തേയ്ക്ക് കൊണ്ടു വന്നില്ലെങ്കിൽ നമ്മൾ കൃഷി, കാർഷിക ഭൂമി കുറഞ്ഞു വരുന്നു. കൃഷിയിലേയ്ക്ക് ഇവിടെ ആളുകൾ വരുന്നില്ല. ഇതൊക്കെ നമ്മൾ ഗൗരവമായി എടുക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അതു പോലെ മാർക്കറ്റിംഗ്. ഇപ്പോൾ നമുക്കറിയാം ഒട്ടനവധി കൃഷിക്കാർ ആത്മഹത്യ ചെയ്തു കൊണ്ടു പോകുന്നു. ഒട്ടനവധി ആളുകൾ കടത്തിൽ മുങ്ങിക്കുളിച്ചുപോകുകയാണ്. ഇതൊക്കെ നമ്മൾ ഗൌരവമായി കാണണം. അതിന് നമ്മൾ യൂണിവേഴ്സിറ്റി എന്താണ് കാണാൻ പോകുന്നത്?എങ്ങനെയാണ് അതിനോട് കൃഷിക്കാരുടെ നിലപാട്? വ്യക്തമായൊരു നിലപാട് എന്താണെന്ന് നമ്മുടെ ബഡ്ജറ്റിൽ കണ്ടിട്ടില്ല. അത് ബഡ്ജറ്റിൽ അതൊക്കെ ഉൾപ്പെടുത്തണം എന്നാണെനിക്ക് പറയാനുള്ളത്. "

ഡോ.കെ.കെ. സത്യൻ: " സർ, എനിക്ക് ബഡ്ജറ്റിൽ അവസാനത്തെ പാരഗ്രാഫിൽ നമ്മുടെ ബഡ്ജറ്റ് വെയ്ക്കുന്നത് കർഷകരുടെ ക്ഷേമത്തിനാണെന്ന് പറയുന്നുണ്ട്. പക്ഷേ നമ്മൾ കർഷകരെ മാത്രം കണ്ടാൽ പോരാ. അഗ്രിക്കൾച്ചർ സെക്ടറിന്റെ ഒരു പ്രധാന പാർട്ട് ആണ് കർഷകൻ. അതു പോലെ തന്നെ കർഷക തൊഴിലാളികൾ . പിന്നെ അഗ്രിക്കൾച്ചറിന്റെ ഇൻപുട്ട് തരുന്ന ആളുകൾ, agriculture small scale industries നടത്തുന്നവർ. ഇതെല്ലാം കൂടി വരുമ്പോഴാണ് agricultural sector ആകുന്നത്. ഈ സെക്ടറിന്റെ വികസനത്തിന് വേണ്ടിയായിരിക്കണം നമ്മുടെ ശ്രമം എപ്പോഴും. നമ്മൾ കർഷകർ എന്നു മാത്രം പറഞ്ഞാൽ പോരാ. അവിടെ കാർഷിക മേഖല എന്നാക്കി തിരുത്തണം എന്നാണ് എനിക്ക് ഒന്ന് അഭിപ്രായപ്പെടാനുള്ളത്. സർ, അതു പോലെ തന്നെ നമ്മുടെ മാനവ ശേഷി വികസനത്തെ പറ്റി പേജ് 19 ൽ പറയുന്നുണ്ട്. അതിൽ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റ് മാത്രമാണ് നമ്മൾ പറയുന്നത്. പക്ഷേ അഗ്രിക്കൾച്ചറൽ മേഖലയ്ക്ക് വേണ്ടിയിട്ട് ഗവൺമെന്റിൽ വേറെയും കുറേ ഡിപ്പാർട്ട്മെന്റുകളുണ്ട്. ഉദാഹരണത്തിന് Soil Conservation Department വളരെ പ്രധാനപ്പെട്ടതുമാണ്. അതേ പോലെ Minor Irrigation Department ഇങ്ങനെ പല അഗ്രിക്കൾച്ചറൽ മാർക്കറ്റിങ്ങിനു വേണ്ടി എന്തൊക്കെയോ ഉണ്ട്. ഇവരിലെല്ലാം തന്നെ മാനവിക വികസനം അല്ലെങ്കിൽ Human Resource Development ഈ എല്ലാ മേഖലയിലും നമ്മൾ touch upon ചെയ്യണം. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റിന് മാത്രം പോരാ. പിന്നെ നമ്മൾ അദ്ധ്യാപനത്തിനെ കുറിച്ച് പറഞ്ഞു. നമ്മുടെ സ്റ്റുഡന്റ്സ് നെ professionally competent ആക്കുന്നതിനായിരിക്കണം നമ്മൾ ആദ്യമായി ശ്രദ്ധ കൊടുക്കേണ്ടത്. അല്ലാതെ അഗ്രിക്കൾച്ചറിൽ റിസർച്ചും ടീച്ചിങ്ങും ഉണ്ടാക്കൽ മാത്രമാകരുത് നമ്മുടെ ലക്ഷ്യം. Agriculture is a profession. Professionally competent ആക്കണം. എന്നാൽ മാത്രമാണ് നേരത്തേ ഇവിടെ സൂചിപ്പിച്ച പോലെ അഗ്രിക്കൾച്ചറൽ ഓഫീസേഴ്സിന് productive ആയി അഗ്രിക്കൾച്ചറൽ സെക്ടറിന് വർക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. ആ രീതിയിൽ നമ്മൾ

അവരെ മാറ്റണം. അപ്പോൾ അവർക്ക് അതിൽ കുറേ കൂടി interest ഉണ്ടായിരിക്കും. പിന്നെ നമ്മൾ ഓഡിറ്റോറിയം നിർമ്മാണത്തെ പറഞ്ഞപ്പോൾ എല്ലാ കോളേജുകളിലും ഓഡിറ്റോറിയം ഉണ്ടാക്കുന്നതിനുള്ള ഒരു നടപടിയുണ്ടായിരിക്കണം. എന്നാൽ മാത്രമേ en mass ആയിട്ട് സ്റ്റുഡന്റ്സിനെ address ചെയ്യുന്നതിനുള്ള facility നമുക്കുണ്ടാവുള്ളൂ. പിന്നെ ഗ്രന്ഥ ശാലയുടെ കാര്യം പറഞ്ഞപ്പോഴും ഓരോ കോളേജുകളിലും നമ്മുടെ ലൈബ്രറികളുടെ പ്രവർത്തനത്തിന്റെ സമയം കൂട്ടുന്നതിന് ഉള്ള എന്തെങ്കിലും നടപടികൾ വേണം. ഇവിടെ സെൻട്രൽ ലൈബ്രറി മാത്രമുണ്ടായതു കൊണ്ട് നമ്മുടെ മറ്റ് constituent college കൾക്ക് വലിയ advantage ഒന്നുമില്ല. നമുക്ക് ഓരോ സമയത്തും ഇവിടെ വരാൻ പറ്റില്ല. അവർ depend ചെയ്യുന്നത് അതാത് ക്യാംപസ് കോളേജുകളിലാണ്. അവിടെയും കൂടി അത് വേണം. Income generating activities ൽ സയിന്റിസ്റ്റുകളെ പരമാവധി കൺസൾട്ടൺസി വർക്കുകൾക്ക് പ്രൊമോട്ട് ചെയ്യണം. കൺസൾട്ടൺസി വർക്ക് പ്രൊമോട്ട് ചെയ്യുമ്പോൾ ഒന്ന് income generate ഉണ്ടായിരിക്കും. സയിന്റിസ്റ്റുകൾ വളരെ competent ആകും. അതാതു മേഖലകളിൽ competent ആകുകയും ചെയ്യും. അതിനെ promote ചെയ്യുന്ന എല്ലാ measures വേണം. അതു പോലെ തന്നെ നെൽ കൃഷിയുടെ production കൂട്ടുന്നതിന്, നമ്മുടെ food security ക്ക് വളരെ അത്യാവശ്യമാണ് നമ്മുടെ paddy production area കൂട്ടേണ്ടതുണ്ട്. അതേ പോലെ തന്നെ അതിന്റെ intensity of croping. ഈ 2 മേഖലകൾ കൂടി നമ്മൾ ബഡ്ജറ്റിൽ പ്രതിപാദിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. Thank you sir…."

ശ്രീ. പി. കെ. ശ്രീ കുമാർ : " ബഹുമാനപ്പെട്ട ഫിനാൻസ് കമ്മിറ്റി അംഗം ശ്രീ. വിജയദാസ് എം.എൽ.എ അവതരിപ്പിച്ച സമഗ്രവും സമ്പൂർണ്ണവുമായ ബജറ്റിനെ ഞാൻ പൂർണ്ണമായി പിൻതാങ്ങുന്നു. ഇത് അവതരിപ്പിച്ച അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ടീം അംഗങ്ങളേയും ഞാൻ അഭിനന്ദിക്കുന്നു സർ. കേരള സർക്കാരിന്റെ ഒരു കാർഷിക നയത്തിന് അനുകൂലമായ തരത്തിലുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. കേരള സർക്കാർ ഒരു കാർഷിക നയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രഖ്യാപിക്കപ്പെടുന്നുണ്ട്. ഹരിത കേരളം പോലുള്ള പദ്ധതികൾ. അത് നടപ്പിലാക്കുന്നതിന് കൂടുതൽ ശക്തി പകരുന്ന രീതിയിലുള്ള ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. സർ, എങ്കിലും നമ്മൾ ആത്യന്തികമായി അടുക്കേണ്ടത് കർഷകരിലേയ്ക്ക് തന്നെയാണ് , കാർഷിക സർവ്വകലാശാല. കൃഷി ലാഭകരമാക്കണം സർ അതാണ് അടിസ്ഥാനപരമായ കാര്യം. കൃഷി ലാഭകരമായെങ്കിലേ കർഷകർ കൃഷിയിൽ നിൽക്കുകയുള്ളൂ... കൃഷി ലാഭകരമാകണമെങ്കിൽ 1-2 കാര്യങ്ങൾ പ്രധാനമായിട്ടുണ്ട്. ഒന്ന്, കൃഷിയുടെ ഉൽപ്പാദനച്ചിലവ് കുറയ്ക്കണം. അതിന് നമുക്ക് പരിഹരിക്കാൻ പറ്റുന്നത് mechanization കൊണ്ടു വരണം. രണ്ട്, നമ്മുടെ ഉൽപാദനക്ഷമതയും ഉൽപ്പാദനവും കൂടണം. നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യം ഗുണമേൻമയുള്ള വിത്തുകളും നടീൽ വസ്തുക്കളും നമ്മൾ രൂപപ്പെടുത്തിയെടുക്കണം. മൂന്നാമതൊന്ന് സർ, നമ്മുടെ ഇപ്പോഴത്തെ പുതിയ കാർഷിക രീതിയിലേയ്ക്ക് Value added Products ലേയ്ക്ക് നമ്മൾ തിരിയണം. ഈ 3 രീതിയിലൂടെയാണ് സർ ഞാൻ കാണുന്ന രീതിയിൽ കൃഷിയെ ലാഭകരമാക്കാൻ പറ്റുകയുള്ളൂ. Value added Products ന് വേണ്ടി ഒരുപാട് കാര്യങ്ങൾ നമ്മുടെ സർവ്വകലാശാല ചെയ്യുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങളെല്ലാം എല്ലാ crop ൽ നമുക്ക് ചെയ്യാൻ പറ്റുമോ? പ്രത്യേകിച്ച് നാണ്യ വിളകൾ. നമ്മുടെ കേരളത്തിൽ കൂടുതൽ കൃഷി ചെയ്യുന്ന നാണ്യ വിളകളിലുള്ള കാർഷിക ഉൾപന്നങ്ങളുടെ Value added Products ലേയ്ക്ക് നമ്മൾ തിരിയണം. അത് ഏറ്റവും

പ്രധാനപ്പെട്ട കാര്യമാണ്. പിന്നെ യൂണിവേഴ്സിറ്റിയുടെ കാര്യങ്ങളിലേയ്ക്ക് വരുമ്പോൾ നമ്മൾ നമ്മുടെ ഫാമുകളെ ശക്തിപ്പെടുത്തണം സർ. ഏറ്റവും അടിസ്ഥാനപരമായി യൂണിവേഴ്സിറ്റിയിൽ നിൽക്കേണ്ടത് ഫാമുകൾ തന്നെയാണ്. അതാണ് കർഷകരിലേയ്ക്ക് നമ്മൾക്ക് അടുക്കാൻ ഉള്ള മാർഗ്ഗവും. ഏതൊരു മേഖലയും നമുക്ക് കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള ഫാമുകളിലൂടെ ആ പ്രദേശങ്ങളിലുള്ള കർഷകരിലേയ്ക്ക് വളരെ അടുത്ത്, നേരിട്ട് നമുക്ക് അടുക്കാൻ പറ്റും. അവർക്ക് ആവശ്യമായ രീതിയിലുള്ള എല്ലാ കാര്യങ്ങളും നമ്മുടെ ഫാമുകളിൽ നിന്ന് ലഭ്യമാക്കുന്ന രീതിയിലേക്കുള്ള ഒരു പ്രവർത്തനം നമുക്ക വേണം. മറ്റൊന്ന് ഇവിടെ പറഞ്ഞു, യുവാക്കളെ കൃഷിയിലേയ്ക്ക് അടുപ്പിക്കണം സർ. അതിന് എനിക്കൊരു നിർദ്ദേശം നമ്മുടെ ഈ ബഡ്ജറ്റിലൂടെ

കേരളത്തിലെ ഏറ്റവും നല്ല യുവ കർഷകന് ഒരവാർഡു പ്രഖ്യാപിക്കണം സർ.പല ഏജൻസികളും, even private agency കൾ പോലും സർക്കാർ ഏജൻസികൾക്കു പുറമേ private agency കൾ പോലും പല രീതിയിലുള്ള award ദാനങ്ങളും നൽകുന്നുണ്ട്. കാർഷിക സർവ്വകലാശാലയ്ക്ക് അങ്ങനെ ഒരു അവാർഡ് ദാനം ഇപ്പോൾ ഇല്ല. യുവ കർഷകരെ കൃഷിയിലേയ്ക്ക് കൊണ്ടു വരുന്നതിന് ഒരു കാർഷിക അവാർഡ് ഈ സർവ്വകലാശാല പ്രഖ്യാപിക്കണം. നല്ല രീതിയിൽ attractive ആയ ഒരു remuneration കൊടുത്തു കൊണ്ടുള്ള ഒരവാർഡ് പ്രഖ്യാപിക്കണം സർ. അത് നമ്മുടെ യുവാക്കളെ കാർഷിക വൃത്തിയിലേയ്ക്ക് കൊണ്ടു വരാൻ പറ്റും. സർ, മറ്റൊന്ന് വേണ്ടത് നമ്മളിപ്പോൾ വരുന്ന....പ്ലീസ് സർ, ഒരു മിനിറ്റ്...പ്രധാനപ്പെട്ട 2 trend ആണ് സർ, ഒന്ന് ഓർഗാനിക് ഫാമിംഗ്. ഓർഗാനിക് ഫാമിംഗിൽ ഒരു demonstration plot നമ്മുടെ സർവ്വകലാശാല രൂപപ്പെടുത്തിയിട്ടുണ്ട് സർ. നമ്മുടെ യൂണിവേഴ്സിറ്റിയുടെ ഏതെങ്കിലും ഒരു ക്യാമ്പസ്സിൽ ഒരു കർഷകൻ വന്നാൽ ദാ ഇതാണ് നമ്മുടെ ഓർഗാനിക് ഫാമിംഗിലെ crop museum അല്ലെങ്കിൽ crop നിൽക്കുന്നത് എന്നു നമുക്ക് കാണിച്ചു കൊടുക്കാൻ പറ്റുന്ന തരത്തിലേയ്ക്ക് നമ്മുടെ സർവ്വകലാശാലയിലെ ഏതെങ്കിലും ഒന്നോ, രണ്ടോ കേന്ദ്രങ്ങളിൽ ഉയരണം. മറ്റൊന്ന് ഇതു പോലെ തന്നെ mechanization ഈ വരുന്നതിൽ വരുന്നുണ്ട് സർ. ഏതെങ്കിലും ഒന്നോ, രണ്ടോ crop ൽ നമുക്ക് അതിൽ കൃഷി ചെയ്യാൻ 100% mechanized ആക്കാൻ പറ്റുമെങ്കിൽ, 100% എന്നു ഞാൻ ഉദ്ദേശിച്ചത് പരമാവധി കഴിയുന്നത്ര mechanization. mechanized implements ഉപയോഗിച്ചുള്ള ഒരു demonstration plot നമ്മുടെ ഈ കാർഷിക എഞ്ചിനീയറിംഗ് കോളേജിലോ, അല്ലെങ്കിൽ മണ്ണുത്തിയിലോ അതു പോലുള്ളൊരു സ്ഥാപനത്തിൽ കൊണ്ടു വരാനുള്ള ഒരു ശ്രമം നടത്തണം സർ. എനിക്ക് ആകെയുള്ള ഒരു ചെറിയ കാര്യം പറഞ്ഞാൽ 27.97 കോടി കമ്മി ബഡ്ജറ്റാണ് നമ്മൾ അവതരിപ്പിച്ചിരിക്കുന്നത്. ഈ 27 കോടി കൂടി നമുക്ക് ഏതെങ്കിലും വിധത്തിൽ ഒന്ന്. നമ്മുടെ ആഭ്യന്തര വരുമാനത്തിലൂടെ ഇപ്പോൾ നമുക്ക് 157 കോടി + 30 കോടി നമുക്ക് ആഭ്യന്തര വരുമാനമുണ്ട്. നമ്മൾ ഒന്നു കൂടി ശ്രമിച്ചാൽ നമ്മുടെ എല്ലാ ഫാമുകളും ഒന്നു കൂടി ശ്രമിച്ചാൽ ഈ 27 കോടിയും കൂടി കമ്മി ബഡ്ജറ്റ് എന്നുള്ളത് ഒരു മിച്ച ബഡ്ജറ്റിലേയ്ക്ക് കൊണ്ടു വരണം എന്നൊരാഗ്രഹം കൂടി ഉണ്ട് സർ."

അദ്ധ്യക്ഷൻ : " Thank you… I think this we move to the next , the last one..." '

ശ്രീ. കെ.ഡി. ബാബു : " Sir, One minute sir...Ok. നമ്മുടെ കാർഷിക സർവ്വകലാശാലയുടെ നിലവിലുള്ള സഞ്ചിത ബാധ്യതകളെ കുറിച്ച് page number 27 ൽ പറയുന്നുണ്ട്. 90.5 crores നമ്മൾ ഇപ്പോൾ ബാധ്യതയായി കിടക്കുകയാണ്. Sir, our liability കൂടാതെ നമ്മുടെ 18-19 വർഷത്തെ കമ്മി എന്നു പറയുന്നത് 27 കോടി something

വരുന്നു. ഇവിടെ മറ്റൊരു aspect കൂടി നമ്മൾ മനസ്സിലാക്കേണ്ടത് സമീപ ഭാവിയിൽ 2016 UGC implement ചെയ്യേണ്ട സാഹചര്യം അത് forecast ചെയ്യേണ്ടതുണ്ട് നമുക്ക്. Assistant Professors നിയമനം നമ്മൾ ആ ചിലവുകൾ forecast ചെയ്യേണ്ടതുണ്ട്. അതു പോലെ നിലവിൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ക്ലാസ്സ് IV ന്റെ നിയമനം ഇപ്പോൾ നടക്കാൻ പോകുന്നു. ഈ വിഷയങ്ങൾ അതും കൂടി കണക്കിലെടുക്കുമ്പോൾ നമ്മുടെ ബാധ്യത എന്നു പറയുന്നത് ഭീമമായി മാറും. ചുരുക്കിപ്പറഞ്ഞാൽ നമ്മൾ KSRTC- യുടെ രൂപത്തിലേയ്ക്ക് എത്താൻ അധിക താമസമില്ല എന്ന് ഞങ്ങൾ ഭയപ്പെടുന്നു. അത് യാഥാർത്ഥ്യമാകാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇതിന് ഫലപ്രദമായ രീതിയിൽ നമ്മുടെ ഇപ്പോഴത്തെ ആഭ്യന്തര വരുമാനം വർദ്ധിപ്പിച്ചതു കൊണ്ടാകില്ല എന്നു വേണം കരുതാൻ. പേജ് നമ്പർ 6 ൽ പറയുന്ന ആഭ്യന്തര വരുമാനവുമായി 1970.42 ലക്ഷം രൂപയാണ് നമുക്ക് ആകെ വരുമാനമുള്ളത്. അവിടെത്തന്നെ നമ്മുടെ സ്റ്റേഷനുകളിൽ നിന്ന് സ്റ്റേഷനുകളിലേയ്ക്ക് നടീൽ വസ്തുക്കൾ കൈമാറുമ്പോൾ ഉള്ള ഡ്യൂപ്ലിക്കേഷൻ. അതു കൊണ്ടു തന്നെ ഇത്രയും ഇത് റിയലിസ്റ്റിക് ആണോ എന്ന് പലപ്പോഴും സംശയിക്കേണ്ടി വരും. പക്ഷേ ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നമ്മൾ പോകുമ്പോൾ ആ crisis നെ financial crisis നെ മറി കടക്കാൻ ഗവൺമെന്റിന്റെ ഉദാരമായ ഒരു സമീപനത്തിന്റെ ആവശ്യമുണ്ട്. ആഭ്യന്തര വരുമാനത്തിലൂടെ മറികടക്കാൻ സാധിക്കാത്ത സ്ഥിതിയാണ് യൂണിവേഴ്സിറ്റിക്കുള്ളത്. അതു കൊണ്ട് ബഡ്ജറ്റ് പ്രസംഗത്തിലെ അതിനെ ഈ ഒരു രൂക്ഷമായ നമ്മുടെ സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാനുള്ള ഫലപ്രദമായ നടപടി, ഒരു modus operandi ഇവിടെ പറഞ്ഞിട്ടില്ല. അതു കൂടി ഉൾപ്പെടുത്തണം. അതിന് എം.എൽ.എമാർ ഉൾപ്പെടുന്ന ഒരു സംഘം സർക്കാർ തലത്തിൽ സമ്മർദ്ദം ചെലുത്തി ഒരു one time grant അത് non plan grant, plan കിട്ടിയിട്ട് കാര്യമില്ല. പ്ലാനിൽ നമുക്ക് മറ്റൊന്നിനും ഉപയോഗിക്കാൻ സാധിക്കുകയില്ല...non plan grant മറ്റൊന്നിനും കിട്ടുന്ന ഒരു one time ഒരു 100 crores കിട്ടുന്ന രീതിയിലുള്ള പ്രയത്നം ഈ എക്സിക്യൂട്ടീവിന്റെ ഭാഗത്തു നിന്നും വൈസ് ചാൻസിലറുടെ നേതൃത്വത്തിൽ ഉണ്ടാകണം എന്ന് മാത്രം അഭ്യർത്ഥിക്കുന്നു."

ഡോ. തോമസ് ജോർജ്ജ് : " ഒരു മിനിറ്റ് തരുമോ?ഒറ്റ മിനിറ്റ്, ഒറ്റ പോയിന്റേ ഉള്ളൂ."

അദ്ധ്യക്ഷൻ : " George we will close the budget. Already we have one more agenda. Last one . Only briefly."

ഡോ. തോമസ് ജോർജ്ജ് : " നമ്മൾ കൃഷിക്കാരെ ഉദ്ദേശിച്ചാണ് ഈ സർവ്വകലാശാല പ്രവർത്തിക്കുന്നത്. കൃഷിക്കാരെ കൃഷിയിൽ പിടിച്ചു നിർത്തുകയും നില നിർത്തുകയും വേണം. അല്ലെന്നുണ്ടെങ്കിൽ പുതിയ തലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കണം, ലാഭകരമാക്കണം ഇതെല്ലാം വളരെ important ആണ്. നമ്മൾ പറഞ്ഞു കഴിഞ്ഞാൽ ഇപ്പോൾ കൃഷി large scale, for example പാലക്കാട് ഏരിയയിൽ tomato കൃഷി ചെയ്തു കഴിഞ്ഞാൽ tomato യുടെ അങ്ങ് ഒരുപാട് production കൊണ്ട് അതിന് കൃഷിക്കാർക്ക് വില കിട്ടുന്നില്ല. അവിടെ കിടന്നു കഴിഞ്ഞാൽ നശിച്ചു പോകും. അതു കൊണ്ട് കാർഷിക സർവ്വകലാശാല അതിനെ process ചെയ്ത് എടുക്കാൻ വേണ്ടിയുള്ള സഹായം, അല്ലെന്നുണ്ടെങ്കിൽ അതിന്റെ ഒരു യൂണിറ്റ് സ്ഥാപിച്ച് കൃഷിക്കാരെ...അത് ടൊമാറ്റോയുടെ example പറഞ്ഞെന്നേയുള്ളൂ. അല്ലാതെ നേന്ത്രൻ വാഴക്കുല ആയിക്കൊള്ളട്ടെ, ലോഡു കണക്കിന് വാഴക്കുല ഉണ്ടാകുന്നു. അത് നമ്മൾ process ചെയ്ത് value added product

ആയിട്ട് ചെയ്തു കൊടുക്കുന്ന നമ്മൾ തന്നെ അതിനൊരു normal charge വാങ്ങുകയും നമ്മൾ തന്നെ ഒരു യൂണിറ്റ് സംവിധാനം ചെയ്തു കഴിഞ്ഞാൽ കൃഷിക്കാർക്ക് ലാഭകരമായിരിക്കും അതു പോലുള്ള പദ്ധതികൾ കൂടി നമ്മൾ ഇതിനകത്ത് വിഭാവനം ചെയ്യുന്നത് വളരെ നല്ലതായിരിക്കും. അതിന് നമുക്ക് ചാർജ്ജ് ഈടാക്കുകയും ചെയ്യാം. 1 kg process ചെയ്യുന്നതിന് ഇത്ര രൂപ. അത് അവർക്ക് വിൽക്കുകയും ചെയ്യാം."

VIII.3 കേരള കാർഷിക സർവ്വകലാശാല - അക്കാഡ് - കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മൂന്ന് കോളേജുകളിലും പുതുതായി ആരംഭിക്കുന്ന അമ്പലവയൽ കോളേജിലേക്കും കൂടി B.Sc (Hons.) Ag. സീറ്റ് വർദ്ധനവ് - സംബന്ധിച്ച്.

അദ്ധ്യക്ഷൻ : " Budget approved next item of the agenda, increasing the seats in the 3 constituent colleges & also starting a new Agricultural College in Ambalavayal."

ശ്രീ. കുഞ്ഞമ്മദ് കുട്ടി : " ഈ സീറ്റ് വർദ്ധിപ്പിക്കുന്നത് വളരെ സ്വാഗതാർഹമായ നടപടി തന്നെയാണ്. പക്ഷേ സീറ്റ് വർദ്ധിപ്പിക്കുമ്പോൾ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘ കാലാടിസ്ഥാനത്തിലും പാശ്ചാത്തല സൌകര്യം ഒരുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ അക്കാദമിക ഇയറിൽ ഒരു പുതിയ ബാച്ച് വരുമ്പോൾ ആ ബാച്ച് തുടങ്ങാനാവശ്യമായ എന്തു സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ? ഇക്കാര്യത്തിൽ വളരെ യുദ്ധകാലാടിസ്ഥാനത്തിലുള്ള ഇടപെടലുകളുണ്ടെങ്കിൽ മാത്രമേ പ്രയാസമില്ലാത്ത രൂപത്തിൽ മുന്നോട്ട് പോകാൻ കഴിയൂ. ഇക്കാര്യം പ്രത്യേകം ശ്രദ്ധയിലുണ്ടാകണം."

ശ്രീ. പി. കെ. ശ്രീ കുമാർ : " സർ, സീറ്റ് വർദ്ധിച്ചതിനോട് പൊതുവേ യോജിക്കുന്നു സർ. പക്ഷേ ഇവിടെ 2 കാര്യങ്ങളിലാണ് സർ ചെറിയ ആക്ഷേപം വരുന്നത്. ഒന്നാമത്തെ കാര്യം 40 വർഷമായിട്ട് നമുക്ക് 200 സീറ്റ് ആയിരുന്നത് 408 ലേയ്ക്ക് വർദ്ധിക്കുന്നു. 208 സീറ്റ് ഒരു വർഷം നമ്മൾ വർദ്ധിപ്പിക്കുന്നു. ഇത് നമ്മൾ ശരിക്കും ചെയ്യേണ്ടിയിരുന്നത് കാലാകാലങ്ങളിൽ കുറച്ച്, കുറച്ച് സീറ്റുകൾ വീതം വർദ്ധിപ്പിച്ചു കൊണ്ട് വരിക എന്നുള്ളതായിരുന്നു. അതിനു പകരം നമ്മൾ ചെയ്തത് ഒരു വർഷത്തിൽ തന്നെ 100% ലേക്കു വർദ്ധിക്കപ്പെട്ടു. ഇതാണ് വലിയൊരു ആക്ഷേപത്തിനു കാരണമാകുന്നത്. അപ്പോൾ സ്വാഭാവികമായിട്ടും പഠിക്കുന്ന കുട്ടികളിലെല്ലാം ആശങ്കയുണ്ട് സർ. അവരുടെ തൊഴിൽ സാധ്യതയെ ഇത് എങ്ങനെ ബാധിക്കുന്നു എന്നുള്ളത്. സാധാരണ നമ്മുടെ യൂണിവേഴ്സിറ്റി മുൻകാലങ്ങളിൽ ചില കോഴ്സുകളിൽ പഠിച്ച് പുറത്തിറങ്ങുന്ന കുട്ടികളുടെ എണ്ണം കൂടുമ്പോൾ സീറ്റ് കുറച്ചിട്ടുണ്ട്. പല കോഴ്സുകളുടേയും സീറ്റ് കുറയ്ക്കും. ചിലപ്പോൾ 50 സീറ്റ് 30 ആക്കിയിട്ടുണ്ട്. ചിലത് വീണ്ടും അടുത്ത വർഷം 60 ആക്കും. വീണ്ടും അടുത്ത വർഷം 15 ആക്കും. ഇങ്ങനെയൊക്കെ ആക്കിയിട്ടുണ്ട് സർ. ആ ഒരു സാഹചര്യം അന്നുണ്ടായിരുന്നത് ഈ പഠിച്ചിറങ്ങിയ കുട്ടികൾക്ക് തൊഴിൽ കിട്ടുക എന്നുള്ളതാണ്. അത് ഒരാശങ്ക. രണ്ടാമത് ഇതിനകത്ത് വരുന്ന ആശങ്ക ഈ സ്റ്റാറ്റ്യൂട്ടും ആക്ടും ആയിട്ട് നമ്മൾ discuss ചെയ്ത നേരത്തേ പറഞ്ഞ കാര്യങ്ങൾ. ജനറൽ കൌൺസിലിന്റെ ഉപ സമിതി വെച്ച റിപ്പോർട്ട് സ്വാഭാവികമായും വരേണ്ടിയിരുന്നത് ജനറൽ കൌൺസിലിലാണ്. അങ്ങനെയാണ് അതിന്റെ ശരിയായ രീതി സർ. അതാണ് നമ്മുടെ സ്റ്റാന്റ്. അങ്ങനെ ജനറൽ കൌൺസിലിലേയ്ക്ക് വന്നത് അക്കാദമിക് കൌൺസിലിലേയ്ക്ക് refer ചെയ്യാം. എക്സിക്യൂട്ടീവ്

കമ്മിറ്റിയ്ക്ക് റഫർ ചെയ്യാം. അവിടെയൊക്കെ തീരുമാനമാകാം. പക്ഷേ ഇവിടെ സംഭവിച്ചത് ജനറൽ കൌൺസിൽ ഒരു സബ് കമ്മിറ്റിയെ വെച്ചു. അതിന്റെ തീരുമാനം അവസാന നിമിഷമാണ് ജനറൽ കൌൺസിലിലേയ്ക്ക് വീണ്ടും വരുന്നത്. എല്ലാം കഴിഞ്ഞ് ആ ഒരു ആക്ഷേപമാണ് സർ നിലവിലുള്ളത്. ഇങ്ങനെയുള്ള ഈ ഇത് ഭാവിയിൽ നമ്മൾ ഒഴിവാക്കണം സർ. അതാണ് ഏറ്റവും നല്ലത്. ഇത് ഒഴിവാക്കിക്കൊണ്ട് സ്റ്റാറ്റ്യൂട്ടും ആക്ടും അനുസരിച്ച് ജനറൽ കൌൺസിലിന്റെ proceedings എങ്കിലും കൃത്യമായി നടക്കണം. ഈ 2 കാര്യത്തിലാണ് സർ ഇത്രയും ആക്ഷേപം വന്നത്."

ശ്രീ. ചെറുവയൽ രാമൻ : " സീറ്റിന്റെ കാര്യത്തിൽ കൃഷിക്കാരുടെ മക്കൾക്ക് ഇത്ര ക്വാട്ട നിശ്ചയിക്കണം. അത് നിർബന്ധമാണ് സർ. കാരണം കൃഷിക്കാരുടെ മക്കൾക്ക് ഒരു കാര്യത്തിലും ഒരു ആനുകൂല്യം എവിടെയും കിട്ടുന്നില്ല. സ്കോളർഷിപ്പുകളോ, അതുമല്ലെങ്കിൽ കോളേജുകളിൽ ഒരു സംവരണം. ഇത്ര ക്വാട്ട കർഷകന്റെ മക്കൾക്ക് കൊടുക്കുക എന്ന് എവിടെയും ഒരു നിർദ്ദേശമോ, അങ്ങനെ ഒരു അംഗീകാരവും വരുന്നില്ല. അതു കൊണ്ട് കൃഷിക്കാരുടെ മക്കൾക്ക് ഇത്ര ക്വാട്ട കോളേജുകളിൽ സംവരണം ഏർപ്പെടുത്താൻ തയ്യാറാകണം സർ."

അദ്ധ്യക്ഷൻ : " I think 15 seats are reserved for students from farming family. And also in Ambalavayal college also we are actually taking efforts to reserve seats for the people from farming community."

ശ്രീ. ചെറുവയൽ രാമൻ : " സർ, എല്ലാ അർത്ഥത്തിലും കൃഷിക്കാരെ ഇന്ന് അവഗണിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. അപ്പോൾ കൃഷിക്കാരെ ഉയർത്തിക്കൊണ്ടു വരുവാൻ, ഏതു രൂപത്തിലെങ്കിലും കൃഷിക്കാരെ ഉയർത്തി സമൂഹത്തിൽ നമ്മൾ 'ജയ് ജവാൻ ജയ് കിസാൻ ' എന്ന പ്രഖ്യാപനത്തിൽ മാത്രം, മുദ്രാവാക്യത്തിൽ മാത്രം ഒതുങ്ങിയാൽ പോരാ. ഇതു പോലെ എല്ലാ കൃഷിക്കാരുടെ മക്കളെയും എല്ലാ യൂണിവേഴ്സിറ്റികളിലും അതു പോലെ കോളേജുകളിലും ക്വാട്ട കൊടുത്തു കൊണ്ട്, സംവരണം കൊടുത്ത്, സ്കോളർഷിപ്പ് അങ്ങനെ എല്ലാ അർത്ഥത്തിലും കൃഷിക്കാരുടെ മക്കളെയും കൂടി ഉയർത്തിക്കൊണ്ടു വരാൻ നമ്മുടെ യൂണിവേഴ്സിറ്റികളും സമൂഹവും മുൻകൈ എടുക്കണമെന്നുമാണ് അപേക്ഷിക്കാനുള്ളത്."

അദ്ധ്യക്ഷൻ : " We always for the support of farmers & tribals in this area. As already our member told, for over a decade we have not increased the seats of intake in Kerala Agricultural University. As a University we need to be a very responsive to the developments happening around & also what is the needs of the society. It is a public University, and we have a responsibility to cater to the needs of the society & the future developments. Say for example today on an average I will say a rough estimate something like 2.3 -2.5 crore graduates are coming out of 700 + Universities in the country. And out of these only 27000 students are farm graduates. This including Veterinary, Fisheries & all the 71 State Agricultural Universities. It is something like 0.6% of the total number of graduate passing out of this country annually & out of the 70 State Agricultural Universities including

Central Universities. Already all the Universities have increased intake of seats long back & they have started many constituent colleges & they are having many affiliated colleges. In Kerala Agricultural University I will say we are actually insulated or isolated from these happenings which are taking place around us. Many of our graduates, high school graduates with high marks are moving out side the state looking for seats to pursue an agriculture. And _fortunately the demand for the agricultural graduates are increasing recently. You see this is a very competitive development that is going to happen nation wide. We should be the 1st person to cater to the needs of the society. So only with all thoughts that we have taken this is because it is overdue for many years. And also starting a college in Ambalavayal, a very backward district. And it is temperate subtropical crops, the potentials are so enormous as I told there is a very good regional agricultural research station. It will become one of the very good colleges of Kerala Agricultural University once it is established. Timing is such that we could not wait for General Council to convene & put this sub committee recommendation. Because it has pass through AC & EC. Then we need to get the Government Order. And the Entrance Examination has advertised in February. We have to get the approval from all our governing bodies & I am doing the process. So it so happen this sub committee recommendation has to come only during this General Council meeting. So I earnestly request all our members to approve this increasing seats & starting a new college in one say. Because this is going to be a great service the Kerala Agricultural University and to the state of Kerala."

ശ്രീ. വസീം ഫജ്ൽ സി. : " സർ, പൊതു സമൂഹത്തിന്റെ താൽപര്യം മാനിച്ച കൊണ്ട് സീറ്റ് കൂട്ടാനുള്ള നിർദ്ദേശത്തെ വിദ്യാർത്ഥികൾ എന്ന രീതിയിൽ ഞങ്ങൾ പൂർണ്ണമായും പിൻതുണയ്ക്കുന്നു. പക്ഷേ, ഇതിൽ വന്നിട്ടുള്ള കാര്യം എന്താന്ന വച്ച കഴിഞ്ഞാൽ സർ, 26.2. ന് രജിസ്ട്രാർ എൻട്രൻസ് കമ്മീഷ്ണർക്ക് അയച്ച ലെറ്ററിന്റെ അവസാനം ഇതെല്ലാ procedures ഉം സർവ്വകലാശാലയുടെ 3 ബോഡികളും അംഗീകരിക്കണമെന്നു പറഞ്ഞിട്ട് അതിന്റെ ഏറ്റവും അവസാനത്തെ sentence ഇങ്ങനെയാണ്. ' കാർഷിക സർവ്വകലാശാലയിലെ നിലവിലുള്ള 3 കോളേജുകളിലേയ്ക്കും പുതുതായി അമ്പലവയലിൽ ആരംഭിക്കുന്ന കോളേജിലേയ്ക്കും ആയി ആകെ 420 സീറ്റുകളിലേയ്ക്ക് ബി.എസ്.സി അഗ്രിക്കൾച്ചർ കോഴ്സിലേയ്ക്കുള്ള 2018-2019 അധ്യായന വർഷത്തേയ്ക്കുള്ള പ്രവേശന നടപടികൾ കൈക്കൊള്ളാൻ അഭ്യർത്ഥിക്കുന്നു.' അഭ്യർത്ഥിക്കുന്നു എന്നു പറഞ്ഞിട്ടാണ് ഈ ലെറ്റർ അവസാനിക്കുന്നത്. ഇത് പ്രോട്ടോകോൾ ലംഘനമല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടിന്റെ ലംഘനമാണ് എന്നുള്ളതാണ് ശ്രദ്ധയിൽപെടുത്തുന്നത്. അതിനെതിരെ എന്തു നടപടി സ്വീകരിക്കും? അതു പോലെ അമ്പല വയൽ പോലുള്ള..."

അദ്ധ്യക്ഷൻ : " We need to make a request to the entrance commission to see that students are admitted for this academic year.

ശ്രീ. വസീം ഫജ്ൽ സി. : " അത് ജനറൽ കൌൺസിൽ കഴിഞ്ഞിട്ട് ആണല്ലോ, അങ്ങനെയാണല്ലോ procedure വരേണ്ടത്."

അദ്ധ്യക്ഷൻ : " The 27th day actually posted their entrance exam."

ശ്രീ. വസീം ഫജ്ൽ സി. : " Sir, but this letter is dated 26th of the February sir."

അദ്ധ്യക്ഷൻ : " I saw on 25th of February, in a news paper & in the website of the Entrance Examination the notification for this year academic entrance. Immediately, I asked Academic Director to write up on this."

ശ്രീ. വസീം ഫജ്ൽ സി. : " സർ, ഇതിൽ വ്യക്തമായിട്ടുള്ള ലംഘനങ്ങൾ നടന്നിട്ടുണ്ട്. അത് പരിശോധിക്കണം എന്നുള്ളതാണ്. പിന്നെ സർ, വേറൊരു കാര്യം അമ്പലവയൽ ഒരു പിന്നോക്ക ജില്ലയാണ്. അവിടെ കാർഷിക കോളേജ് തുടങ്ങുന്നതിനു മുൻപ്, തുടങ്ങണ്ട എന്നല്ല പറഞ്ഞു വരുന്നത്. പടന്നക്കാടിന്റെ അവസ്ഥ ഒന്നു പരിശോധിക്കണം. കാരണം 66 teaching faculties വേണ്ട അവിടെ 12 faculties കൊണ്ടാണ് നടന്നു പോകുന്നത്. അതു പോലൊരവസ്ഥയിലേയ്ക്ക് അമ്പലവയലിൽ പഠിക്കുന്ന, post college ലേയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികളെ തള്ളി വിടാനുള്ള നീക്കം ഒരിക്കലും അനുവദിക്കാൻ പറ്റില്ല. പടന്നക്കാട് പോലെ കാസർഗോഡ് ടീച്ചേഴ്സ് വരാൻ പോലും ടീച്ചേഴ്സ് എന്നല്ല എല്ലാ സ്റ്റാഫും വരാൻ പോലും ബുദ്ധിമുട്ടാണെന്നു പറഞ്ഞ് അവിടുന്ന് ട്രാൻസ്ഫർ കിട്ടിക്കഴിഞ്ഞാൽ ലീവ് എടുക്കുക അല്ലെങ്കിൽ മാറിപ്പോകുകയോ ചെയ്യുന്ന പ്രവണതയുണ്ട്. അതിന് എന്ത് നടപടി സ്വീകരിക്കുമെന്നുള്ളത് വളരെ വ്യക്തമാക്കണം. അതു പോലെ തന്നെ ഈ 100 കുട്ടികളെ intake ചെയ്യാനുള്ള capacity ഈ 3 കോളേജിലും നിലവിലില്ല. അത് യുദ്ധകാലാടിസ്ഥാനത്തിൽ 2018 സെപ്റ്റംബർ ആകുമ്പോഴെങ്കിലും ഇത് കഴിഞ്ഞ്, അതു കഴിഞ്ഞിട്ടുള്ള സീറ്റ് വർദ്ധന, അങ്ങനെ ഒരു രീതിയിലേയ്ക്ക് അത് നീങ്ങണം. അല്ലാതെ കുട്ടികളുടെ education quality യെ ബാധിക്കുന്ന രീതിയിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിനോടാണ് വിദ്യാർത്ഥികൾക്ക് ആശങ്കയുള്ളത്. അല്ലാതെ സീറ്റ് വർദ്ധിപ്പിക്കുന്നതിന് വിദ്യാർത്ഥികൾ ഒരിക്കലും എതിരല്ല. ആ രീതിയിലുള്ള വിദ്യാർത്ഥികളുടെ ആശങ്കകൾ നീക്കുന്നതിന് വേണ്ടി ഒരു കമ്മിറ്റി അല്ലെങ്കിൽ വിദ്യാർത്ഥികളുടെ ആശങ്കകൾ നീക്കിക്കൊണ്ടുള്ള സീറ്റ് വർദ്ധനവിനെ SFI എന്ന നിലയിൽ ഞങ്ങൾ സ്വാഗതം ചെയ്യുന്നു."

അദ്ധ്യക്ഷൻ : " In the new recruitment I will post the required faculty both in Ambalavayal as well as in Padannakkad. That is assurance at the time I am giving. Also the additional facilities what is required will also be created both for the laboratories as well as hostel facilities. So that is why we actually speeded up with power grid for the sanction of 4.5 crores for 100 girls students hostels already they gave the sanctioned letter. So we are taking all the efforts.

ശ്രീ. വസീം ഫജ്ൽ സി. : " അങ്ങനെയാണെങ്കിൽ ഈ കാര്യങ്ങൾ എന്തൊക്കെ അടിസ്ഥാന സൌകര്യങ്ങൾ വേണമെന്നു പഠിക്കാൻ വേണ്ടിയിട്ട് എത്രയും പെട്ടെന്ന് ഒരു

കമ്മിറ്റി വിദ്യാർത്ഥികളെ കൂടി ഉൾക്കൊള്ളിച്ച കൊണ്ടുള്ള ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ട് അതിന്റെ റിപ്പോർട്ട് സമർപ്പിക്കാൻ ജനറൽ കൌൺസിലിന്റെ ഒരു സബ് കമ്മിറ്റിയെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു."

ഡോ. തോമസ് ജോർജ്ജ് : " സർ, എന്റെ ഒരു അടിയന്തിര പ്രമേയവുമായി ബന്ധപ്പെട്ടതി സർ പറഞ്ഞു ഈ ഡിസ്കഷനിൽ സമയം തരാമെന്നു പറഞ്ഞു. ഇതിനകത്ത് ഒരു പോയിന്റ് മാത്രമാണ് പറയാനുള്ളത്. പുതിയ കോളേജ് start ചെയ്യുന്നതിനും സീറ്റ് increase ചെയ്യുന്നതിനും ഇതിനെല്ലാം ICAR ചില മാനദണ്ഡങ്ങൾ പറയുന്നുണ്ട്. ICAR guide lines...പിന്നെ ഒരു കാര്യം കൂടെ...5th Deans Committee Report . ഇതു രണ്ടുമാണ് ഇതിന്റെ മാർഗ്ഗനിർദ്ദേശമായിട്ടുള്ളത്. അത് comply ചെയ്തു കൊണ്ട് satisfy ചെയ്തു കൊണ്ട് തീർച്ചയായിട്ടും ചെയ്യാവുന്നതാണ്. അതാകുമ്പോൾ തന്നെ facilities..."

അദ്ധ്യക്ഷൻ : " To start an Agricultural College and increase the number of seats in Agricultural College, we dont need ICAR's permission."

ഡോ. തോമസ് ജോർജ്ജ് : " Permission വേണ്ട. Permission ന്റെ കാര്യം ഞാൻ പറഞ്ഞിട്ടില്ല."

അദ്ധ്യക്ഷൻ : " It is the Government of Kerala which needs to give the permission to start the colleges & increasing number of seats in the state of Kerala."

ശ്രീ. പി. കെ. ശ്രീ കുമാർ : " അല്ല സർ, ഒരു കറക്ഷൻ ഉണ്ട്. ബജറ്റ് പ്രസംഗത്തിൽ 200 ൽ നിന്ന് 360 ആക്കുന്നു എന്നാണ് നമ്മൾ പറഞ്ഞിരിക്കുന്നത്. പക്ഷേ നമ്മുടെ Official Agenda യിൽ 208 ൽ നിന്ന് 420 ലേയ്ക്കാണ് പോകുന്നത്. അപ്പോൾ ഏതെങ്കിലും ഒന്ന് കറക്ട് ചെയ്യണം. അമ്പല വയലിലേയും കൂടി വരണം . ശരി സർ."

അദ്ധ്യക്ഷൻ : " Thank you...

## VIII/4. 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

Next Audit report . Actually given you the copy of our Audit Report 2015 & 2016 & go through and approve the Audit Report."

ശ്രീ. സി. എച്ച്. മുത്തു. : " സർ, ഈ ഓഡിറ്റ് റിപ്പോർട്ടും അതു പോലെ തന്നെ ഈ അജണ്ടയും കാര്യങ്ങളൊക്കെ...സർ ഈ ഓഡിറ്റ് റിപ്പോർട്ടും അജണ്ടയും അടക്കമുള്ള പല കാര്യങ്ങളും ഇവിടെ വന്നതിനു ശേഷമാണ് നമുക്ക് കിട്ടുന്നത്. നമുക്ക് ഇതൊന്ന് വായിച്ചു നോക്കാനോ, അല്ലെങ്കിൽ മറിച്ചു നോക്കാനോ പോലും സമയം കിട്ടാത്ത ഒരു സാഹചര്യമുണ്ട്. ഇത് ഇങ്ങനെ തന്നിട്ട് ഇതിന് അഭിപ്രായം പറയാനോ അല്ലെങ്കിൽ ചോദ്യം ചോദിച്ചാൽ നമുക്ക് അതിനകത്ത് നോക്കുകയോ,പഠിക്കുകയോ ഒന്നും ചെയ്തിട്ടില്ല. ഈ രീതി ഒന്നവസാനിപ്പിച്ച് ഒരാഴ്ച മുൻപെങ്കിലും നമുക്ക് കിട്ടാനുള്ള ഒരേർപ്പാട് ചെയ്യണം.

അദ്ധ്യക്ഷൻ : " Let us approve this 2015-16 Audit Report because we need to send it to the Government for further approval. I will see that you are getting that Audit Report ahead of General Council meeting ."

ശ്രീ. കെ.ഡി. ബാബു : " സർ, ഈ ഓഡിറ്റ് റിപ്പോർട്ടിൽ പ്രധാനമായിട്ടും ഒന്ന് രണ്ട് ശുപാർശകൾ അവർ പറഞ്ഞിട്ടുണ്ട്. Recommendations from KSAD - Kerala State

Audit Department. ചില കേസുകളിൽ ചില സ്ഥാപനങ്ങളുടെ അഴിമതിയാരോപണം വരെ ഉന്നയിച്ച കേസുകളിൽ യുണിവേഴ്സിറ്റി അന്വേഷിക്കണം എന്നു പറഞ്ഞിട്ടുണ്ട്. An enquiry should be conducted by the University. It is a recommendation. That recommendation has not been taken place even today. അത് ഒരു കമ്മിറ്റി വച്ച്, അതു കൂടി പരിശോധിച്ച് ആ റിപ്പോർട്ട് കൂടി സർക്കാരിലേയ്ക്ക് അയക്കണം എന്നൊരഭിപ്രായമുണ്ട്. ഇത് അനന്തമായി നീണ്ടു പോകുന്നത് കൊടുക്കുന്ന സന്ദേശം എല്ലാ സ്റ്റേഷനുകളിലും എന്ത് തോന്നിവാസം ചെയ്യാം, എന്ത് അഴിമതിയും നടത്താം, എന്തു corruption ഉം ആകാം എന്ന രീതിയിലേയ്ക്ക് പോകുന്നു.

അദ്ധ്യക്ഷൻ : " Accounts Committee will look into this recommendation & send that final recommendation along with the audit report to the Government."
ശ്രീ. കെ.ഡി. ബാബു : " Sir, please look into the page number 155 regarding ATIC, Mannuthy. Just go through that particular aspect. There is a specific recommendation to conduct enquiry by the University why this delay? I am suggesting for the common good of
the University, Sir.
അദ്ധ്യക്ഷൻ : " So, Let us all approve this Audit Report."
ശ്രീ. കുഞ്ഞമ്മദ് കുട്ടി : " നമുക്ക് ഈ Audit Report ന്റെ ന്യൂനതാ സംഗ്രഹവും...അതിന്റെ മറുപടിയും കാലേക്കൂട്ടി തന്നാൽ ഗുണകരമാണ്. മറ്റൊന്നും ഇല്ലെങ്കിൽ..."
അദ്ധ്യക്ഷൻ : " Thats what I say, We will do ahead of time we will give that..."
ശ്രീ. പി. കെ. ശ്രീ കുമാർ : " സർ, ഇതിന്റെ proceedings within one month എന്ന് നമ്മുടെ സ്റ്റാറ്റ്യൂട്ടിൽ ഉണ്ട്. ഒരു ജനറൽ കൌൺസിൽ കഴിഞ്ഞാൽ within one month. Agenda within 5 days എന്ന് ഉണ്ട് സർ. അത് പാലിക്കണം സർ."
അദ്ധ്യക്ഷൻ : " Ok. Thank you. I think with the permission I requesting to moving the non official resolution to the next GC, that is 132. Two other meetings also scheduled in the office today. So let us move the non official resolution will take up in the next GC. I request the approval.
" Ok. Sir."
അദ്ധ്യക്ഷൻ : " Thank you very much & with this I want to thank each one of you & see that our G.C is conducted in a very cordial & constructive way because we collectively as a group work on the betterment of the University. I thank each one you for your valuable time & constructive inputs and valid discussions."
" Thank You very much..."
" Thank You sir."
അദ്ധ്യക്ഷൻ : " I request all of you to join for lunch in the top floor."

ഒപ്പ്/-
വൈസ് ചാൻസിലർ

***********

KERALA AGRICULTURAL UNIVERSITY
CENTRAL LIBRARY
K.A.U. (P.O.) THR
809715